YUDHISTIRA VIJAYAM POEM.

യുധിഷ്ഠിരവിജയം

കാവ്യം

"ബാലപ്രബൊധിനി" നാമക കെരളഭാഷാ
വ്യാഖ്യാനസഹിതം
കുന്നംകുളങ്ങരെ വിദ്യാരത്നപ്രഭാ അച്ചുകൂട
ത്തിന്റെയും കൊഴിക്കൊട്ട ജെയിംസ
പ്രസ്സിന്റെയും ഉടമസ്ഥർ [illegible] പാറമെൽ
ഇട്ടൂപ്പ അവർകളുടെ അപെക്ഷയിന്മെൽ

പാലപ്പുറത്ത പുതിയെടത്ത ഗൊവിന്ദൻ ന
മ്പ്യാര അവർകളുടെ ശിഷ്യനായി യൊഗ
വിദ്യ[illegible]ശ്രെഷ്ഠനായ യൊഗാനന്ദ
സ്വാമി അവർകളിൽനിന്ന ലഭിച്ചതായ
നാമധെയത്തൊടുകൂടിയ കയ്ക്കുളങ്ങരെ
വാരിയത്ത രാമവാരിയരവർകളാൽ
വ്യാഖ്യാനിക്കപ്പെട്ടത

Printer.—S. N. Lamakam.

All Rights Reserved.

PRINTED AT THE JAMES PRESS, CALICUT.
1886.

PRICE Rs. 1 8 0. വില ഉറുപ്പിക ഒന്നര

V. Krishnan

YUDHISHTDHIRA VIJAYAM POEM.

സവ്യാഖ്യാനെയുധിഷ്ഠിരവിജയകാവ്യെ
പ്രഥമാശ്വാസ പ്രാരംഭഃ

വ്യാഖ്യാനപീഠികാശ്ലോകഃ

അധിരവിബിംബംനതപാദെനംവാഗീശ്വരീംനിഷീദന്തീം।
എഷായുധിഷ്ഠിരവിജയവ്യാഖ്യാംബാലപ്രബൊധിനീംരചയെ॥

൧. പ്രദിശതുഗിരിശസ്തിമിതാംജ്ഞാനദൃശംവശ്ശ്രീയഞ്ചഗിരിശസ്തിമിതാം। പ്രശമിതപരമദമായംസന്തസ്സഞ്ചിന്തയന്തിപരമദമായം॥

അന്വയം—ഗിരിശഃ (അ-പു-പ്ര-ഏ) സ്തിമിതാം (ആ-സ്ത്രീ-ദ്വി-ഏ) ജ്ഞാനദൃശം (ംരം-സ്ത്രീ-ദ്വി-ഏ) ഗിരി (ര്-സ്ത്രീ-സ-ഏ) ശസ്തിം (ഇ-സ്ത്രീ-ദ്വി-ഏ) ഇതാം (ആ-സ്ത്രീ-ദ്വി-ഏ) ശ്രീയം (ംരം-സ്ത്രീ-ദ്വി-ഏ) ച (അ) വഃ (യുഷ്മച്ഛ-ച-ബ) പ്രദിശതു (ലൊട്ട-പ-പ്ര-പു-ഏ) പരമദമാഃ (അ-പു-പ്ര-ബ) സന്തഃ (ത-പു-പ്ര-ബ) പ്രശമിതപരമദമായം (അ-പു-ദ്വി-ഏ) യം (യച്ഛ-പു-ദ്വി-ഏ) സഞ്ചിന്തയന്തി (ലട്ട-പ-പ-പ്ര-പു-ബ)

അന്വയാൎത്ഥം—ഗിരിശൻ സ്തിമിതയായിരിക്കുന്ന ജ്ഞാനദൃക്കിനെയും ഗീരിങ്കൽ ശസ്തിയെ ഇതയായിരിക്കുന്ന ശ്രീയിനെയും നിങ്ങൾക്കായിക്കൊണ്ടു പ്രദെശിക്കട്ടെ. പരമദമന്മാരായിരിക്കുന്നസത്തുകൾപ്രശമിതപരമദമായനായിരിക്കുന്ന യാവനൊരുത്തനെ സഞ്ചിന്തിക്കുന്നു.

പരിഭാഷാ—ഗിരിശൻ= പരമെശ്വരൻ- സ്തിമിതാ=നിലാ-(ഇളക്കത്തൊടുകൂടാത്തത)ജ്ഞാനദൃക്ക=ജ്ഞാനമാകുന്നദൃക്- ദൃക്=കണ്ണു- ഗീര=വാക്ക- ശസ്തി=പ്രശസ്തി (സ്തുതി എന്നൎത്ഥം) ഇതാ=പ്രാപ്താ- ശ്രീ=സമ്പത്ത- പ്രദെശിക്ക=ദാനം ചെയ്യുക. പരമദമന്മാർ=പരമമായിരിക്കുന്ന ദമത്തൊടു കൂടിയവർ- പരമം= ഉ

ൽകൃഷ്ടം- ദമം=ഇന്ദ്രിയനിഗ്രഹം- സത്തുകൾ=സജ്ജനങ്ങൾ- പ്രശമിതപരമദമായൻ= പ്രശമിതകളായിരിക്കുന്ന പരമദമായകളോടു കൂടിയവൻ- പ്രശമിതകൾ=പ്രകൎഷേണ ശമിതകൾ- പ്രകൎഷം=അതിശയം- ശമിതകൾ=ശമിപ്പിക്കപ്പെട്ടവ- പരമദമായകൾ= പരന്മാരുടെ മദമായകൾ- പരന്മാർ= ശത്രുക്കൾ- മദമായകൾ=മദവും മായയും. മദം=ഗൎവ്വം-മായാ=കപടം- യാവനൊരുത്തൻ=ഗിരിശൻ- സഞ്ചിന്തിക്ക=വഴിപൊലെ ധ്യാനിക്ക-

൭. യൊവാമന്ദരവപുഷ്ടംമമൎദ്ദമാതംഗവരമമന്ദരവപുഷ്ടം।കാന്താഞ്ചാപധരാദ്യൈഃക്ഷപിതൊയെനാംഗജൊപിചാപധരാദ്യഃ॥

അന്വയം— യഃ (യച്ഛ-പു-പ്ര-ഏ)വാ (അ) മന്ദരവപുഷ്ടം-അമന്ദരവപുഷ്ടം (ഷ്ട-പു-ദ്വി-ഏ)മാതംഗവരം (അ-പു-ദ്വി-ഏ) മമൎദ്ദ (ലിട്ട-പ-പ-പ്ര-പു-ഏ) യഃ (യച്ഛ-പു-പ്ര-ഏ) ധരാൽ (അ-പു-പ-ഏ) കാന്താം (ആ-സ്ത്രീ-ദ്വി-ഏ) ആപ (ലിട്ട-പ-പ-പ്ര-പു-ഏ) ച (അ) യെന (യച്ഛ-പു-തൃ-ഏ) ചാപധരാദ്യഃ-അംഗജഃ(അ-പു-പ്ര-ഏ)അപി(അ)ക്ഷപിതഃ(അ-പു-പ്ര-ഏ)

അന്വയാൎത്ഥം— യാവനൊരുത്തൻ മന്ദരവപുസ്സായി അമന്ദരവപുഷ്ടായിരിക്കുന്ന മാതംഗവരനെ മൎദ്ദിച്ചു. യാവനൊരുത്തൻ ധരത്തിങ്കൽ നിന്നു കാന്തയെ ആപിക്കുകയും ചെയ്തു- യാവനൊരുത്തനാൽ ചാപധരാദ്യനായിരിക്കുന്ന അംഗജനും ക്ഷപിതനായി-

പരിഭാഷാ— യാവനൊരുത്തൻ=ഗിരിശൻ- മന്ദരവപുസ്സ=മന്ദരംപൊലെ ഇരിക്കുന്ന വപുസ്സൊടുകൂടിയവൻ- മന്ദരം=മന്ദരപൎവ്വതം- വപുസ്സ=ശരീരം- അമന്ദരവപുഷ്ട= അമന്ദമായിരിക്കുന്ന രവത്തെ പൊഷിക്കുന്നവൻ- അമന്ദം=അനല്പം- രവം=ശബ്ദം- പൊഷിക്ക=പുഷ്ടിയൊടു കൂടിയതാക്കിചെയ്ക- മാതംഗവരൻ=ഗജശ്രെഷ്ഠൻ-(മായകൊണ്ടു വലുതായൊരു ഗജത്തിന്റെ രൂപത്തെ ധരിച്ചുയുദ്ധത്തിന്നായിക്കൊണ്ടുവന്ന ഒരസുരനെന്നൎത്ഥം) മൎദ്ദിക്ക=നിഗ്രഹിക്ക- യാവനൊരുത്തൻ=ഗിരിശൻ- ധരം=പൎവ്വതം- (ഹിമവാനെന്നു സാരം) കാന്താ=ഭാൎയ്യാ- ആപിക്ക=പ്രാപിക്ക- ചാപധരാദ്യൻ=ചാപധരന്മാരിൽ വെച്ചു ആദ്യൻ- ചാപധരന്മാർ=ചാപത്തെ ധരിച്ചവര- ചാപം=വില്ല- അംഗജൻ=കാമദെവൻ- ക്ഷപിതൻ=ക്ഷപിപ്പിക്കപ്പെട്ടവൻ- ക്ഷപിപ്പിക്ക=നശിപ്പിക്ക.

൮. ശിരസാംസകലെശകലെസ്ഖലിതാസരിതാം വരാചസകലെശകലെ യസ്യചകൊടീരമിതാസ്സുടംബിംബഭ്രാമവൎത്തൊൎമ്മി

രമിതാഃ॥

അന്വയം—സരിതാം (ത-സ്ത്രീ-ഷ-ബ) വരാ (ആ-സ്ത്രീ-പ്ര-ഏ) ച (അ) യസ്യ (യച്ഛ-പു-ഷ-ഏ) കോടീരം (അ-ന-ദ്വി-ഏ) ഇതാ (ആ-സ്ത്രീ-പ്ര-ഏ) സകലേശകലേ (അ-പു-സ-ഏ) ശിരസാം (സ-ന-ഷ-ബ) സകലേ-ശകലേ (അ-ന-സ-ഏ) ച (അ) സ്ഖലിതാ (ആ-സ്ത്രീ-പ്ര-ഏ) അമിതാഃ (ആ-സ്ത്രീ-ദ്വി-ബ) വർഷകോടീഃ (ഈ-സ്ത്രീ-ദ്വി-ബ) സ്ഫുടം (ക്രി-വി) ബിഭ്രാമ (ലിട്ട-പ-പ-പ്ര-പു-ഏ)

അന്വയാർത്ഥം—സരിത്തുകളിൽ വെച്ചു വരാ യാവനൊരുത്തന്റെ കോടീരത്തെ ഇതയായിട്ട സകലേശകലമായിരിക്കുന്ന ശിരസ്സുകളുടെ സകലമായിരിക്കുന്ന ശകലത്തിങ്കലും സ്ഖലിതയായിട്ട അമിതകളായിരിക്കുന്ന വർഷകോടികൾ മുഴുവൻ സ്ഫുടമാകുംവണ്ണം ബിഭ്രമിച്ചു.

പരിഭാഷാ— സരിത്തുകൾ= നദികൾ- വരാ=ശ്രേഷ്ഠാ-(ഗംഗാ എന്നർത്ഥം.) യാവനൊരുത്തൻ= ഗിരിശൻ- കോടീരം= ജടാഭാരം- ഇതാ=പ്രാപ്താ- സകലേശകലം=കലേശകലയോടു കൂടിയത-കലേശകലാ=കലേശന്റെ കലാ-കലേശൻ= ചന്ദ്രൻ-കലാ= ഷോഡശഭാഗം- ശിരസ്സുകൾ= ബ്രഹ്മശിരഃകപാലങ്ങൾ- (ബ്രഹ്മാവിന്റെ തലയോടുകൾ.) സകലം= ഒട്ടൊഴിയാതെ ഉള്ളത- ശകലം= ഖണ്ഡം- സ്ഖലിതാ= സ്ഖലിച്ചത- സ്ഖലിക്ക= പ്രവാഹരോധത്തെ പ്രാപിക്ക- അമിതകൾ= അപരിഛിന്നകൾ- (ഇത്ര എന്ന നിശ്ചയിപ്പാൻ കഴിയാത്തവ-) വർഷകോടികൾ= വർഷങ്ങളുടെ കോടികൾ- വർഷങ്ങൾ= സംവത്സരങ്ങൾ- കോടികൾ= നൂറുലക്ഷങ്ങൾ- ബിഭ്രമിക്ക= പരിഭ്രമിക്ക-

൮. അസ്തിസഗജരാജഗതിരാജവരോയേനഗതശുഗജരാജഗതീ। ഭീഷണമധികംകവയഃസ്തുവന്തിജന്യംയദീയമധികംകവയഃ॥

അന്വയം—ഗജരാജഗതിഃ (ഇ-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) രാജവരഃ (അ-പു-പ്ര-ഏ) അസ്തി (ലട്ട-പ-പ-പ്ര-പു-ഏ) യേന (യച്ഛ-പു-തൃ-ഏ) ജഗതീ (ഈ-സ്ത്രീ-പ്ര-ഏ) ഗതശുക് (ച-സ്ത്രീ-പ്ര-ഏ) അജരാ (ആ-സ്ത്രീ-പ്ര-ഏ) കവയഃ (ഇ-പു-പ്ര-ബ) ഭീഷണം (അ-ന-ദ്വി-ഏ) അധികംകവയഃ (സ-ന-ദ്വി-ഏ) യദീയം (അ-ന-ദ്വി-ഏ) ജന്യം (അ-ന-ദ്വി-ഏ) അധികം (ക്രി-വി) സ്തുവന്തി (ലട്ട-പ-പ-പ്ര-പു-ബ)

അന്വയാൎത്ഥം—ഗജരാജഗതിയായി പ്രസിദ്ധനായിരിക്കുന്ന രാജവരൻ ഭവിക്കുന്നു. യാവനൊരുത്തൻ ഹെതുവായിട്ട ജഗതീഗതശുക്കായിട്ടും അജരയായിട്ടും ഭവിച്ചു. കവികൾ ഭീഷണമായി അധികംകവയസ്സായി യദീയമായിരിക്കുന്ന ജന്യത്തെ അധികമായി സ്തുതിക്കുന്നു.

പരിഭാഷാ—ഗജരാജഗതി= ഗജരാജന്റെ ഗതിപൊലെ ഇരിക്കുന്ന ഗതിയൊടുകൂടിയവൻ- ഗജരാജൻ= ഗജശ്രെഷ്ഠൻ- ഗതി= ഗമനം- (നടപ്പു) രാജവരൻ= രാജശ്രെഷ്ഠൻ- ജഗതീ= ലൊകം- (സകല പ്രജകളുമെന്ന സാരം) ഗതശുക്കാ= ഗതയായിരിക്കുന്ന ശുക്കൊടുകൂടിയത- ഗതാ=ഗമിച്ചത- ഗമിക്ക=പൊക- (നശിച്ചത എന്ന സാരം) ശുൿ=ശൊകം- അജരാ= ജരയൊടുകൂടാത്തത- ജരാ=വയൊഹാനി- (യൌവനക്ഷയമെന്നൎത്ഥം.) കവികൾ= കാവ്യകൎത്താക്കന്മാർ- ഭീഷണം=ഭയങ്കരം- അധികംകവയസ്സ= അധിഗതങ്ങളായിരിക്കുന്ന കങ്കവയസ്സുകളൊടുകൂടിയത- അധിഗതങ്ങൾ= അധിഗമിച്ചവ- അധിഗമിക്ക= പ്രാപിക്ക- കംകവയസ്സുകൾ= കംകപക്ഷികൾ- (കഴുകുകൾ) യദീയം= യാവനൊരുത്തനെ സംബന്ധിച്ചത- ജന്യം=യുദ്ധം-

൭. തരവൊഭൂരിഛായാഃസമാനഫലദായിനീചഭൂരിഛായാഃ।
സവിനയശൊഭാജനതായദ്രാജ്യെയസ്യഭുവിയശൊഭാജനതാ॥

അന്വയം—യദ്രാജ്യെ (അ-ന-സ-ഏ) തരവഃ (ഉ-പു-പ്ര ബ) ഭൂരിഛായാഃ (അ-പു-പ്ര-ബ) ഭൂഃ (ഊ-സ്ത്രീ-പ്ര-ഏ) ഇഛായാഃ (ആ-സ്ത്രീ-ഷ-ഏ) സമാനഫലദായിനീ (ഈ-സ്ത്രീ-പ്ര-ഏ) ച (അ) ജനതാ സവിനയശൊഭാ (ആ-സ്ത്രീ-പ്ര-ഏ) ഭുവി (ഊ-സ്ത്രീ-സ-ഏ) യസ്യ (യച്ഛ-പു-ഷ-ഏ) യശൊഭാജനതാ- (ആ-സ്ത്രീ-പ്ര-ഏ)

അന്വയാൎത്ഥം—യദ്രാജ്യത്തിങ്കലെ തരുക്കൾ ഭൂരിഛായങ്ങളായിട്ടും ഭൂ ഇഛക്ക സമാനഫലദായിനിയായിട്ടും ഭവിക്കുന്നു. ജനതാ സവിനയശൊഭയായി ഭവിക്കുന്നു. ഭുവിങ്കൽ യാവനൊരുത്തന്റെ യശൊഭാജനതാ ഭവിക്കുന്നു.

പരിഭാഷാ—യദ്രാജ്യ = യാവനൊരുത്തന്റെ രാജ്യം- തരുക്കൾ= വൃക്ഷങ്ങൾ- ഭൂരിഛായങ്ങൾ= ഭൂരികളായിരിക്കുന്ന ഛായകളൊടുകൂടിയവ- ഭൂരികൾ=ബഹുക്കൾ- ഛായകൾ=നിഴലുകൾ- ഭൂ= ഭൂമി- ഇഛാ= ആഗ്രഹം- സമാനഫലദായിനീ= സമാനഫലത്തെ ദാനംചെയ്യു ശീലമായിട്ടുള്ളത- സമാനഫലം= സമാനമായിരിക്കുന്ന ഫലം- സമാനം= അനുരൂപം- ജനതാ= ജനസ

ഗൃഹം- സവിനയശോഭാ= വിനയശോഭകളോടുകൂടിയത- വിനയശോഭകൾ= വിനയവും ശോഭയും- ഭൂ=ഭൂമി- യശോഭാജനതാ= യശോഭാജനമാവൂ എന്നുള്ളത- യശോഭാജനം= യശസ്സിന്ന ഭാജനമായി ഭവിച്ചത- യശസ്സ= കീൎത്തി- ഭാജനം= പാത്രം-

൬. തസ്യച വസുധാമവതഃ കാലെ കുലശെഖരസ്യ വസുധാമ
വതഃ । വെദാനാമദ്ധ്യായീ ഭാരതഗുരുരഭവദാദ്യനാമദ്ധ്യായീ॥

അന്വയം—വസുധാമവതഃ (ത-പു-ഷ-ഏ) വസുധാം (ആ-സ്ത്രീ-ദ്വി-ഏ) അവതഃ (ത-പു-ഷ-ഏ) തസ്യ (തച്ഛ-പു-ഷ-ഏ) കുലശെഖരസ്യ (അ-പു-ഷ-ഏ) കാലെ (അ-പു-സ-ഏ) വെദാനാം (അ-പു-ഷ-ബ) അദ്ധ്യായീ (ന-പു-പ്ര-ഏ) ആദ്യനാമദ്ധ്യായീ (ന-പു-പ്ര-ഏ) ഭാരതഗുരുഃ (ഉ-പു-പ്ര-ഏ) അഭവൽ (ലങ-പ-പ-പ്ര-പു-ഏ) ച (അ)

അന്വയാൎത്ഥം—വസുധാമവാനായി വസുധയെ അവന്നായിരിക്കുന്ന ആ കുലശെഖരന്റെ കാലത്തിങ്കൽ വെദങ്ങളുടെ അദ്ധ്യായിയായി ആദ്യനാമദ്ധ്യായിയായിരിക്കുന്ന ഭാരതഗുരു ഭവിക്കുകയും ചെയ്തു.

പരിഭാഷാ—വസുധാമവാൻ=വസുധാമങ്ങളുള്ളവൻ- വസുധാമങ്ങൾ=വസുക്കളും ധാമവും- വസുക്കൾ=ധനങ്ങൾ- ധാമം=പുരം- വസുധാ=ഭൂമി- അവൻ=രക്ഷിച്ചിയങ്ങുന്നവൻ- കുലശെഖരൻ=കുലശെഖരനെന്ന പെരൊടുകൂടിയ മഹാരാജാവ- (കുലശെഖരനെന്നപെർ അഭിഷെകത്തിങ്കൽ ഉണ്ടായതാകുന്നു എന്നും പിതൃകൃതമായിരിക്കുന്ന നാമം രാമവൎമ്മാ എന്നാകുന്നു എന്നും ഈ രാജാവിന്റെ പുരത്തിന്ന പെർ മഹൊദയമെന്നാകുന്നു എന്നും സംസ്കൃതടീകയിൽ കാണ്മാനുണ്ടു.) വെദങ്ങൾ=ഋഗ്വെദം മുതലായതുകൾ- അദ്ധ്യായീ=അദ്ധ്യയനത്തെ ചെയ്യുന്നവൻ- ആദ്യനാമദ്ധ്യായീ=ആദ്യനാമത്തെ ധ്യാനിക്കശീലമായിട്ടുള്ളവൻ- ആദ്യനാമം=ആദ്യന്റെ നാമം- ആദ്യൻ=സമസ്തകാരണമായിരിക്കുന്ന ഈശ്വരൻ- നാമം=പ്രാകാശ്യം- ഭാരതഗുരു=ഭാരതാചാൎയ്യൻ-

൭. യംപ്രാപരമാചാൎയ്യംദൈവീചഗിരാംപുരാണപരമാചാൎയ്യം।
യമശ്രുതസന്തൊമാന്തംപരമെശപരമുപദിശന്തിസന്തൊമാന്തം ॥

അന്വയം—പുരാണപരമാചാൎയ്യം- ആൎയ്യം (അ-പു-ദ്വി-ഏ) യം (യച്ഛ-പു-ദ്വി-ഏ) രമാ (ആ-സ്ത്രീ-പ്ര-ഏ) ച (അ) ആപ (ലിട്ട-പ-പ-പ്ര-പു-ഏ) ഗിരാം (ര-സ്ത്രീ-ഷ-ബ) ദൈവീ (ഈ-സ്ത്രീ-പ്ര-ഏ) ച (അ) സന്തഃ (ത-പു-പ്ര-ബ) അശ്രുതസന്തൊമാ

ന്തം-ദാന്തം (അ-പു-ദ്വി-ഏ) യം (യച്ഛ-പു-ദ്വി-ഏ) പരമെശ്വരം (അ-പു-ദ്വി-ഏ) ഉപദിശന്തി (ലട്ട-പ-പ-പ്ര-പു-ബ)

അന്വയാൎത്ഥം—പുരാണപരമാചാൎയ്യനായി ആൎയ്യനായിരിക്കുന്ന യാവനൊരുത്തനെ രമയും പ്രാപിച്ചു. ഗീരുകളുടെ ദെവിയും പ്രാപിച്ചു സത്തുകൾ അശുഭസന്തൊദാന്തനായി ദാന്തനായിരിക്കുന്ന യാവനൊരുത്തനെ പരമെശ്വരൻ എന്ന ഉപദെശിക്കുന്നു.

പരിഭാഷാ—പുരാണപരമാചാൎയ്യൻ=പുരാണങ്ങളുടെ പരമാചാൎയ്യൻ- പുരാണങ്ങൾ=ബ്രഹ്മാണ്ഡാദിപുരാണങ്ങൾ- പരമാചാൎയ്യൻ=പ്രധാനാചാൎയ്യൻ- ആൎയ്യൻ=പണ്ഡിതൻ- രമാ=ലക്ഷ്മീഭഗവതി- പ്രാപിക്ക=ആശ്രയിക്ക- ഗീരുകളുടെദെവി=സരസ്വതി- സത്തുകൾ=സജ്ജനങ്ങൾ- അശുഭസന്തൊദാന്തൻ=അശുഭസന്തൊദത്തിന്റെ അന്തത്തെ ചെയ്യുന്നവൻ- അശുഭസന്തൊദം=അശുഭങ്ങളിൽനിന്ന ഉണ്ടാകുന്ന സന്തൊദം- അശുഭങ്ങൾ=പാപങ്ങൾ- സന്തൊദം=വ്യസനം- അന്തം=നാശം- ദാന്തൻ=തപഃക്ലെശത്തെ സഹിക്കുന്നവൻ- ഉപദെശിക്ക=പറക-

വൃ. ജ്ഞാനസമഗ്രാമെയംനിവസന്തംവിപ്രസത്തമഗ്രാമെ
യം। തിലകംഭൂമാവാഹുഃയസ്യാൎത്ഥിഷുദത്തഭൃതിഭ്രമാവാഹുഃ॥

അന്വയം—ജ്ഞാനസമഗ്രാമെയം (അ-പു-ദ്വി-ഏ) വിപ്രസത്തമഗ്രാമെ (അ-പു-സ-ഏ) നിവസന്തം (ത-പു-ദ്വി-ഏ) യം (യച്ഛ-പു-ദ്വി-ഏ) ഭൂമൌ (ഇ-സ്ത്രീ-സ-ഏ) തിലകം (അ-ന-ദ്വി-ഏ) ആഹുഃ (ലട്ട-പ-പ-പ്ര-പു-ബ) യസ്യ (യച്ഛ-പു-ഷ-ഏ) വാഹുഃ (ഉ-പു-പ്ര-ഏ) അൎത്ഥിഷു (ന-പു-സ-ബ) ദത്തഭൃതിഭ്രമം (ന-പു-പ്ര-ഏ)

അന്വയാൎത്ഥം—ജ്ഞാനസമഗ്രാമെയനായി വിപ്രസത്തമഗ്രാമത്തിങ്കൽ നിവസനായിരിക്കുന്ന യാവനൊരുത്തനെ ഭൂമിയിങ്കൽ തിലകമെന്ന പറയുന്നു. യാവനൊരുത്തന്റെ വാഹു അൎത്ഥികളിൽ ദത്ത ഭൃതഭ്രമാവായി ഭവിച്ചു.

പരിഭാഷാ—ജ്ഞാനസമഗ്രാമെയൻ= ജ്ഞാനസമഗ്രനായി അമെയനായിരിക്കുന്നവൻ- ജ്ഞാനസമഗ്രൻ=ജ്ഞാനംഹെതുവായിട്ട സമഗ്രൻ- ജ്ഞാനം=അറിവ- സമഗ്രൻ=സമ്പൂൎണ്ണൻ- അമെയൻ=മെയനല്ലാത്തവൻ- മെയൻ=മാനിക്കപ്പെടുവാൻ ശക്യൻ- മാനിക്ക=പരിച്ഛെദിക്ക- (ഇത്ര ഉണ്ടെന്ന നിശ്ചയിച്ചപറഞ്ഞുകൂടാത്തതായ മാഹാത്മ്യത്തൊടു കൂടിയവനെന്നു

സാരം-) വിപ്രസത്തമഗ്രാമം=വിപ്രസത്തമന്മാരുടെഗ്രാമം-വിപ്രസത്തമന്മാർ=വിപ്രന്മാരിൽവെച്ചു സത്തമന്മാർ- വിപ്രന്മാർ=ബ്രാഹ്മണർ- സത്തമന്മാർ=അത്യുത്തമന്മാർ- ഗ്രാമം=സംഘമായി ഭവിച്ചു വസിക്കുന്ന ദെശം- നിവസൻ=നിവസിച്ചിയങ്ങുന്നവൻ- നിവസിക്ക=ഇരിക്ക- തിലകം=തിലകംതന്നെ- (തിലകമെന്നപൊലെ ശൊഭയെ ഉണ്ടാക്കുന്നവനെന്നു സാരം-) വാഹു=കയ്യ- (കയ്യിനെ പറയുന്നത ബാഹുശബ്ദമാകുന്നു എങ്കിലും ബകാരവകാരങ്ങൾക്കു ഭെദമില്ലെന്നു ശാസ്ത്രമുണ്ടാകയാൽ വാഹുശബ്ദവും കയ്യിനെ പറയുന്നത തന്നെ എന്നു അറിഞ്ഞുകൊൾക-) അൎത്ഥികൾ=യാചകന്മാർ- മത്തഭൂതിഭൂമാവ=മത്തമായിരിക്കുന്ന ഭൂതിഭൂമാവൊടു കൂടിയത- മത്തം=മാനംചെയ്യപ്പെട്ടത- ഭൂതിഭൂമാവ=ഭൂതിയുടെ ഭൂമാവ- ഭൂതി=സമ്പത്ത- ഭൂമാവ=ബാഹുല്യം-

൬. സമജനികശ്ചിത്തസ്യപ്രവണശ്ശിഷ്യൊനുവൎത്തകശ്ചിത്തസ്യ। കാവ്യാനാമാലൊകെപടുമനസൊവാസുദെവനാമാലൊകെ॥

അന്വയം—കാവ്യാനാം (അ-ന-ഷ-ബ) ആലൊകെ (അ-പു-സ-ഏ) പടുമനസഃ (സ-പു-ഷ-ഏ) തസ്യ (തദ്-പു-സ-ഏ) ചിത്തസ്യ (അ-ന-ഷ-ഏ) അനുവൎത്തകഃ-പ്രവണഃ (അ-പു-പ്ര-ഏ) ലൊകെ (അ-പു-സ-ഏ) വാസുദെവനാമാ (ന-പു-പ്ര-ഏ) കശ്ചിൽ (അ) സമജനി (ലുങ്-ആ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—കാവ്യങ്ങളുടെ ആലൊകത്തിങ്കൽ പടുമനസ്സായിരിക്കുന്ന അവന്ന ചിത്തത്തിന്റെ അനുവൎത്തകനായി പ്രവണനായി ലൊകത്തിങ്കൽ വാസുദെവനാമാവായിരിക്കുന്ന ഒരു ശിഷ്യൻ സഞ്ജനിച്ചു.

പരിഭാഷാ—ആലൊകം=ദൎശനം. പടുമനസ്സ= പടുവായിരിക്കുന്ന മനസ്സൊടു കൂടിയവൻ. പടു=സാമൎത്ഥ്യത്തൊടുകൂടിയത. അവൻ=മെല്പറഞ്ഞ ആചാൎയ്യൻ. ചിത്തം=മനസ്സ. അനുവൎത്തകൻ=അനുസരിച്ചു വൎത്തിക്കുന്നവൻ. വൎത്തിക്ക=വ്യാപരിക്ക. പ്രവണൻ=വിനയത്തൊടു കൂടിയവൻ. ലൊകം=ലൊകവ്യവഹാരം. വാസുദെവനാമാവ=വാസുദെവൻ എന്നനാമത്തൊടു കൂടിയവൻ. സഞ്ജനിക്ക=സംഭവിക്ക. (ഉണ്ടാക എന്നു സാരം).

൭. കീൎത്തിമദഭ്രാന്തെനസ്മരതാഭാരതസുധാമഭ്രാന്തെന। ജഗദപഹാസായമിതാപാൎത്ഥകഥാകന്മഷാപഹായമിതഃ॥

അന്വയം—ഭാരതസുധാമദഭ്രാന്തേന (അ-പു-തൃ-ഏ) അമന്ദ്രാം (ആ-സ്ത്രീ-ദ്വി-ഏ) കീൎത്തിം (ഇ-സ്ത്രീ-ദ്വി-ഏ) സ്മരതാ (ത-പു-തൃ-ഏ) തേന (തച്ഛ-പു-തൃ-ഏ) കന്മഷാപഹാ-പാൎത്ഥകഥാ (ആ-സ്ത്രീ-പ്ര-ഏ) ജഗദപഹാസായ (അ-പു-ച-ഏ) മിതാ-യമിതാ (ആ-സ്ത്രീ-പ്ര-ഏ).

അന്വയാൎത്ഥം—ഭാരതസുധാമദഭ്രാന്തനായി അമന്ദ്രയായിരിക്കുന്ന കീൎത്തിയെ സ്മരന്നായിരിക്കുന്ന അവനാൽ ജഗദപഹാസത്തിനായിക്കൊണ്ടു കന്മഷാപഹയായിരിക്കുന്ന പാൎത്ഥകഥാമിതയായിട്ടു യമിതയായി.

പരിഭാഷാ—ഭാരതസുധാമദഭ്രാന്തൻ=ഭാരതസുധാമദം ഹേതുവായിട്ടു ഭ്രാന്തൻ. ഭാരതസുധാമദം= ഭാരതസുധയിങ്കൽനിന്നു ഉണ്ടായിട്ടുള്ള മദം. ഭാരതസുധാ=ഭാരതമാകുന്നസുധാ. ഭാരതം=ഭാരതമെന്നു ഇതിഹാസം. സുധാ=അമൃതം. മദം=മനോവികാരവിശേഷം. ഭ്രാന്തൻ=ഭ്രമിച്ചവൻ. അമന്ദ്രാ=അനാല്പാ. കീൎത്തി=യശസ്സ്. സ്മരൻ=സ്മരിച്ചിയങ്ങുന്നവൻ. അവൻ=മെല്പറഞ്ഞതച്ഛിഷ്യൻ. (ഇതൊക്കെയും പറയുന്നവനായ താൻ എന്നു സാരം). ജഗദപഹാസം=ജഗത്തിന്റെ അപഹാസം. ജഗത്ത=ലോകം. അപഹാസം=പരിഹാസം. (അറിവുള്ള ജനങ്ങളിൽ നിന്നു പരിഹാസത്തെ ഉൽഭവിപ്പിപ്പാനായിക്കൊണ്ടു എന്നഭിപ്രായം.) കന്മഷാപഹാ=കന്മഷങ്ങളെ അപഹനിക്കുന്നത. കന്മഷങ്ങൾ=പാപങ്ങൾ. അപഹനിക്ക=നശിപ്പിക്ക. പാൎത്ഥകഥാ=പാൎത്ഥന്റെ കഥാ. പാൎത്ഥൻ=ധൎമ്മപുത്രരെന്നരാജാവ. കഥാ=ചരിതം. മിതാ=സംക്ഷിപ്താ. (ചുരുക്കപ്പെട്ടത) യമിതാ=നിബദ്ധാ. (പ്രബന്ധരൂപമായശ്ലോകം കൊണ്ടു പറകപ്പെട്ടത എന്നസാരം.)

൧൧. അഥമൃഗരാജദ്വിപിനംപ്രവിശ്യപാണ്ഡുൎഗ്ഗിരിംവിരാജദ്വിപിനം। മൃഗയാസംഗരസേനസ്സ്വൈരംവ്യഹരജ്ജിതാരിസംഗരസേനഃ॥

അന്വയം—അഥ (അ) ജിതാരിസംഗരസേനഃ (അ-പു-പ്ര-ഏ) പാണ്ഡുഃ (ഉ-പു-പ്ര-ഏ) മൃഗരാജദ്വിപിനം (ന-പു-ദ്വി-ഏ) വിരാജദ്വിപിനം (ന-പു-ദ്വി-ഏ) ഗിരിം (ഇ-പു-ദ്വി-ഏ) പ്രവിശ്യ (ല്യ-അ) മൃഗയാസംഗരസേന (അ-പു-തൃ-ഏ) സ്വൈരം (ക്രി-വി) വ്യഹരത് (ലങ്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—ജിതാരിസംഗരസനായിരിക്കുന്ന പാണ്ഡു മൃഗരാജദ്വിപിയായി വിരാജദ്വിപിനമായിരിക്കുന്ന ഗിരിയെ പ്രവേശിച്ചിട്ടു മൃഗയാസംഗരസംഹേതുവായിട്ടു സ്വൈരമാകും

വണ്ണം വിഹരിച്ചു.

പരിഭാഷാ— ജിതാരിസംഗരസേനൻ=ജിതാരിസംഗരയായിരിക്കുന്ന സേനയോടു കൂടിയവൻ. ജിതാരിസംഗരാ=ജിതാരികളായിരിക്കുന്ന സംഗരങ്ങളോടു കൂടിയത. ജിതാരികൾ=ജിതന്മാരായിരിക്കുന്ന അരികളോടു കൂടിയവ. ജിതന്മാർ=ജയിക്കപ്പെട്ടവർ. സംഗരങ്ങൾ=യുദ്ധങ്ങൾ. സേനാ=സൈന്യം. പാണ്ഡു=പാണ്ഡുമഹാരാജാവ. മൃഗരാജദ്വിപി=വളരെ മൃഗരാജദ്വിപങ്ങളുള്ളത. മൃഗരാജദ്വിപങ്ങൾ=മൃഗരാജന്മാരും ദ്വിപങ്ങളും. മൃഗരാജന്മാർ= സിംഹങ്ങൾ. ദ്വിപങ്ങൾ=ഗജങ്ങൾ. വിരാജദ്വിപിനം=വിരാജത്തുകളായിരിക്കുന്ന വിപിനങ്ങളോടുകൂടിയവ. വിരാജത്തുകൾ= വിരാജിച്ചിയങ്ങുന്നവ. വിരാജിക്ക= അതിശയെന ശോഭിക്ക. വിപിനങ്ങൾ=വനങ്ങൾ. ഗിരി=പൎവ്വതം. (ഹിമവാനെന്നസാരം) പ്രവേശിക്ക=പ്രാപിക്ക. മൃഗയാസംഗരസം=മൃഗയാസംഗമായിരിക്കുന്ന രസം. മൃഗയാസംഗം=മൃഗയായിങ്കൽ സംഗത്തോടു കൂടിയത. മൃഗയാ=നായാട്ട. സംഗം=പ്രസരം. രസം=രാഗം. സൈ്വരം=സ്വച്ഛന്ദം. വിഹരിക്ക=ക്രീഡിക്ക.

൧൨. യന്നരദൈവംശസ്യസ്വമാതൃവചനെന്നസമ്പദൈവംശസ്യാമുനിവൎയ്യോജനയത്തംഭ്രാതൃകളത്രെജഗല്പ്രയോജനയത്തം॥

അന്വയം— യം (യച്ശ-പു-ദ്വി-ഏ) തം(തച്ശ-പു-ദ്വി-ഏ)നരദൈവം (അ-പു-ദ്വി-ഏ) ശസ്യഃ-മുനിവൎയ്യഃ (അ-പു-പ്ര-ഏ) സ്വമാതൃവചനെന (അ-ന-തൃ-ഏ) വംശസ്യ (അ-പു-ഷ-ഏ) സംപദെ (ദ-പു-ച-ഏ) ഭ്രാതൃകളത്രെ (അ-ന-സ-ഏ) ജഗത്പ്രയോജനയത്തം (അ-പു-ദ്വി-ഏ) അജനയൽ (ലങ്-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—യാതൊരു ആ നരദൈവനെ ശസ്യനായിരിക്കുന്ന മുനിവൎയ്യൻ സ്വമാതൃവചനം ഹെതുവായിട്ടു വംശത്തിന്റെ സമ്പത്തിനായിക്കൊണ്ടു ഭ്രാതൃകളത്രത്തിങ്കൽ ജഗത്പ്രയോജനയത്താക്കി ജനിപ്പിച്ചു.

പരിഭാഷാ—നരദൈവൻ=രാജാവ- ശസ്യൻ=ശംസിക്കപ്പെടുവാൻ യൊഗ്യൻ- ശംസിക്ക=സ്തുതിക്ക-മുനിവൎയ്യൻ=മുനിശ്രെഷ്ഠൻ- (വെദവ്യാസമഹൎഷി എന്ന സാരം) സ്വമാതൃവചനം=സ്വമാതാവിന്റെ വചനം- സ്വമാതാവ=തന്റെമാതാവ- മാതാവ=അമ്മ- വചനം=വാക്ക- വംശം=കുലം- സമ്പത്ത= വൃദ്ധി- ഭ്രാതൃകളത്രം=ഭ്രാതാവിന്റെ കളത്രം- ഭ്രാതാവ=സഹൊദരൻ- (വിചിത്രവീൎയ്യനെന്ന രാജാവ) കളത്രം=ഭാൎയ്യാ- ജഗത്പ്ര

യോജനയത്നൻ= ജഗൽപ്രയോജനത്തിനായിക്കൊണ്ടു യത്നൻ- ജഗൽപ്രയോജനം=ജഗത്തിന്റെ പ്രയോജനം- ജഗത്ത=ലോകം- യത്നൻ=പ്രവൃത്തൻ- ജനിപ്പിക്ക=ഉല്പാദിപ്പിക്ക.

൨൩. തെനശരൈർന്നാകാരിവ്യസുമ്മുനിമിഥുനംഗതായുരെണാകാരി। തത്രയമാഭൊഗഹനംശാപംമുനിരസുസമാഭൊഗഹനം॥

അന്വയം—തെന (തച്ഛ-പു-തൃ-ഏ) ശരെണ (അ-പു-തൃ-ഏ) ഗതായുഃ (സ-ന-പ്ര-ഏ) ഏണാകാരി (ന-ന-പ്ര-ഏ) മുനിമിഥുനം (അ-ന-പ്ര-ഏ) വ്യസു (ഉ-ന-പ്ര-ഏ) അകാരി (ലുങ്-ക-പ-പ്ര-പു-ഏ) തത്ര (അ) മുനിഃ (ഇ-പു-പ്ര-ഏ) യമാഭഃ (അ-പു-പ്ര-ഏ) ഗഹനം (അ-പു-ദ്വി-ഏ) അസുസമാഭൊഗഹനം (ന-പു-ദ്വി-ഏ) ശാപം (അ-പു-ദ്വി-ഏ) അമുചൽ (ലുങ്-പ-പ-പ്ര-പു-ഏ)

അന്വയാർത്ഥം—അവനാൽ ശരംകൊണ്ടു ഗതായുസ്സായി ഏണാകാരിയായിരിക്കുന്ന മുനിമിഥുനം വ്യസുവാക്കിചെയ്യപ്പെട്ടു. അവങ്കൽ മുനി യമാഭനായിട്ടു ഗഹനമായി അസുസമാഭൊഗഹനമായിരിക്കുന്ന ശാപത്തെ മൊചിച്ചു.

പരിഭാഷാ—അവൻ=പാണ്ഡു- ശരം=അസ്ത്രം- ഗതായുസ്സ=ഗതമായിരിക്കുന്ന ആയുസ്സോടുകൂടിയത- ഗതം=അവസാനിച്ചത- ആയുസ്സ=ജീവിതകാലം- ഏണാകാരി= ഏണാകാരമുള്ളത- ഏണാകാരം=ഏണത്തിന്റെ ആകാരം- ഏണം=മൃഗവിശേഷം- ആകാരം=ആകൃതി- മുനിമിഥുനം=മുനികളുടെ മിഥുനം- മുനികൾ=തപസ്വികൾ- മിഥുനം=ദ്വന്ദ്വം-വ്യസു=അസുക്കളൊടുവെർപെട്ടത- അസുക്കൾ=പ്രാണവായുക്കൾ- അവൻ=പാണ്ഡു- യമാഭൻ=യമന്റെ ആഭപൊലെയിരിക്കുന്ന ആഭയൊടുകൂടിയവൻ- യമൻ=അന്തകൻ- ആഭാ=ശൊഭാ- ഗഹനം= പ്രതിവിധിയൊടു കൂടാത്തത-അസുസമാഭൊഗഹനം=അസുസമാഭൊഗത്തെ ഹനിക്കുന്നത- അസുസമാഭൊഗം= അസുസമയുടെ ഭൊഗം- അസുസമാ=പ്രാണസമാ- (ഭാൎയ്യ എന്നർത്ഥം)ഭൊഗം=ആലിംഗനാദി- ഹനിക്ക=നശിപ്പിക്ക- ശാപം=നിഗ്രഹവചനം- മൊചിക്ക=പ്രയൊഗിക്ക.

൨൪. സ ച ഭൃത്ത്വ്യജനസ്യത്യാഗംകൃതവാംസ്തഥാസിതവ്യജനസ്യ। അരതൊരാമാഭൊഗെപാണ്ഡുശ്ചക്രെതപാംസിരാമാഭൊഗെ॥

അന്വയം—സഃ(തച്ഛ-പു-പ്ര-ഏ)പാണ്ഡുഃ(ഉ-പു-പ്ര-ഏ) ഭൃത്ത്വ്യജനസ്യ (അ-പു-ഷ-ഏ) തഥാ (അ) സിതവ്യജനസ്യ (അ-ന-ഷ-ഏ)ച(അ)ത്യാഗം (അ-പു-ദ്വി-ഏ) കൃതവാ(ക്തവാ-

(അ) രാമാഭോഗേ (അ-പു-സ-ഏ) അരതഃ (അ-പു-പ്ര-ഏ) രാമാഭഃ (അ-പു-പ്ര-ഏ) അഗേ (അ-പു-സ-ഏ) തപാംസി (സ-ന-ദ്വി-ബ) ചക്രേ (ലിട്-ആ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം — ആ പാണ്ഡു ഭൎത്തവ്യജനത്തിന്റെയും അപ്രകാരം സിതവ്യജനത്തിന്റെയും ത്യാഗത്തെ ചെയ്തിട്ട രാമാഭോഗത്തിങ്കൽ അരതനായി രാമാഭനായിട്ട അഗത്തിങ്കൽ തപസ്സുകളെ ചെയ്തു.

പരിഭാഷാ — ഭൎത്തവ്യജനം= ഭൎത്തവ്യമായിരിക്കുന്ന ജനം- ഭൎത്തവ്യം=ഭരിക്കപ്പെട്ടുവാൻ യോഗ്യം- (അമാത്യാദി എന്നസാരം) സിതവ്യജനം=വെൺചാമര- ത്യാഗം=ഉപേക്ഷ- രാമാഭോഗം= സ്ത്രീഭോഗം- അരതൻ=രതനല്ലാത്തവൻ- രതൻ=രതിയോടു കൂടിയവൻ- രതി=താല്പൎയ്യം- രാമാഭൻ=രാമന്റെ ആഭപോലെ ഇരിക്കുന്ന ആഭയോടു കൂടിയവൻ- രാമൻ=ശ്രീരാമൻ- പരശുരാമനെന്നുമാം) ആഭാ=ശോഭാ- അഗം=പൎവ്വതം.

൧൫. ശ്രിതപരമാദ്രിശാന്തം പാണ്ഡും കുന്തീ തഥൈവ മാദ്രീ
ശാന്തം। തം ഭൎത്താരം ഭാൎയ്യേ ന കദാചിജ്ജഹതുരഭിമതാരംഭാൎയ്യേ ॥

അന്വയം — ശ്രിതപരമാദ്രിശാന്തം-ശാന്തം (അ-പു-ദ്വി-ഏ) തം (തച്ഛ-പു-ദ്വി-ഏ) പാണ്ഡും (ഉ-പു-ദ്വി-ഏ) ഭൎത്താരം (ഋ-പു-ദ്വി-ഏ) കുന്തീ (ഈ-സ്ത്രീ-പ്ര-ഏ) തഥാ-ഏവ (അ) മാദ്രീ (ഈ-സ്ത്രീ-പ്ര-ഏ) ച (അ) അഭിമതാരംഭാൎയ്യേ-ഭാൎയ്യേ (ആ-സ്ത്രീ-പ്ര-ദ്വി) കദാചിൽ-അപി (അ) ന (അ) ജഹതുഃ (ലിട്-പ-പ-പ്ര-പു-ദ്വി)

അന്വയാൎത്ഥം — ശ്രിതപരമാദ്രി ശാന്തനായി ശാന്തനായിരിക്കുന്ന ആ പാണ്ഡുവാകുന്ന ഭൎത്താവിനെ കുന്തിയും അപ്രകാരംതന്നെ ഇരിക്കുന്ന മാദ്രിയുമാകുന്ന അഭിമതാരംഭാൎയ്യകളായിരിക്കുന്ന ഭാൎയ്യമാർ ഒരിക്കലും ഉപേക്ഷിച്ചില്ല.

പരിഭാഷാ — ശ്രിതപരമാദ്രിശാന്തൻ= ശ്രിതമായിരിക്കുന്ന പരമാദ്രിശാന്തത്തോടുകൂടിയവൻ- ശ്രിതം=ശ്രയിക്കപ്പെട്ടത- ശ്രയിക്ക= ആശ്രയിക്ക- പരമാദ്രിശാന്തം=പരമാദ്രിശന്റെ അന്തം- പരമാദ്രിശൻ= പരമനായിരിക്കുന്ന അദ്രിശൻ- പരമൻ=ഉത്തമൻ- അദ്രിശൻ= പൎവ്വതശ്രേഷ്ഠൻ- അന്തം=സമീപം- ശാന്തൻ= സ്ഥായിത്വേന ജാതമായിരിക്കുന്ന ശമത്തോടുകൂടിയവൻ- അഭിമതാരംഭാൎയ്യകൾ= അഭിമതാരംഭത്തിങ്കൽ ആൎയ്യകൾ- അഭിമതാരംഭം= അഭിമതപ്രവൃത്തി- ആൎയ്യകൾ= കുശലകൾ-

൧൬. അപിചസുതാപേതേനസ്ഥിതംസമാപാണ്ഡുനാസ്തു

താപേതേന । വിഫലേഹാനാമനൃണാംജാതിമകൃത്വാപിതാമഹാനാമനൃണാം॥

അന്വയം—അപി-ച (അ) സുതാപേതേന (അ-പു-തൃ-ഏ) പാണ്ഡുനാ (ഉ-പു-തൃ-ഏ) സദാ (അ) സുതാപേതേന (അ-പു-തൃ-ഏ) സ്ഥിതം (അ-ന-പ്ര-ഏ) നൃണാം (ഋ-പു-ഷ-ബ) ഈഹാ (ആ-സ്ത്രീ-പ്ര-ഏ) പിതാമഹാനാം (അ-പു-ഷ-ബ) ജാതിം (ഇ-സ്ത്രീ-ദ്വി-ഏ) അനൃണാം (ആ-സ്ത്രീ-ദ്വി-ഏ) അകൃത്വാ (ക്ത്വാ- അ) വിഫലാ (ആ-സ്ത്രീ-പ്ര-ഏ) നാമ (അ)-

അന്വയാൎത്ഥം—അത്രതന്നെ അല്ല സുതാപേതനായിരിക്കുന്ന പാണ്ഡുവാൽ എല്ലായ്പോഴും സുതാപേതനായിട്ട സ്ഥിതിചെയ്വു എന്നുള്ളതുണ്ടായി. നൃക്കളുടെ ഈഹാ പിതാമഹന്മാരുടെ ജാതിയെ അനൃണയാക്കി ചെയ്യാതെ വിഫലയായി ഭവിക്കുന്നു എല്ലാം.

പരിഭാഷാ—സുതാപേതൻ= സുതനോടുകൂടാത്തവൻ- സുതൻ= പുത്രൻ- സുതാപേതൻ= സുതാപത്തെ ഇതൻ- സുതാപം= ഏററവുമുള്ള താപം-താപം= ദുഃഖം- ഇതൻ=പ്രാപിച്ചവൻ-സ്ഥിതിചെയ്വു= വൎത്തിക്ക- നൃക്കൾ=മനുഷ്യർ- ഈഹാ=ചേഷ്ടാ- പിതാമഹന്മാർ= പിതൃപിതാവു തുടങ്ങിയുള്ള പൂൎവ്വന്മാർ- ജാതി= സാമാന്യം- അനൃണാ= ഋണത്തോടുകൂടാത്തവർ- ഋണം= കടം- വിഫലാ= ഫലത്തോടുകൂടാത്തത-

൧൭. സതതംസാശംസന്തംക്ഷേത്രജമുല്പാദയേതിസാശംസന്തം।നിജഗാദകളകാന്തംകുന്തീദധതീമനോമദകളകാന്തം॥

അന്വയം—സതതം (ക്രി-വി) സാശം (ക്രി-വി) ക്ഷേത്രജം (അ-പു-ദ്വി-ഏ) ഉല്പാദയ (ലോട്ട്-പ-പ-മ-പു-ഏ) ഇതി (അ) ശംസന്തം-സന്തം (ത-പു-ദ്വി-ഏ) കാന്തം (അ-പു-ദ്വി-ഏ) മദകളകാന്തം (അ-ന-ദ്വി-ഏ) മനഃ (സ-ന-ദ്വി ഏ) ദധതീ (ഈ-സ്ത്രീ-പ്ര-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) കുന്തീ (ഈ-സ്ത്രീ-പ്ര-ഏ) കളം (ക്രി-വി) നിജഗാദ (ലിട്ട്-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—എല്ലായ്പോഴും സാശമാകുംവണ്ണം നീ ക്ഷേത്രജനെ ഉല്പാദിപ്പിക്കേണമെ എന്നിപ്രകാരം ശംസനായി സന്നായിരിക്കുന്ന കാന്തനോട മദകളകാന്തമായിരിക്കുന്ന മനസ്സിനെ ദധതിയായിരിക്കുന്ന ആ കുന്തി കളമാകുംവണ്ണം നിഗദിച്ചു.

പരിഭാഷാ—സാശം= ആശയോടുകൂടിയത- ആശാ= തൃഷ്ണാ- (അത്യാഗ്രഹം) ക്ഷേത്രജൻ= ക്ഷേത്രത്തിങ്കൽ ജനിച്ചവൻ- (തന്റെ ഭാൎയ്യയിൽ അന്യനാൽ ഉല്പാദിപ്പിക്കപ്പെട്ട പുത്രനെന്നസാ

രം) ഉല്ലാദിപ്പിക്ക= ജനിപ്പിക്ക- ശംസൻ=ശംസിച്ചിയങ്ങുന്നവൻ- ശംസിക്ക= പറക- സൻ=ഭവിച്ചിയങ്ങുന്നവൻ. കാന്തൻ= ഭൎത്താവ- മലകളങ്കാന്തം=മലകളങ്കങ്ങളുടെ അന്തം-മലകളങ്കങ്ങൾ= മലവും കളങ്കവും- മലം=ഗൎവ്വം- കളങ്കം=മാലിന്യം- അന്തം=നാശകരം- (മലകളങ്കങ്ങളൊട്ട വെർപെട്ടത എന്നസാരം) ഭധതീ=ധരിച്ചിയങ്ങുന്നവൾ- കളം=മധുരം- നിഗദിക്ക= പറക-

൧൨. നരവരവിപ്രവരെണപ്രാപ്യൊമന്ത്രൊഭുവിപ്രവരെണ । സ്യാദമുനാമമവശ്യംദൈവതമഖിലംകൃതാവനാമമവശ്യം॥

അന്വയം—ഹെനരവര (അ-പു-സം-പ്ര-ഏ) മയാ (അസ്മച്ഛ-തൃ-ഏ) വിപ്രവരെണ (അ-പു-തൃ-ഏ) മന്ത്രഃ-പ്രാപ്യഃ (അ-പു-പ്ര-ഏ) ഭുവി (ഊ-സ്ത്രീ-സ-ഏ) പ്രവരെണ (അ-പു-തൃ-ഏ) അമുനാ (അദച്ഛ-പു-തൃ-ഏ) കൃതാവനാമം-അഖിലം-ദൈവതം (അ-ന-പ്ര-ഏ) മമ (അസ്മച്ഛ-ഷ-ഏ) വശ്യം (അ-ന-പ്ര-ഏ) സ്യാൽ (ലിങ്-ആ-പ-പ്ര-പു-ഏ) അവശ്യം (അ)

അന്വയാൎത്ഥം—അല്ലയൊ നരവരനായുള്ളൊവെ എന്നാൽ വിപ്രവരം ഹെതുവായിട്ട മന്ത്രംപ്രാപ്യമായി ഭൂവിങ്കൽ പ്രവരമായിരിക്കുന്ന ഇതുകൊണ്ട കൃതാവനാമമായിട്ട അഖിലമായിരിക്കുന്ന ദൈവതം ഇനിക്ക വശ്യമായി ഭവിക്കും സംശയമില്ല.

പരിഭാഷാ—നരവരൻ=രാജാവ- വിപ്രവരം=വിപ്രന്റെ വരം- വിപ്രൻ=ബ്രാഹ്മണൻ- (ദുൎവ്വാസസ്സെന്ന മഹൎഷി.) വരം=വരദാനം- മന്ത്രം=ദെവന്മാരെ ആവാഹിപ്പാൻ സാമൎത്ഥ്യമുള്ളതായ ഒരുവെദഭാഗം- പ്രാപ്യം=പ്രാപിക്കപ്പെട്ടത- പ്രാപിക്ക=ലഭിക്ക- ഭൂ=ഭൂമി- പ്രവരം=ശ്രെഷ്ഠം- ഇത=മന്ത്രം- കൃതാവനാമം=കൃതമായിരിക്കുന്ന അവനാമത്തൊടുകൂടിയത-കൃതം=ചെയ്യപ്പെട്ടത- അവനാമം=നമസ്കാരം- അഖിലം=ഒട്ടൊഴിയാതെ ഉള്ളത- ദൈവതം=ദെവസമൂഹം- വശ്യം=അധീനം-

൧൩. മുദിതവിനായകമിത്രാസെത്യുക്ത്വാചൊദിതാച്ഛനായകമിത്രാ।യമപവമാനമഘൊനാംപൂജാമാധത്തസബഹുമാനമഘൊനാം॥

അന്വയം—സാ (തച്ഛ-സ്ത്രീ-പ്ര-ഏ) ഇതി (അ) ഉക്ത്വാ (ക്ത്വാ-അ) അച്ഛനായ (അ-ന-ച-ഏ) കമിത്രാ (ഋ-പു-തൃ-ഏ) ചൊദിതാ- മുദിതവിനായകമിത്രാ (ആ-സ്ത്രീ-പ്ര-ഏ) യമപവമാനമഘൊനാം (ന-പു-ഷ-ബ) അഘൊനാം (ആ-സ്ത്രീ-ദ്വി-ഏ) പൂജാം (ആ-സ്ത്രീ-ദ്വി-ഏ) സബഹുമാനം (ക്രി-വി) ആധത്ത (ലങ്-ആ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—അവൾ ഇപ്രകാരം വചിച്ചിട്ട അൎച്ചനത്തിന്നായിക്കൊണ്ട കമിതാവിനാൽചൊദിതയായി മുദിതവിനായകമിത്രയായിട്ട യമപവമാനമഘവാക്കളുടെ അഘൊനയായിരിക്കുന്ന പൂജയെ സബഹുമാനമാകുംവണ്ണം ചെയ്തു.

പരിഭാഷാ—അവൾ=കുന്തി- വചിക്ക=പറക- കമിതാവ=ഭൎത്താവ- അൎച്ചനം=പൂജാ- ചൊദിതാ=ചൊദിക്കപ്പെട്ടവൾ- ചൊദിക്ക=പ്രെരിക്ക- മുദിതവിനായകമിത്രാ=മുദിതനായിരിക്കുന്ന വിനായകനാകുന്ന മിത്രത്തൊട്ട കൂടിയവൾ- മുദിതൻ=സന്തുഷ്ടൻ- വിനായകൻ=ഗണപതി- മിത്രം=ബന്ധു- യമപവമാനമഘവാക്കൾ=യമനും പവമാനനും മഘവാവും- യമൻ=ധൎമ്മരാജൻ- പവമാനൻ=വായു- മഘവാവ=ഇന്ദ്രൻ- അഘൊനാ=അഘത്തൊട്ട കൂടാത്തത- അഘം=പാപം- (ശുദ്ധിയൊടെയൊട്ട കൂടിയതെന്നസാരം.) സബഹുമാനം=ബഹുമാനത്തൊട്ട കൂടിയത-

൨൦. ധൎമ്മാൽപരമത്യന്തംയുധിഷ്ഠിരംനാമധൎമ്മപരമത്യന്തം ।
ഭീമഞ്ചമരുത്തനയംപാൎത്ഥംശക്രാദവാപചമരുത്തനയം॥

അന്വയം—സാ (തച്ഛ-സ്ത്രീ-പ്ര-ഏ) ധൎമ്മാൽ (അ-പു-പ-ഏ-) പരമത്യന്തം (അ-പു-ദ്വി-ഏ) അത്യന്തം (അ) ധൎമ്മപരം- യുധിഷ്ഠിരം (അ-പു-ദ്വി-ഏ) നാമ (അ) അവാപ (ലിട്ട-പ-പ-പ്ര-പു-ഏ) മരുത്തനയം-ഭീമം (അ-പു-ദ്വി-ഏ) ച (അ) ശക്രാൽ (അ-പു-പ-ഏ) മരുത്തനയം-പാൎത്ഥം (അ-പു-ദ്വി-ഏ) ച (അ) അവാപ (ലിട്ട-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—അവൾ ധൎമ്മങ്കൽനിന്ന പരമത്യന്തനായി ഏറ്റവും ധൎമ്മപരനായി യുധിഷ്ഠിരനെന്ന പ്രസിദ്ധനായിരിക്കുന്നവനെ അവാപിച്ചു. മരുത്തനയനായിരിക്കുന്ന ഭീമനെയും അവാപിച്ചു. ശക്രങ്കൽനിന്ന മരുത്തനയനായിരിക്കുന്നപാൎത്ഥനെയും അവാപിച്ചു-

പരിഭാഷാ—അവൾ=കുന്തി- ധൎമ്മൻ=ധൎമ്മരാജൻ- പരമത്യന്തൻ=പരമതിയുടെ അന്തത്തെ ചെയ്യുന്നവൻ-പരമതി=പരന്മാരുടെ മതി- പരന്മാർ=ശത്രുക്കൾ- മതി=കാംക്ഷാ-ധൎമ്മപരൻ=ധൎമ്മമാകുന്ന പരത്തൊട്ട കൂടിയവൻ ധൎമ്മം=വിഹിതാനുഷ്ഠാനവും പ്രതിഷിദ്ധവൎജ്ജനവും- പരം=പ്രധാനം- അവാപിക്ക=ലഭിക്ക- മരുത്തനയൻ=മരുത്തിന്റെ തനയൻ- മരുത്ത=വായു- ഭീമൻ=ഭീമസെനൻ- ശക്രൻ=ഇന്ദ്രൻ- മരുത്തനയൻ=മരുത്തുകന്റെ നയംപൊലെ ഇരിക്കുന്ന നയത്തൊട്ട കൂടിയവൻ-

മരുത്തൻ=മരുത്തനെന്ന രാജാവ- നയം=നീതി- പാൎത്ഥൻ=അ ൎജ്ജുനൻ-

൧൮. മുദിതമനാമൈവാഭ്യാമശ്വിഭ്യാംതദനുശാസനാന്മൈവാഭ്യാം। സുലളിതമിതരാജനയന്ന കുലംസഹദേവമനുജമിതരാജനയം ॥

അന്വയം — ഇതരാ (ആ-സ്ത്രീ-പ്ര-ഏ) മുദിതമനാഃ (സ-സ്ത്രീ-പ്ര-ഏ) തദനുശാസനാൽ (അ-ന-പ-ഏ) ഏവ(അ)ആ ഭ്യാം(ഇദം-ശ-പു-പ-ദ്വി)അശ്വിഭ്യാം(ന-പു-പ-ദ്വി)ദൈവാഭ്യാം (അ-പു-പ-ഏ) സുലളിതം- നകുലം- ഇതരാജനയം- സഹദേവം (അ-പു-ദ്വി-ഏ) ച (അ) അജനയൽ(ലങ്-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം — ഇതരാമുദിതമനസ്സായിട്ട തദനുശാസനം ഹേതുവായിട്ട തന്നെ ൨ അശ്വികളാകുന്ന ദേവന്മാരിൽനിന്ന സുലളിതനായിരിക്കുന്ന നകുലനെയും ഇതരരാജനയനായിരിക്കു ന്ന സഹദേവനെയും ജനിപ്പിച്ചു.

പരിഭാഷാ — ഇതരാ=മാദ്രി- മുദിതമനസ്സ= മുദിതമായിരിക്കു ന്ന മനസ്സോട്ട കൂടിയവൾ- മുദിതം=സന്തുഷ്ടം- (സന്തോഷ ത്തിന്ന മന്ത്രലാഭമെത്രെകാരണമാകുന്നത-) തദനുശാസനം=അ വളുടെഅനുശാസനം- അവൾ=കുന്തി-അനുശാസനം=നിയൊ ഗം- അശ്വികളാകുന്നദേവന്മാർ=അശ്വിനീദേവന്മാർ- സുല ളിതൻ=ഏററവുംലളിതൻ- ലളിതൻ=മനൊഹരശരീരൻ- ഇതരാ ജനയൻ= ഇതമായിരിക്കുന്ന രാജനയത്തൊട്ട കൂടിയവൻ- ഇ തം=പ്രാപ്തം-(അറികപ്പെട്ടതഎന്നൎത്ഥം)- രാജനയം=രാജനീതി-

൧൯. ഇത്ഥംരാജാതെഷുപ്രകാമമുദിതൊമുനെൎഗ്ഗിരാ ജാതെ ഷു।അഹരന്മാദ്ര്യാവാസഃസകദാചിൽകുസുമിതദ്രുമാദ്ര്യാവാസഃ॥

അന്വയം — ഇത്ഥം (അ) മുനെഃ (ഇ-പു-ഷ-ഏ)ഗിരാ (ര-സ്ത്രീ-തൃ-ഏ) ജാതെഷു (അ-പു-സ-ബ) തെഷു (തദ്ദ-പു-സ-ബ) പ്രകാമമുദിതഃ (അ-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) കദാചിൽ (അ) കുസുമിതദ്രുമാദ്ര്യാവാസഃ (അ-പു-പ്ര-ഏ) മാദ്ര്യാഃ (ഈ-സ്ത്രീ-ഷ-ഏ) വാസഃ (സ-ന-ദ്വി-ഏ) അഹരൽ (ലങ്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം — ഇപ്രകാരംമുനിയുടെ ഗീര ഹേതുവായിട്ട ജാ തന്മാരായിരിക്കുന്ന അവരിൽ പ്രകാമമുദിതനായിരിക്കുന്ന ആ രാജാവ ഒരിക്കൽ കുസുമിതദ്രുമാദ്ര്യാവാസനായിട്ട മാദ്രിയുടെ വാ സസ്സിനെ ഹരിച്ചു.

പരിഭാഷാ — മുനി=ദുൎവ്വാസസ്സെന്ന മഹൎഷി-ഗിര= വാക്കു=

ജാതന്മാർ=ജനിച്ചവർ- അവർ=യുധിഷ്ഠിരാദികൾ- പ്രകാമമുദിതൻ=ഏററവും മുദിതൻ- മുദിതൻ=സന്തുഷ്ടൻ- കുസുമിതദ്രുമാദ്ര്യാവാസൻ=കുസുമിതദ്രുമാദ്രിയാകുന്ന ആവാസത്തോടുകൂടിയവൻ- കുസുമിതദ്രുമാദ്രി= കുസുമിതദ്രുമമായിരിക്കുന്ന അദ്രി- കുസുമിതദ്രുമം=കുസുമിതങ്ങളായിരിക്കുന്ന ദ്രുമങ്ങളോടുകൂടിയത- കുസുമിതങ്ങൾ=സഞ്ജാതകുസുമങ്ങൾ- (പൂത്തവ) ദ്രുമങ്ങൾ=വൃക്ഷങ്ങൾ- അദ്രി=പൎവ്വതം- ആവാസം=വാസസ്ഥാനം- വാസസ്സ=വസ്ത്രം- അപഹരിക്ക=ആക്ഷേപിക്ക- (സംഭോഗേച്ഛഹേതുവായിട്ട മാദ്രിയുടെ വസ്ത്രത്തെ അഴിച്ചു എന്നസാരം).

൨൩. മുനിശാപാശന്യാസന്ന്യപതച്ചപ്രാവൃകാലപാശന്യാസഃ। തത്രമൃതെവനിപെതുസ്സ്നിഗ്ദ്ധാസ്സുഹൃദസ്സുതാശ്ചതെവനിപെതുഃ॥

അന്വയം—പ്രാവൃകാലപാശന്യാസഃ (അ-പു-പ്ര-ഏ) സഃ (തദ്-പു-പ്ര-ഏ) മുനിശാപാശന്യാ (ഇ-സ്ത്രീ-തൃ-ഏ) ന്യപതൽ (ലങ്-പ-പ-പ്ര-പു-ഏ) ച (അ) തത്ര (അ) അവനിപെ (അ-പു-സ-ഏ) മൃതെ (അ-പു-സ-ഏ) തു (അ) സ്നിഗ്ദ്ധാഃ (അ-പു-പ്ര-ബ) തെ (തദ്-പു-പ്ര-ബ) സുതാഃ (അ-പു-പ്ര-ബ) സുഹൃദഃ (ദ-പു-പ്ര-ബ) ച (അ) അവനിപെതുഃ (ലിട്-പ-പ-പ്ര-പു-ബ).

അന്വയാൎത്ഥം—പ്രാവൃകാലപാശന്യാസനായിരിക്കുന്ന അവൻ മുനിശാപാശനിഹെതുവായിട്ട നിപതിക്കുകയും ചെയ്തു. ആ അവനിപൻ മൃതനായിരിക്കും സമയത്തിങ്കലാകട്ടെ സ്നിഗ്ദ്ധന്മാരായിരിക്കുന്ന ആ സുതന്മാരും സുഹൃത്തുകളും അവനിപതിച്ചു.

പരിഭാഷാ—പ്രാവൃകാലപാശന്യാസൻ= പ്രാവൃകാലമായിരിക്കുന്ന പാശന്യാസത്തോടു കൂടിയവൻ- പ്രാവൃകാലം=പ്രാവൃമായിരിക്കുന്ന കാലത്തോടു കൂടിയത- പാശന്യാസം=പാശത്തിന്റെ ന്യാസം- പാശം=കയറ. ന്യാസം=വെപ്പ- (പാശന്യാസമെന്നതിന്ന യമപാശാൎപ്പണമെന്ന ചിലർ അഭിപ്രായത്തെപറയുന്നു. അന്ന്യന്മാർ ദെഹദെഹികളുടെ ബന്ധത്തിന്ന യാതൊന്ന കാരണമായിരിക്കുന്നുവൊ അതിന്റെ പുനൎഗ്രഹണത്തോടു കൂടാതെയുള്ള വെപ്പ എന്ന അതിന്റെ അഭിപ്രായത്തെ പറയുന്നു.) അവൻ=പാണ്ഡുമഹാരാജാവ- മുനിശാപാശനി=മുനിശാപമാകുന്ന അശനി- മുനിശാപം=മുനിയുടെശാപം- മുനി=മഹൎഷി- ശാപം=നിഗ്രഹവചനം- അശനി=വജ്രം-നിപതിക്ക=വീഴുക- അവനിപൻ=രാജാവ-മൃതൻ=മരിച്ചവൻ- സ്നിഗ്ദ്ധന്മാ

ർ=സ്നേഹത്തോടു കൂടിയവർ- സുതന്മാർ=പുത്രന്മാർ- സുഹൃത്തുക്കൾ=ബന്ധുക്കൾ-അവനിപതിക്ക=ആഗമിക്ക-

൨൮. അഥവിധിനാവിപ്രാണാംപിതുസ്തനുംപാണ്ഡുനന്ദനാവിപ്രാണാം।പ്രണിദധുരാശുചിതായാംനിരതാസ്ത്യക്തയാധുരാശുചിതായാം॥

അന്വയം—അഥ (അ) പാണ്ഡുനന്ദനാഃ (അ-പു-പ്ര-ബ) വിപ്രാണാം (അ-പു-ഷ-ബ) വിധിനാ (ഇ-പു-തൃ-ഏ) വിപ്രാണാം (ആ-സ്ത്രീ-ദ്വി-ഏ) പിതുഃ (ഋ-പു-ഷ-ഏ) തനും (ഉ-സ്ത്രീ-ദ്വി-ഏ) ചിതായാം (ആ-സ്ത്രീ-സ-ഏ) ത്യക്തയാ (ആ-സ്ത്രീ-തൃ-ഏ) ധുരാ (ര-സ്ത്രീ-തൃ-ഏ) അശുചിതായാം (ആ-സ്ത്രീ-സ-ഏ) നിരതാഃ (അ-പു-പ്ര-ബ) പ്രണിദധുഃ (ലിട്-പ-പ-പ്ര-പു-ബ).

അന്വയാർത്ഥം—അനന്തരം പാണ്ഡുനന്ദനന്മാർ വിപ്രന്മാരുടെ വിധിഹേതുവായിട്ടു വിപ്രാണയായിരിക്കുന്ന പിതാവിന്റെ തനുവിനെ ചിതയിങ്കൽ ത്യക്തയായിരിക്കുന്ന ധൂരഹേതുവായിട്ടു അശുചിതയിങ്കൽ നിരതന്മാരായിട്ടു പ്രണിധാനം ചെയ്തു.

പരിഭാഷാ—പാണ്ഡുനന്ദനന്മാർ=ധർമ്മപുത്രാദികൾ- വിപ്രന്മാർ=ബ്രാഹ്മണർ- വിധി=വിധാനം- (ഇന്നപ്രകാരംചെയ്യേണമെന്നുള്ള അനുശാസനമെന്ന സാരം) വിപ്രാണാ=പ്രാണനോടു കൂടാത്തത- പിതാവ=അച്ഛൻ- തനു=ശരീരം- ചിതാ=ശവദഹനത്തിന്നായിക്കൊണ്ടു അടുക്കിയ വിറകിൻകൂട്ടം- ത്യക്താ=അതിങ്കൽയുക്താ- അത=ചിതാ- യുക്താ=യോഗ്യാ- ധൂര=വ്യാപാരം- അശുചിതാ=അശുദ്ധി- നിരതന്മാർ=താല്പര്യത്തോടു കൂടിയവർ- പ്രണിധാനംചെയ്ക=വെക്കുക.

൨൯. തത്രശുഭാനുചിതായാംപപാതമാദ്രീചചിത്രഭാനുചിതായാം। രമതേനാകമിതാരംമൃതമപ്യന്വേതിയാംഗനാകമിതാരം॥

അന്വയം—ശുഭാ (ആ-സ്ത്രീ-പ്ര-ഏ) മാദ്രീ (ഈ-സ്ത്രീ-പ്ര-ഏ) ച (അ) ചിത്രഭാനുചിതായാം (ആ-സ്ത്രീ-സ-ഏ) തത്ര (അ) ചിതായാം (ആ-സ്ത്രീ-സ-ഏ) അനു (അ) പപാത (ലിട്-പ-പ-പ്ര-പു-ഏ) യാ (യച്ഛ-സ്ത്രീ-പ്ര-ഏ) അംഗനാ (ആ-സ്ത്രീ-പ്ര-ഏ) കമിതാരം (ഋ-പു-ദ്വി-ഏ) മൃതം (അ-പു-ദ്വി-ഏ) അപി (അ) അന്വേതി (ലിട്-പ-പ-പ്ര-പു-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) അദ്ധം (അ) നാകം (അ-പു-ദ്വി-ഏ) ഇതാ (ആ-സ്ത്രീ-പ്ര-ഏ) രമതേ (ലട്-ആ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—അനന്തരം ശുഭയായിരിക്കുന്ന മാദ്രിയും ചിത്രഭാനുചിതയായിരിക്കുന്ന ആ ചിതയിങ്കൽ പിന്നാലെ പതിച്ചു- യാതൊരു അംഗനാകമിതാവിനെ മൃതനായാലും അനുഗമിക്കുന്നുവൊ അവൾ പൊട്ടുന്നനവെ നാകത്തെ ഇതയായിട്ടു രമിക്കുന്നു.

പരിഭാഷാ—ശുഭാ=കല്യാണി- ചിത്രഭാനുചിതാ= ചിത്രഭാനുവിനാൽ ചിതാ- ചിത്രഭാനു=അഗ്നി- ചിതാ=വ്യാപ്താ- ചിതാ= ഇന്ധനൌഘം- (വിറകിൻകൂട്ടമെന്ന സാരം) പതിക്ക=വീഴുക- അംഗനാ=സ്ത്രീ- കമിതാവ=ഭൎത്താവ- മൃതൻ=മരിച്ചവൻ- അനുയാനംചെയ്ക=അനുഗമിക്ക- നാകം=സ്വൎഗ്ഗം- ഇതാ= പ്രാപിച്ചവൾ- രമിക്ക=ഭൎത്താവൊടുകൂടെ മൊദിക്ക.

൨൩. അഥസയദാപാണ്ഡുരയാത്രിദിവംകീൎത്ത്യാചകാസദാ
പാണ്ഡുരയാ। ചൈത്രാഭ്രപരിഭ്രുതസ്തദൈവപാൎത്ഥൊഗിരിപ്രഭ്രു
പരിഭ്രുതഃ॥

൨൪. സകരുണമംബാലതയാകൃതാവലംബൊനുജൈസ്സമം
ബാലതയാ। കുരുസെനാഗൊപപദംപുരംമുനീന്ദ്രൈരനായിനാ
ഗൊപപദം॥

അന്വയം—ആ പാണ്ഡുരയാ (ആ-സ്ത്രീ-തൃ-ഏ) കീൎത്ത്യാ (ഇ-സ്ത്രീ-തൃ-ഏ) ചകാസൽ (ത-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) പാണ്ഡുഃ (ഉ-പു-പ്ര-ഏ) ചൈത്രാഭ്രപരിഭ്രുതഃ (അ-പു-പ്ര-ഏ) യദാ (അ) ത്രിദിവം (അ-പു-ദ്വി-ഏ) അയാൽ (ലങ്-പ-പ്ര-പു-ഏ) തദാ-ഏവ (അ) ഗിരിപ്രഭ്രുപരിഭ്രുതഃ (തസി-അ) ബാലതയാ (ആ-സ്ത്രീ-തൃ-ഏ) ഉപലക്ഷിതഃ (അ-പു-പ്ര-ഏ) അംബാലതയാ (ആ-സ്ത്രീ-തൃ-ഏ) കൃതാവലംബഃ (അ-പു-പ്ര-ഏ) പാൎത്ഥഃ (അ-പു-പ്ര-ഏ) അനുജൈഃ (അ-പു-തൃ-ബ) സമം (അ) കുരുസെനാഗൊപപദം- നാഗൊപപദം- പുരം (അ-ന-ദ്വി-ഏ) മുനീന്ദ്രൈഃ (അ-പു-തൃ-ബ) സകരുണം (ക്രി-വി) അനായി (ലുങ്-ആ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—ആ പാണ്ഡുരയായിരിക്കുന്ന കീൎത്തിഹെതുവായിട്ടു ചകാസത്തായിരിക്കുന്ന ആ പാണ്ഡു ചൈത്രാഭ്രപരിഭ്രുതനായിട്ടു എപ്പൊൾ ത്രിദിവത്തെ യാനംചെയ്തുവൊ അപ്പൊൾ തന്നെ ഗിരിപ്രഭ്രുപരിഭൂവിങ്കൽനിന്നു ബാലതയൊടു ഉപലക്ഷിതനായി അംബാലതയാൽ കൃതാവലംബനായിരിക്കുന്ന പാൎത്ഥൻ അനുജന്മാരൊടുകൂടെ കുരുസെനാഗൊപപദമായി നാഗൊപപദമായിരിക്കുന്ന പുരത്തെ മുനീന്ദ്രന്മാരാൽ സകരുണമാകുംവ

ന്നും നയിക്കപ്പെട്ടു.

പരിഭാഷാ—ആപാണ്ഡുരാ= ധവളാ- (വെളുത്തിരിക്കുന്നത.) കീൎത്തി=യശസ്സ- ചകാസത്ത= ചകാസിച്ചിയങ്ങുന്നവൻ- പാണ്ഡു= പാണ്ഡുമഹാരാജാവ- ത്രിദിവം=സ്വൎഗ്ഗം- യാനംചെയ്ക=പ്രാപിക്ക- ഗിരിപ്രഭുപരിഭൂ= ഗിരിപ്രഭുവിന്റെ ഉപരിഭൂ- ഗിരിപ്രഭു=പൎവ്വതശ്രേഷ്ഠൻ- ഉപരിഭൂ= ഊൎദ്ധ്വപ്രദെശം- ബാലതാ= ബാല്യം- ഉപലക്ഷിതൻ= കൂടിയവൻ- അംബാലതാ=അംബയാകുന്ന ലതാ- അംബാ= മാതാവ- ലതാ=വള്ളി- കൃതാവലംബൻ= കൃതമായിരിക്കുന്ന അവലംബത്തൊടുകൂടിയവൻ-കൃതം=ചെയ്യപ്പെട്ടത-അവലംബം=ആശ്രയം- പാൎത്ഥൻ= യുധിഷ്ഠിരൻ- അനുജന്മാർ=ഭീമസെനാദികൾ- കുരുസെനാഗൊപപദം= കുരുസെനാഗൊപന്മാരുടെ പദം- കുരുസെനാഗൊപന്മാർ= കുരുസെനയെ രക്ഷിക്കുന്നവർ- കുരുസെനാ=കൌരവസൈന്യം- പദം=സ്ഥാനം- നാഗൊപപദം= നാഗവാചകശബ്ദമാകുന്ന ഉപപദത്തൊടുകൂടിയത- നാഗവാചകശബ്ദം= നാഗവാചകമായിരിക്കുന്ന ശബ്ദം- നാഗവാചകം= ഗജവാചകം- ഉപപദം= അടുക്കെ ഉള്ള പദം- പുരം=രാജധാനി- (ഹസ്തിനപുരമെന്നൎത്ഥം.) മുനീന്ദ്രന്മാർ= മുനിശ്രേഷ്ഠന്മാർ- സകരുണം=കരുണയൊടുകൂടിയത- നയിക്ക=പ്രാപിപ്പിക്ക-

൨൪. യസ്യ ചമഹിതമുദന്തംദുരിതൌഘവിഘാതഹെതുമഹിതമുദന്തം। ജഗതാംമംഗലദമൃതംമുനിവചനമവൊചദുത്തമംഗളദമൃതം॥

അന്വയം—ജഗതാം (ത-പു-ഷ-ബ) മംഗലദം-ഋതം- ഗളദമൃതം- ഉത്തമം- മുനിവചനം- (അ-ന-പ്ര-ഏ) യസ്യ (യച്ഛ-പു-ഷ-ഏ) ദുരിതൌഘവിഘാതഹെതും (ഉ-പു-ദ്വി-ഏ) അഹിമുദന്തം (അ-പു-ദ്വി-ഏ) മഹിതം (അ-പു-ദ്വി-ഏ) ച (അ) അവൊചൽ (ലുങ്-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—ജഗത്തുകൾക്ക മംഗലദമായി ഋതമായി ഗളദമൃതമായി ഉത്തമമായിരിക്കുന്ന മുനിവചനം യാവനൊരുത്തന്റെ ദുരിതൌഘവിഘാതഹെതുവായും അഹിത മുദന്തമായിയും മഹിതമായിയും ഇരിക്കുന്ന ഉദന്തത്തെ വചിച്ചു.

പരിഭാഷാ—ജഗത്തുകൾ= ലൊകങ്ങൾ- മംഗലദം= മംഗലത്തെ ദാനംചെയ്യുന്നത- മംഗലം= ശുഭം- ഋതം= സത്യം- ഗളദമൃതം= ഗളത്തായിരിക്കുന്ന അമൃതത്തൊടുകൂടിയത- ഗളത്ത= ഗളിച്ചിയങ്ങുന്നത- ഗളിക്ക=പൊഴിയുക- (ഗളദമൃതമെന്ന

തിന്ന അതിമധുരമെന്ന സാരം) ഉത്തമം=പ്രധാനം- മുനിവചനം= മുനിയുടെ വചനം- മുനി=മഹൎഷി- (വെദവ്യാസമഹൎഷി എന്നൎത്ഥം.) വചനം=വാക്ക- (ഭാരതമെന്ന സാരം) യാവനൊരുത്തൻ= പാൎത്ഥൻ- ദുരിതൌഘവിഘാതഹെതു= ദുരിതൌഘവിഘാതത്തിന്നഹെതു- ദുരിതൌഘവിഘാതം= ദുരിതൌഘത്തിന്റെ വിഘാതം- ദുരിതൌഘം= ദുരിതങ്ങളുടെ ഓഘം- ദുരിതങ്ങൾ=പാപങ്ങൾ- ഓഘം= സമൂഹം- വിഘാതം= വിനാശം- ഹെതു=കാരണം- അഹിതമുദന്തം= അഹിതമുത്തിന്റെ അന്തത്തെ ചെയ്യുന്നത- അഹിതമുത്ത= അഹിതന്മാരുടെ മുത്ത- അഹിതന്മാർ= ശത്രുക്കൾ- മുത്ത=സന്തൊഷം- അന്തം=നാശം- മഹിതം= ശ്ലാഘ്യം- ഉദന്തം= വൃത്താന്തം- വചിക്ക= പ്രതിവാദിക്ക-

൨൯. അഥകുരുരാജകുമാരൈസ്സ്വഗുണജിതസ്കന്ദദിനകരാജകുമാരൈഃ। ദ്രോണകൃപാചാൎയ്യാഭ്യാംപ്രാപിമഹാസ്ത്രഞ്ചഗുരുകൃപാചാൎയ്യാഭ്യാം॥

അന്വയം—അഥ (അ) സ്വഗുണജിതസ്കന്ദദിനകരാജകുമാരൈഃ- കുരുരാജകുമാരൈഃ- (അ-പു-തൃ-ബ) ആൎയ്യാഭ്യാം- ദ്രോണകൃപാചാൎയ്യാഭ്യാം (അ-പു-പ-ദ്വി) മഹാസ്ത്രം (അ-ന-പ്ര-ഏ) ച (അ) ഗുരുകൃപാ (ആ-സ്ത്രീ-പ്ര-ഏ) ച (അ) പ്രാപി (ലുങ-ആ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—അനന്തരം സ്വഗുണജിതസ്കന്ദദിനകരാജകുമാരന്മാരായിരിക്കുന്ന കുരുരാജകുമാരന്മാരാൽ ആൎയ്യന്മാരായിരിക്കുന്ന ദ്രോണകൃപാചാൎയ്യന്മാരിൽ നിന്ന മഹാസ്ത്രവും പ്രാപിക്കപ്പെട്ടു. ഗുരുകൃപയും പ്രാപിക്കപ്പെട്ടു.

പരിഭാഷാ— സ്വഗുണജിതസ്കന്ദദിനകരാജകുമാരന്മാർ= സ്വഗുണജിതന്മാരായിരിക്കുന്ന സ്കന്ദദിനകരാജകുമാരന്മാരൊടുകൂടിയവർ- സ്വഗുണജിതന്മാർ=സ്വഗുണങ്ങൾകൊണ്ടു ജിതന്മാർ- സ്വഗുണങ്ങൾ=തങ്ങളുടെ ഗുണങ്ങൾ- ജിതന്മാർ=ജയിക്കപ്പെട്ടവർ- സ്കന്ദദിനകരാജകുമാരന്മാർ=സ്കന്ദനും ദിനകരനും അജനും കുവും മാരനും- സ്കന്ദൻ=സുബ്രഹ്മണ്യൻ- ദിനകരൻ=ആദിത്യൻ- അജൻ=ബ്രഹ്മാവ- കു=ഭൂമി- മാരൻ=കാമദെവൻ- (ബലവിക്രമൊത്സാഹാദികൾകൊണ്ടു സുബ്രഹ്മണ്യനെയും തെജഃപ്രതാപങ്ങൾകൊണ്ടു സൂൎയ്യനെയും ദാക്ഷിണ്യസത്യദീൎഘദൎശിതാദികൾകൊണ്ടു ബ്രഹ്മാവിനെയും ക്ഷമകൊണ്ടു ഭൂമിയെയും സൌന്ദൎയ്യംകൊണ്ടു കാമദെവനെയും ജയിച്ചവരെന്ന സാരം.) കുരുരാജകുമാരന്മാർ=കുരുവംശത്തിങ്കൽ ജനിച്ച

രാജകുമാരന്മാർ- (മെല്പറഞ്ഞ യുധിഷ്ഠിരാദികൾ എന്ന സാരം.) ആൎയ്യന്മാർ=ശ്രേഷ്ഠന്മാർ- ദ്രോണകൃപാചാൎയ്യന്മാർ=ദ്രോണകൃപന്മാരാകുന്ന ആചാൎയ്യന്മാർ-ദ്രോണകൃപന്മാർ=ദ്രോണനും കൃപനും- ആചാൎയ്യന്മാർ=ഉപദേഷ്ടാക്കന്മാർ- മഹാസ്ത്രം=മഹത്തായിരിക്കുന്ന അസ്ത്രം-മഹത്ത=വലുതായിരിക്കുന്നത -ഗുരുകൃപാ=ഗുൎവ്വിയായിരിക്കുന്ന കൃപാ- ഗുൎവ്വി=വലുതായിരിക്കുന്നത- കൃപാ=ദയാ- പ്രാപിക്ക=ലഭിക്ക-

൩൦. ഗുണസമുദായാദ്വ്യാപ്തയശസ്കേഷു പാണ്ഡുദായാദേഷു। സുബലസുതാതനയാനാംപ്രദ്വേഷോഭൂന്നിരസ്തതാതനയാനാം॥

അന്വയം—ഗുണസമുദായാൽ (അ-പു-പ-ഏ) വ്യാപ്തയശസ്കേഷു(അ-പു-സ-ബ) ഏഷു (ഇദംശ-പു-സ-ബ) പാണ്ഡുദായാദേഷു (അ-പു-സ-ബ) നിരസ്തതാതനയാനാം- സുബലസുതാതനയാനാം (അ-പു-ഷ-ബ) പ്രദ്വേഷഃ (അ-പു-പ്ര-ഏ) അഭൂൽ (ലുങ്-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം— ഗുണസമുദായം ഹേതുവായിട്ടു വ്യാപ്തയശസ്കന്മാരായിരിക്കുന്ന ൟ പാണ്ഡുദായാദന്മാരിൽ നിരസ്തതാതനയന്മാരായിരിക്കുന്ന സുബലസുതാതനയന്മാൎക്ക പ്രദ്വേഷം ഭവിച്ചു-

പരിഭാഷാ—ഗുണസമുദായം=ഗുണങ്ങളുടെ സമുദായം- ഗുണങ്ങൾ=വിനയാദികൾ- സമുദായം=സമൂഹം- വ്യാപ്തയശസ്കന്മാർ=വ്യാപ്തമായിരിക്കുന്ന യശസ്സോടു കൂടിയവർ- വ്യാപ്തം=വ്യാപിച്ചത- യശസ്സ=കീൎത്തി- പാണ്ഡുദായാദന്മാർ=പാണ്ഡുപുത്രന്മാർ- നിരസ്തതാതനയന്മാർ=നിരസ്തമായിരിക്കുന്ന താതനയത്തൊടു കൂടിയവർ- നിരസ്തം=നിരസിക്കപ്പെട്ടത- നിരസിക്ക=അനാദരിക്ക- താതനയം=താതന്റെ നയം- താതൻ=അച്ഛൻ- (ധൃതരാഷ്ട്രരെന്ന സാരം.) നയം=നീതി-സുബലസുതാതനയന്മാർ=സുബലസുതയുടെതനയന്മാർ- സുബലസുതാ=ഗാന്ധാരി-തനയന്മാർ=പുത്രന്മാർ- (ദുൎയ്യോധനാദികളെന്ന സാരം.) പ്രദ്വേഷം=പ്രകൃഷ്ടമായിരിക്കുന്ന ദ്വേഷം- പ്രകൃഷ്ടം=മഹത്ത-

൩൧. ബദ്ധപ്രാചണ്ഡ്യാലതയാവിശസ്തംസുപ്തമാത്മചണ്ഡാലതയാ।സസൃജുൎഭീമന്തോയേഗാം ഗതേതൽബലേനഭീമന്തോയേ॥

അന്വയം—യേ (യൽ-പു-പ്ര-ബ) തൽബലേന (അ-ന-തൃ-ഏ) ഭീമന്തഃ (ത-പു-പ്ര-ബ) ചണ്ഡാഃ (അ-പു-പ്ര-ബ)

തെ (തച്ഛ-പു-പ്ര-ബ) ആത്മചണ്ഡാലതയാ (ആ-സ്ത്രീ-തൃ-ഏ) വിശ്വസ്തം- സുപ്തം- ഭീമം (അ-പു-ദ്വി-ഏ) ലതയാ (ആ-സ്ത്രീ-തൃ-ഏ) ബദ്ധ്വാ- (ക്ത്വാ-അ) ഗാംഗെ-തൊയെ- (അ-ന-സ-ഏ) സസൃജുഃ (ലിട്ട-പ-പ-പ്ര-പു-ബ)

അന്വയാൎത്ഥം—യാവചിലർ തൽബലംഹെതുവായിട്ട ഭീമത്തുകളായി ഭവിച്ചു. ചണ്ഡന്മാരായിരിക്കുന്ന അവർ ആത്മചണ്ഡാലത ഹെതുവായിട്ട വിശ്വസ്തനായി സുപ്തനായിരിക്കുന്ന ഭീമനെ ലതകൊണ്ടു ബന്ധിച്ചിട്ട ഗാംഗമായിരിക്കുന്നതൊയത്തിങ്കൽ സൎജ്ജിച്ചു-

പരിഭാഷാ—യാവചിലർ=യാതൊരു ദുൎയ്യോധനാദികൾ- തൽബലം=അവന്റെ ബലം- അവൻ=ഭീമൻ- ഭീമത്തുകൾ=ഭീഉള്ളവര- ഭീ=ഭയം- ചണ്ഡന്മാർ=അത്യന്തകൊപനന്മാർ- (വളരെ കൊപത്തൊട്ട കൂടിയവർ.) അവർ=ദുൎയ്യോധനാദികൾ- ആത്മചണ്ഡാലതാ=തങ്ങളുടെ ചണ്ഡാലതാ- ചണ്ഡാലതാ=ചണ്ഡാലന്മാരാവൂ എന്നുള്ളത-(ദുഷ്ടതാ എന്ന സാരം.) വിശ്വസ്തൻ=വിശ്വസിച്ചവൻ- സുപ്തൻ=സ്വപിച്ചവൻ- സ്വപിക്ക=ഉറങ്ങുക- ഭീമൻ=ഭീമസെനൻ- ലതാ=വള്ളി- ബന്ധിക്ക=കെട്ടുക- ഗാംഗം=ഗംഗയെ സംബന്ധിച്ചത- തൊയം=ജലം- സൎജ്ജിക്ക= ഇടുക-

൩൨. നിദധുരഥാഹീനസ്യസ്വപതൊസ്യമൎമ്മസുവ്യഥാഹീനസ്യ। വിഷമപിസൂമന്തസ്യപ്രചിക്ഷിപുൎഭൊജനെസസൂമംതസ്യ॥

അന്വയം—അഥ (അ) വ്യഥാഹീനസ്യ (അ-പു-ഷ-ഏ) സ്വപതഃ (ത-പു-ഷ-ഏ) അസ്യ (ഇദംശ-പു-ഷ-ഏ) മൎമ്മസു (ന-ന-സ-ബ) തെ (തച്ഛ-പു-പ്ര-ബ) അഹീൻ (ഇ-പു-ദ്വി-ബ) നിദധുഃ (ലിട്ട-പ-പ-പ്ര-പു-ബ) സൂമന്തസ്യ (അ-പു-ഷ-ഏ) തസ്യ (തച്ഛ-പു-ഷ-ഏ) ഭൊജനെ (അ-ന-സ-ഏ) സസൂമം-വിഷം (അ-ന-ദ്വി-ഏ) പ്രചിക്ഷിപുഃ (ലിട്ട-പ-പ-പ്ര-പു-ബ) അപി (അ).

അന്വയാൎത്ഥം—അനന്തരം വ്യഥാഹീനനായി സ്വപന്നായിരിക്കുന്ന ഇവന്റെ മൎമ്മങ്ങളിൽ അവർ അഹികളെ നിധാനം ചെയ്തു. സൂമന്തനായിരിക്കുന്ന അവന്റെ ഭൊജനത്തിങ്കൽ സസൂമമായിരിക്കുന്ന വിഷത്തെ പ്രക്ഷെപിക്കുകയും ചെയ്തു.

പരിഭാഷാ—വ്യഥാഹീനൻ=വ്യഥയൊട്ട കൂടാത്തവൻ. വ്യ

പ്രായം- സ്വപൻ=സ്വപിച്ചിയങ്ങുന്നവൻ- സ്വപിക്ക=ഉറങ്ങുക- ഇവൻ=ഭീമസെനൻ- മൎമ്മങ്ങൾ=പ്രാണസ്ഥാനങ്ങൾ- അഹികൾ=സൎപ്പങ്ങൾ- നിധാനം ചെയ്കു=വെക്കുക- (സൎപ്പങ്ങളെകൊണ്ടു കടിപ്പിച്ചു എന്ന സാരം-) സുമന്തൻ=ശൊഭനമായിരിക്കുന്ന ഉമന്തത്തൊടു കൂടിയവൻ- ഉമന്തം=വൃത്താന്തം-അവൻ=ഭീമസെനൻ- ഭൊജനം=അന്നം- സസൂപം=സൂപത്തൊടു കൂടിയത- സൂപം=വ്യഞ്ജനം (കറി) പ്രക്ഷെപിക്ക=ഇടുക.

൩൩. പുനരഹിതെസന്നഗരെജതുഗെഹംവാരണാവതെസന്നഗരെ। വ്യധുരധികംപാപാസ്യകൎമ്മണികൃതചെതസൊനുകംപാസ്യ॥

അന്വയം—പുനഃ (അ) അധികം (അ) പാപാഃ (അ-പു-പ്ര-ബ) അനുകംപാസ്യ (അ-ന-സ-ഏ) കൎമ്മണി (ന-ന-സ-ഏ) കൃതചെതസഃ (സ-പു-പ്ര-ഏ) തെ (തച്ഛ-പു-പ്ര-ബ) അഹിതെ- സന്നഗരെ (അ-പു-സ-ഏ) വാരണാവതെ-സന്നഗരെ (അ-ന-സ-ഏ) ജതുഗെഹം (അ-പു-ദ്വി-ഏ) വ്യധുഃ (ലുങ്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—പിന്നെയും ഏററവും പാപന്മാരായി അനുകംപാസ്യമായിരിക്കുന്ന കൎമ്മത്തിങ്കൽ കൃതചെതസ്സുകളായിരിക്കുന്ന അവർ അഹിതൻ സന്നഗരനായിരിക്കും വിഷയത്തിങ്കൽ വാരണാവതമാകുന്ന സന്നഗരത്തിങ്കൽ ജതു ഗെഹത്തെ വിധാനം ചെയ്തു.

പരിഭാഷാ—പാപന്മാർ=പാപികൾ- അനുകംപാസ്യം=അനുകംപയാൽഅസ്യം- അനുകംപാ=ദയാ-അസ്യം=അസിക്കപ്പെട്ടത. അസിക്ക=ഉപെക്ഷിക്കുക- കൃതചെതസ്സുകൾ=കൃതമായിരിക്കുന്ന ചെതസ്സൊടുകൂടിയവർ -കൃതം=ചെയ്യപ്പെട്ടത- (സ്ഥിരമാക്കപ്പെട്ടത എന്നസാരം.) ചെതസ്സ=മനസ്സ- അവർ=ദുൎയ്യൊധനാദികൾ- അഹിതൻ=ഭീമസെനൻ- സന്നഗരൻ=സന്നമായിരിക്കുന്ന ഗരത്തൊടു കൂടിയവൻ_സന്നം=ജീൎണ്ണം- ഗരം=വിഷം- വാരണാവതം=വാരണാവതം എന്നപെരൊടു കൂടിയത- സന്നഗരം=സത്തായിരിക്കുന്ന നഗരം- സത്ത=ശൊഭനം-നഗരം=പുരം- ജതുഗെഹം=ലാക്ഷാഗൃഹം- (അരക്കുകൊണ്ടുണ്ടാക്കിയ ഗൃഹം) വിധാനം ചെയ്കു=നിൎമ്മിക്ക-

൩൪. തത്രപുരിപുരൊചനതഃപാൎത്ഥാഃപൃജാമവാപ്യരിപുരൊചനതഃ। ഊഷുരശങ്കാവന്തസ്തത്രഗൃഹെസതിചശൊകശങ്കാവന്തഃ॥

അന്വയം—തത്ര (അ) പുരി (ഇ-സ്ത്രീ-സ-ഏ) പാൎത്ഥാഃ (അ-

പു-പ്ര-ബ) രിപുരോചനതഃ-പുരോചനതഃ (തസി-അ) പൂജാം (ആ-സ്ത്രീ-ദ്വി-ഏ) അവാപ്യ (ല്യ-അ) അന്തഃ (അ) ശോകശങ്കൌ (ഉ-പു-സ-ഏ) സതി (ത-പു-സ-ഏ) ച (അ) ബഹിഃ (അ) അശങ്കാവന്തഃ (ത-പു-പ്ര-ബ) ശൎമ്മഗൃഹെ (അ-ന-സ-ഏ) ഊഷുഃ (ലിട്ട-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം—ആ പുരിക്കൽ പാൎത്ഥന്മാർ രിപുരോചനനായിരിക്കുന്ന പുരോചനങ്കൽ നിന്ന പൂജയെ പ്രാപിച്ചിട്ട അന്തൎഭാഗത്തിങ്കൽ ശോകശങ്കു സത്തായിരിക്കും വിഷയത്തിങ്കലും ബഹിൎഭാഗത്തിങ്കൽ അശങ്കാവത്തുകളായിട്ട ശൎമ്മഗൃഹത്തിങ്കൽ വസിച്ചു.

പരിഭാഷാ—പൂര=നഗരം- (വാരണാവതം) പാൎത്ഥന്മാർ=യുധിഷ്ഠിരാദികൾ- രിപുരോചനൻ=രിപുവിന്റെ രോചനൻ- രിപു=ശത്രു- രോചനൻ=ഇഷ്ടാകാരി- പുരോചനൻ=പുരോചനൻ എന്ന പെരോടുകൂടിയ അമാത്യൻ- പൂജാ=ആദരാതിശയത്തോടു കൂടിയുള്ള പരിചൎയ്യാ- പ്രാപിക്ക=ലഭിക്ക- അന്തൎഭാഗം=ഹൃദയം- ശോകശങ്കു=ശോകമാകുന്ന ശങ്കു- ശോകം=ദുഃഖം- ശങ്കു=കുററി- സത=ഭവിച്ചിരിക്കുന്നത- ബഹിൎഭാഗം=പുറം- അശങ്കാവത്തുകൾ=ശങ്കാവത്തുകളല്ലാത്തവർ- ശങ്കാവത്തുകൾ=ശങ്ക ഉള്ളവർ- ശങ്കാ=അനൎത്ഥപ്രതിഭാ- ശൎമ്മഗൃഹം=ശൎമ്മപ്രയോഗത്തിന്നായിക്കൊണ്ടുള്ള ഗൃഹം-ശൎമ്മപ്രയോഗം=വ്യാജപ്രയോഗം- ഗൃഹം=ഭവനം-

ശ്ലൊ· വിദുരഗിരാത്രാവാപ്തഃഖനകൊമോഹംനിവെദ്യരാത്രാവാ
പ്തഃ। പരിഖാരംഭിതെഭ്യഃകുഹരംതത്രാകരോദരംഭീതെഭ്യഃ॥

അന്വയം—വിദുരഗിരാ (ര-സ്ത്രീ-തൃ-ഏ) ആപ്തഃ- ഖനകഃ (അ-പു-പ്ര-ഏ) രാത്രൌ (ഇ-പു-സ-ഏ) അത്ര (അ) അവാപ്തഃ (അ-പു-പ്ര-ഏ) മോഹം (അ-പു-ദ്വി-ഏ) നിവെദ്യ (ല്യ-അ) പരിഖാരംഭി (ന-പു-പ്ര-ഏ) അലം (അ) ഭീതെഭ്യഃ (അ-പു-ച-ബ) തെഭ്യഃ (തദ്-പു-ച-ബ) തത്ര (അ) കുഹരം (അ-ന-ദ്വി-ഏ) അകരോൽ (ലങ-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—വിദുരഗീര ഹെതുവായിട്ട ആപ്തനായിരിക്കുന്ന ഖനകൻ രാത്രിയിങ്കൽ അവാപ്തനായിട്ട മോഹത്തെ നിവെദിപ്പിച്ചിട്ട പരിഖാരംഭിയായിട്ട ഏററവും ഭീതന്മാരായിരിക്കുന്ന അവൎക്കായിക്കൊണ്ടു അതിങ്കൽ കുഹരത്തെ ഉണ്ടാക്കി.

പരിഭാഷാ—വിദുരഗീര=വിദുരന്റെ ഗീര- ഗീര=വാക്ക-ആപ്തൻ=വിശ്വസ്തൻ- ഖനകൻ=പൂഴിആശാരി- അവാപ്തൻ=

അവാപിച്ചവൻ- അവാപിക്ക=വരിക- ദാഹം= ഭസ്മീകരണം- നിവേദിപ്പിക്ക= അറിയിക്ക- പരിഖാരംഭി= പരിഖയെ ആരംഭിച്ചവൻ- പരിഖാ= കിടങ്ങ- ആരംഭിക്ക= നിൎമ്മിപ്പാൻ തുടങ്ങുക- ഭീതന്മാർ= ഭയപ്പെട്ടവർ- അവർ=യുധിഷ്ഠിരാദികൾ- കുഹരം=വിലം- (പുറത്തെക്കപൊകുവാനുള്ള പഴുത).

൩൬. ജവജിതപരമാശ്വസ്തംഭീമൊനിലയഞ്ചതഞ്ചപരമാശ്വ
സ്തം। ധൃതസൊദൎയ്യംതെനപ്രദീപ്യനിശിനിൎജ്ജഗാമദൎയ്യന്തെന॥

അന്വയം—ജവജിതപരമാശ്വഃ (അ-പു-പ്ര-ഏ) ഭീമഃ (അ-പു-പ്ര-ഏ) നിശി (ഇ-സ്ത്രീ-സ-ഏ) തം (തദ്-പു-ദ്വി-ഏ) നിലയം (അ-പു-ദ്വി-ഏ) ച (അ) പരം-ആശ്വസ്തം (അ-പു-ദ്വി-ഏ) തം (തദ്-പു-ദ്വി-ഏ) ച (അ) പ്രദീപ്യ (ല്യ-അ) തേന (തദ്-പു-തൃ-ഏ) ദൎയ്യന്തേന (അ-പു-തൃ-ഏ) ധൃതസൊദൎയ്യം (ക്രി-വി) നിൎജ്ജഗാമ (ലിട്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—ജവജിതപരമാശ്വനായിരിക്കുന്ന ഭീമൻ നിശയിങ്കൽ ആ നിലയത്തെയും പരനായി ആശ്വസ്തനായിരിക്കുന്ന അവനെയും പ്രദീപിപ്പിച്ചിട്ട ആ ദൎയ്യന്തത്തൂടെ ധൃതസൊദൎയ്യമാകുംവണ്ണം നിൎഗ്ഗമിച്ചു.

പരിഭാഷാ—ജവജിതപരമാശ്വൻ=ജവജിതമായിരിക്കുന്ന പരമാശ്വത്തൊടുകൂടിയവൻ- ജവജിതം=ജവംകൊണ്ടു ജിതം- ജവം=വെഗം ജിതം=ജയിക്കപ്പെട്ടത- പരമാശ്വം=ഉത്തമാശ്വം- (നല്ലകുതിര) ഭീമൻ=ഭീമസെനൻ- നിശാ=രാത്രി- നിലയം= ഗൃഹം- പരൻ=ശത്രു- ആശ്വസ്തൻ=ആശ്വസിച്ചവൻ- അവൻ=പുരൊചനൻ- പ്രദീപിപ്പിക്ക=ജ്വലിപ്പിക്ക- ദൎയ്യന്തം= ഗുഹാ- ധൃതസൊദൎയ്യം=ധൃതന്മാരായിരിക്കുന്ന സൊദൎയ്യന്മാരൊടുകൂടിയത- ധൃതന്മാർ=ധരിക്കപ്പെട്ടവർ- ധരിക്ക=വഹിക്ക- സൊദൎയ്യന്മാർ=സഹൊദരന്മാർ- നിൎഗ്ഗമിക്ക=പുറത്തെക്കപൊക.

൩൭. ശുദ്ധാകാരാവിലതസ്തസ്മാന്നിൎഗ്ഗത്യതെന്ധകാരാവില
തഃ। പ്രാപുൎന്നാനാവാതാംഗാംഗാന്തെരുശ്ചസുവദനാനാവാതാം॥

അന്വയം—ശുദ്ധാകാരാഃ (അ-പു-പ്ര-ബ) തെ (തദ്-പു-പ്ര-ബ) അന്ധകാരാവിലതഃ-ആവിലതഃ (തസി-അ) നിൎഗ്ഗത്യ (ല്യ-അ) സുവദനാഃ (അ-പു-പ്ര-ബ) നാനാവാതാം-ഗാംഗാം- (ആ-സ്ത്രീ-ദ്വി-ഏ) പ്രാപുഃ (ലിട്-പ-പ-പ്ര-പു-ബ) താം (തദ്-സ്ത്രീ-ദ്വി-ഏ) നാവാ (ഔ-സ്ത്രീ-തൃ-ഏ) തെരുഃ (ലിട്-പ-പ്ര-പു-ബ) ച (അ)-

അന്വയാൎത്ഥം—ശുദ്ധാകാരന്മാരായിരിക്കുന്ന അവർ അന്ധ

കാരാവിലമായിരിക്കുന്ന വിലത്തിങ്കൽനിന്നു നിൎഗ്ഗമിച്ചിട്ടു സുവദനന്മാരായിട്ടു നാനാവാതയായിരിക്കുന്ന ഗംഗയെപ്രാപിച്ചും അതിനെ നൌകൊണ്ടു തരിക്കുകയും ചെയ്തു.

പരിഭാഷാ—അവർ= യുധിഷ്ഠിരാദികൾ- ഗൂഢാകാരന്മാർ=ഗൂഢമായിരിക്കുന്ന ആകാരത്തൊടു കൂടിയവർ- ഗൂഢം= മറയ്ക്കപ്പെട്ടതു- ആകാരം=ആകൃതി- അന്ധകാരാവിലം=അന്ധകാരം ഹെതുവായിട്ടു ആവിലം- അന്ധകാരം=ഇരിട്ടു- ആവിലം=കലുഷം (നടക്കുന്നവൎക്കു ദുഃഖകരമെന്നു സാരം) വിലം=ഗുഹാ- നിൎഗ്ഗമിക്ക=പുറത്തുവരിക- സുവദനന്മാർ=സുമുഖന്മാർ- നാനാവാതാ=നാനാവിധമായിരിക്കുന്ന വാതത്തൊടുകൂടിയതു- നാനാവിധം=ബഹുവിധം- വാതം=കാററു- അതു=ഗംഗാ- നൌ=തോണി- തരിക്ക=കടക്കുക.

മൂ. പഥി വിഷമെ ധാവന്തഃ പാൎത്ഥാഃ പൃഥയാ സഹൈവ മെധാവന്തഃ। സമൃഗവരക്ഷോഭവനം വിവിശുൎദ്ദെശം ഹിഡിംബരക്ഷോഭവനം॥

അന്വയം—മെധാവന്തഃ (ത-പു-പ്ര-ബ) വിഷമെ (അ-പു-സ-ഏ) പഥി (ന-പു-സ-ഏ) ധാവന്തഃ (ത-പു-പ്ര-ബ) പാൎത്ഥാഃ (അ-പു-പ്ര-ബ) പൃഥയാ (ആ-സ്ത്രീ-തൃ-ഏ) സഹ-ഏവ (അ) സമൃഗവരക്ഷോഭവനം (അ-പു-ദ്വി-ഏ) ഹിഡിംബരക്ഷോഭവനം (അ-ന-ദ്വി-ഏ) ദെശം (അ-പു-ദ്വി-ഏ) വിവിശുഃ (ലിട്-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം—മെധാവത്തുകളായി വിഷമമായിരിക്കുന്ന പന്ഥാവിങ്കൽ ധാവത്തുകളായിരിക്കുന്ന പാൎത്ഥന്മാർ പൃഥയൊടു കൂടത്തന്നെ സമൃഗവരക്ഷോഭവനമായി ഹിഡിംബരക്ഷോഭവനമായിരിക്കുന്ന ദെശത്തെ വെശിച്ചു-

പരിഭാഷാ—മെധാവത്തുകൾ=ബുദ്ധിമാന്മാർ- വിഷമം=സമമല്ലാത്തതു- പന്ഥാവ=മാൎഗ്ഗം- ധാവത്തുകൾ=ധാവനംചെയ്തിയങ്ങുന്നവര- ധാവനംചെയ്ക=ഓടുക- പാൎത്ഥന്മാർ=യുധിഷ്ഠിരാദികൾ- പൃഥാ=കുന്തീ- സമൃഗവരക്ഷോഭവനം= സമൃഗവരക്ഷോഭമായിരിക്കുന്ന വനത്തൊടുകൂടിയതു- സമൃഗവരക്ഷോഭം=മൃഗവരക്ഷോഭത്തൊടു കൂടിയതു- മൃഗവരക്ഷോഭം=മൃഗവരന്മാരുടെ ക്ഷോഭം- മൃഗവരന്മാർ=സിംഹങ്ങൾ- ക്ഷോഭം=ഇളക്കം- ഹിഡിംബരക്ഷോഭവനം= ഹിഡിംബരക്ഷസ്സിന്റെ ഭവനം- ഹിഡിംബരക്ഷസ്സ=ഹിഡിംബനാകുന്ന രക്ഷസ്സ- രക്ഷസ്സ=രാക്ഷസൻ- ഭവനം=സ്ഥാനം- ദെശം=പ്രദെശം- വെശിക്ക=പ്ര

വെശിക്കു-

൧൯. അഥരുധിരസുരാപായീവിജജൃംഭെരാക്ഷസൊനരസു
രാപായീ। ദൎപ്പാദനുജാന്തെഭ്യഃക്ഷുധാന്വിതഃപ്രാഹിണൊച്ചാനു
ജാംതെഭ്യഃ॥

അന്വയം—അഥ (അ) രുധിരസുരാപായീ- നരസുരാപായി (ന-പു-പ്ര-ഏ) രാക്ഷസഃ (അ-പു-പ്ര-ഏ) വിജജൃംഭെ (ലിട്-ആ-പ-പ്ര-പു-ഏ) ക്ഷുധാ (ധ-സ്ത്രീ-തൃ-ഏ) അന്വിതഃ (അ-പു-പ്ര-ഏ) ദൎപ്പാൽ (അ-പു-പ-ഏ) ദനുജാന്തെഭ്യഃ (അ-പു-പ-ബ) തെഭ്യഃ (തച്ഛ-പു-പ-ബ) അനുജാം (ആ-സ്ത്രീ-ദ്വി-ഏ) പ്രാഹിണൊൽ (ലങ്-പ-പ-പ്ര-പു-ഏ) ച (അ)-

അന്വയാൎത്ഥം—അനന്തരം രുധിരസുരാപായിയായി നരസുരാപായിയായിരിക്കുന്ന രാക്ഷസൻ വിജൃംഭിച്ചു. ക്ഷുത്തൊടു അന്വിതനായിട്ടു ദൎപ്പംഹെതുവായിട്ടു ദനുജാന്തന്മാരായിരിക്കുന്ന അവരെ ആനയിപ്പാനായിക്കൊണ്ടു അനുജയെ പ്രെരിക്കുകയും ചെയ്തു.

പരിഭാഷാ—രുധിരസുരാപായീ= രുധിരസുരയെ പാനംചെയ്ക ശീലമായിട്ടുള്ളവൻ. രുധിരസുരാ= രുധിരമാകുന്ന സുരാ. രുധിരം=രക്തം. സുരാ= മദ്യം- പാനംചെയ്ക=കുടിക്കുക. നരസുരാപായീ= നരസുരന്മാരെ അപായിക്ക ശീലമായിട്ടുള്ളവൻ. നരസുരന്മാർ= നരന്മാരും സുരന്മാരും. നരന്മാർ= മനുഷ്യർ. സുരന്മാർ= ദെവന്മാർ. അപായിക്ക=നശിപ്പിക്ക. വിജൃംഭിക്ക=മൂരിനിവരുക. ക്ഷുത്തു=വിശപ്പു. അന്വിതൻ=കൂടിയവൻ. ദൎപ്പം= ഗൎവ്വം. ദനുജാന്തന്മാർ= ദനുജന്മാരുടെ അന്തത്തെ ചെയ്യുന്നവർ. ദനുജന്മാർ= അസുരന്മാർ. അന്തം= നാശം. അവർ=യുധിഷ്ഠിരാദികൾ. ആനയിക്ക= കൊണ്ടുവരിക. അനുജാ= താഴെ ഉള്ള സൊദരി. പ്രെരിക്ക= പറഞ്ഞയക്കുക.

൨൦. ഉന്നതസാലസമാനം ചകമെഭീമംസമെത്യസാലസമാ
നം। രുചിരതരാലാപാംഗീഭൃത്വാചജഗാദഗിരമരാളാപാംഗീ॥

അന്വയം—സാ (തച്ഛ-സ്ത്രീ-പ്ര-ഏ) സമെത്യ (ല്യ-അ) ഉന്നതസാലസമാനം- ലസമാനം (അ-പു-ദ്വി-ഏ) ഭീമം (അ-പു-ദ്വി-ഏ) ചകമെ (ലിട്-ആ-പ-പ്ര-പു-ഏ) രുചിരതരാലാപാംഗീ- അരാളാപാംഗീ (ഈ-സ്ത്രീ-പ്ര-ഏ) ഭൃത്വാ (ക്ത്വാ-അ) ഗിരം (ര-സ്ത്രീ-ദ്വി-ഏ) ജഗാദ (ലിട്-പ-പ-പ്ര-പു-ഏ) ച (അ)-

അന്വയാൎത്ഥം—അവൾ അടുത്തുചെന്നിട്ടു ഉന്നതസാലസ

മാനനായി ലസമാനനായിരിക്കുന്ന ഭീമനെ കാമിച്ചും രുചിരതരാലാപാംഗിയായിയും അരാളാപാംഗിയായും ഭവിച്ചിട്ട ഗീരിനെ ഗമിപ്പൂതും ചെയ്തു.

പരിഭാഷാ—അവൾ= ഹിഡിംബന്റെ അനുജാ (ഹിഡിംബി) ഉന്നതസാലസമാനൻ= ഉന്നതസാലത്തോട്ട സമാനൻ. ഉന്നതസാലം= ഉന്നതമായിരിക്കുന്ന സാലം. ഉന്നതം= ഉയൎച്ചയോടുകൂടിയത. സാലം= സാലവൃക്ഷം. (പയൻ) ലസമാനൻ= ലസിച്ചിയങ്ങുന്നവൻ. ലസിക്ക= ശോഭിക്ക. ഭീമൻ=ഭീമസെനൻ. കാമിക്ക= ആഗ്രഹിക്ക. രുചിരതരാലാപാംഗി=രുചിരതരങ്ങളായിരിക്കുന്ന ആലാപാംഗങ്ങളൊടുകൂടിയവൾ. രുചിരതരങ്ങൾ= ഏറ്റവുംരുചിരങ്ങൾ. രുചിരങ്ങൾ= മനൊഹരങ്ങൾ. ആലാപാംഗങ്ങൾ= ആലാപവും അംഗവും. ആലാപം=വാക്ക. അംഗം= ശരീരം- അരാളാപാംഗി= അരാളമായിരിക്കുന്ന അപാംഗങ്ങളൊടുകൂടിയവൾ. അരാളങ്ങൾ= വളവൊടുകൂടിയവ. അപാംഗങ്ങൾ= വാല്ക്കണ്ണുകൾ. (വാല്ക്കണ്ണുകൊണ്ടുള്ള ദൎശനങ്ങളെന്നു സാരം.) ഗീര=വാക്ക. ഗമിക്ക= പറക.

൨൮. അരിസമിതാവത്രസതഃ ക്രവ്യഭുജൊഹംവനക്ഷിതാവത്ര സതഃ। സ്മൂതവിഗ്രഹിഡിംബസ്യസ്വസാഹിഡിംബീനൃണാംവരഹിഡിംബസ്യ॥

അന്വയം—നൃണാം (ഋ-പു-ഷ-ബ) വര (അ-പു-സം-പ്ര-ഏ) അഹം (അസ്മച്ഛ-പ്ര-ഏ) അരിസമിതൌ (ഇ-സ്ത്രീ-സ-ഏ) അത്രസതഃ (ത-പു-ഷ-ഏ) അത്ര (അ) സതഃ (ത-പു-ഷ-ഏ) സ്മൂതവിഗ്രഹിഡിംബസ്യ- ഹിഡിംബസ്യ (അ-പു-ഷ-ഏ) ക്രവ്യഭുജഃ (ജ-പു-ഷ-ഏ) സ്വസാ (ഋ-സ്ത്രീ-പ്ര-ഏ) ഹിഡിംബീ (ഈ-സ്ത്രീ-പ്ര-ഏ)

അന്വയാൎത്ഥം—അല്ലയൊ നൃക്കളിൽവെച്ചു വരനായുള്ളൊവെ ഞാൻ അരിസമിതിയിങ്കൽ അത്രസനായി ഇവിടെ സന്നായി സ്മൂതവിഗ്രഹിഡിംബനായിരിക്കുന്ന ഹിഡിംബനാകുന്ന ക്രവ്യഭുക്കിന്റെ സ്വസാവായിരിക്കുന്ന ഹിഡിംബിയാകുന്നു.

പരിഭാഷാ—നൃക്കൾ=മനുഷ്യർ. വരൻ=ശ്രേഷ്ഠൻ. അരിസമിതി= അരികളുടെ സമിതി. അരികൾ= ശത്രുക്കൾ= സമിതി= സഭാ. അത്രസൻ= ത്രസിക്കാത്തവൻ. ത്രസിക്ക=ഭയപ്പെടുക. സൻ=ഭവിച്ചിയങ്ങുന്നവൻ. സ്മൂതവിഗ്രഹിഡിംബൻ=സ്മൂതമായിരിക്കുന്ന വിഗ്രഹിഡിംബത്തൊടുകൂടിയവൻ. സ്മൂതം=സ്മൂ

രിക്കപ്പെട്ടത. സ്മരിക്ക= ധ്യാനിക്ക. വിഗ്രഹിഡിംബം= വിഗ്രഹികളുടെ ഡിംബം. വിഗ്രഹികൾ= ശരീരികൾ. ഡിംബം=പ്ലീഹാ. (ഇത രക്തത്തിന്ന ഇരിപ്പടമായി ഉള്ളിലുള്ള ഒരു അവയവ വിശെഷമാകുന്നു.) ഹിഡിംബൻ= ഹിഡിംബനെന്നപെരൊടുകൂടിയവൻ. ക്രവ്യഭുക്= രാക്ഷസൻ. സ്വസാ= സഹൊദരി. ഹിഡിംബി= ഹിഡിംബിഎന്ന പെരൊടുകൂടിയവൾ.

൧൨. സരഭസമഗ്രജവാചാശ്രവണാദസ്മ്യാഗതാസമഗ്രജവാ ച । ഭ്രാതൃസമെതംഹിത്വാനെതുംസാഹംത്വയാരമെതംഹിത്വാ॥

അന്വയം — അഹം (അസ്മച്ഛ-പ്ര-ഏ) സരഭസം (ക്രി-വി) അഗ്രജവാചഃ (സ-സ്ത്രീ-ഷ-ഏ) ശ്രവണാൽ (അ-ന-പ-ഏ) സമഗ്രജവാ (ആ-സ്ത്രീ-പ്ര-ഏ) ഭ്രാതൃസമെതം (അ-പു-ദ്വി-ഏ) ത്വാ (യുഷ്മച്ഛ-ദ്വി-ഏ) നെതും (തു-അ) ഹി (അ) ആഗതാ (ആ-സ്ത്രീ-പ്ര-ഏ) ച (അ) അസ്മി (ലട്ട-പ-പ-ഉ-പു-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) അഹം അസ്മച്ഛ-പ്ര-ഏ) തം (തച്ഛ-പു-ദ്വി-ഏ) ഹിത്വാ (ക്ത്വാ-അ) ത്വയാ (യുഷ്മച്ഛ-തൃ-ഏ) രമെ (ലട്ട-ആ-പ-ഉ-പു-ഏ)-

അന്വയാൎത്ഥം — ഞാൻ സരഭസമാകുംവണ്ണം അഗ്രജവാക്കിന്റെ ശ്രവണം ഹെതുവായിട്ട സമഗ്രജവയായിട്ട ഭ്രാതൃസമെതനായിരിക്കുന്ന നിന്നെ നയിപ്പാനായിക്കൊണ്ടുതന്നെ ആഗതയായിട്ടും ഭവിക്കുന്നു. ആ ഞാൻ അവനെ ഉപെക്ഷിച്ചിട്ട നിന്നൊടു കൂടെ രമിക്കുന്നു.

പരിഭാഷാ — സരഭസം=രഭസത്തൊടു കൂടിയത-രഭസം=ക്രൊധം- അഗ്രജവാക്ക=അഗ്രജന്റെ വാക്ക- അഗ്രജൻ=ശ്രെഷ്ഠൻ- ശ്രവണം=കെൾക്ക- സമഗ്രജവാ=സമഗ്രമായിരിക്കുന്ന ജവത്തൊടു കൂടിയവൾ- സമഗ്രം=പൂൎണ്ണം- ജവം=വെഗം=ഭ്രാതൃസമെതൻ=ഭ്രാതാക്കന്മാരൊടു കൂടിയവൻ- ഭ്രാതാക്കന്മാർ=സൊദരന്മാർ. നയിക്ക=കൊണ്ടുപൊക. ആഗതാ=ആഗമിച്ചവൾ. ആഗമിക്ക=വരിക. അവൻ=അഗ്രജൻ. രമിക്ക=സംഭൊഗസുഖത്തെ അനുഭവിക്ക.

൧൩. ക്രിയതാമാരൊഹരതിസ്കന്ധമമധൈൎയ്യമെഷമാരൊഹരതി।മസ്കന്ധലമാവാമസ്യാശ്ചരാവഭ്രമെസ്സുഖായമാവാമസ്യാഃ॥

അന്വയം — രതിഃ (ഇ-സ്ത്രീ-പ്ര-ഏ) ക്രിയതാം- (ലൊട്ട-ആ-പ-പ്ര-പു-ഏ) മമ (അസ്മച്ഛ-ഷ-ഏ) സ്കന്ധം (അ-പു-ദ്വി-ഏ) ആരൊഹ (ലൊട്ട-പ-പ-മ-പു-ഏ) എഷഃ (എതച്ഛ-

പു-പ്ര-ഏ) മാരഃ (അ-പു-പ്ര-ഏ) ധൈൎയ്യം (അ-ന-ദ്വി-ഏ) ഹരതി (ലട്ട-പ-പ-പ്ര-പു-ഏ) ആവാം (അസ്മച്ഛ-പ്ര-ദ്വി) അസ്യാഃ (ഇദംശ-സ്ത്രീ-ഷ-ഏ) ഭ്രമൈഃ (ഇ-സ്ത്രീ-ഷ-ഏ) മണ്ഡലം (അ-ന-ദ്വി-ഏ) ചരാവ (ലൊട്ട-പ-പ-ഉ-ദ്വി) സുഖായ (അ-ന-ച-ഏ) വാമഃ (അ-പു-പ്ര-ഏ) സ്യാഃ (ലിങ്ങ-പ-പ-മ-പു-ഏ)

അന്വയാൎത്ഥം—രതി ചെയ്യപ്പെട്ടാലും എന്റെ സ്കന്ധത്തെ ആരൊഹിച്ചാലും ഈ മാരൻ ധൈൎയ്യത്തെ ഹരിക്കുന്നു. നാം ഇരുവരും ഈ ഭ്രമിയുടെ മണ്ഡലം മുഴുവൻ ചരിക്കാം. നീ സുഖത്തിനായിക്കൊണ്ടു വാമനായി ഭവിക്കരുത.

പരിഭാഷ—രതി=അഭിലാഷം. സ്കന്ധം=ചുമൽ. ആരൊഹിക്ക=കരെറുക. മാരൻ=കാമദെവൻ. ഹരിക്ക=നശിപ്പിക്ക. ചരിക്ക=സഞ്ചരിക്ക. വാമൻ=പ്രതികൂലൻ.

൪൪. ആഗമനവിളംബനതസ്തസ്യാഇതിദാരിതാനനവിലം
വനതഃ। ക്ഷുഭിതൊരക്ഷൊനാഥസ്സ്വയമാഗാൽഭൂശ്ചയെനര
ക്ഷൊനാഥാ॥

അന്വയം—അഥ (അ) യെന (യച്ഛ-പു-തൃ-ഏ) ഭൂഃ (ഊ-സ്ത്രീ-പ്ര-ഏ) ച (അ) രക്ഷൊനാ (ആ-സ്ത്രീ-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) രക്ഷൊനാഥഃ (അ-പു-പ്ര-ഏ) തസ്യാഃ (തച്ഛ-സ്ത്രീ-ഷ-ഏ) ഇതി (അ) ആഗമനവിളംബനതഃ (തസി-അ) ക്ഷുഭിതഃ (അ-പു-പ്ര-ഏ) സ്വയം (അ) ദാരിതാനനവിലം (ക്രി-വി) വനതഃ (തസി-അ) ആഗാൽ (ലുങ്ങ-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—അനന്തരം യാവനൊരുത്തനാൽ ഭൂവും രക്ഷൊനയാക്കി ചെയ്യപ്പെട്ടുവൊ ആ രക്ഷൊനാഥൻ അവളുടെ ഇപ്രകാരമുള്ള ആഗമനവിളംബനം ഹെതുവായിട്ട ക്ഷുഭിതനായിട്ട താനെതന്നെ ദാരിതാനനവിലമാകുംവണ്ണം വനത്തിങ്കൽനിന്ന ആഗമിച്ചു.

പരിഭാഷ—യാവനൊരുത്തൻ=യാതൊരുഹിഡിംബൻ. ഭൂ=ഭൂമി. രക്ഷൊനാ=രക്ഷയൊടു കൂടാത്തത. രക്ഷൊനാഥൻ=രാക്ഷസശ്രെഷ്ഠൻ. (ഹിഡിംബനെന്നസാരം.) അവൾ=ഹിഡിംബി. ആഗമനവിളംബനം=ആഗമനത്തിന്റെ വിളംബനം. ആഗമനം=വരവ. വിളംബനം=താമസം. ക്ഷുഭിതൻ=ക്ഷൊഭിച്ചവൻ. (ക്രൊധം ഹെതുവായിട്ട ഇളകിയ മനസ്സൊടു കൂടിയവനെന്നസാരം) ദാരിതാനനവിലം=ദാരിതമായിരിക്കുന്ന ആനനവിലത്തൊടു കൂടിയവൻ. ദാരിതം=പിളൎക്കപ്പെട്ടത. ആനന

ബിലം=വിലംപോലെ ഇരിക്കുന്ന ആനനം. വിലം=ഗുഹാ. ആനനം=വായ. വനം=കാട. ആഗമിക്ക=വരിക.

൨൭. തമനുചരക്ഷോഭീമൌബലംദധാനൌപരസ്പരക്ഷോഭിണൌ। അക്ഷതവക്ഷോഭാഗൌജഘടാതെജനിതഭൈരവക്ഷോഭാഗൌ॥

അന്വയം—തമനു (അ) പരസ്പരക്ഷോഭിണൌ (ന-ന-ദ്വി-ഏ) ബലം (അ-ന-ദ്വി-ഏ) ദധാനൌ (അ-പു-പ്ര-ദ്വി) അക്ഷതവക്ഷോഭാഗൌ (അ-പു-പ്ര-ദ്വി) ഇമൌ (ഇദംശ-പു-പ്ര-ദ്വി) രക്ഷോഭീമൌ (അ-പു-പ്ര-ദ്വി) ജനിതഭൈരവക്ഷോഭാഗൌ (അ-പു-പ്ര-ദ്വി) ജഘടാതെ ലിട്ട-ആ-പ-പ്ര-പു-ദ്വി) ച(അ)-

അന്വയാർത്ഥം—അനന്തരം പരസ്പരക്ഷോഭിയായിരിക്കുന്ന ബലത്തെ ദധാനന്മാരായി അക്ഷതവക്ഷോഭാഗന്മാരായിരിക്കുന്ന രക്ഷോഭീമന്മാർ ജനിതഭൈരവക്ഷോഭാഗന്മാരായിട്ട ഘടിച്ചു.

പരിഭാഷ—പരസ്പരക്ഷോഭി= പരസ്പരത്തെ ക്ഷോഭിപ്പിക്കുന്നത. പരസ്പരം=അന്യോന്യം. ക്ഷോഭിപ്പിക്ക=ഇളക്കുക. ബലം=ശക്തി. ദധാനന്മാർ= ധരിച്ചിരിക്കുന്നവർ. അക്ഷതവക്ഷോഭാഗന്മാർ=അക്ഷതമായിരിക്കുന്ന വക്ഷോഭാഗത്തോട കൂടിയവർ. അക്ഷതം=വ്രണപ്പെടാത്തത. വക്ഷോഭാഗം=മാറിടം. രക്ഷോഭീമന്മാർ=രക്ഷസ്സും ഭീമനും. രക്ഷസ്സ=രാക്ഷസൻ. ഭീമൻ=ഭീമസേനൻ. ജനിതഭൈരവക്ഷോഭാഗന്മാർ=ജനിതഭൈരവക്ഷോഭങ്ങളായിരിക്കുന്ന അംഗങ്ങളോട കൂടിയവർ- ജനിതഭൈരവക്ഷോഭങ്ങൾ= ജനിതമായിരിക്കുന്ന ഭൈരവക്ഷോഭത്തോടുകൂടിയവ. ജനിതം=ജനിപ്പിക്കപ്പെട്ടത. ഭൈരവക്ഷോഭം=ഭൈരവമായിരിക്കുന്ന ക്ഷോഭം. ഭൈരവം=ഭയംകരം. ക്ഷോഭം=ഇളക്കം. ഘടിക്ക=ചേഷ്ടിക്ക. (തമ്മിൽ യുദ്ധംചെയ്തു എന്നു സാരം.)

൨൮. ദുദ്രുവുരവനാവൃക്ഷാഃഭുവിപെതുർഗ്ഗന്ധാസുരവനാവൃക്ഷാഃ। അംഗമളിവക്ഷോഭംഗൌ രഭിയാതൌതൌയഥാസവക്ഷോഭംഗൌ॥

അന്വയം—തൌ (തച്ഛ-പു-പ്ര-ദ്വി) യഥാ(അ) സവക്ഷോഭംഗൌ-അഭിയാതൌ (അ-പു-പ്ര-ദ്വി) തദാ (അ) ഋക്ഷാഃ (അ-പു-പ്ര-ബ) അവനൌ (ഇ-സ്ത്രീ-സ-ഏ) ദുദ്രുവുഃ ലിട്ട-പ-പ-പ്ര-പു-ബ) ഗന്ധാസുരവനാഃ-വൃക്ഷാഃ (അ-പു-പ്ര-ബ) ഭു

വി(ഉ-സ്ത്രീ-സ-ഏ) പേതുഃ (ലിട്ട്-പ-പ-പ്ര-പു-ഏ) ഗോഃ (ഓ-സ്ത്രീ-പ്ര-ഏ) ക്ഷോഭം (അ-പു-ദ്വി-ഏ) അഗമൽ (ലുങ്-പ-പ-പ്ര-പു-ഏ) ഇവ (അ).

അന്വയാൎത്ഥം—അവർ സവക്ഷോഭംഗന്മാരായിട്ട എപ്പോൾ അഭിയാതന്മാരായൊ അപ്പോൾ ഋക്ഷങ്ങൾ അവനിയിങ്കൽ ദ്രവിച്ചു. ഭഗ്നഭാസുരവനങ്ങളായിരിക്കുന്ന വൃക്ഷങ്ങൾ ഭൂവിങ്കൽ പതിച്ചു. ഗോവ ക്ഷോഭത്തെ ഗമിച്ചുവൊ എന്ന തോന്നും-

പരിഭാഷാ—അവർ=ഹിഡിംബഭീമന്മാർ. സവക്ഷോഭംഗന്മാർ=വക്ഷോഭംഗത്തോട കൂടിയവർ. വക്ഷോഭംഗം=വക്ഷസ്സിന്റെ ഭംഗം. വക്ഷസ്സ=മാറിടം. ഭംഗം=ഭഞ്ജനം. അഭിയാതന്മാർ=അഭിയാനം ചെയ്യുവർ. അഭിയാനംചെയ്ക=നെരിട്ടടുക്കുക. ഋക്ഷങ്ങൾ=കരടികുരങ്ങന്മാർ. അവനി=ഭൂമി. ദ്രവിക്ക=ഓടുക. ഭഗ്നഭാസുരവനങ്ങൾ= ഭഗ്നമായി ഭാസുരമായിരിക്കുന്ന വനത്തോട കൂടിയവ. ഭഗ്നം=ഭഞ്ജിക്കപ്പെട്ടത. ഭഞ്ജിക്ക=തകൎക്കുക. ഭാസുരം=ശോഭയോട കൂടിയത. വനം=സമൂഹം. ഭൂ=ഭൂമി. പതിക്ക=വീഴുക. ഗോവ=ഭൂമി. ക്ഷോഭം=ചലനം. ഗമിക്ക=പ്രാപിക്ക.

൪൭. സവിധുതദൂരസ്ഥലതഃ പ്രമഥിതപൃഥിവീധരൊമൃദൂരസ്ഥ
ലതഃ। സംക്ഷോഭീമാരുതിനാഹതൊഹിഡിംബഃ പപാത ഭീമാരുതി
നാ॥

അന്വയം—ഭീമാരുതിനാ-മാരുതിനാ- (ഇ-പു-തൃ-ഏ) മൃദൂരസ്ഥലതഃ(തസി-അ) ഹതഃ(അ-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) ഹിഡിംബഃ (അ-പു-പ്ര-ഏ) വിധുതദൂരസ്ഥലതഃ=പ്രമഥിതപൃഥിവീധരഃ(അ-പു-പ്ര-ഏ) സംക്ഷോഭീ(ന-പു-പ്ര-ഏ) പപാത (ലിട്ട്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—ഭീമാരുതിയായിരിക്കുന്ന മാരുതിയാൽ മൃദൂരസ്ഥലംകൊണ്ട ഹതനായിരിക്കുന്ന ആ ഹിഡിംബൻ വിധുതദൂരസ്ഥലതനായി പ്രമഥിതപൃഥിവീധരനായി സംക്ഷോഭിയായിട്ട പതിച്ചു.

പരിഭാഷാ—ഭീമാരുതി=ഭീമയായിരിക്കുന്ന ആരുതിയോട കൂടിയവൻ. ഭീമാ=ഭയത്തെ ഉണ്ടാക്കുന്നത. ആരുതി=ആരവം. (ശബ്ദം) മാരുതി=ഭീമസെനൻ. മൃദൂരസ്ഥലം=മൃദുവായിരിക്കുന്ന ഉരസ്ഥലം. മൃദു=മാൎദ്ദവത്തോട കൂടിയത. ഉരസ്ഥലം=മാറിടം. ഹതൻ=ഹനിക്കപ്പെട്ടവൻ. ഹനിക്ക=കൊല്ലുക. വിധുതദൂരസ്ഥലതൻ=വിധുതകളായി ദൂരസ്ഥകളായിരിക്കുന്ന ലതകളോട കൂടിയവൻ. വിധുതകൾ=ഇളക്കപ്പെട്ടവ. ദൂരസ്ഥകൾ=ദൂരത്തിങ്കൽ നി

ല്ക്കുന്നവ. ലതകൾ=വള്ളികൾ- പ്രമഥിതപൃഥിവീധരൻ=പ്രമഥിതമായിരിക്കുന്ന പൃഥിവീധരത്തൊടു കൂടിയവൻ. പ്രമഥിതം=പ്രമഥിക്കപ്പെട്ടത. പ്രമഥിക്ക= തകൎക്കുക. പൃഥിവീധരം=പൎവ്വതം. സംക്ഷോഭീ=സംക്ഷോഭിപ്പിക്കുന്നവൻ. സംക്ഷോഭിപ്പിക്ക=അതാത വസ്തുക്കളെ ചലിപ്പിക്ക. പതിക്ക=വീഴുക.

൪൭. അഥകൃതനീചാരിജയാജഗ്മുസ്സാദ്ധ്യംനിശീഥിനീചാരിജയാ।വിപ്രസഭാവൎയ്യന്തെദദൃശുൎവ്യാസംതതൊവിഭാവൎയ്യന്തെ॥

അന്വയം—അഥ (അ) കൃതനീചാരിജയാഃ (അ-പു-പ്ര-ബ) തെ (തച്ഛ-പു-പ്ര-ബ) നിശീഥിനീചാരിജയാ (ആ-സ്ത്രീ-തൃ-ഏ) സാദ്ധ്യം (അ) ജഗ്മുഃ (ലിട്ട-പ-പ-പ്ര-പു-ബ) തതഃ(അ) വിഭാവൎയ്യന്തെ (അ-പു-സ-ഏ) വിപ്രസഭാവൎയ്യം-വ്യാസം (അ-പു-ദ്വി-ഏ) ദദൃശുഃ (ലിട്ട-പ-പ-പ്ര-പു-ബ.)

അന്വയാൎത്ഥം—അനന്തരം കൃതനീചാരിജയന്മാരായിരിക്കുന്ന അവർ നിശീഥിനീ ചാരിജയൊടു കൂടെ ഗമിച്ചു. അനന്തരം വിഭാവൎയ്യന്തത്തിങ്കൽ വിപ്രസഭാവൎയ്യനായിരിക്കുന്ന വ്യാസനെ ദൎശിക്കുകയും ചെയ്തു-

പരിഭാഷാ—കൃതനീചാരിജയന്മാർ=കൃതമായിരിക്കുന്ന നീചാരിജയത്തൊടു കൂടിയവർ. കൃതം=ചെയ്യപ്പെട്ടത. നീചാരിജയം=നീചാരിയുടെ ജയം. നീചാരി=നീചനായിരിക്കുന്ന അരി. അരി=ശത്രു- അവർ=യുധിഷ്ഠിരാദികൾ- നിശീഥിനീചാരിജാ = നിശീഥിനീചാരിയിങ്കൽ നിന്ന ജനിച്ചവൾ- നിശീഥിനീചാരി=രാക്ഷസൻ- ഗമിക്ക=പൊക- വിഭാവൎയ്യന്തം=വിഭാവരിയുടെ അന്തം- വിഭാവരി=രാത്രി- അന്തം=അവസാനം- വിപ്രസഭാവൎയ്യൻ=വിപ്രന്മാരുടെ സഭാവൎയ്യൻ- വിപ്രന്മാർ= ബ്രാഹ്മണർ- സഭാവൎയ്യൻ=സഭയിങ്കൽ വൎയ്യൻ- വൎയ്യൻ= ശ്രേഷ്ഠൻ- വ്യാസൻ=വ്യാസമഹൎഷി- ദൎശിക്ക=കാണുക-

൪൮. തെനചബന്ധാവസതിസ്സ്വയമുപദിഷ്ടാശ്ശുഭാനുബന്ധാവസതിഃ। ഭുഞ്ജാനാവന്യന്തെതത്രൊഷുഃപാണ്ഡവാവനാവന്യന്തെ॥

അന്വയം—തെന (തച്ഛ-പു-തൃ-ഏ) ച (അ) ബന്ധൌ (ഉ-പു-സ-ഏ) അസതി (സ-പു-സ-ഏ) ശുഭാനുബന്ധാഃ(ആ-സ്ത്രീ-പ്ര-ഏ) വസതിഃ (ഇ-സ്ത്രീ-പ്ര-ഏ) സ്വയം (അ) ഉപദിഷ്ടാ (ആ-സ്ത്രീ-പ്ര-ഏ) പാണ്ഡവാഃ (അ-പു-പ്ര-ബ) തെ (തച്ഛ-പു-പ്ര-ബ) വന്യം (അ-ന-ദ്വി-ഏ) ഭുഞ്ജാനാഃ (അ-പു-പ്ര-ബ) തത്ര (അ) വനാവന്യന്തെ (അ-പു-സ-ഏ) ഊ

ഷുഃ (ലിട്ട്-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അവനാൽ ബന്ധു അസന്നായിരിക്കും വിഷയത്തിങ്കൽ ശുഭാനുബന്ധയായിരിക്കുന്ന വസതി താനെ ഉപദിഷ്ടയായി പാണ്ഡവന്മാരായിരിക്കുന്ന അവർ വന്യത്തെ ഭുഞ്ജാനന്മാരായിട്ടു ആ വനാവന്യന്തത്തിങ്കൽ വസിച്ചു-

പരിഭാഷാ—അവൻ=വ്യാസൻ- അസൻ=സൻ അല്ലാത്തവൻ- സൻ=ഭവിച്ചിയങ്ങുന്നവൻ- ശുഭാനുബന്ധാ=ശുഭത്തെ അനുബന്ധിക്കുന്നത- ശുഭം=മംഗലം- അനുബന്ധിക്ക= നിത്യസംബന്ധത്തൊടു കൂടിയതാക്കിച്ചെയ്ക- വസതി=വാസസ്ഥാനം- ഉപദിഷ്ടാ=ഉപദെശിക്കപ്പെട്ടത- ഉപദെശിക്ക=പറക- പാണ്ഡവന്മാർ=പാണ്ഡുപുത്രന്മാർ- വന്യം=വനത്തിങ്കൽ ഭവിച്ചത- (ഫലമൂലാദി) ഭുഞ്ജാനന്മാർ=ഭുജിച്ചിയങ്ങുന്നവർ- ഭുജിക്ക= ഭക്ഷിക്കുക- വനാവന്യന്തം=വനാവനി തന്നെ- (അന്തശബ്ദം സ്വരൂപവാചിയാകകൊണ്ടു അതിന്നു വെറെ അൎത്ഥമില്ല) വനാവനി=വനഭൂമി- (ശാലിഹൊത്രാശ്രമപ്രദെശമെന്ന സാരം) വസിക്ക=താമസിക്കുക-

൫൦. തത്ര ച സാനന്തരജാ രരമെ ഭീമെന രാക്ഷസാനന്തരജാ।
അപ്യഭവൽ സാപത്യാ തതൊ യയാവനുമതാ സവത്സാ പത്യാ॥

അന്വയം—അനന്തരജാഃ (സ-സ്ത്രീ-പ്ര-ഏ) രാക്ഷസാനന്തരജാ (ആ-സ്ത്രീ-പ്ര-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) ഭീമെന (അ-പു-തൃ-ഏ) തത്ര (അ) രരമെ (ലിട്ട്-ആ-പ-പ്ര-പു-ഏ) ച (അ) സാപത്യാ (ആ-സ്ത്രീ-പ്ര-ഏ) അഭവൽ (ലങ്-പ-പ്ര-പു-ഏ) അപി (അ) തതഃ (അ) പത്യാ (ഇ-പു-തൃ-ഏ) അനുമതാ-സവത്സാ (ആ-സ്ത്രീ-പ്ര-ഏ) യയൌ (ലിട്ട്-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അനന്തരജസ്സായി രാക്ഷസാനന്തരജയായിരിക്കുന്ന അവൾ ഭീമനൊടുകൂടെ അവിടെ രമിക്കുകയും ചെയ്തു. സാപത്യയായി ഭവിക്കുകയും ചെയ്തു. അനന്തരം പതിയാൽ അനുമതയായി സവത്സയായിട്ടു യാനം ചെയ്തു.

പരിഭാഷാ—അനന്തരജസ്സ=അനന്തമായിരിക്കുന്ന രജസ്സൊടുകൂടിയവൾ- അനന്തം=അന്തത്തൊടു കൂടാത്തത- അന്തം= അവസാനം- രജസ്സ=രജൊഗുണം- രാക്ഷസാനന്തരജാ=രാക്ഷസന്റെ അനന്തരജാ- രാക്ഷസൻ=ഹിഡിംബൻ- അനന്തരജാ= അനുജാ- അവൾ=ഹിഡിംബി- ഭീമൻ=ഭീമസെനൻ- രമിക്ക= ക്രീഡിക്ക- സാപത്യാ=അപത്യത്തൊടു കൂടിയവൾ- അപത്യം=പുത്രൻ- പതി=ഭൎത്താവ- അനുമതാ=അനുമാനിക്കപ്പെട്ടവൾ- അ

നമാനിക്ക=യാത്രക്കായിക്കൊണ്ടു അനുവലിക്ക- സവത്സാ=വത്സനൊടു കൂടിയവൾ- വത്സൻ=ബാലൻ- യാനംചൈക=പോക.

൩൬. അഥരിപുചക്രാന്തരസാഭരതവരാജഗ്മുരേകചക്രാന്തര
സാതത്രചവിപ്രവരസ്യന്യവസൻഭവനെമലച്ഛവിപ്രവരസ്യ॥

അന്വയം—അഥ (അ) രിപുചക്രാന്തരസാഃ- ഭരതവരാഃ (അ-പു-പ്ര-ബ)ഏകചക്രാം (ആ-സ്ത്രീ-ദ്വി-ഏ) തരസാ (അ) ജഗ്മുഃ(ലിട്ട-പ-പ-പ്ര-പു-ബ)തത്ര(അ)അമലച്ഛവിപ്രവരസ്യ- വിപ്രവരസ്യ (അ-പു-ഷ-ഏ) ഭവനെ (അ-ന-സ-ഏ) ന്യവസൻ (ലങ്-പ-പ്ര-പു-ബ) ച (അ)-

അന്വയാൎത്ഥം—അനന്തരം രിപുചക്രാന്തരസന്മാരായിരിക്കുന്ന ഭരതവരന്മാര ഏകചക്രയെ വെഗെന ഗമിച്ചു. അവിടെ അമലച്ഛവിപ്രവരനായിരിക്കുന്ന വിപ്രവരന്റെ ഭവനത്തിങ്കൽ നിവസിക്കുകയും ചെയ്തു.

പരിഭാഷാ—രിപുചക്രാന്തരസന്മാർ=രിപുചക്രാന്തത്തിങ്കൽ രസത്തൊടു കൂടിയവർ- രിപുചക്രാന്തം=രിപുചക്രത്തിന്റെ അന്തം- രിപുചക്രം=രിപുക്കളുടെ ചക്രം- രിപുക്കൾ=ശത്രുക്കൾ- ചക്രം=സൈന്യം- അന്തം=നാശം- രസം=രാഗം- (താല്പൎയ്യമെന്ന സാരം) ഭരതവരന്മാർ=ഭരതന്മാരിൽ വെച്ചു വരന്മാർ- ഭരതന്മാർ=ഭരതവംശത്തിങ്കൽ ജനിച്ചവർ- വരന്മാർ=ശ്രെഷ്ഠന്മാർ- (ധൎമ്മപുത്രാദികളെന്ന സാരം) ഏകചക്രാ=ഏകചക്രാ എന്ന ദെശം- ഗമിക്ക=പ്രാപിക്ക- അമലച്ഛവിപ്രവരൻ= അമലച്ഛവികളിൽ വെച്ചു പ്രവരൻ- അമലച്ഛവികൾ=അമലയായിരിക്കുന്ന ഛവിയൊടു കൂടിയവർ- അമലാ=നിൎമ്മലാ- ഛവി=ശൊഭാ- പ്രവരൻ=ശ്രെഷ്ഠൻ- വിപ്രവരൻ=വിപ്രശ്രെഷ്ഠൻ- (ഉത്തമനായിരിക്കുന്ന ബ്രാഹ്മണനെന്നസാരം)നിവസിക്ക=ഇരിക്കുക.

൩൭. നിൎവ്വവുരാവാസന്തംതരുമിവതെപ്രാപ്യമധുകരാവാസ
ന്തം । പാണ്ഡുസുതെഭ്യസ്തെഭ്യഃപ്രീതിംപ്രാപുൎജ്ജനാശ്ചതെഭ്യ
സ്തെഭ്യഃ॥

അന്വയം—തെ (തച്ഛ-പു-പ്ര-ബ) മധുകരാഃ (അ-പു-പ്ര-ബ) വാസന്തം (അ-പു-ദ്വി-ഏ) തരും (ഉ-പു-ദ്വി-ഏ) ഇവ (അ) തം (തച്ഛ-പു-ദ്വി-ഏ) ആവാസം (അ-പു-ദ്വി-ഏ) പ്രാപ്യ (ല്യ-അ) നിൎവ്വവുഃ (ലിട്ട-പ-പ്ര-പു-ബ) തെ (തച്ഛ-പു-പ്ര-ബ) ജനാഃ (അ-പു-പ്ര-ബ) ച (അ) അഭ്യസ്തെഭ്യഃ (അ-പു-പ-ബ) തെഭ്യഃ (തച്ഛ-പു-പ-ബ) പാണ്ഡുസുതെഭ്യഃ (അ-പു-പ-ബ) പ്രീതിം (ഇ-സ്ത്രീ-ദ്വി-ഏ) പ്രാപുഃ (ലിട്ട-പ-

(പ്ര-പു-ബ)-

അന്വയാർത്ഥം—അവർ മധുകരങ്ങൾ വാസന്തമായിരിക്കുന്ന തരുവിനെ എന്നപൊലെ ആ ആവാസത്തെ പ്രാപിച്ചിട്ടു നിവ്വാണത്തെയും ആജനങ്ങളും അഭ്യസ്തന്മാരായിരിക്കുന്ന ആ പാണ്ഡുസുതന്മാരിൽ നിന്ന പ്രീതിയെ പ്രാപിച്ചു.

പരിഭാഷാ—അവർ= യുധിഷ്ഠിരാദികൾ- മധുകരങ്ങൾ= വണ്ടുകൾ- വാസന്തം= വസന്തത്തിങ്കൽ പൂക്കുന്നത- വസന്തം= വസന്തഋതു- തരു=വൃക്ഷം- ആവാസം= വാസസ്ഥാനം- നിവ്വാണത്തെയ്ക്കു= സുഖിക്കുക- അഭ്യസ്തന്മാര=അഭ്യസിക്കപ്പെട്ടവര- അഭ്യസിക്ക=പരിചയിക്ക- പാണ്ഡുസുതന്മാർ= പാണ്ഡുപുത്രന്മാർ- പ്രീതി=സന്തോഷം- പ്രാപിക്ക= ലഭിക്കുക-

൫൩. അഥസുജനസഭാര്യ്യസ്യദ്വിജസ്യകുന്തീകദാചനസഭാര്യ്യസ്യ। അശൃണൊദ്രൊദംതസ്യപ്രാപചതംശ്രവണതൽപരൊദന്തസ്യ॥

അന്വയം—അഥ (അ) കുന്തീ (ഈ-സ്ത്രീ-പ്ര-ഏ) കദാചന (അ) സഭാര്യ്യസ്യ (അ-പു-ഷ-ഏ) സുജനസഭാര്യ്യസ്യ- ദ്വിജസ്യ (അ-പു-ഷ-ഏ) രൊദം (അ-പു-ദ്വി-ഏ) അശൃണൊൽ (ലങ്-പ-പ്ര-പു-ഏ) തം (തദ്-പു-ദ്വി-ഏ) തസ്യ (തദ്-പു-ഷ-ഏ) ഉദന്തസ്യ (അ-പു-ഷ-ഏ) ശ്രവണതൽപരാ (ആ-സ്ത്രീ-പ്ര-ഏ) പ്രാപ (ലിട്-പ-പ്ര-പു-ഏ) ച (അ)-

അന്വയാർത്ഥം—അനന്തരം കുന്തി ഒരുനാൾ സുജനസഭാര്യ്യനായി സഭാര്യ്യനായിരിക്കുന്ന ദ്വിജന്റെ രൊദത്തെ ശ്രവിച്ചു. അവനെ അവന്റെ ഉദന്തത്തിന്റെ ശ്രവണതല്പരയായിട്ടു പ്രാപിക്കുകയും ചെയ്തു.

പരിഭാഷാ—സുജനസഭാര്യ്യൻ= സുജനസഭയിങ്കൽ ആര്യ്യൻ- സുജനസഭാ= സജ്ജനസഭാ- ആര്യ്യൻ=ശ്രെഷ്ഠൻ- സഭാര്യ്യൻ= ഭാര്യ്യയൊടുകൂടിയവൻ- ദ്വിജൻ=ബ്രാഹ്മണൻ- രൊദം= കരച്ചിൽ- ശ്രവിക്ക= കെൾക്ക- അവൻ=ദ്വിജൻ- ഉദന്തം= വൃത്താന്തം- ശ്രവണതൽപരാ=ശ്രവണത്തിങ്കൽ തൽപരാ- ശ്രവണം=കെൾക്ക- തൽപരാ= താൽപര്യത്തൊടുകൂടിയവൾ-

൫൪. സൊപിചമാംസാദെനത്രാസിതഹൃദയൊബ്രവീദിമാംസാദെന। ആര്യ്യെമെദുരിതാനാംവ്യസനമിദംഫലമവെഹിമെദുരിതാനാം॥

അന്വയം—അപി- ച (അ) മാംസാദെന (അ-പു-തൃ-ഏ)

ത്രാസിതഹൃദയഃ (അ-പു-പ്ര-ഏ) സാദേന (അ-പു-തൃ-ഏ) സഃ (തച്ഛ-പു-പ്ര-ഏ) ഇമാം (ഇദംശ-സ്ത്രീ-ദ്വി-ഏ) അബ്രവീൽ (ലങ്-പ-പ്ര-പു-ഏ) ആൎയ്യേ (ആ-സ്ത്രീ-സം-പ്ര-ഏ) ഇദം (ഇദംശ-ന-ദ്വി-ഏ) വ്യസനം (അ-ന-ദ്വി-ഏ) മെ (അസ്മച്ഛ-ഷ-ഏ) മെദുരിതാനാം- ദുരിതാനാം (അ-ന-ഷ-ബ) ഫലം (അ-ന-ദ്വി-ഏ) അവെഹി (ലൊട്ട-പ-പ-മ-പു-ഏ)-

അന്വയാൎത്ഥം—അത്രതന്നെ അല്ലൂ മാംസാദനാൽ ത്രാസിതഹൃദയനായി സാദത്തൊട്ടു ഉപലക്ഷിതനായിരിക്കുന്ന അവൻ ഇവളൊട്ടു ബ്രവിച്ചു. അല്ലയൊ ആൎയ്യേ നീ ഈ വ്യസനത്തെ എന്റെ മെദുരിതങ്ങളായിരിക്കുന്ന ദുരിതങ്ങളുടെ ഫലമെന്ന അറിഞ്ഞാലും.

പരിഭാഷാ— മാംസാദൻ= മാംസത്തെ അദിക്കുന്നവൻ- അദിക്ക=ഭക്ഷിക്ക- (രാക്ഷസനെന്നൎത്ഥം. രാക്ഷസൻ ഇവിടെ ബകനാകുന്നു.) ത്രാസിതഹൃദയൻ= ത്രാസിതമായിരിക്കുന്ന ഹൃദയത്തൊട്ടു കൂടിയവൻ- ത്രാസിതം=ത്രസിപ്പിക്കപ്പെട്ടത- ത്രസിപ്പിക്ക= ഭയപ്പെടുത്തുക- ഹൃദയം=മനസ്സ- സാദം=ശരീരശൊഷം- ഉപലക്ഷിതൻ= കൂടിയവൻ- അവൻ=ദ്വിജൻ- ഇവൾ= കുന്തീ- ബ്രവിക്ക=പറക- ആൎയ്യാ=സദാചാരാ- (നല്ല ആചാരത്തൊട്ടു കൂടിയവൾ-) മെദുരിതങ്ങൾ= മെദുരങ്ങളാക്കപ്പെട്ടവ- മെദുരങ്ങൾ= തടിച്ചവ- ദുരിതങ്ങൾ= പാപങ്ങൾ-

൧൫. പീഡയതീമന്ദെശംബകൊനരാശൊതിദുഷ്കൃതിമന്ദെശം । അത്രവനെകംകാളംഖാദന്നിവസത്യസാവനെകംകാളം ॥

അന്വയം—അതിദുഷ്കൃതീ (ന-ന-പ്ര-ഏ) ബകഃ- നരാശഃ (അ-പു-പ്ര-ഏ) മന്ദെശം (അ-പു-ദ്വി-ഏ) ഇമം (ഇദംശ-പു-ദ്വി-ഏ) ദെശം (അ-പു-ദ്വി-ഏ) പീഡയതി (ലട്ട-പ-പ-പ്ര-പു-ഏ) അസൌ (അദസ്സ-പു-പ്ര-ഏ) കംകാളം (അ-പു-ദ്വി-ഏ) ഖാദൻ (ത-പു-പ്ര-ഏ) അത്ര (അ) വനെ (അ-ന-സ-ഏ) അനെകം- കാളം (അ-പു-ദ്വി-ഏ) നിവസതി (ലട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അതിദുഷ്കൃതിയായിരിക്കുന്ന ബകനാകുന്ന നരാശൻ മന്ദെശമായിരിക്കുന്ന ഈ ദെശത്തെ പീഡിക്കുന്നു. ഇവൻ കംകാളത്തെ ഖാദന്നായിട്ടു ഈ വനത്തിങ്കൽ അനെകമായിരിക്കുന്ന കാലത്തെ വ്യാപിച്ചിട്ടു നിവസിക്കുന്നു.

പരിഭാഷാ—അതിദുഷ്കൃതി=ഏറ്റവും ദുഷ്കൃതി- ദുഷ്കൃതി=പാപി- ബകൻ=ബകനെന്ന പെരൊട്ടു കൂടിയവൻ- നരാശൻ=രാക്ഷ

സൻ- മന്ദേശം=മന്ദനായിരിക്കുന്ന ഈശനോടു കൂടിയത- മന്ദൻ=അല്പൻ- ഈശൻ=അധിപതി- പീഡിക്ക=ബാധിക്ക- (ഉപദ്രവിക്ക-) ഇവൻ=ബകൻ- കീകസം=മാംസം- ഖാദൻ=ഖാദിച്ചിയങ്ങുന്നവൻ- ഖാദിക്ക=ഭക്ഷിക്ക- വനം=കാട- അനേകം=ബഹു- നിവസിക്ക=ഇരിക്ക-

൬. അന്നേശകടാഹാർഘ്യന്യസ്യ നരം ദാധികാകൃശകടാഹാർഘ്യ। സമയപദവ്യാജനതാ ദദാതി തസ്മൈ യഥാവദവ്യാജനതാ ॥

അന്വയം—ജനതാ (ആ-സ്ത്രീ-പ്ര-ഏ) സമയപദവ്യാ (ഈ-സ്ത്രീ-തൃ-ഏ) യഥാവൽ (അ) അവ്യാജനതാ (ആ-സ്ത്രീ-പ്ര-ഏ) ദാധികാകൃശകടാഹാർഘ്യേ-ശകടാഹാർഘ്യേ-അന്നേ (അ-ന-സ-ഏ) നരം (അ-പു-ദ്വി-ഏ) ന്യസ്യ (ല്യ-അ) തസ്മൈ (ത-പു-ച-ഏ) ദദാതി (ലട്ട-പ-പ-പ്ര-പു-ഏ-)

അന്വയാർത്ഥം—ജനതാസമയപദവിയോടു കൂടെ നല്ലവണ്ണം അവ്യാജനതയായിട്ടു ദാധികാകൃശകടാഹാർഘ്യമായി ശകടാഹാർഘ്യമായിരിക്കുന്ന അന്നത്തിങ്കൽ നരനെ ന്യസിച്ചിട്ടവനായിക്കൊണ്ടു ദാനംചെയ്യുന്നു-

പരിഭാഷാ—ജനതാ=ജനസമൂഹം- സമയപദവീ=സമയാനുഷ്ഠാനം- അവ്യാജനതാ=വ്യാജനതയല്ലാത്തത-വ്യാജനതാ= വ്യാജതൽപരാ- (കപടത്തിങ്കൽ താല്പര്യത്തോടു കൂടിയതെന്നു സാരം) ദാധികാകൃശകടാഹാർഘ്യം=ദാധികാകൃശകടാഹം ഹേതുവായിട്ടു അർഘ്യം- ദാധികാകൃശകടാഹം=ദാധികാകൃശമായിരിക്കുന്ന കടാഹം. ദാധികാകൃശം=ദാധികം ഹേതുവായിട്ടു അകൃശം- ദാധികം=ദധികൊണ്ടു ഉണ്ടാക്കപ്പെട്ടകറി- ദധി=തൈര- അകൃശം=കൃശമല്ലാത്തത- (പുഷ്ടിയോടു കൂടിയത-) കടാഹം=പാത്രവിശേഷം- അർഘ്യം=ശ്രേഷ്ഠം- ശകടാഹാർഘ്യം=ശകടംകൊണ്ടു ആഹാർയ്യം- ശകടം=വാഹനവിശേഷം- (വാട-) ആഹാർയ്യം=ആഹരിക്കപ്പെടുവാൻ യോഗ്യം- ആഹരിക്ക=പ്രാപിപ്പിക്ക- നരൻ=മനുഷ്യൻ-ന്യസിക്ക=വെയ്ക്ക- അവൻ=ബകൻ- ദാനംചെയ്ക=കൊടുക്കുക-

൭. ഹരണീയസ്സോദ്യമയാശക്ത്യാപുനരന്നസഞ്ചയസ്സോദ്യമയാ। തസ്മൈ നരകബളായ പ്രദാതുമീക്ഷേ നരന്നരകബളായ ॥

അന്വയം—സഃ (അ-പു-പ്ര-ഏ) അന്നസഞ്ചയഃ (അ-പു-പ്ര-ഏ) പുനഃ-അദ്യ (അ) മയാ (അസ്മ-തൃ-ഏ) സോദ്യമയാ (ആ-സ്ത്രീ-തൃ-ഏ) ശക്ത്യാ (ഇ-സ്ത്രീ-തൃ-ഏ) ഹരണീയഃ (അ-പു-പ്ര-ഏ) നരകബളായ-നരകബളായ (അ-പു-ച-ഏ) തസ്മൈ (ത-പു-ച-ഏ) പ്രദാതും-(തു-അ) നരം (അ-പു-ദ്വി-

ഏ) ന (അ) രക്ഷേ (ലട്ട-ആ-ഉ-പു-ഏ)

അന്വയാൎത്ഥം—ആ അന്നസഞ്ചയമാകട്ടെ ഇന്ന എന്നാൽ സോദ്യമമായിരിക്കുന്ന ഉത്സാഹശക്തികൊണ്ടു ഹരണീയമായി ഭവിക്കുന്നു. നരകബളൂനായി നരകബളൂനായിരിക്കുന്ന അവനായിക്കൊണ്ടു ദാനം ചെയ്‌വാനായിക്കൊണ്ടു നരനെ ഞാൻ രക്ഷിക്കുന്നില്ല.

പരിഭാഷാ—അന്നസഞ്ചയം=അന്നസമൂഹം- സോദ്യമാ=ഉദ്യമത്തോടു കൂടിയത- ഉദ്യമം=ഉത്സാഹം- ഹരണീയം=ഹരിക്കപ്പെടുവാൻ ശക്യം- ഹരിക്ക=പ്രാപിപ്പിക്ക- നരകബളൂൻ=നരനെ കബളിക്കുന്നവൻ- നരൻ=മനുഷ്യൻ-കബളിക്ക=ഭക്ഷിക്ക-നരകബളൂൻ=നരകന്റെ ബളംപോലെ ഇരിക്കുന്ന ബളത്തോടു കൂടിയവൻ- നരകൻ=നരകനെന്ന അസുരൻ- ബളം=ബലം- അവൻ=ബകൻ- പ്രദാനം ചെയ്ക=കൊടുക്ക- നരൻ=മനുഷ്യൻ- രക്ഷിക്ക=കാക്ക-

ഉവ്യ. ഇത്ഥന്ദേവ്യഗ്രഭുജാനിവേദിതാവചനമാദദേവ്യഗ്രഭുജാ। എഷമമസുതോദേയസ്സ്വവിദ്യയാതസ്യചാലമസുതോദേയഃ॥

അന്വയം—ഇത്ഥം (അ) അഗ്രഭുജാ (ജ-പു-തൃ-ഏ) നിവേദിതാ (ആ-സ്ത്രീ-പ്ര-ഏ) ദേവീ (ഈ-സ്ത്രീ-പ്ര-ഏ) വ്യഗ്രഭുജാ (ആ-സ്ത്രീ-പ്ര-ഏ) വചനം (അ-ന-ദ്വി-ഏ) ആദദേ (ലിട്ട-ആ-പ-പ്ര-പു-ഏ) യഃ (യച്ഛ-പു-പ്ര-ഏ) സ്വവിദ്യയാ (ആ-സ്ത്രീ-തൃ-ഏ) തസ്യ (തച്ഛ-പു-ഷ-ഏ) ച (അ) അസുതോദേ (അ-പു-സ-ഏ) അലം (അ) സഃ (തച്ഛ-പ്ര-പു-ഏ) ഏഷഃ (ഏതച്ഛ-പു-പ്ര-ഏ) മേ (അസ്മച്ഛ-ഷ-ഏ) സുതഃ-ദേയഃ (അ-പു-പ്ര-ഏ).

അന്വയാൎത്ഥം—ഇപ്രകാരം അഗ്രഭുക്കിനാൽ നിവേദിതയായിരിക്കുന്ന ദേവി വ്യഗ്രഭുജയായിട്ടു വചനത്തെ ആദാനം ചെയ്തു. യാവനൊരുത്തൻ സ്വവിദ്യകൊണ്ടു അവന്റെയും അസുതോദത്തിങ്കൽ ശക്തനായി ഭവിക്കുന്നുവോ അവനായ ഈ എന്റെ സുതൻ ദേയനായി ഭവിക്കുന്നു.

പരിഭാഷാ—അഗ്രഭുക്ക=ബ്രാഹ്മണൻ- നിവേദിതാ=നിവേദിപ്പിക്കപ്പെട്ടവൾ- നിവേദിപ്പിക്ക=അറിയിക്ക- ദേവീ=കുന്തീ- വ്യഗ്രഭുജാ=വ്യഗ്രമായിരിക്കുന്ന ഭുജത്തോടു കൂടിയവൾ- വ്യഗ്രം=വ്യാപരിച്ചത- (ബ്രാഹ്മണന്റെ ദുഃഖനിവാരണത്തിന്നായിക്കൊണ്ടു പ്രവൎത്തിച്ചത-) ഭുജം=കയ്യ- വചനം=വാക്ക- ആദാനം

ചൈക=സ്വീകരിക്ക- (പറക എന്നസാരം.) സ്വവിദ്യാ=തന്റെ വിദ്യാ- (മന്ത്രം.)അവൻ=ബകൻ- അസൂതൊഷം=പ്രാണസംഹാരം- സുതൻ=പുത്രൻ- ദെയൻ=ദാനംചൈകപ്പെടുവാൻശക്യൻ- ദാനംചൈക=കൊടുക്കുക-

൩൯. ഇത്ഥംതത്യാജെയംബകായഭീമംസപത്നതത്യാജെയം।
സാധുഹിതാനിയതന്തെയെകൎത്തുംജഗതിപണ്ഡിതാനിയതംതെ॥

അന്വയം—ഇയം (ഇദംശ-സ്ത്രീ-പ്ര-ഏ)ഇത്ഥം(അ)സപത്നതത്യാ- (ഇ-സ്ത്രീ-തൃ-ഏ) അജെയം-ഭീമം (അ-പു-ദ്വി-ഏ) ബകായ (അ-പു-ച-ഏ) തത്യാജ (ലിട്ട-പ-പ-പ്ര-പു-ഏ)യെ (യച്ശ-പു-പ്ര-ബ) ജഗതി (ത-ന-സ-ഏ) സാധുഹിതാനി (അ-ന-ദ്വി-ബ) കൎത്തും (തു-അ) യതന്തെ (ലട്ട-ആ-പ-പ്ര-പു-ബ) തെ (തച്ശ-പു-പ്ര-ബ) നിയതം (ക്രി-വി) പണ്ഡിതാഃ (അ-പു-പ്ര-ബ).

അന്വയാൎത്ഥം—ഇവൾ ഇപ്രകാരം പറഞ്ഞിട്ട സപത്നതതിയാൽ അജെയനായിരിക്കുന്ന ഭീമനെബകനായിക്കൊണ്ടു ത്യജിച്ചു. യാവ ചിലർ ജഗത്തിങ്കൽ സാധുഹിതങ്ങളെ ചെയ്വാനായിക്കൊണ്ടു യതിക്കുന്നുവൊ അവർ നിയതമാകുംവണ്ണം പണ്ഡിതന്മാരായി ഭവിക്കുന്നു.

പരിഭാഷ—ഇവൾ=കുന്തീ- സപത്നതതി=സപത്നന്മാരുടെ തതി- സപത്നന്മാർ=ശത്രുക്കൾ- തതി=സമൂഹം- അജെയൻ=ജെയനല്ലാത്തവൻ- ജെയൻ=ജയിക്കപ്പെടുവാൻ യൊഗ്യൻ- ഭീമൻ=ഭീമസെനൻ- ത്യജിക്ക=ദാനംചെയ്ക- ജഗത്ത=ലൊകം- സാധുഹിതങ്ങൾ=സാധുക്കളുടെ ഹിതങ്ങൾ- സാധുക്കൾ=സജ്ജനങ്ങൾ- യതിക്ക=യത്നംചെയ്ക- നിയതം=നിയമത്തൊടു കൂടിയവർ- പണ്ഡിതന്മാർ=അറിവുള്ളവർ-

൪൦. തസ്മൈനവധെനുമതെഭീമെനതതൊനരാശനവധെ
നുമതെ। അന്നംസഹിതരസാളംശകടെരാശീചകാരസഹിതരസാ
ളം॥

അന്വയം—തതഃ (അ) ഭീമെന (അ-പു-തൃ-ഏ) നവധെനുമതെ (ത-പു-ച-ഏ) തസ്മൈ (തച്ശ-പു-ച-ഏ) നരാശനവധെ-അനുമതെ (അ-പു-സ-ഏ) സഃ (തച്ശ-പു-പ്ര-ഏ) ഹിതരസാ (അ) സഹിതരസാളം-അന്നം (അ-ന-ദ്വി-ഏ) ശകടെ (അ-പു-സ-ഏ) അളം (അ) രാശീചകാര (ലിട്ട-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—അനന്തരം ഭീമനാൽ നവധെനുമാനായിരി

ക്കുന്ന അവനായിക്കൊണ്ടു നരാശനവധം അനുമതമായിരിക്കും വിഷയത്തിങ്കൽ അവൻ വെഗെന സഹിതരസാളമായിരിക്കുന്ന അന്നത്തെ ശകടത്തിങ്കൽ പൎയ്യാപ്തമാക്കി രാശീകരിച്ചു.

പരിഭാഷാ—ഭീമൻ=ഭീമസെനൻ- നവധെനുമാൻ=നവകളായിരിക്കുന്ന ധെനുക്കളുള്ളവൻ- നവകം=നൂതനകം- ധെനുക്കൾ=പെററപശുക്കൾ- അവൻ=ബ്രാഹ്മണൻ- നരാശനവധം=നരാശനന്റെ വധം- നരാശനൻ=രാക്ഷസൻ- (ബകനെന്നൎത്ഥം) വധം=നിഗ്രഹം- അനുമതം=അനുമനനം ചെയ്യപ്പെട്ടത-അനുമനനം ചെയ്ക=സമ്മതിക്ക-അവൻ=ബ്രാഹ്മണൻ- സഹിതരസാളം=സഹിതയായിരിക്കുന്ന രസാളയൊടു കൂടിയത- രസാളാ=വ്യഞ്ജനവിശെഷം (വെള്ളം ചെൎക്കാതെ കലക്കിയ തൈരിൽ മുളകിൻ പൊടിയും ചുക്കിന്റെ പൊടിയും ജീരകത്തിൻ പൊടിയും പഞ്ചസാരയും ചെൎത്താൽ അതിന്നു പെർ രസാളാ എന്നാകുന്നു). അന്നം=ചൊറ- ശകടം=ചാടെന്ന വാഹനം- രാശീകരിക്ക=കൂട്ടുക-

൩൯. സാന്ദ്രാംഭൊജനവദനഃപ്രയയൌഭീമൊധിരുഹ്യഭൊജനവദനഃ। ദധദംബാസന്ദെശംപ്രാപചബലവാൻബകാധിവാസംദെശം॥

അന്വയം—ബലവാൻ (ത-പു-പ്ര-ഏ) ഭീമഃ (അ-പു-പ്ര-ഏ) അംബാസന്ദെശം (അ-പു-ദ്വി-ഏ) ദധൽ (ത-പു-പ്ര-ഏ) സാന്ദ്രാംഭൊജനവദനഃ (അ-പു-പ്ര-ഏ) ഭൊജനവൽ (ത-ന-ദ്വി-ഏ) അനഃ (സ-ന-ദ്വി-ഏ) അധിരുഹ്യ (ല്യ-അ) പ്രയയൌ (ലിട്ട-പ-പ-പ്ര-പു-ഏ) ബകാധിവാസം-ദെശം (അ-പു-ദ്വി-ഏ) പ്രാപ (ലിട്ട-പ-പ-പ്ര-പു-ഏ) ച (അ).

അന്വയാൎത്ഥം—ബലവാനായിരിക്കുന്ന ഭീമൻ അംബാസന്ദെശത്തെ ദധത്തായി സാന്ദ്രാംഭൊജനവദനനായിട്ടു ഭൊജനവത്തായിരിക്കുന്ന അനസ്സിനെ അധിരൊഹിച്ചിട്ടു പ്രയാണം ചെയ്തു. ബകാധിവാസമായിരിക്കുന്ന ദെശത്തെ പ്രാപിക്കുകയും ചെയ്തു.

പരിഭാഷാ—ബലവാൻ=വളരെ ബലമുള്ളവൻ- ഭീമൻ=ഭീമസെനൻ- അംബാസന്ദെശം=അംബയുടെ സന്ദെശം- അംബാ=മാതാവ- സന്ദെശം=നിയൊഗം- ദധത=ധരിച്ചിരിക്കുന്നവൻ- സാന്ദ്രാംഭൊജനവദനൻ=സാന്ദ്രാംഭസ്സുകളായിരിക്കുന്ന ജനവദനങ്ങളൊടു കൂടിയവൻ- സാന്ദ്രാംഭസ്സുകം=ആൎദ്രാംഭസ്സൊടു കൂടിയവ- ആൎദ്രാംഭസ്സ=കണ്ണുനീര-ജനവദനങ്ങ

ധ്വംജനങ്ങളുടെ വദനങ്ങൾ- വദനങ്ങൾ=മുഖങ്ങൾ- ഭോജനവത്ത=വളരെ ഭോജനമുള്ളത. ഭോജനം=അന്നം- അനസ്സ=ചാടെന്ന വാഹനം- അധിരോഹിക്ക=കരെറുക- പ്രയാണം ചെയ്ക=പൊക- ബകാധിവാസം=ബകന്റെ അധിവാസം- ബകൻ=ബകരാക്ഷസൻ- അധിവാസം=വാസസ്ഥാനം-

൩൨. രജനിചരാഹ്വാനനതസ്സോന്നംവദനംവിദാൎയ്യരാഹ്വാനനതഃ। ആന്ത്രൈരധികംബുഭുജൈരക്ഷസ്യഭിയാത്യഭീതിരധികംബുഭുജെ॥

അന്വയം—സഃ (തച്ഛ-പു-പ്ര-ഏ) രജനിചരാഹ്വാനനതഃ (അ-പു-പ്ര-ഏ) വദനം (അ-ന-ദ്വി-ഏ) രാഹ്വാനനതഃ (തസി-അ) വിദാൎയ്യ (ല്യ-അ-) ആന്ത്രൈഃ (അ-ന്-തൃ-ബ) അധികംബുഭുജെ (അ-ന-സ-ഏ) രക്ഷസി (സ-ന-സ-ഏ) അഭിയാത (ത-ന-സ-ഏ) അഭീതിഃ (ഇ-പു-പ്ര-ഏ) അധികം- അന്നം (അ-ന-ദ്വി-ഏ) ബുഭുജെ (ലിട്ട-ആ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം— അവൻ രജനിചരാഹ്വാനനതനായിട്ട വദനത്തെ രാഹ്വാനനത്തെക്കാൾ വിദാരണം ചെയ്തിട്ട ആന്ത്രങ്ങൾകൊണ്ട അധിഗതവലയമായിരിക്കുന്ന രക്ഷസ്സ അഭിയാതനായിരിക്കും സമയത്തിങ്കൽ ആദരിക്കാതെ അഭീതിയായിട്ട അധികമായിരിക്കുന്ന അന്നത്തെ ഭുജിച്ചു-

പരിഭാഷാ—അവൻ=ഭീമസെനൻ- രജനിചരാഹ്വാനനതൻ=രജനിചരാഹ്വാനത്തിങ്കൽ നതൻ- രജനിചരാഹ്വാനം=രജനിചരന്റെ ആഹ്വാനം- രജനിചരൻ=രാക്ഷസൻ- ആഹ്വാനം=വിളി- നതൻ=നമിച്ചവൻ- നമിക്ക=താഴുക- (മുഖം താഴ്ത്തുക എന്ന സാരം.) വദനം=മുഖം- രാഹ്വാനനം= രാഹുവിന്റെ ആനനം- ആനനം=മുഖം- വിദാരണം ചെയ്ക= അധികമായി വികസിപ്പിക്ക- ആന്ത്രങ്ങൾ=കുടരുകൾ- അധികംബുഭുജൻ= അധികംബുവായിരിക്കുന്ന ഭുജത്തൊട്ട കൂടിയവൻ- അധികംബു=അധിഗതങ്ങളായിരിക്കുന്ന കംബുക്കളൊട്ട കൂടിയത- അധിഗതങ്ങൾ=പ്രാപ്തങ്ങൾ- (ഉണ്ടാക്കി ധരിക്കപ്പെട്ടവ എന്ന സാരം) കംബുക്കൾ=വളകൾ- ഭുജം=കയ്യ- രക്ഷസ്സ=രാക്ഷസൻ- അഭിയാത്ത=അഭിയാനം ചെയ്തിരിക്കുന്നത- അഭിയാനം ചെയ്ക=എതിരായി വരിക- അഭീതി=ഭീതിയൊട്ട കൂടാത്തവൻ- ഭീതി=ഭയം- അന്നം=ചൊറ- ഭുജിക്ക=ഭക്ഷിക്ക.

൩൩. വിപുലതരശരനരാശൌനാശംഗമിതെതതൊന്നരശനരാശൌ। സവികാശസകൊപെക്ഷതൌയുയുധാതെസ്വപദബിന്ദു

ദസേകോപേതൌ॥

അന്വയം — തതഃ (അ) വിപുലതരേ (അ-പു-സ-ഏ) അശനരാശേഃ (ഇ-പു-സ-ഏ) നാശം (അ-പു-ദ്വി-ഏ) ഗമിതേ (അ-പു-സ-ഏ) തൌ (തച്ഛ-പു-പ്ര-ദ്വി) നരേശനരാശൌ (അ-പു-പ്ര-ദ്വി) കോപേ-സവികാസേ (അ-പു-സ-ഏ) സ്വേദബിന്ദുസേകോപേതൌ (അ-പു-പ്ര-ദ്വി) യുയുധാതേ (ലിട്ട്-ആ-പ്ര-പു-ദ്വി)-

അന്വയാർത്ഥം — വിപുലതരമായിരിക്കുന്ന അശനരാശിനാശത്തെ ഗമിതമായിരിക്കും വിഷയത്തിങ്കൽ ആ നരേശനരാശന്മാർ കോപം സവികാസമായിരിക്കുംവിഷയത്തിങ്കൽ സ്വേദബിന്ദുസേകോപേതന്മാരായിട്ട യോധിച്ചു-

പരിഭാഷാ — വിപുലതരം=ഏററവും വിപുലം- വിപുലം=പരപ്പുള്ളത-അശനരാശി= അന്നസമൂഹം-ഗമിതം=ഗമിപ്പിക്കപ്പെട്ടത-ഗമിപ്പിക്ക=പ്രാപിപ്പിക്ക-നരേശനരാശന്മാർ=നരേശനും നരാശനും- നരേശൻ=രാജാവ- (ഭീമസേനൻ) നരാശൻ= രാക്ഷസൻ- (ബകൻ) സവികാസം=വികാസത്തോട കൂടിയത- വികാസം=സ്ഫുടത- സ്വേദബിന്ദുസേകോപേതന്മാർ= സ്വേദബിന്ദുസേകത്തോട കൂടിയവർ- സ്വേദബിന്ദുസേകം=സ്വേദബിന്ദുക്കൾകൊണ്ടുള്ള സേകം- സ്വേദബിന്ദുക്കൾ= വിയർപ്പുനീർത്തുള്ളികൾ- സേകം=നനവ- യോധിക്ക=യുദ്ധം ചെയ്ക-

[illegible]. വിപുലോരോദോരക്ഷം വൃകോദരസ്സപദി ദത്തരോദോരക്ഷം। ശത്രുമനായാസന്തം വിക്രമ്യ യമക്ഷയം നിനായാസന്തം॥

അന്വയം — വൃകോദരഃ (അ-പു-പ്ര-ഏ) സപദി (അ) വിക്രമ്യ (ല്യ-അ) വിപുലോരോദോരക്ഷം (അ-പു-ദ്വി-ഏ) ശത്രും (ഉ-പു-ദ്വി-ഏ) അസന്തം (ത-പു-ദ്വി-ഏ) തം (തച്ഛ-പു-ദ്വി-ഏ) ദത്തരോദോരക്ഷം-അനായാസം (ക്രി-വി) യമക്ഷയം (അ-പു-ദ്വി-ഏ) നിനായ (ലിട്ട്-പ-പ-പ്ര-പു-ഏ)-

അന്വയാർത്ഥം — വൃകോദരൻ പൊടുന്നനവെ വിക്രമിച്ചിട്ട വിപുലോരോദോരക്ഷനായി ശത്രുവായി അസന്നായിരിക്കുന്ന അവനെ ദത്തരോദോരക്ഷമായിയും അനായാസമായിയുമാകുംവണ്ണം യമക്ഷയത്തെ നയിച്ചു.

പരിഭാഷാ — വൃകോദരൻ= ഭീമസേനൻ. വിക്രമിക്ക=പരാക്രമത്തെ ചെയ്ക- വിപുലോരോദോരക്ഷൻ= വിപുലങ്ങളായിരിക്കുന്ന ഉരോദോരക്ഷികളോട കൂടിയവൻ- വിപുലങ്ങൾ=വിസ്താരത്തോടകൂടിയവ- ഉരോദോരക്ഷികൾ= ഉരസ്സും ദോസ്സുക

ളും അക്ഷികളും- ഉരസ്സ്= മാറിടം- ദൊസ്സുകൾ= കൈകൾ- അ ക്ഷികൾ= കണ്ണുകൾ- അസൻ=അശൊഭനൻ- അവൻ=ബക ൻ- മത്തൊരൊമൊരക്ഷം= മത്തയായിരിക്കുന്ന രൊമൊരക്ഷയൊ ടു കൂടിയത. മത്താ=മാനംചെയ്യപ്പെട്ടത- രൊമൊരക്ഷാ= രൊമ സ്സുകളുടെ രക്ഷാ- രൊമസ്സുകൾ= ദ്യാവാപൃഥിവികൾ- (സ്വൎഗ്ഗ വും ഭൂമിയും-) അനായാസം= ആയാസത്തൊടുകൂടാത്തത- ആ യാസം=പ്രയാസം- യമക്ഷയം=യമന്റെ ക്ഷയം. യമൻ=അ ന്തകൻ- ക്ഷയം= ഗൃഹം- നയിക്ക=പ്രാപിപ്പിക്ക-

൩൮· ഗുപ്തിമുമഗ്രാമസ്യ ക്രവ്യാന്നിധനെനകൊവിമഗ്രാമ സ്യ। ഭീമസ്സവിധായാതസ്സൊമഖ്യാണാംബഭ്രുവസവിധായാതഃ॥

അന്വയം—സഃ (തച്ഛ-പു-പ്ര-ഏ) ഭീമഃ (അ-പു-പ്ര-ഏ) ക്രവ്യാന്നിധനെന (അ-ന-തൃ-ഏ) അസ്യ (ഇദംശ-പു-ഷ-ഏ) കൊവിമഗ്രാമസ്യ (അ-പു-ഷ-ഏ) ഉമഗ്രാം (ആ-സ്ത്രീ-മ്പി-ഏ) ഗുപ്തിം (ഇ-സ്ത്രീ-മ്പി-ഏ) വിധായ (ല്യ-അ) അതഃ (തസി-അ) സൊമഖ്യാണാം (അ-പു-ഷ-ബ) സവിധായാതഃ (അ-പു-പ്ര-ഏ) ബഭ്രുവ (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—ആ ഭീമൻ ക്രവ്യാന്നിധനംഹെതുവായിട്ടു ഈ കൊവിമഗ്രാമത്തിന്റെ ഉമഗ്രയായിരിക്കുന്ന ഗുപ്തിയെ വിധാനംചെയ്തിട്ടു ഇതിങ്കൽനിന്ന സൊമഖ്യന്മാരുടെ സവി ധായാതനായി ഭവിച്ചു.

പരിഭാഷാ—ഭീമൻ= ഭീമസെനൻ- ക്രവ്യാന്നിധനം= ക്ര വ്യാത്തിന്റെ നിധനം- ക്രവ്യാത്ത= രാക്ഷസൻ- നിധനം= വധം- കൊവിമഗ്രാമം=കൊവിദന്മാരുടെ ഗ്രാമം- കൊവിദന്മാ ർ=വിദ്വാന്മാർ- ഗ്രാമം=സമൂഹം- ഉമഗ്രാ=അധികാ- ഗുപ്തി=ര ക്ഷാ- വിധാനംചെയ്ക=ചെയ്ക- ഇത=ബകന്റെ ഇരിപ്പിടം- സൊമഖ്യന്മാർ= സഹൊദരന്മാർ- സവിധായാതൻ=സവിധ ത്തെ ആയാതൻ- സവിധം= സമീപം- ആയാതൻ= ആയാ നംചെയ്തവൻ- ആയാനംചെയ്ക=പ്രാപിക്ക-

൩൯· അഥഗൃഹമച്ഛസ്യസ്യമ്പിജസ്യകൊപ്യതിരാഗമച്ഛസ്യ സ്യ। സചകാരാത്രാവാസന്നാന്നാലാപാശചതസ്യരാത്രാവാസ ൻ॥

അന്വയം—അഥഃ (അ) അച്ഛഃ (അ) കൊപി (അ) അതി ഥിഃ (ഇ-പു-പ്ര-ഏ) ശസ്യസ്യ (അ-പു-ഷ-ഏ) തസ്യ (തച്ഛ-പു-ഷ-ഏ) മ്പിജസ്യ (അ-പു-ഷ-ഏ) ഗൃഹം (അ-ന-മ്പി-ഏ) ആഗമത് (ലുങ-പ-പ-പ്ര-പു-ഏ) സഃ (തച്ഛ-പു-പ്ര-ഏ) അ

ത്ര (അ) ആവാസം (അ-പു-ദ്വി-ഏ) ചകാര (ലിട്ട-പ-പ-പ്ര-പു-ഏ) തസ്യ (തച്ഛ-പു-ഷ-ഏ) രാത്രൌ (ഇ-സ്ത്രീ-സ-ഏ) നാനാ (അ) ആലാപാഃ (അ-പു-പ്ര-ബ) ആസൻ (ലങ്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—അനന്തരം അച്ഛനായിരിക്കുന്ന ഒരുഅതിഥി ശസ്തനായിരിക്കുന്ന ആ ദ്വിജന്റെ ഗൃഹത്തെ ആഗമിച്ചു. അവൻ ഇതിങ്കൽ ആവാസത്തെ ചെയ്തു. അവന്നു രാത്രിയിങ്കൽ അനേകങ്ങളായിരിക്കുന്ന ആലാപങ്ങളും ഭവിച്ചു.

പരിഭാഷാ—അച്ഛൻ=സദാചാരൻ- (നല്ലആചാരത്തൊടുകൂടിയവൻ)- അതിഥി=വഴിപോക്കൻ- ശസ്തൻ=ഉത്തമൻ- ദ്വിജൻ=ബ്രാഹ്മണൻ- ഗൃഹം=ഭവനം- ആഗമിക്ക= പ്രാപിക്ക- അവൻ= അതിഥി- ഇത= ദ്വിജഗൃഹം- ആവാസം= നിവാസം- (പാൎപ്പ) അവൻ=അതിഥി- അനേകങ്ങൾ= ബഹുക്കൾ- ആലാപങ്ങൾ= വാക്കുകൾ-

൩൭. അത്രസമുത്സവലൊലം പ്രയാതിപാഞ്ചാലനഗരമുത്സവലൊലം । സവിലാസന്ദെശെഭ്യഃക്ഷത്രസമൂഹസ്സദ്ദൂതസന്ദെശെഭ്യഃ॥

അന്വയം—അത്ര (അ) സമുൽ (ദ്വി-പു-പ്ര-ഏ) സസവലഃ (അ-പു-പ്ര-ഏ) ക്ഷത്രസമൂഹഃ (അ-പു-പ്ര-ഏ) സദ്ദൂതസന്ദെശെഭ്യഃ-ദെശെഭ്യഃ (അ-പു-പ-ബ) അലം (അ) ഉത്സവലൊലം- പാഞ്ചാലനഗരം (അ-ന-ദ്വി-ഏ) സവിലാസം (ക്രി-വി) പ്രയാതി (ലട്ട-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—ഇന്നുസമുത്തായി സവലമായിരിക്കുന്ന ക്ഷത്രസമൂഹം സദ്ദൂതസന്ദെശങ്ങളായിരിക്കുന്ന ദെശങ്ങളിൽ നിന്ന ഏററവും ഉത്സവലൊലമായിരിക്കുന്ന പാഞ്ചാലനഗരത്തെ കുറിച്ചു സവിലാസമാകുംവണ്ണം പ്രയാണം ചെയ്യുന്നു.

പരിഭാഷാ—സമുത്ത=മുത്തൊടു കൂടിയത- മുത്ത=സന്തൊഷം_ സവലം=വലത്തൊടുകൂടിയത- വലം=ബലം-(സൈന്യം) ക്ഷത്രസമൂഹം=ക്ഷത്രന്മാരുടെ സമൂഹം- ക്ഷത്രന്മാർ=രാജാക്കന്മാർ- സദ്ദൂതസന്ദെശങ്ങൾ=ദൂതസന്ദെശത്തൊടു കൂടിയവ- ദൂതസന്ദെശം=ദൂതപ്രാപിതമായിരിക്കുന്ന സന്ദെശം- ദൂതപ്രാപിതം=ദൂതന്മാരാൽ പ്രാപിതം- പ്രാപിതം=പ്രാപിപ്പിക്കപ്പെട്ടത- സന്ദെശം=സന്ദെശപത്രികാ_ ഉത്സവലൊലം=ഉത്സവംഹെതുവായിട്ടു ലൊലം- ഉത്സവം=സ്വയംവരൊത്സവം- ലൊലം=ഇളകിയത- (ഇളകിയിരിക്കുന്ന ജനങ്ങളൊടു കൂടിയതെന്നു സാരം-) പാഞ്ചാ

ലനഗരം=പാഞ്ചാലന്റെ നഗരം- പാഞ്ചാലൻ=പാഞ്ചാലരാജാവ- നഗരം=രാജധാനി- സവിലാസം=വിലാസത്തോടുകൂടിയതു. വിലാസം=ശോഭാ- പ്രയാണംചെയ്ക=ഗമിക്ക-

നൃപ. പദ്മനികാശാസ്യായാഃ പാഞ്ചാല്യാസ്സകലകാമുകാശാസ്യായാഃ। തത്രസശോഭവിതാനസ്സ്വയംവരഃപ്രീതയെദൃശൊഭവിതാനഃ॥

അന്വയം—തത്ര (അ) പദ്മനികാശാസ്യായാഃ_ സകലകാമുകാശാസ്യായാഃ (ആ-സ്ത്രീ-ഷ-ഏ) പാഞ്ചാല്യാഃ (ഈ-സ്ത്രീ-ഷ-ഏ) സശോഭവിതാനഃ- സ്വയംവരഃ (അ-പു-പ്ര-ഏ) നഃ (അസ്മച്ഛ-ഷ-ബ) ദൃശഃ (ശ-സ്ത്രീ-ഷ-ഏ) പ്രീതയെ (ഇ-സ്ത്രീ-ച-ഏ) ഭവിതാ (ലുട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അതിങ്കൽ പദ്മനികാശാസ്യയായി സകലകാമുകാശാസ്യയായിരിക്കുന്ന പാഞ്ചാലിയുടെ സശോഭവിതാനമായിരിക്കുന്ന സ്വയംവരം നമ്മുടെ ദൃക്കിന്ന പ്രീതിക്കായിക്കൊണ്ടുഭവിക്കും.

പരിഭാഷാ—അത്ര=പാഞ്ചാലനഗരം. പദ്മനികാശാസ്യാ=പദ്മനികാശമായിരിക്കുന്ന ആസ്യത്തോടുകൂടിയവൾ. പദ്മനികാശം=പദ്മത്തോടു സദൃശം. പദ്മം=താമരപ്പൂവ. ആസ്യം=മുഖം. സകലകാമുകാശാസ്യാ=സകലകാമുകന്മാരാൽ ആശാസ്യാ. സകലകാമുകന്മാർ=സകലന്മാരായിരിക്കുന്ന കാമുകന്മാർ. സകലന്മാർ=ഒട്ടൊഴിയാതെ ഉള്ളവർ. കാമുകന്മാർ=കാമികൾ. ആശാസ്യാ=ആശാസിക്കപ്പെടുവാൻ യൊഗ്യാ. ആശാസിക്ക=ഇച്ഛിക്ക. സശോഭവിതാനം=സശോഭമായിരിക്കുന്ന വിതാനത്തോടുകൂടിയതു. സശോഭം=ശോഭയോടു കൂടിയതു. വിതാനം=മെലാപ്പ. ദൃക്ക=കണ്ണു. പ്രീതി=സന്തോഷം.

നൻ. യദിവൊരുചിരായാതസ്സ്വയംവരാശ്വഏവരുചിരായാതഃ॥ സഹിബഹുവിത്തസ്സ്വനഃപ്രാപ്യാനാംസുലഭമത്രവിത്തസ്സ്വനഃ॥

അന്വയം—വഃ (യുഷ്മച്ഛ-ഷ-ബ) രുചിഃ (ഇ-സ്ത്രീ-പ്ര-ഏ) യദി (അ) ശ്വഃ (അ) ഏവ (അ) രുചിരായ-സ്വയംവരായ- (അ-പു-ച-ഏ) അതഃ (തസി-അ) ആയാത (ലൊട്ട-പ-മ-പു-ബ) സഃ (തച്ഛ-പു-പ്ര-ഏ) ബഹുവിത്തഃ-സ്വനഃ-ഹി-അത്ര-(അ) പ്രാപ്യാനാം(അ-പു-ഷ-ബ) നഃ (അസ്മച്ഛ-ഷ-ബ) സ്വം-സുലഭം (അ-ന-ദ്വി-ഏ) വിത്ത (ലൊട്ട-പ-പ-മ-പു-ബ)-

അന്വയാൎത്ഥം—നിങ്ങൾക്കു രുചിഭവിക്കുന്നു എങ്കിൽ നാളെ തന്നെ രുചിരമായിരിക്കുന്ന സ്വയംവരത്തിന്നായിക്കൊണ്ടു ഇവിടെ നിന്നു ആയാനംചെയ്യാലും. അതു ബഹുവിത്തമായിട്ടും സ്വന്നമായിട്ടും ഭവിക്കുന്നു. ഇതിങ്കൽ പ്രാപ്തന്മാരായിരിക്കുന്ന നമുക്കു സ്വത്തെ സുലഭമെന്നു അറിഞ്ഞാലും.

പരിഭാഷാ—രുചി=ഇഷ്ടം. രുചിരം=മനൊഹരം. ആയാനം ചെയ്ക=പൊരിക. അതു=സ്വയംവരം. ബഹുവിത്തം=ബഹുവായിരിക്കുന്ന വിത്തത്തൊടു കൂടിയതു. ബഹു=അനല്പം. (വളരെ ഉള്ളതു.) വിത്തം=ധനം. ഇതു=സ്വയംവരം. പ്രാപ്തന്മാർ=പ്രാപിച്ചവർ. സ്വം=ധനം. സുലഭം=സുഖെന ലഭിക്കപ്പെടുന്നതു.

൧൦. ഇതിസരസംസദ്യൊഗാശ്രുത്വാപാൎത്ഥാസ്സപാന്ഥസം
സദ്യൊഗാഃ। പ്രയയുൎവ്വിപ്രക്ഷയതഃപ്രീതാഃപൃഥയാസഹൈവ
വിപ്രക്ഷയതഃ॥

അന്വയം—പാൎത്ഥാഃ (അ-പു-പ്ര-ബ) സരസം (ക്രി-വി) ഇതി (അ) ഗാഃ (ഒ-സ്ത്രീ-ദ്വി-ബ) ശ്രുത്വാ (ക്ത്വാ-അ) സദ്യഃ (അ) പൃഥയാ (ആ-സ്ത്രീ-തൃ-ഏ) സഹ-ഏവ (അ) സപാന്ഥസംസദ്യൊഗാഃ (അ-പു-പ്ര-ബ) വിപ്രക്ഷയതഃ-വിപ്രക്ഷയതഃ (അ) പ്രീതാഃ (അ-പു-പ്ര-ബ) പ്രയയുഃ (ലിട്-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം—പാൎത്ഥന്മാർ സരസമാകുംവണ്ണം ഇപ്രകാരമുള്ള ഗൊക്കളെ ശ്രവിച്ചിട്ടു പൊടുന്നനവെ പൃഥയൊടു കൂടെതന്നെ സപാന്ഥസംസദ്യൊഗന്മാരായിട്ടു വിപ്രക്ഷയമായിരിക്കുന്ന വിപ്രക്ഷയത്തിങ്കൽ നിന്നു പ്രീതന്മാരായിട്ടു പ്രയാണംചെയ്തു.

പരിഭാഷാ—പാൎത്ഥന്മാർ=യുധിഷ്ഠിരാദികൾ. സരസം=രസത്തൊടു കൂടിയതു. രസം=രാഗം. ഗൊക്കൾ=വാക്കുകൾ. ശ്രവിക്ക=കെൾക്ക. പൃഥാ=കുന്തി. സപാന്ഥസംസദ്യൊഗന്മാർ=പാന്ഥസംസദ്യൊഗത്തൊടു കൂടിയവർ. പാന്ഥസംസദ്യൊഗം=പാന്ഥസംസത്തൊടുള്ളയൊഗം. പാന്ഥസംസത്തു=പാന്ഥന്മാരുടെസംസത്തു. പാന്ഥന്മാർ=വഴിപൊക്കർ. സംസത്തു=സഭാ. യൊഗം=ചെൎച്ച. വിപ്രക്ഷയം=പ്രക്ഷയത്തൊടു വെർപെട്ടതു. പ്രക്ഷയം=പ്രകൃഷ്ടമായിരിക്കുന്നക്ഷയം. പ്രകൃഷ്ടം=ഉൽകൃഷ്ടം. വിപ്രക്ഷയം=വിപ്രന്റെക്ഷയം. വിപ്രൻ=ബ്രാഹ്മണൻ. ക്ഷയം=ഗൃഹം. പ്രീതന്മാർ=സന്തൊഷിച്ചവർ.

൧൧. തൈഃക്ഷണദാവെലായാംസഞ്ചരന്തസരിൽസമുദ്രമാ

വെലായാം। അധരിതസുരസംയദ്ഭിസ്സുരനദ്യാംപദമതാനിസ്സുര സംയദ്ഭിഃ॥

അന്വയം — അധരിതസുരസംയദ്ഭിഃ (ത-പു-തൃ-ബ) സുരസം (ക്രി-വി) യദ്ഭിഃ (ത-പു-തൃ-ബ) തൈഃ (തച്ഛ-പു-തൃ-ബ) സഞ്ഛന്നസരിൽസമുദ്രദാവെലായാം- ക്ഷണദാവെലായാം- (ആ-സ്ത്രീ-സ-ഏ) സുരനദ്യാം (ഈ-സ്ത്രീ-സ-ഏ) പദം (അ-ന-പ്ര-ഏ) അതാനി (ലുങ്-ആ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം — അധരിതസുരസംയത്തുകളായി സുരസമാകും വണ്ണം യത്തുകളായിരിക്കുന്ന അവരാൽ സഞ്ഛന്നസരിൽസമുദ്രദാവെലയായിരിക്കുന്ന ക്ഷണദാവെലയിങ്കൽ സുരനദിയിങ്കൽ പദം ചെയ്യപ്പെട്ടു.

പരിഭാഷാ — അധരിതസുരസംയത്തുകൾ=അധരിതയായിരിക്കുന്ന സുരസംയത്തൊടു കൂടിയവർ- അധരിതാ=അധരയാക്കപ്പെട്ടത- അധരാ=താഴെയുള്ളത- സുരസംയത്ത=സുരന്മാരുടെ സംയത്ത- സുരന്മാർ=ദെവന്മാർ- സംയത്ത=യുദ്ധം- സുരസം=ശൊഭനമായിരിക്കുന്ന രസത്തൊടു കൂടിയത- രസം=രാഗം- യത്തുകൾ=ഗമിച്ചിയങ്ങുന്നവർ- അവർ=പാൎത്ഥന്മാർ- സഞ്ഛന്നസരിൽസമുദ്രദാവെലാ=സഞ്ഛന്നകളായിരിക്കുന്ന സരിൽസമുദ്രദാവെലകളൊടു കൂടിയത- സഞ്ഛന്നകൾ=നല്ലവണ്ണം ഛന്നകൾ- ഛന്നകൾ=ഛദിക്കപ്പെട്ടവ- ഛദിക്ക=മറയ്ക്കുക- (ഇരുട്ടുകൊണ്ടു കണ്ടുകൂടാതെ ആക്കുക) സരിൽസമുദ്രദാവെലകൾ=സരിത്തും സമുദ്രവും ദാവെലയും. സരിത്ത=നദി. സമുദ്രം=കടൽ. ദാവെലാ=വനഭൂമി. ക്ഷണദാവെലാ=ക്ഷണദയുടെ വെലാ. ക്ഷണദാ=രാത്രി. വെലാ= സമയം. സുരനദി=ദെവനദി (ഗംഗാ) പദം=പാദന്യാസം (അടിവെപ്പ്).

൭൨. അഥപൃഥുരാഗമദസ്ത്രീസാൎത്ഥഃപാൎത്ഥാൻരുരുത്സുരാഗമദസ്ത്രീ। ഗന്ധൎവ്വാധീശസ്സ്വാംശ്ചിത്രരഥൊനാമശത്രുബാധീശസ്യാൻ॥

അന്വയം — അഥ (അ) പൃഥുരാഗമദസ്ത്രീസാൎത്ഥഃ (അ-പു-പ്ര-ഏ) അസ്ത്രീ (ന-പു-പ്ര-ഏ) ശത്രുബാധീ (ന-പു-പ്ര-ഏ) ചിത്രരഥഃ (അ-പു-പ്ര-ഏ) നാമ (അ) ഗന്ധൎവ്വാധീശഃ (അ-പു-പ്ര-ഏ) ശസ്യാൻ (അ-പു-ദ്വി-ഏ) താൻ (തച്ഛ-പു-ദ്വി-ബ) പാൎത്ഥാൻ (അ-പു-ദ്വി-ബ) രുരുത്സുഃ (ഉ-പു-പ്ര-ഏ) ആഗമൽ (ലുങ്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം — അനന്തരം പൃഥുരാഗമദസ്ത്രീസാൎത്ഥനായി അ

സ്ത്രീയായി ശത്രുബാധിയായി ചിത്രരഥനെന്ന പ്രസിദ്ധനായിരിക്കുന്ന ഗന്ധൎവ്വാധീശൻ ശസ്തന്മാരായിരിക്കുന്ന പാൎത്ഥന്മാരെ രുരുത്സുവായിട്ട ആഗമിച്ചു.

പരിഭാഷാ—വൃദ്ധരാഗമദസ്ത്രീസാൎത്ഥൻ= വൃദ്ധരാഗമദമായിരിക്കുന്ന സ്ത്രീസാൎത്ഥത്തൊട കൂടിയവൻ. വൃദ്ധരാഗമദം=വൃദ്ധങ്ങളായിരിക്കുന്ന രാഗമദങ്ങളൊട കൂടിയത. വൃദ്ധങ്ങൾ=വൎദ്ധിച്ചവ. രാഗമദങ്ങൾ=രാഗവും മദവും. രാഗം=അനുരാഗം. മദം=സന്തൊഷാതിശയം. സ്ത്രീസാൎത്ഥം=സ്ത്രീസമൂഹം. അസ്ത്രീ=അസ്ത്രമുള്ളവൻ. അസ്ത്രം=ആയുധം. ശത്രുബാധി=ശത്രുക്കളെ ബാധിക്കുന്നവൻ. ബാധിക്ക=ഉപദ്രവിക്ക. ഗന്ധൎവ്വാധീശൻ=ഗന്ധൎവ്വാധിപതി. ശസ്തന്മാർ=ഉത്തമന്മാർ. അവർ=യുധിഷ്ഠിരാദികൾ. രുരുത്സു=രൊധിപ്പാനായിക്കൊണ്ട ഇച്ഛിക്കുന്നവൻ. രൊധിക്ക=തടുക്കുക. ആഗമിക്ക=വരിക.

൬൨. ന്യരുണദ്വെലാതീതം സമുദ്രമിവജിഷ്ണുരാഹവെലാതീതം।
ക്ഷിപ്തമഹാസ്ത്രസ്തസ്യവ്യധത്തഭംഗഞ്ചഗുരുമഹാസ്ത്രസ്തസ്യ॥

അന്വയം—ഗുരുമഹാഃ (സ-പു-പ്ര-ഏ) ജിഷ്ണുഃ (ഉ-പു-പ്ര-ഏ) ആഹവെ (അ-പു-സ-ഏ) അലാതി (ന-പു-സ-ഏ) വെലാതീതം (അ-പു-ദ്വി-ഏ) തം (അ-പു-ദ്വി-ഏ) വെലാതീതം-സമുദ്രം (അ-പു-ദ്വി-ഏ) ഇവ (അ) ന്യരുണൽ (ലങ്-പ-പ-പ്ര-പു-ഏ) ക്ഷിപ്തമഹാസ്ത്രഃ (അ-പു-പ്ര-ഏ) ത്രസ്തസ്യ (അ-പു-ഷ-ഏ) തസ്യ (തച്ഛ-പു-ഷ-ഏ) ഭംഗം (അ-പു-ദ്വി-ഏ) വ്യധത്ത- (ലങ്-ആ-പ-പ്ര-പു-ഏ) ച (അ).

അന്വയാൎത്ഥം—ഗുരുമഹസ്സായിരിക്കുന്ന ജിഷ്ണു ആഹവത്തിങ്കൽ അലാതിയായിട്ട വെലാതീതനായിരിക്കുന്ന അവനെ വെലാതീതമായിരിക്കുന്ന സമുദ്രത്തെ എന്നപൊലെ നിരൊധിച്ചു- ക്ഷിപ്തമഹാസ്ത്രനായിട്ട ത്രസ്തനായിരിക്കുന്ന അവന്റെ ഭംഗത്തെ ചെയ്കയും ചെയ്തു-

പരിഭാഷ—ഗുരുമഹസ്സ=ഗുരുവായിരിക്കുന്ന മഹസ്സൊട കൂടിയവൻ- ഗുരു=വലുതായിരിക്കുന്നത- മഹസ്സ=തെജസ്സ- ജിഷ്ണു=അൎജ്ജുനൻ- ആഹവം=യുദ്ധം- അലാതി=അലാതമുള്ളവൻ- അലാതം=തീക്കൊള്ളി- വെലാതീതൻ=വെലയെ അതീതൻ- വെലാ=സമയം- അതീതൻ=അതിക്രമിച്ചവൻ- വെലാതീതം=വെലയെ അതീതം- വെലാ=മൎയ്യാദാ- അതീതം=അതിക്രമിച്ചത-നിരൊധിക്ക=തടുക്കുക- ക്ഷിപ്തമഹാസ്ത്രൻ=ക്ഷിപ്തമായിരിക്കുന്ന മഹാസ്ത്രത്തൊട കൂടിയവൻ- ക്ഷിപ്തം=ക്ഷെപിക്കപ്പെട്ടത-ക്ഷെ

പിക്ക=പ്രയോഗിക്ക- മഹാസ്ത്രം=മഹത്തായിരിക്കുന്ന അസ്ത്രം (ആഗ്നേയാസ്ത്രമെന്നസാരം) ത്രസ്തൻ=ഭീതൻ- (ഭയപ്പെട്ടവൻ) അവൻ=ചിത്രരഥൻ- ഭംഗം=മട്ടനം-

൭൪. തസ്യചതാപത്യാഗാശ്ശ്രുത്വാവിവിധാവിതീൎണ്ണതാപത്യാഗാഃ। പ്രയയുൎവ്വിപ്രാപെതൈൎദ്ധൌമ്യോഥഗുരുശ്ചവനഭുവിപ്രാപെതൈഃ॥

അന്വയം—താപത്യാഃ (അ-പു-പ്ര-ബ) വിതീൎണ്ണതാപത്യാഗാഃ-വിവിധാഃ (ആ-സ്ത്രീ-ദ്വി-ബ) തസ്യ (തച്ഛ-പു-ഷ-ഏ) ഗാഃ (ഒ-സ്ത്രീ-ദ്വി-ബ) ശ്രുത്വാ (ക്ത്വാ-അ) പ്രയയുഃ (ലിട്ട-പ-പ-പ്ര-പു-ബ) വിപ്രാപെതൈഃ (അ-പു-തൃ-ബ) തൈഃ (തച്ഛ-പു-തൃ-ബ) അഥ (അ) വനഭുവി (ഊ-സ്ത്രീ-സ-ഏ) ധൌമ്യഃ (അ-പു-പ്ര-ഏ) ഗുരുഃ (ഉ-പു-പ്ര-ഏ) പ്രാപെ (ലിട്ട-ആ-പ-പ്ര-പു-ഏ) ച (അ)-

അന്വയാൎത്ഥം—താപത്യന്മാർ വിതീൎണ്ണതാപത്യാഗകളായി വിവിധകളായിരിക്കുന്ന അവന്റെ ഗോക്കളെ ശ്രവിച്ചിട്ട പ്രയാണം ചെയ്തു. വിപ്രാപെതന്മാരായിരിക്കുന്ന അവരാൽ അനന്തരം വനഭുവിങ്കൽ ധൌമ്യനാകുന്ന ഗുരു പ്രാപിക്കപ്പെട്ടുകയും ചെയ്തു.

പരിഭാഷാ—താപത്യന്മാർ=തപതിഎന്ന സ്ത്രീയുടെ വംശത്തിങ്കൽ ജനിച്ചവർ- (യുധിഷ്ഠിരാദികളെന്നു സാരം) വിതീൎണ്ണതാപത്യാഗകൾ=വിതീൎണ്ണമായിരിക്കുന്ന താപത്യാഗത്തൊടു കൂടിയവ. വിതീൎണ്ണം=വിതരണം ചെയ്യപ്പെട്ടത- വിതരണം ചെയ്ക=ദാനം ചെയ്ക- താപത്യാഗം=താപഹാനി- വിവിധകൾ=നാനാപ്രകാരകൾ- അവൻ=ചിത്രരഥൻ- ഗോക്കൾ=വാക്കുകൾ- ശ്രവിക്ക=കെൾക്ക- പ്രയാണം ചെയ്ക=പൊക- വിപ്രാപെതന്മാർ=വിപ്രന്മാരൊടു വെർപെട്ടവൻ- അവർ=യുധിഷ്ഠിരാദികൾ- വനഭൂ=വനഭൂമി- ധൌമ്യൻ=ധൌമ്യനെന്നമഹൎഷി- പ്രാപിക്ക=ലഭിക്ക.

൭൫. തെഖലുസമിജ്ജവപക്ഷാഃപാഞ്ചാലപുരംസമെത്യസമിജ്ജവപക്ഷാഃ। ഗൃദ്ധ്രാകാരാവാസംചക്രുസ്തംപ്രാപ്യകുംഭകാരാവാസം॥

അന്വയം—തെ (തച്ഛ-പു-പ്ര-ബ) ഖലു (അ) സമിജ്ജവപക്ഷാഃ (ക്ഷ-പു-പ്ര-ബ) ഗൃദ്ധ്രാകാരാഃ (അ-പു-പ്ര-ബ) സമിജ്ജവപക്ഷാഃ (ക്ഷ-പു-പ്ര-ബ) പാഞ്ചാലപുരം (അ-പു-ദ്വി-ഏ) എത്യ (ല്യ-അ) കുംഭകാരാവാസം (അ-പു-ദ്വി-ഏ) സംപ്രാപ്യ

(ല്യ-അ) വാസം (അ-പു-ദ്വി-ഏ) ചക്രുഃ (ലിട്ട്-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം—അവർ സദ്വിജവപുസ്സുകളായി ഗൂഢാകാരന്മാരായി സദ്വിജവപുട്ടുകളായിട്ടു പാഞ്ചാലപുരത്തെ പ്രാപിച്ചിട്ടു കുംഭകാരാവാസത്തെ സംപ്രാപിച്ചിട്ടു വാസത്തെ ചെയ്തു.

പരിഭാഷാ—അവർ=യുധിഷ്ഠിരാദികൾ- സദ്വിജവപുസ്സുകൾ=ദ്വിജവപുസ്സുകളോടുകൂടിയവർ- ദ്വിജവപുസ്സ=ബ്രാഹ്മണശരീരം-(ബ്രാഹ്മണവേഷമെന്നസാരം) ഗൂഢാകാരന്മാർ= ആകൃതിയെ മറച്ചവർ- സദ്വിജവപുട്ടുകൾ=സദ്വിജവത്തെ പോഷിച്ചവർ- സദ്വിജവം=സദ്വിയുടെ ജവം- സദ്വി=സത്തായിരിക്കുന്ന വി- സത്ത=ശോഭനം- വി=പക്ഷി- ജവം=വേഗം- പോഷിക്ക=പ്രാപിക്ക- പാഞ്ചാലപുരം=പാഞ്ചാലനഗരം- കുംഭകാരാവാസം=കുംഭകാരഗൃഹം- സംപ്രാപിക്ക=പ്രാപിക്ക- വാസം=ഇരിപ്പു-

൬൩. അഥസദനീകച്ഛത്രാഃസംപ്രാപുസ്സകലവനധുനീകച്ഛത്രാഃ। സംഘാവസുധാപാനാംധിയംദധാനസ്സ്മൃതോത്സവവസുധാപാനാം॥

അന്വയം—അഥ (അ) സദനീകച്ഛത്രാഃ-സകലവനധുനീകച്ഛത്രാഃ (അ-പു-പ്ര-ബ) വസുധാപാനാം(അ-പു-ഷ-ബ) സംഘഃ (അ-പു-പ്ര-ബ)സ്മൃതോത്സവവസുധാപാനാം (ആ-സ്ത്രീ-ദ്വി-ഏ) ധിയം (ഈം-സ്ത്രീ-ദ്വി-ഏ) ദധാനഃ (അ-പു-പ്ര-ഏ) സംപ്രാപുഃ (അ-പു-പ്ര-ഏ)-

അന്വയാൎത്ഥം—അനന്തരം സദനീകഛത്രമായി സകലവനധുനീകഛത്രമായിരിക്കുന്ന വസുധാപന്മാരുടെ സംഘാസ്മൃതോത്സവസുധാപാനയായിരിക്കുന്ന ധിയിനെ ദധാനമായിട്ടു സംപ്രാപ്തമായി.

പരിഭാഷാ—സദനീകച്ഛത്രം= സത്തുകളായിരിക്കുന്ന അനീകച്ഛത്രങ്ങളോടുകൂടിയത- സത്തുകൾ=ശോഭനങ്ങൾ- അനീകച്ഛത്രങ്ങൾ= അനീകവും ഛത്രവും- അനീകം=സേനാ- ഛത്രം=കുട- സകലവനധുനീകച്ഛത്രം= സകലവനധുനീകഛങ്ങളെ ത്രാണം ചെയ്യുന്നത- സകലവനധുനീകച്ഛങ്ങൾ= സകലങ്ങളായിരിക്കുന്ന വനധുനീകഛങ്ങൾ- സകലങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ- വനധുനീകച്ഛങ്ങൾ= വനങ്ങളും ധുനീകച്ഛങ്ങളും- വനങ്ങൾ= കാടുകൾ- ധുനീകച്ഛങ്ങൾ= നദീതീരങ്ങൾ- (പുഴവക്കുകൾ) ത്രാണം ചെയ്ക=രക്ഷിക്ക- വസുധാപന്മാർ= രാജാക്കന്മാ

ർ- സംഘം=സമൂഹം- സ്മൃതോത്സവസുധാപാനാ= സ്മൃതമായിരിക്കുന്ന ഉത്സവസുധാപാനത്തോടുകൂടിയത- സ്മൃതം=സ്മരിക്കപ്പെട്ടത- ഉത്സവസുധാപാനം= ഉത്സവസുധയുടെ പാനം- ഉത്സവസുധാ= ഉത്സവമാകുന്നസുധാ- ഉത്സവം= സ്വയംവരൊത്സവം- സുധാ=അമൃതം- ധീ=ചിത്തം- ദധാനം=ധരിച്ചിയങ്ങുന്നത- സംപ്രാപുഃ=സംപ്രാപിച്ചുത- സംപ്രാപിക്ക= വരിക-

൭൦. സംഭൃതനരകരിപൂരസ്ഥലശ്രിതശ്രീകടാക്ഷനരകരിപൂരഃ । സഹലലനാമോഹളിനായദുസംഘോഭ്യാഗമൽസനാമോഹളിനാ॥

അന്വയം— സംഭൃതനരകരിപൂരസ്ഥലശ്രിതശ്രീകടാക്ഷനരകരിപൂരഃ- യദുസംഘഃ (അ-പു-പ്ര-ഏ) ലലനാമോഹളിനാ-ഹളിനാ (ന-പു-തൃ-ഏ) സഹ (അ) സനാമഃ (അ-പു-പ്ര-ഏ) അഭ്യാഗമൽ (ലുങ്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—സംഭൃതനരകരിപൂരസ്ഥലശ്രിത ശ്രീകടാക്ഷനരകരിപൂരമായിരിക്കുന്ന യദുസംഘം ലലനാമോഹളിയായിരിക്കുന്ന ഹളിയൊടുകൂടെ സനാമമായിട്ട അഭ്യാഗമിച്ചു.

പരിഭാഷാ—സംഭൃതനരകരിപൂരസ്ഥലശ്രിതശ്രീകടാക്ഷനരകരിപൂരം= സംഭൃതങ്ങളായിരിക്കുന്ന നരകരിപൂരസ്ഥലശ്രിതശ്രീകടാക്ഷനരകരിപൂരങ്ങളോടു കൂടിയത- സംഭൃതം= സംഭരിക്കപ്പെട്ടത- സംഭരിക്ക=നല്ലവണ്ണം- ഭരിക്ക- നരകരിപൂരസ്ഥലശ്രിതശ്രീകടാക്ഷനരകരിപൂരങ്ങൾ= നരകരിപൂരസ്ഥലശ്രിത ശ്രീകടാക്ഷവും നരകരിപൂരവും- നരകരിപൂരസ്ഥലശ്രിതശ്രീകടാക്ഷം= നരകരിപൂരസ്ഥലശ്രിതശ്രീയുടെ കടാക്ഷം- നരകരിപൂരസ്ഥലശ്രിതശ്രീ= നരകരിപൂരസ്ഥലശ്രിതയായിരിക്കുന്ന ശ്രീ- നരകരിപൂരസ്ഥലശ്രിതാ= നരകരിപൂരസ്ഥലത്തെശ്രിതാ- നരകരിപൂരസ്ഥലം= നരകരിപുവിന്റെ ഉരസ്ഥലം- നരകരിപു=ശ്രീകൃഷ്ണൻ- ഉരസ്ഥലം= മാറിടം- ശ്രിതാ=ശ്രയിച്ചവൾ-ശ്രയിക്ക=ആശ്രയിക്ക- ശ്രീ=ശ്രീഭഗവതി- കടാക്ഷം= അപാംഗദശനം- (വാല്ക്കണ്ണുകൊണ്ടുള്ള നൊക്കൽ) നരകരിപൂരം= നരകരികളുടെ പൂരം- നരകരികൾ= നരന്മാരും കരികളും- നരന്മാർ= മനുഷ്യർ- കരികൾ= ഗജങ്ങൾ- യദുസംഘം= യദുക്കളുടെ സംഘം-യദുക്കൾ= യാദവന്മാർ- ലലനാമോഹളി= ലലനാമോഹമുള്ളവൻ- ലലനാമോഹം= ലലനമാരിലുള്ളമോഹം- ലലനമാർ= സ്ത്രീകൾ- മോഹം= ഇച്ഛ- ഹളി= ബലഭദ്രൻ- സനാമം=നാമത്തോടുകൂടിയത- നാമം=ശബ്ദം- അഭ്യാഗമിക്ക= വരിക-

൨൪. വംശേ പൂരോരുർവ്വരയാ സഹജശ്രേണ്യാ സസൈന്യപൂരോർവ്വരയാ । ദ്രുതഗിരാ കർണ്ണനതാസ്സുയോധനോ ഗാത് സ്വയംവരാകർണ്ണനതഃ ॥

അന്വയം — പൂരോഃ (ഉ-പു-ഷ-ഏ) വംശേ (അ-പു-സ-ഏ) സുയോധനഃ (അ-പു-പ്ര-ഏ) ദ്രുതഗിരാ (രെഫാ-സ്ത്രീ-തൃ-ഏ) സ്വയംവരാകർണ്ണനതഃ (തസി-അ) സസൈന്യപൂരോർവ്വരയാ- വരയാ (ആ-സ്ത്രീ-തൃ-ഏ) സഹജശ്രേണ്യാ (ംരം-സ്ത്രീ-തൃ-ഏ) കർണ്ണനതഃ (അ-പു-പ്ര-ഏ, അഗാൽ (ലുങ-പ-പ-പ്ര-പു ഏ)-

അന്വയാർത്ഥം — പൂരുവിന്റെ വംശത്തിങ്കൽ ജാതനായിരിക്കുന്ന സുയോധനൻ ദ്രുതഗീരകൊണ്ടു സ്വയംവരാകർണ്ണനം ഹേതുവായിട്ടു സസൈന്യപൂരോർവ്വരയായി വരയായിരിക്കുന്ന സഹജശ്രേണിയോടുകൂടെ കർണ്ണനതനായിട്ടു പ്രാപിച്ചു.

പരിഭാഷാ — പൂരു=പൂരുഎന്നരാജാവു- വംശം=കുലം- ജാതൻ=ജനിച്ചവൻ- സുയോധനൻ=ദുര്യോധനൻ- ദ്രുതഗീർ=ദൂതന്റെ ഗീർ- ഗീർ=വാക്ക- സ്വയംവരാകർണ്ണനം= സ്വയംവരത്തിന്റെ ആകർണ്ണനം- ആകർണ്ണനം= ശ്രവണം- സസൈന്യപൂരോർവ്വരാ= സൈന്യപൂരോർവ്വരകളോടുകൂടിയതു- സൈന്യപൂരോർവ്വരങ്ങൾ= സൈന്യപൂരവും ഉർവ്വരയും- സൈന്യപൂരം= സൈന്യസമൂഹം- ഉർവ്വരാ=ഭൂമി- വരാ=ശ്രേഷ്ഠാ- സഹജശ്രേണീ= സഹജന്മാരുടെ ശ്രേണീ- സഹജന്മാർ= സഹൊദരന്മാർ- ശ്രേണീ= സമൂഹം- കർണ്ണനതൻ=കർണ്ണനാൽനതൻ- കർണ്ണൻ= കർണ്ണനെന്ന രാജാവു- നതൻ=നമിക്കപ്പെട്ടവൻ- നമിക്ക= നമസ്കരിക്ക-

൨൫. തെരിപുസാദഭ്രമമാവിവിശുഃ പരമേണരംഹസാദഭ്രമാഃ । ദ്രുപദചാപാഞ്ചാല്യാരംഗഭുവം രചിതയന്ത്രചാപാഞ്ചാല്യാഃ ॥

അന്വയം — രിപുസാദഭ്രമമാഃ (അ-പു-പ്ര-ബ) ദ്രുപദചാ (ചാ-സ്ത്രീ-തൃ-ഏ) അദഭ്രമമാഃ (അ-പു-പ്ര-ബ) തെ (തദ്-പു-പ്ര-ബ) പരമേണ (അ-ന-തൃ-ഏ) രംഹസാ (സ-ന-തൃ-ഏ) ചാല്യാഃ (അ-പു-പ്ര-ബ) പാഞ്ചാല്യാഃ (ംരം-സ്ത്രീ-ഷ-ഏ) രചിതയന്ത്രചാപാം (ആ-സ്ത്രീ-ദ്വി-ഏ) രംഗഭുവം (ഊ-സ്ത്രീ-ദ്വി-ഏ) വിവിശുഃ (ലിട്ട-പ-പ-പ്ര-പു-ബ)-

അന്വയാർത്ഥം — രിപുസാദഭ്രമമന്മാരായി ദ്രുപദക്കു ഹേതുവായിട്ടു അദഭ്രമമന്മാരായിരിക്കുന്ന അവർ പരമമായിരിക്കുന്ന രംഹസ്സോടുകൂടെ ചാല്യന്മാരായിട്ടു പാഞ്ചാലിയുടെ രചിതയന്ത്രചാ

പയായിരിക്കുന്ന രംഗഭ്രുവിനെ വെശിച്ചു-

പരിഭാഷാ— രിപുസാദഭ്രമദന്മാർ=രിപുക്കൾക്കായിക്കൊണ്ടു സാദഭ്രമങ്ങളെ ദാനംചെയ്യുന്നവർ- രിപുക്കൾ=ശത്രുക്കൾ- സാദഭ്രമങ്ങൾ=സാദവും ഭ്രമവും- സാദം=തളൎച്ച- ഭ്രമം=ചുഴൽച്ച- രൂപരുക്=രൂപത്തിന്റെ രുക്- രൂപം=സൌന്ദൎയ്യം- രുക്=ശൊഭാ- അമദഭ്രമമദന്മാർ=അമദഭ്രമമായിരിക്കുന്ന മദത്തൊടു കൂടിയവർ- അമദഭ്രം=ബഹു- മദം=ഗൎവ്വം- അവർ=രാജാക്കന്മാർ- പരമം=അധികം- രംഹസ്സ=വെഗം- ചാല്യന്മാർ=ചലിച്ചവർ- ചലിക്=ഇളകുക- രചിതയന്ത്രചാപാ=രചിതങ്ങളായിരിക്കുന്ന യന്ത്രചാപങ്ങളൊടു കൂടിയത- രചിതങ്ങൾ=രചിക്കപ്പെട്ടവ- രചിക്=ഉണ്ടാക്കുക- യന്ത്രചാപങ്ങൾ=യന്ത്രവും ചാപവും- ചാപം=വില്ല- രംഗഭ്രു=രംഗഭൂമി- വെശിക്=പ്രവെശിക്ക-

൯൦. അഥവൃഢഗുരുപഭവിണാവിനിൎമ്മിതാകൎമ്മണാഥഗുരുപഭവിണാ। യാസ്പൃഹണീയാജഗതാസാക്ഷാച്ഛക്തിശ്ശരീരിണീയാജഗതാ॥

൯൧. മഹനീയംവരമാല്യാസാദ്ധ്യംലബ്ധുംധൃതസ്വയംവരമാല്യാ। പാഞ്ചാലീരംഗഭുവംപ്രാപനയന്തീനൃപാവലീരംഗഭുവം॥

അന്വയം— അഥ (അ) യാ (യച്ഛ-സ്ത്രീ-പ്ര-ഏ) വൃഢഗുരുപഭവിണാ (ആ-സ്ത്രീ-പ്ര-ഏ) ഗുരുപഭവിണാ-കൎമ്മണാ (ന-ന-തൃ-ഏ) വിനിൎമ്മിതാ (ആ-സ്ത്രീ-പ്ര-ഏ) ജഗതാ (ത-ന-തൃ-ഏ) സ്പൃഹണീയാ (ആ-സ്ത്രീ-പ്ര-ഏ) യാജഗതാ (ആ-സ്ത്രീ-പ്ര-ഏ) ശരീരിണീ (ഈ-സ്ത്രീ-പ്ര-ഏ) സാക്ഷാൽ (അ) ശക്തിഃ (ഇ-സ്ത്രീ-പ്ര-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) പാഞ്ചാലീ (ഈ-സ്ത്രീ-പ്ര-ഏ) ആല്യാ (ഇ-സ്ത്രീ-തൃ-ഏ) സാദ്ധ്യം (അ) മഹനീയം-വരം (അ-പു-ദ്വി-ഏ) ലബ്ധും (തുമ-അ) ധൃതസ്വയംവരമാല്യാ (ആ-സ്ത്രീ-പ്ര-ഏ) നൃപാവലീഃ (ഈ-സ്ത്രീ-ദ്വി-ബ) അംഗഭുവം (ഊ-പു-ദ്വി-ഏ) നയന്തീ (ഈ-സ്ത്രീ-പ്ര-ഏ) രംഗഭുവം (ഊ-സ്ത്രീ-ദ്വി-ഏ) പ്രാപ (ലിട്ട-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം— അനന്തരം യാവളൊരുത്തി വൃഢഗുരുപഭവിണയായിട്ടും ഗുരുപഭവിയായിരിക്കുന്ന കൎമ്മംകൊണ്ടു വിനിൎമ്മിതയായിട്ടും ജഗത്തിനാൽ സ്പൃഹണീയയായിട്ടും യാജഗതയായി ശരീരിണിയായി പ്രത്യക്ഷയായിരിക്കുന്ന ശക്തിയായിട്ടും ഭവിച്ചുവൊ ആ പാഞ്ചാലി ആലിയൊടുകൂടെ മഹനീയനായിരിക്കുന്ന വരനെലഭിപ്പാനായിക്കൊണ്ടു ധൃതസ്വയംവരമാല്യയായി നൃപാവലികളെ അംഗഭുവിനെ നയന്തിയായിട്ടു രംഗഭു

വിനെപ്രാപിച്ചു-

പരിഭാഷാ—പൃഥുരൂപദ്രവിണാ=പൃഥുവായിരിക്കുന്ന രൂപദ്രവിണത്തോടു കൂടിയവൾ- പൃഥു=മഹത്ത- രൂപദ്രവിണം=രൂപമാകുന്ന ദ്രവിണം- രൂപം=സൌന്ദൎയ്യം- ദ്രവിണം=ധനം-ഗുരൂപദ്രവി=ഗുരൂപദ്രവത്തെ ചെയ്യുന്നത- ഗുരൂപദ്രവം=ഗുരുവിന്റെ ഉപദ്രവം- ഗുരു=ദ്രോണാചാൎയ്യൻ- ഉപദ്രവം=ഹിംസാ- കൎമ്മം=ഇഷ്ടി. (യാഗം.) വിനിൎമ്മിതാ=വിനിൎമ്മിക്കപ്പെട്ടവൾ- വിനിൎമ്മിക്ക=സൃഷ്ടിക്ക- ജഗത്ത=ലോകം- സ്പൃഹണീയാ=സ്പൃഹിക്കപ്പെടുവാൻ യോഗ്യാ- സ്പൃഹിക്ക=ആഗ്രഹിക്ക- യാജ്ഞഗതാ=യാജ്ഞനെ ഗതാ-യാജ്ഞൻ=യാജ്ഞമഹൎഷി- ഗതാ=ഗമിച്ചത- ഗമിക്ക=ആശ്രയിക്ക-ശരീരിണീ=മൂൎത്തിമതീ-ശക്തി=തപശ്ശക്തി-ആലി=സഖീ മഹനീയൻ=ശ്രേഷ്ഠൻ-വരൻ=വോഢാവ-(വിവാഹം ചെയ്യുന്നവൻ)ധൃതസ്വയംവരമാല്യാ=ധൃതമായിരിക്കുന്ന സ്വയംവരമാല്യത്തോടു കൂടിയവൾ-ധൃതം=ധരിക്കപ്പെട്ടത-സ്വയംവരമാല്യം=സ്വയംവരത്തിന്നായിക്കൊണ്ടുള്ള മാല്യം-മാല്യം=മാലാ- നൃപാവലികൾ=നൃപന്മാരുടെ ആവലികൾ- നൃപന്മാർ=രാജാക്കന്മാർ- ആവലികൾ=സമൂഹങ്ങൾ- അംഗഭൂ=കാമദേവൻ- (രാഗാതിശയമെന്നുസാരം-) നയന്തീ=നയിച്ചിയങ്ങുന്നവൾ- നയിക്ക=പ്രാപിപ്പിക്ക- രംഗഭൂ=രംഗഭൂമി-

വൃ. സുരഭിംതരസാരംഗംദ്രുപദസുതഃപ്രാപ്യതരളസാരംഗം।
ഇഷ്വാസാരോപേതാമഥനൃപസമിതിംന്യയുങ്ക്ത സാരോപേതാം॥

അന്വയം—അഥ (അ) ദ്രുപദസുതഃ (അ-പു-പ്ര-ഏ) സുരഭിം(ഇ-പു-ദ്വി-ഏ) തരളതരസാരംഗം-രംഗം (അ-പു-ദ്വി-ഏ) തരസാ (അ) പ്രാപ്യ (ല്യ-അ) സാരോപേതാം (ആ-സ്ത്രീ-ദ്വി-ഏ) താം (തച്ഛ-സ്ത്രീ-ദ്വി-ഏ) നൃപസമിതിം (ഇ-സ്ത്രീ-ദ്വി-ഏ) ന്യയുങ്ക്ത (ലങ്-ആ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—അനന്തരം ദ്രുപദസുതൻ സുരഭിയായി തരളതരസാരംഗമായിരിക്കുന്ന രംഗത്തെ പൊട്ടന്നവെ പ്രാപിച്ചിട്ട സാരോപേതയായിരിക്കുന്ന ആ നൃപസമിതിയെ ഇഷ്വാസാരോപത്തിങ്കൽ നിയോഗിച്ചു.

പരിഭാഷാ—ദ്രുപദസുതൻ=ധൃഷ്ടദ്യുമ്നൻ- സുരഭി=സൌരഭ്യത്തോടു കൂടിയത- തരളതരസാരംഗം=തരളതരങ്ങളായിരിക്കുന്ന സാരംഗങ്ങളോടു കൂടിയത- തരളതരങ്ങൾ=ഏററവും തരളങ്ങൾ- തരളങ്ങൾ= ഇളകിയിരിക്കുന്നവ- സാരംഗങ്ങൾ= വണ്ടുകൾ- രംഗം=അരങ്ങ- സാരോപേതാ=സാരത്തോടു കൂടിയത- സാരം=ബ

ലം- നൃപസമിതി=നൃപന്മാരുടെ സമിതി-നൃപന്മാർ=രാജാക്കന്മാർ- സമിതി=സഭാ- ഇഷ്വാസാരോപം=ഇഷ്വാസത്തിന്റെ ആരോപം-ഇഷ്വാസം=വില്ല-ആരോപം=ജ്യാബന്ധം- (ഞാണകെട്ടുൽ) നിയോഗിക്ക=ആവശ്യകമായി അറിയിച്ചു പ്രവൎത്തിപ്പിക്ക.

വൃ൭. തമെനബലൊപെതെനപ്രയുജ്യമാനാശ്ശരവ്യലൊപെ
തെന। ചെലുരഗൎവ്വാമൊദാൽസുരഭൌരംഗെനൃപാസ്സഗൎവ്വാമൊ
ദാൽ॥

അന്വയം — തമെന (അ) ബലൊപെതെന (അ-പു-തൃ-ഏ) തെന (തച്ഛ-പു-തൃ-ഏ) ശരവ്യലൊപെ (അ-പു-സ-ഏ) പ്രയുജ്യമാനാഃ-സഗൎവ്വാഃ-നൃപാഃ (ഃ-പു-പ്ര-ബ) മൊദാൽ (അ-പു-പ-ഏ) അഗൎവ്വാമൊദാൽ (അ-പു-പ-ഏ) സുരഭൌ (ഇ-സ്ത്രീ-സ-ഏ) രംഗെ (അ-പു-സ-ഏ) ചെലുഃ (ലിട്ട-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം — അനന്തരം ബലൊപെതനായിരിക്കുന്ന അവനാൽ ശരവ്യലൊപത്തിങ്കൽ പ്രയുജ്യമാനന്മാരായി സഗൎവ്വന്മാരായിരിക്കുന്ന നൃപന്മാർ മൊദത്തെ പ്രാപിച്ചിട്ട അഗൎവ്വാമൊദം ഹെതുവായിട്ട സുരഭിയായിരിക്കുന്ന രംഗത്തിങ്കൽ ചലിച്ചു.

പരിഭാഷാ — ബലൊപെതൻ=ബലത്തൊടു കൂടിയവൻ-ബലം=സൈന്യം- (സാമൎത്ഥ്യമെന്നുമാം)- അവൻ=ധൃഷ്ടദ്യുമ്നൻ-ശരവ്യലൊപം=ലക്ഷ്യഛെദം (ലാക്കമുറിക്ക) പ്രയുജ്യമാനന്മാർ=പ്രയൊഗിക്കപ്പെട്ടിരിക്കുന്നവർ- പ്രയൊഗിക്ക=പ്രവൎത്തിപ്പിക്ക- സഗൎവ്വന്മാർ=ഗൎവ്വത്തൊടു കൂടിയവർ-നൃപന്മാർ=രാജാക്കന്മാർ- മൊദം=സന്തൊഷം- അഗൎവ്വാമൊദം= അഗരുവിന്റെ ആമൊദം- അഗരു=അകില-ആമൊദം=ഗന്ധം (അകിൽ പുകയുടെ ഗന്ധമെന്നസാരം)- സുരഭി= സൌരഭ്യത്തൊടു കൂടിയതു- രംഗം=അരങ്ങു- ചലിക്ക=ഇളകുക- (യത്നം ചെയ്ക എന്ന സാരം)

വൃ൮- സധനുസ്സാരവമന്തഃക്ഷത്രിയലൊകൊവികൃഷ്യസാര
വമന്തഃ। സഹസാലസദൊരംഗഃപപാതസംക്ഷൊഭിതാഖില
സദൊരംഗഃ॥

അന്വയം — സഃ (തച്ഛ-പു-പ്ര-ഏ) ക്ഷത്രിയലൊകഃ-സാരവമന്തഃ (അ-പു-പ്ര-ഏ) അന്തഃ (അ) സാരവൽ (ത-ന-മ്പി-ഏ) ധനുഃ (സ-ന-മ്പി-ഏ) വികൃഷ്യ (ല്യ-അ) സഹസാ (അ) അലസദൊരംഗഃ-സംക്ഷൊഭിതാഖിലസദൊരംഗഃ (അ-പു-പ്ര-ഏ) പപാത (ലിട്ട-പ-പ-പ്ര-പു-ഏ);

അന്വയാൎത്ഥം—ആ ക്ഷത്രിയലോകം സാരവദന്തമായിട്ട അന്തൎഭാഗത്തിങ്കൽ സാരവത്തായിരിക്കുന്ന ധനുസ്സിനെ വികൎഷിച്ചിട്ട പൊട്ടുന്നനവെ അലസദോരംഗമായി സംക്ഷോഭിതാഖിലസദോരംഗമായിട്ട പതിച്ചു.

പരിഭാഷ—ക്ഷത്രിയലോകം=ക്ഷത്രിയജനം- (രാജസമൂഹമെന്നു സാരം) സാരവദന്തം=സാരവങ്ങളായിരിക്കുന്ന ദന്തങ്ങളോട കൂടിയത- സാരവങ്ങൾ=ആരവത്തോടുകൂടിയവ- ആരവം=ശബ്ദം- ദന്തങ്ങൾ=പല്ലുകൾ-അന്തൎഭാഗം=ഉള്ളു-സാരവത്ത=സാരം ഉള്ളത- സാരം=ബലം- ധനുസ്സ=വില്ല-വികൎഷിക്ക=നമിപ്പിക്ക- (വളയ്ക്കുക) അലസദോരംഗം=അലസങ്ങളായിരിക്കുന്ന ദോരംഗങ്ങളോടുകൂടിയത- അലസങ്ങൾ= ഉത്സാഹശൂന്യങ്ങൾ- ദോരംഗങ്ങൾ=ദോസ്സുകളാകുന്ന അംഗങ്ങൾ- ദോസ്സുകൾ=കൈകൾ-അംഗങ്ങൾ=അവയവങ്ങൾ- സംക്ഷോഭിതാഖിലസദോരംഗം=സംക്ഷോഭിതങ്ങളായിരിക്കുന്ന അഖിലസദോരംഗങ്ങളോടുകൂടിയത- സംക്ഷോഭിതങ്ങൾ= സംക്ഷോഭിപ്പിക്കപ്പെട്ടവ - സംക്ഷോഭിപ്പിക്ക=ഇളക്കുക- അഖിലസദോരംഗങ്ങൾ=അഖിലസദസ്സും രംഗവും- അഖിലസദസ്സ=അഖിലമായിരിക്കുന്ന സദസ്സ- അഖിലം=ഒട്ടൊഴിയാതെ ഉള്ളത- സദസ്സ=സഭാ- രംഗം=അരങ്ങ=പതിക്ക=വീഴുക-

വൃ॰ ദൃഷ്ട്വാചാപാസ്തരസാനരപതിപങ്ക്തീൎന്നിരസ്തചാപാസ്തരസാ, ഛന്നോരൂപാന്തരതഃപാൎത്ഥ ഉദസ്ഥാത്തതോഗ്രരൂപാന്തരതഃ ||

അന്വയം—നരപതിപങ്ക്തീഃ (ഇ-സ്ത്രീ-ദ്വി-ബ) തരസാ (അ) നിരസ്തചാപാഃ-അപാസ്തരസാഃ (ആ-സ്ത്രീ-ദ്വി-ബ) ച- (അ) ദൃഷ്ട്വാ (ക്ത്വാ-അ) തതഃ (അ) രൂപാന്തരതഃ (തസി-അ) ഛന്നഃ-ഉഗ്രരൂപാന്തരതഃ പാൎത്ഥഃ (അ-പു-പ്ര-ഏ) ഉദസ്ഥാത് (ലുങ്-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—നരപതിപങ്ക്തികളെ പൊട്ടുന്നനവെ നിരസ്തചാപകളായിട്ടും അപാസ്തരസകളായിട്ടും ദൎശിച്ചിട്ട അനന്തരം രൂപാന്തരത്തെ പ്രാപിച്ചിട്ട ഛന്നനായി ഉഗ്രരൂപാന്തരതനായിരിക്കുന്ന പാൎത്ഥൻ ഉത്ഥാനം ചെയ്തു.

പരിഭാഷ—നരപതിപങ്ക്തികൾ=നരപതികളുടെ പങ്ക്തികൾ- നരപതികൾ=രാജാക്കന്മാർ- പങ്ക്തികൾ=സമൂഹങ്ങൾ- നിരസ്തചാപകൾ=നിരസ്തമായിരിക്കുന്ന ചാപത്തോടുകൂടിയവർ- നിരസ്തം=നിരസിക്കപ്പെട്ടത- നിരസിക്ക=ഉപേക്ഷിക്ക- ചാപം=

വില്ല- അപാസ്തരസകൾ=അപാസ്തമായിരിക്കുന്ന രസത്തോടു കൂടിയവ- അപാസ്തം=അപാസിക്കപ്പെട്ടത- അപാസിക്ക=ഉപെക്ഷിക്ക- ദർശിക്ക=കാണ്ക- രൂപാന്തരം=അന്യമായിരിക്കുന്ന രൂപം- അന്യം=മറെറാന്ന- രൂപം=വെഷം- രൂപാന്തരം=വെഷഭെദം- (ഇങ്ങിനെയുമാം) ഛന്നൻ=മറഞ്ഞവൻ- ഗുരൂപാന്തരതൻ=ഗുരൂപാന്തത്തിങ്കൽ രതൻ- ഗുരൂപാന്തം=ഗുരുവിന്റെ ഉപാന്തം- ഗുരു=ജ്യെഷ്ഠൻ- ഉപാന്തം=സമീപം- രതൻ=താൽപൎയ്യത്തൊടു കൂടിയവൻ- പാൎത്ഥൻ=അൎജ്ജുനൻ- ഉത്ഥാനം ചെയ്ക=എഴുനില്ക്ക-

വൃ൩. ജഗൃഹെ ചാപമുദംസഃ ക്ഷത്രസമൂഹം വിധായ ചാപമുദം
സഃ। ധൃതരഭസം സദ്യസ്തന്നിശിതശരൈൎല്ലക്ഷമകൃതസംസദ്യ
സ്തം॥

അന്വയം— ഉദംസഃ (അ-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) ക്ഷത്രസമൂഹം (അ-പു-ദ്വി-ഏ) അപമുദം (ദ-പു-ദ്വി-ഏ) വിധായ (ല്യ-അ) ചാപം (അ-പു-ദ്വി-ഏ) ധൃതരഭസം (ക്രി-വി) ജഗൃഹെ (ലിട്ട-ആ-പ-പ്ര-പു-ഏ) സദ്യഃ (അ) തൽ (തച്ഛ-ന-ദ്വി-ഏ) ലക്ഷം (അ-ന-ദ്വി-ഏ) നിശിതശരൈഃ (അ-പു-തൃ-ബ) സംസദി (ദ-സ്ത്രീ-സ-ഏ) അസ്തം (അ-ന-ദ്വി-ഏ) അകൃത (ലുങ്-ആ-പ-പ്ര-പു-ഏ) ച (അ).

അന്വയാൎത്ഥം— ഉദംസനായിരിക്കുന്ന അവൻ ക്ഷത്രസമൂഹത്തെ അപമുത്താക്കിച്ചെയ്തിട്ടു ചാപത്തെ ധൃതരഭസമാകുംവണ്ണം ഗ്രഹിക്കുകയും പൊടുന്നനവെ ആ ലക്ഷത്തെ നിശിതശരങ്ങൾകൊണ്ടു സംസത്തിങ്കൽ അസ്തമാക്കുകയും ചെയ്തു.

പരിഭാഷാ— ഉദംസൻ=ഉന്നതങ്ങളായിരിക്കുന്ന അംസങ്ങളൊടു കൂടിയവൻ- ഉന്നതങ്ങൾ=ഉയൎച്ചയൊടു കൂടിയവ- അംസങ്ങൾ=തൊളുകൾ- അവൻ=അൎജ്ജുനൻ- ക്ഷത്രസമൂഹം=ക്ഷത്രിയസമൂഹം- അപമുത്ത=മുത്തൊടു വെൎപെട്ടത- മുത്ത=സന്തൊഷം- ചാപം=വില്ല- ധൃതരഭസം=ധൃതമായിരിക്കുന്ന രഭസത്തൊടു കൂടിയത- ധൃതം=ധരിക്കപ്പെട്ടത- രഭസം=വെഗം- ഗ്രഹിക്ക=എടുക്കുക- ലക്ഷം=വെധ്യവസ്തു- (ശരംകൊണ്ടു ഭെദിക്കെണ്ടതായ പദാൎത്ഥം. ലാക്കെന്നും കുറിയെന്നും ഭാഷാ) നിശിതശരങ്ങൾ=നിശിതങ്ങളായിരിക്കുന്ന ശരങ്ങൾ- നിശിതങ്ങൾ=തീക്ഷ്ണങ്ങൾ- ശരങ്ങൾ=അസ്ത്രങ്ങൾ- സംസത്ത=സഭാ- അസ്തം=അസിക്കപ്പെട്ടത- അസിക്ക=ക്ഷെപിക്ക- (വീഴിക്ക).

വൃ൪. തദനുസുകെശികരിണംകരിണീവമദെനമസ്തുകെശിക

രിണം। മദനാപാദനീസാഗത്യാൎജ്ജുനമെത്യമൃദുലപാദന്യാസാ॥
വൃ॰ അംസഭുവിഭ്രമരചിതാംമാലാമസ്യാവസജ്ജ്യവിഭ്രമരചിതാം। ആനനമാനമയന്തീതസ്ഥൌകൃഷ്ണാരമോപമാനമയന്തീ॥

അന്വയം—തദനു (അ) സുകേശീ (ഠരം-സ്ത്രീ-പ്ര-ഏ) മൃദുലപാദന്യാസാ (ആ-സ്ത്രീ-പ്ര-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) കൃഷ്ണാ (ആ-സ്ത്രീ-പ്ര-ഏ) മദനാപാദനീ (ഠരം-സ്ത്രീ-പ്ര-ഏ) ഗത്യാ (ഇ-സ്ത്രീ-തൃ-ഏ) അൎജ്ജുനം (അ-പു-ദ്വി-ഏ) കരിണീ (ഠരം-പു-പ്ര-ഏ) മദേന (അ-പു-തൃ-ഏ) മസ്തകേ (അ-പു-സ-ഏ) ശീകരിണം-കരിണം (ന-പു-ദ്വി-ഏ) ഇവ (അ) ഏത്യ (ല്യ-അ) അസ്യ (ഇദംശ-പു-ഷ-ഏ) അംസഭുവി (ഊ-സ്ത്രീ-സ-ഏ) ഭ്രമരചിതാം- വിഭ്രമരചിതാം-മാലാം (ആ-സ്ത്രീ-ദ്വി-ഏ) അവസജ്ജ്യ (ല്യ-അ) ആനനം (അ-ന-ദ്വി-ഏ) ആനമയന്തീ (ഠരം-സ്ത്രീ-പ്ര-ഏ) രമോപമാനം (അ-ന-ദ്വി-ഏ) അയന്തീ (ഠരം-സ്ത്രീ-പ്ര-ഏ) തസ്ഥൌ (ലിട്ട-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—അനന്തരം സുകേശിയായി മൃദുലപാദന്യാസയായിരിക്കുന്ന ആ കൃഷ്ണാ മദനാപാദനിയായിരിക്കുന്ന ഗതികൊണ്ടു അൎജ്ജുനനെ കരിണിമദംഹേതുവായിട്ടു മസ്തകത്തിങ്കൽ ശീകരിയായിരിക്കുന്ന കരിയെ എന്നപോലെ പ്രാപിച്ചിട്ടു ഇവന്റെ അംസഭുവിങ്കൽ ഭ്രമരചിതയായി വിഭ്രമരചിതയായിരിക്കുന്ന മാലയെ അവസജ്ജിപ്പിച്ചിട്ടു ആനനത്തെ ആനമയന്തിയായി രമോപമാനത്തെ അയന്തിയായിട്ടു സ്ഥിതിചെയ്തു.

പരിഭാഷാ —സുകേശീ=ശോഭനമായിരിക്കുന്ന കേശത്തൊടു കൂടിയവൾ- കേശം=തലമുടി- മൃദുലപാദന്യാസാ=മൃദുലമായിരിക്കുന്ന പാദന്യാസത്തൊടു കൂടിയവൾ- മൃദുലം= മൃദു- (മനൊഹരമെന്നഭിപ്രായം-) പാദന്യാസം= പാദങ്ങളുടെ ന്യാസം- പാദങ്ങൾ= ചരണങ്ങൾ- ന്യാസം=വെപ്പ- കൃഷ്ണാ=പാഞ്ചാലി- മദനാപാദനീ= മദനനെആപാദിപ്പിക്കുന്നത- മദനൻ= കാമദെവൻ- ആപാദിപ്പിക്ക= വൎദ്ധിപ്പിക്ക- ഗതി=ഗമനം- കരിണീ= പിടിയാന- മസ്തകം=മൂൎദ്ധാവ- ശീകരി=ശീകരങ്ങളുള്ളത- ശീകരങ്ങൾ= ജലവിന്ദുക്കൾ- കരി=ഗജം- ഇവൻ=അൎജ്ജുനൻ- അംസഭൂ= സ്കന്ധപ്രദെശം- (തൊൾപ്രദെശം) ഭ്രമരചിതാ= ഭ്രമരങ്ങളാൽ ചിതാ- ഭ്രമരങ്ങൾ=വണ്ടുകൾ- ചിതാ=വ്യാപ്താ- വിഭ്രമരചിതാ=വിഭ്രമത്തൊടു കൂടുംവണ്ണംരചിതാ- വിഭ്രമം= വിലാസം- രചിതാ= ഉണ്ടാക്കപ്പെട്ടത- അവസജ്ജിപ്പിക്ക= യൊജിപ്പിക്ക- ആനനം= മുഖം- ആനമയന്തീ= ആനമിപ്പിച്ചിയങ്ങുന്നവൾ-

ആനന്ദിപ്പിക്കും- താള്ക്ക-രമൊപമാനം=രമയാകുന്ന ഉപമാനം- രമാ= ശ്രീഭഗവതി- ഉപമാനം=സദൃശവസ്തു- അയന്തി=പ്രാപിച്ചിയങ്ങുന്നവൾ- സ്ഥിതിചെയ്ക=നില്ക്ക-

വ്യൻ. ഗൃഹ്ണന്തിവിപ്രെമഹതിദ്രുപദസുതാംതൽക്ഷണെനവിപ്രെമഹതി। തജ്ജ്ഞനതൽപരമബെലനരെശപരാണാംരണായതൽപരമബെലം॥

അന്വയം.—മഹതി (ത-പു-സ-ഏ) വിപ്രെ (അ-പു-സ-ഏ) ദ്രുപദസുതാം (ആ-സ്ത്രീ-ദ്വി-ഏ) തൽക്ഷണെന (അ) വിപ്രെമഹതി (ഇ-ന-പ്ര-ഏ) തജ്ജ്ഞനതൽപരം (അ-ന-പ്ര-ഏ) തൽ (തദ്-ന-പ്ര-ഏ) നരെശപരാണാം (അ-പു-ഷ-ബ) പരമബെലം (അ-ന-പ്ര-ഏ) രണായ (അ-പു-ച-ഏ) അബെലൽ (ലങ്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം.—മഹാനായിരിക്കുന്ന വിപ്രൻ ദ്രുപദസുതയെ ഗൃഹ്ണന്നായിരിക്കും വിഷയത്തിങ്കൽ ആ ക്ഷണത്തിങ്കൽ തന്നെ വിപ്രെമഹതിതജ്ജ്ഞനതൽപരമായിട്ട ആ നരെശപരന്മാരുടെ പരമബെലം രണത്തിനായിക്കൊണ്ട വലനം ചെയ്തു.

പരിഭാഷാ.—മഹാൻ= വലുതായിരിക്കുന്നവൻ- വിപ്രൻ= ബ്രാഹ്മണൻ- (ബ്രാഹ്മണവെഷത്തെ ധരിക്കുകയാൽ ബ്രാഹ്മണനെന്ന ജനങ്ങളാൽ നിശ്ചയിക്കപ്പെട്ടവനായ അൎജ്ജുനനെന്നസാരം-) ദ്രുപദസുതാ= പാഞ്ചാലി- ഗൃഹ്ണൻ=ഗ്രഹിച്ചിയങ്ങുന്നവൻ- ഗ്രഹിക്ക=സ്വീകരിക്ക- വിപ്രെമഹതി= വിശിഷ്ടയായിരിക്കുന്ന പ്രെമഹതിയൊടുകൂടിയത- വിശിഷ്ടാ= അതിശയിതാ- പ്രെമഹതി= പ്രെമത്തിന്റെ ഹതി- പ്രെമം=സ്നെഹം-ഹതി=നാശം- തജ്ജ്ഞനതൽപരം= തജ്ജ്ഞനത്തിങ്കൽതൽപരം- തജ്ജ്ഞനം=ഭൎത്സനം- (അധിക്ഷെപവചനം) തൽപരം=താൽപൎയ്യത്തൊടുകൂടിയത- നരെശപരന്മാർ= രാജാക്കന്മാർ- പരമബെലം= പരമമായിരിക്കുന്ന ബെലം- പരമം= മഹത്ത- ബെലം=സൈന്യം- രണം=യുദ്ധം- വലനംചെയ്ക= അങ്ങൊട്ടു മിങ്ങൊട്ടും നടക്കുക.

൩൦. സകലജനാഭിമതെനപ്രവൎത്തമാനാസ്സരൊജനാഭിമതെന। ദൃഷ്ടദ്വിജവരവരണാസ്സസ്ഥൈൎയ്യമവസ്യധൈവവിജവരവരണാഃ॥

അന്വയം.—സകലജനാഭിമതെന- സരൊജനാഭിമതെന- (അ-ന-തൃ-ഏ) പ്രവൎത്തമാനാഃ- വിജവരവരണാഃ (അ-പു-പ്ര-ബ) യാദവഃ (ഉ-പു-പ്ര-ബ) ദൃഷ്ടദ്വിജവരവരണാഃ (അ-പു-പ്ര-ബ) തഥാ- ഏവ (അ) തസ്ഥുഃ (ലിട്ട്-പ-പ-പ്ര-പു-ബ)

അന്വയാൎത്ഥം— സകലജനാഭിമതമായിരിക്കുന്ന സരോജനാഭിമതം ഹേതുവായിട്ട പ്രവൎത്തമാനന്മാരായി വിജവരവരണന്മാരായിരിക്കുന്ന യദുക്കൾ ദൃഷ്ടദ്വിജവരവരണന്മാരായിട്ട അപ്രകാരംതന്നെ സ്ഥിതിചെയ്തു.

പരിഭാഷാ— സകലജനാഭിമതം= സകലജനങ്ങൾക്കു അഭിമതം- സകലജനങ്ങൾ= സൎവ്വജനങ്ങൾ- അഭിമതം= ഇഷ്ടം- സരോജനാഭിമതം= സരോജനാഭിയുടെ മതം- സരോജനാഭി= ശ്രീകൃഷ്ണൻ- മതം=ഇഷ്ടം- പ്രവൎത്തമാനന്മാർ= പ്രവൎത്തിക്കുംശീലമായിട്ടുള്ളവർ- പ്രവൎത്തിക്കു= വ്യാപരിക്കു- വിജവരവരണന്മാർ= വിയുടെജവരവരണങ്ങൾപോലെ ഇരിക്കുന്ന ജവരവരണങ്ങളോടുകൂടിയവർ- വി= പക്ഷി- (ഗരുഡനെന്നഭിപ്രായം) ജവരവരണങ്ങൾ= ജവവും രവവും രണവും- ജവം= വേഗം- രവം=ശബ്ദം- രണം=യുദ്ധം- യദുക്കൾ=യാദവന്മാർ- ദൃഷ്ടദ്വിജവരവരണന്മാർ= ദൃഷ്ടമായിരിക്കുന്ന ദ്വിജവരവരണത്തോടുകൂടിയവർ- ദൃഷ്ടം=ദൎശിക്കപ്പെട്ടത- ദൎശിക്കു=കാണുക- ദ്വിജവരവരണം=ദ്വിജവരന്റെ വരണം- ദ്വിജവരൻ= ബ്രാഹ്മണശ്രേഷ്ഠൻ- വരണം=സ്വീകാരം-

൯൫. തത്ര ച മാനവഹാസ്യാവസ്ത്രാണ്യാവേഷ്ട്യാസകലമാനവഹാസ്യാഃ। വിപ്രവരാ ജാഡ്യന്തേ ചക്രുസ്സ്വപ്നസീരുദസ്യ രാജാജാഡ്യന്തേ॥

അന്വയം— തത്ര (അ) തേ (തച്ഛ-പു-പ്ര-ബ) വിപ്രവരാഃ (അ-പു-പ്ര-ബ) മാനവഹാസ്യാഃ (അ-പു-പ്ര-ബ) വസ്ത്രാണി (അ-ന-ദ്വി-ബ) ആവേഷ്ട്യ (ല്യ-അ) സ്വപ്നസീഃ (ശം-സ്ത്രീ-ദ്വി-ബ) ഉദസ്യ (ല്യ-അ) സകലമാനവഹാസ്യാഃ (അ-പു-പ്ര-ബ) രാജാജാഡ്യന്തേ (അ-പു-സ-ഏ) ജാഡ്യം (അ-ന-ദ്വി-ഏ) ചക്രുഃ (ലിട്ട-പ-പ-പ്ര-പു-ബ) ച (അ)-

അന്വയം— അവിടെ ഉണ്ടായിരുന്ന ആ വിപ്രവരന്മാർ മാനവഹാസ്യന്മാരായിട്ട വസ്ത്രങ്ങളെ ആവേഷ്ടിച്ചിട്ട സ്വപ്നസികളെ ഉദസിച്ചിട്ട സകലമാനവഹാസ്യന്മാരായിട്ട രാജാജാഡ്യന്തത്തിങ്കൽ ജാഡ്യത്തെ ചെയ്തു.

പരിഭാഷാ— വിപ്രവരന്മാർ= ബ്രാഹ്മണശ്രേഷ്ഠന്മാർ- മാനവഹാസ്യന്മാർ=മാനവഹമായിരിക്കുന്ന ആസ്യത്തോടുകൂടിയവർ- മാനവഹം=മാനത്തെ വഹിക്കുന്നത- മാനം=മാനചിഹ്നം- വഹിക്കു=ധരിക്കു- ആസ്യം=മുഖം-ആവേഷ്ടിക്കു=കെട്ടുക-സ്വപ്നസികൾ=തങ്ങളുടെ വപ്നസികൾ- വപ്നസികൾ=പിറങ്ങൾ- (പ്ര

തസ്ഥന്മാരുടെ പീഠത്തിന്ന വൃസിയെന്നെത്രെ നാമമാകുന്നത.) ഉദസിക്ക=ഉൽക്ഷേപിക്ക. (ഒരുകൈകൊണ്ടു ഉയൎത്തിപ്പിടിക്ക.) സകലമാനവഹാസ്യന്മാർ=സകലമാനവന്മാരാലും ഹാസ്യന്മാർ. സകലമാനവന്മാർ=സകലന്മാരായിരിക്കുന്ന മാനവന്മാർ. സകലന്മാർ=ഒട്ടൊഴിയാതെ ഉള്ളവർ. മാനവന്മാർ=മനുഷ്യർ. ഹാസ്യന്മാർ=ഹസിക്കപ്പെട്ടുവാൻ യോഗ്യന്മർ. ഹസിക്ക=ചിരിച്ചു നൊക്കുക. രാജാള്യന്തം=രാജാളിയുടെ അന്തം. രാജാളി=രാജാക്കന്മാരുടെ ആളി. ആളി=സമൂഹം. അന്തം=സമീപം. ജാള്യം=അസാരവ്യാപാരം.

൯൨. താംസ്തു ഹസന്നാഹവതഃ പാൎത്ഥോ വിപ്രാന്നിവാൎയ്യ സന്നാഹവതഃ। അതികുപിതാന്നാപതതസ്തമേവ ചാപം പ്രഗൃഹ്യതാനാപതതഃ॥

അന്വയം—പാൎത്ഥഃ (അ-പു-പ്ര-ഏ) തു (അ) ഹസൻ (ത-പു-പ്ര-ഏ) സന്നാഹവതഃ (ത-പു-ദ്വി-ബ) താൻ (തച്ഛ-പു-ദ്വി-ബ) വിപ്രാൻ (അ-പു-ദ്വി-ബ) ആഹവതഃ (തസി-അ) നിവാൎയ്യ (ല്യ-അ). തതഃ (അ) അതികുപിതാൻ (അ-പു-ദ്വി-ബ) ആപതതഃ (ത-പു-ദ്വി-ബ) താൻ (തച്ഛ-പു-ദ്വി-ബ) തൽ (തച്ഛ-ന-ദ്വി-ഏ) ചാപം (അ-ന-ദ്വി-ഏ) ഏവ (അ) പ്രഗൃഹ്യ (ല്യ-അ) ആപ (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—പാൎത്ഥനാകട്ടെ ഹസന്നായിട്ടു സന്നാഹവത്തുകളായിരിക്കുന്ന ആ വിപ്രന്മാരെ ആഹവത്തിങ്കൽ നിന്ന നിവാരണം ചെയ്തിട്ട അതികുപിതന്മാരായി ആപതത്തുകളായിരിക്കുന്ന അവരെ ആ ചാപത്തെത്തന്നെ പ്രഗ്രഹിച്ചിട്ട ആപിച്ചു.

പരിഭാഷാ—പാൎത്ഥൻ=അൎജ്ജുനൻ. ഹസൻ=ഹസിച്ചിയങ്ങുന്നവൻ. ഹസിക്ക=ചിരിക്ക. സന്നാഹവത്തുകൾ=ഉത്സാഹസഹിതന്മാർ. വിപ്രന്മാർ=ബ്രാഹ്മണർ. ആഹവം=യുദ്ധം. നിവാരണംചെയ്ക=നിവൎത്തിപ്പിക്ക. അതികുപിതന്മാർ=ഏററവും കുപിതന്മാർ. ആപതത്തുകൾ=ആപതിച്ചിയങ്ങുന്നവർ. ആപതിക്ക=വരിക. അവർ=രാജാക്കന്മാർ. ചാപം=വില്ലു. പ്രഗ്രഹിക്ക=എടുക്കുക. ആപിക്ക=പ്രാപിക്ക.

൯൩. സഖലുമഹേഷ്വാസാഗ്ര്യസ്ഥിതമഹാന്യൂഷ്ണവിഗ്രഹേഷ്വാസാഗ്ര്യ। രാജ്ഞസ്സമഗ്രജവാനദ്രാവയദൎജ്ജുനോഥസമഗ്രജവാൻ॥

അന്വയം—അഥ (അ) മഹേഷ്വാസാഗ്ര്യഃ (അ-പു-പ്ര-ഏ)

സഃ (തച്ഛ-പു-പ്ര-ഏ) അൎജ്ജുനഃ (അ-പു-പ്ര-ഏ) ഖലു (അ) അഗ്രജവാൻ (ത-പു-പ്ര-ഏ) സമുൽ (മ-പു-പ്ര-ഏ) സ്ഫീതമഹാസ്ത്രേഷു-വിഗ്രഹേഷു (അ-പു-സ-ബ) ആസാദ്യ (ല്യ-അ) രാജ്ഞഃ (ന-പു-ദ്വി-ബ) സമഗ്രജവാൻ (അ-പു-ദ്വി-ബ) അദ്രാവയൽ (ലങ്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം— മഹേഷ്വാസാദ്യനായിരിക്കുന്ന ആ അൎജ്ജുനൻ അഗ്രജവാനായി സമുത്തായിട്ട സ്ഫീതമഹാസ്ത്രങ്ങളായിരിക്കുന്ന വിഗ്രഹങ്ങളിൽ ആസാദിച്ചിട്ട രാജാക്കന്മാരെ സമഗ്രജവന്മാരാക്കി ദ്രവിപ്പിച്ചു.

പരിഭാഷാ— മഹേഷ്വാസാദ്യൻ=മഹേഷ്വാസന്മാരിൽവെച്ച ആദ്യൻ. മഹേഷ്വാസന്മാർ=മഹത്തായിരിക്കുന്ന ഇഷ്വാസത്തോടുകൂടിയവർ. മഹത്തം=വലുതായിരിക്കുന്നത. ഇഷ്വാസം=വില്ല. ആദ്യൻ=ഒന്നാമത്തവൻ. (ശ്രേഷ്ഠനെന്നഭിപ്രായം.) അഗ്രജവാൻ=അഗ്രജനോടുകൂടിയവൻ. അഗ്രജൻ=ശ്രേഷ്ഠൻ. (ഭീമസേനൻ.) സമുത്ത=മുത്തോടുകൂടിയവൻ. മുത്ത=സന്തോഷം. സ്ഫീതമഹാസ്ത്രങ്ങൾ=സ്ഫീതങ്ങളായിരിക്കുന്ന മഹാസ്ത്രങ്ങളോടുകൂടിയവ. സ്ഫീതങ്ങൾ=വൎദ്ധിച്ചവ. മഹാസ്ത്രങ്ങൾ=മഹത്തുകളായിരിക്കുന്ന അസ്ത്രങ്ങൾ. മഹത്തുകൾ=വലുതായിരിക്കുന്നവ. അസ്ത്രങ്ങൾ=ശരങ്ങൾ. വിഗ്രഹങ്ങൾ=യുദ്ധങ്ങൾ. ആസാദിക്ക=അടുത്തുചെല്ലുക. സമഗ്രജവന്മാർ=സമഗ്രമായിരിക്കുന്ന ജവത്തോടുകൂടിയവർ. സമഗ്രം=സംപൂൎണ്ണം. ജവം=വേഗം. ദ്രവിപ്പിക്ക=ഓടിക്ക.

൯൪. തദനുസമാദായാതഃപാഞ്ചാലീംപാണ്ഡവക്രമാദായാതഃ।
സതമേവകുലാലസ്യസ്ഥാനംക്രിയമാണശാത്രവകുലാലസ്യഃ॥

അന്വയം—തദനു (അ) സഃ (തച്ഛ-പു-പ്ര-ഏ) പാണ്ഡവഃ (അ-പു-പ്ര-ഏ) പാഞ്ചാലീം (ഠം-സ്ത്രീ-ദ്വി-ഏ) സമാദായ (ല്യ-അ) അതഃ (തസി-അ) ക്രമാൽ (അ) ക്രിയമാണശാത്രവകുലാലസ്യഃ (അ-പു-പ്ര-ഏ) കുലാലസ്യ (അ-പു-പ്ര-ഏ) തൽ (തച്ഛ-ന-ദ്വി-ഏ) സ്ഥാനം (അ-ന-ദ്വി-ഏ) ഏവ (അ) ആയാതഃ (അ-പു-പ്ര-ഏ)

അന്വയാൎത്ഥം—അനന്തരം ആ പാണ്ഡവൻ പാഞ്ചാലിയെ സമാദാനംചെയ്തിട്ട ഇതിങ്കൽനിന്ന ക്രമേണ ക്രിയമാണശാത്രവകുലാലസ്യനായിട്ട കുലാലന്റെ ആ സ്ഥാനത്തെത്തന്നെ ആയാതനായി.

പരിഭാഷാ—പാണ്ഡവൻ=പാണ്ഡുപുത്രൻ. (അൎജ്ജുനൻ.)

സമാധാനംചെയ്ക=വിഘ്നത്തോടു കൂടാതെ സ്വീകരിക്ക. ഇതു=യുധമെശം. ക്രിയമാണശാത്രവകുലാലസ്യൻ=ക്രിയമാണമായിരിക്കുന്ന ശാത്രവകുലാലസ്യത്തോടു കൂടിയവൻ. ക്രിയമാണം=ചെയ്കപ്പെട്ടിയങ്ങുന്നത. ശാത്രവകുലാലസ്യം=ശാത്രവകുലത്തിന്റെ ആലസ്യം. ശാത്രവകുലം=ശാത്രവന്മാരുടെ കുലം. ശാത്രവന്മാർ=ശത്രുക്കൾ. കുലം=സമൂഹം. ആലസ്യം=അലസത. കുലാലൻ=കുംഭകാരൻ. ആയാതൻ=ആയാനംചെയ്തവൻ. ആയാനംചെയ്ക=പ്രാപിക്ക.

൯൭. വസതൌ കൌലാല്യാന്തൌ കൌലാല്യാന്തേജസാ വധ്വമാമായ। ഊഷുസ്സ്വച്ഛാദനതസ്സ്വച്ഛാദനതശ്ശരീരയാത്രാംമധുതഃ॥

അന്വയം—സ്വച്ഛാദനതഃ (തസി-അ) ശരീരയാത്രാം (ആ-സ്ത്രീ-ദ്വി-ഏ) മധുതഃ (ത-പു-പ്ര-ബ) തെ (തച്ഛ-പു-പ്ര-ബ) തെജസാ (സ-ന-തൃ-ഏ) കൌ (ഉ-സ്ത്രീ-സ-ഏ) ലാല്യാം (ആ-സ്ത്രീ-ദ്വി-ഏ) വധ്വം (ഊ-സ്ത്രീ-ദ്വി-ഏ) ആമായ (ല്യ-അ) സ്വച്ഛാദനതഃ (തസി-അ) കൌലാല്യാം (ആ-സ്ത്രീ-സ-ഏ) വസതൌ (ഇ-സ്ത്രീ-സ-ഏ) ഊഷുഃ (ലിട്ട-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം—സ്വച്ഛാദനംകൊണ്ടു ശരീരയാത്രയെ മധുക്കളായിരിക്കുന്ന അവർ തെജസ്സുകൊണ്ടു കുവിങ്കൽ ലാല്യയായിരിക്കുന്ന വധുവിനെ ആമാനംചെയ്തിട്ട സ്വച്ഛാദനത്തിന്നായികൊണ്ടു കൌലാലിയായിരിക്കുന്ന വസതിയിങ്കൽ വസിച്ചു-(സ്വച്ഛാദനതഃ എന്നത ഫലത്തിന്നും ഹെതുവായുംഉണ്ടെന്നതിനെ ആശ്രയിച്ചിട്ടാകുന്നു എന്നറിഞ്ഞുകൊൾക.)

പരിഭാഷ—സ്വച്ഛാദനം=സ്വച്ഛമായിരിക്കുന്ന അദനം. സ്വച്ഛം=പരിശുദ്ധം- അദനം=ഭക്ഷണം- ശരീരയാത്ര=ദെഹസ്ഥിതി- മധുക്കൾ=ധരിച്ചിയങ്ങുന്നവർ- ധരിക്ക=പാലിക്ക- അവർ=യുധിഷ്ഠിരാദികൾ- കു=ഭൂമി- ലാല്യ=ലാളിക്കപ്പെട്ടുവാൻ യൊഗ്യാ- വധു=സ്ത്രീ- (പാഞ്ചാലി) ആമാനംചെയ്ക=സ്വീകരിക്ക- സ്വച്ഛാദനം=തങ്ങളുടെ ഛാദനം- ഛാദനം=വിധാനം-(മറയ്ക്കുക. തങ്ങളെ മറയ്ക്കുവാനായികൊണ്ടു എന്ന സാരം.) കൌലാലീ=കുലാലനെ സംബന്ധിച്ചത-വസതി=ഗൃഹം- വസിക്ക=ഇരിക്ക-

൯൮. തമന്ദ്രുപദെനപുരംഗമിതെന്ന്സ്വവിചാരമുദാരമുദാവിദിതെഃ। നരദെവസുതെരുമവാഹിവധൂർവ്വിധിനൈവചസാവചസാദിമുനെഃ॥

അന്വയം—തദനു (അ) ഉദാരമുദാ (മ-പു-തൃ-ഏ) ദ്രുപദേന (അ-പു-തൃ-ഏ) സവിചാരം (ക്രി-വി) വിദിതൈഃ (അ-പു-തൃ-ബ) പുരം (അ-ന-ദ്വി-ഏ) ഗമിതൈഃ (അ-പു-തൃ-ബ) നരദേവസുതൈഃ (അ-പു-തൃ-ബ) ആദിമുനേഃ (ഇ-പു-ഷ-ഏ) വചസാ (സ-ന-തൃ-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) വധൂഃ (ഊ-സ്ത്രീ-പ്ര-ഏ) വിധിനാ (ഇ-പു-തൃ-ഏ) ഏവ (അ) ഉദവാഹി (ലുങ്-ആ-പ-പ്ര-പു-ഏ) ച (അ)

അന്വയാർത്ഥം—അനന്തരം ഉദാരമുത്തായിരിക്കുന്ന ദ്രുപദനാൽ സവിചാരമാകുംവണ്ണം വിദിതന്മാരായി പുരത്തെ ഗമിതന്മാരായിരിക്കുന്ന നരദേവസുതന്മാരാൽ ആദിമുനിയുടെ വചസ്സു ഹേതുവായിട്ട ആ വധൂ വിധിയോടുകൂടെതന്നെ ഉദ്വാഹിക്കപ്പെടുകയും ചെയ്തു.

പരിഭാഷാ—ഉദാരമുത്ത=ഉദാരയായിരിക്കുന്ന മുത്തോടുകൂടിയവൻ- ഉദാരാ=വലുതായിരിക്കുന്നത- മുത്=സന്തോഷം- ദ്രുപദൻ=പാഞ്ചാലരാജൻ- സവിചാരം=വിചാരത്തോടുകൂടിയത- വിദിതന്മാർ=അറികപ്പെട്ടവർ- പുരം=രാജധാനി- ഗമിതന്മാർ=ഗമിപ്പിക്കപ്പെട്ടവർ- ഗമിപ്പിക്ക=പ്രാപിപ്പിക്ക- നരദേവസുതന്മാർ=രാജപുത്രന്മാർ- (യുധിഷ്ഠിരാദികൾ) ആദിമുനി=വ്യാസമഹർഷി- വചസ്സ=വാക്ക- വധൂ=സ്ത്രീ- (പാഞ്ചാലി) ഉദ്വാഹിക്ക=വേൾക്ക-

൯൭. രരാജ സാ ച പാണ്ഡവൈ രരാജസാസ്തയാ ച തേ। അനേനസാ ജനേന ഭൂ രനേനസാ ദധൌ ശ്രിയം॥

അന്വയം—സാ (തച്ഛ-സ്ത്രീ-പ്ര-ഏ) പാണ്ഡവൈഃ (അ-പു-തൃ-ബ) രരാജ (ലിട്ട-പ-പ-പ്ര-പു-ഏ) ച (അ) അരാജസാഃ (അ-പു-പ്ര-ബ) തേ (തച്ഛ-പു-പ്ര-ബ) തയാ (തച്ഛ-സ്ത്രീ-തൃ-ഏ) രേജുഃ (ലിട്ട-പ-പ-പ്ര-പു-ബ) ച (അ) അനേനസാ (സ-പു-തൃ-ഏ) അനേന (ഇദംശ-പു-തൃ-ഏ) ജനേന (അ-പു-തൃ-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) ഭൂഃ (ഊ-സ്ത്രീ-പ്ര-ഏ) ശ്രിയം (ഈ-സ്ത്രീ-ദ്വി-ഏ) ദധൌ (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാർത്ഥം—അവൾ പാണ്ഡവന്മാർ ഹേതുവായിട്ട രാജിച്ചു. അരാജസന്മാരായിരിക്കുന്ന അവർ അവൾ ഹേതുവായിട്ട രാജിച്ചു. അനേനസ്സായിരിക്കുന്ന ഈ ജനം ഹേതുവായിട്ട ആ ഭൂ ശ്രീയിനെ ധരിച്ചു.

പരിഭാഷാ—അവൾ=പാഞ്ചാലീ- പാണ്ഡവന്മാർ=പാണ്ഡുപുത്രന്മാർ- രാജിക്ക=ശോഭിക്ക- അരാജസന്മാർ=രാജസത്തോടുകൂടാത്തവർ- രാജസം=അഹംകാരം മുതലായ രജോഗുണകാൎയ്യം-

ൻ

അവർ=പാണ്ഡവന്മാർ- അവൾ=പാഞ്ചാലീ- അനേനസ്സ=എനസ്സോടുകൂടാത്തത- ഏനസ്സ=പാപം- ഭൂ=ഭൂമി- ശ്രീ=ശോഭാ-

ഇതി വാശാസോപനാമകരാമാനന്ദനാഥപണ്ഡിതപാരശവേന്ദ്രകൃതൌ യുധിഷ്ഠിരവിജയവ്യാഖ്യായാം ബാലപ്രബോധിന്യാം പ്രഥമ ആശ്വാസഃ.

YUDHISHTDHIRA VIJAYAM POEM.

സവ്യാഖ്യാനെ യുധിഷ്ഠിരവിജയകാവ്യെ
ദ്വിതീയാശ്വാസപ്രാരംഭഃ.

൧. അഥഗിരിവപ്രാകാരംദ്രുപദപുരസ്യക്ഷണാദിവപ്രാകാരം।
കുരവഃക്രുദ്ധാമാനസ്പർദ്ധാബന്ധാന്യരുന്ധതോദ്ധാമാനഃ॥

അന്വയം — അഥ (അ) കുരവഃ (ഉ-പു-പ്ര-ബ), ക്രുദ്ധാഃ (അ-പു-പ്ര-ബ) മാനസ്പർദ്ധാബന്ധാഃ (അ-പു-പ്ര-ബ) ഉദ്ധാമാനഃ (ന-പു-പ്ര-ബ) ഗിരിവപ്രാകാരം (അ-പു-ദ്വി-ഏ) ദ്രുപദപുരസ്യ (അ-ന-ഷ-ഏ) പ്രാകാരം (അ-പു-ദ്വി-ഏ) ക്ഷണാൽ-ഇവ (അ) ന്യരുന്ധത (ലങ്-പ-പ പ്ര-പു-ബ)-

അന്വയാർത്ഥം — അനന്തരം കുരുക്കൾ ക്രുദ്ധന്മാരായി മാനസ്പർദ്ധാബന്ധന്മാരായി ഉദ്ധാമാക്കളായിട്ട ഗിരിവപ്രാകാരമായിരിക്കുന്ന ദ്രുപദപുരത്തിന്റെ പ്രാകാരത്തെ പൊട്ടുന്നനവെ നിരോധിച്ചു.

പരിഭാഷ — കുരുക്കൾ=ദുര്യോധനാദികൾ- ക്രുദ്ധന്മാർ=കോപിച്ചവർ- മാനസ്പർദ്ധാബന്ധന്മാർ=മാനസ്പർദ്ധകളോടു കൂടിയവർ- മാനസ്പർദ്ധകൾ=മാനവും സ്പർദ്ധയും- മാനം=അഭിമാനം- സ്പർദ്ധ=സംഘർഷം-(അന്യനെ കെടുക്കേണമെന്നുള്ള ഇച്ഛ) ഉദ്ധാമാക്കൾ=ഉദ്ഗതമായിരിക്കുന്ന ധാമത്തോടുകൂടിയത. ഉദ്ഗതം=പ്രവൃദ്ധം-(വളരെ വർദ്ധിച്ചത) ധാമം=ഉത്സാഹം- ഗിരിവപ്രാകാരം=ഗിരിവപ്രത്തിന്റെ ആകാരംപോലെ ഇരിക്കുന്ന ആകാരത്തോടുകൂടിയത- ഗിരിവപ്രം=ഗിരിയുടെ വപ്രം- ഗിരി=പർവ്വതം- വപ്രം=സാനുപ്രദേശം- ആകാരം=ആകൃതി- ദ്രുപദപുരം=പാഞ്ചാലരാജധാനി- പ്രാകാരം=മതില- നിരോധിക്ക=ചുററും വളയുക-

൨. ദർപ്പമസഹമാനേനദ്വിഷതാംപാർത്ഥാഃപ്രസഹ്യസഹമാനേന। നഗരേരുരുധേതിലതാംനേതുമരിചമൂംനിരീയുരുരുധേതിലതാം॥

അന്വയം — പാൎത്ഥാഃ (അ-പു-പ്ര-ബ) നഗരെ-രുദ്ധെ (അ-ന-സ-ഏ) ദ്വിഷതാം (ത-പു-ഷ-ബ) ദൎപ്പം (അ-പു-ദ്വി-ഏ) അസഹമാനെന-മാനെന (അ-പു-തൃ-ഏ) സഹ (അ) പ്രസഹ്യ (അ) ഉദ്ധെതിലതാം (ആ-സ്ത്രീ-ദ്വി-ഏ) അരിചമൂം (ഊ-സ്ത്രീ-ദ്വി-ഏ) തിലതാം (ആ-സ്ത്രീ-ദ്വി-ഏ) നെതും (തുമ-അ) നിരീയുഃ (ലിട്ട-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം — പാൎത്ഥന്മാർ നഗരം രുദ്ധമായിരിക്കും വിഷയത്തിങ്കൽ ആദരിക്കാതെ ദ്വിഷത്തുകളുടെ ദൎപ്പത്തെ അസഹമാനമായിരിക്കുന്ന മാനത്തൊടുകൂടെ ബലാൽകാരെണ ഉദ്ധെതിലതയായിരിക്കുന്ന അരിചമുവിനെ തിലതയെ നയിപ്പാനായിക്കൊണ്ടു നിൎയ്യാണം ചെയ്തു.

പരിഭാഷാ — പാൎത്ഥന്മാർ=യുധിഷ്ഠിരാദികൾ- നഗരം=രാജധാനീ- രുദ്ധം=രൊധിക്കപ്പെട്ടത- രൊധിക്ക=ചുററും വളയുക- ദ്വിഷത്തുകൾ=ശത്രുക്കൾ- ദൎപ്പം=ഗൎവ്വം- അസഹമാനം=സഹമാനമല്ലാത്തത- സഹമാനം=സഹിച്ചിരിക്കുന്നത- ഉദ്ധെതിലതാ=ഉദ്ധൃതകളായിരിക്കുന്ന ഹെതിലതകളൊടുകൂടിയത- ഉദ്ധൃതകൾ=ഉദ്ധരിക്കപ്പെട്ടവ- ഉദ്ധരിക്ക=ഉയൎത്തിപ്പിടിക്ക- ഹെതിലതകൾ=ലതകൾപൊലെ ഇരിക്കുന്ന ഹെതികൾ- ലതകൾ=വള്ളികൾ- ഹെതികൾ=ആയുധങ്ങൾ- അരിചമൂ=അരികളുടെ ചമൂ- അരികൾ=ശത്രുക്കൾ- ചമൂ=സൈന്യം- തിലതാ=തിലതത്വം- നയിക്ക=പ്രാപിപ്പിക്ക- (തിലതയെ നയിക്ക എന്നതിന്ന പൊടിയാക്കുക എന്ന സാരമാകുന്നു.) നിൎയ്യാണംചെയ്ക=പുറപ്പെടുക-

൩. തൈഃകൃതസെനാനാശാഃകുരവൊയയുരെവസാധ്വസെനാനാശാഃ। ശത്രുഷുസമദെസ്പൃഷുന്യവസൻപാൎത്ഥാഃപുരെത്രസമദസ്പൃഷു॥

അന്വയം — കുരവഃ (ഉ-പു-പ്ര-ബ) തൈഃ (തച്ഛ-പു-തൃ-ബ) കൃതസെനാനാശാഃ (അ-പു-പ്ര-ബ) സാധ്വസെന (അ-ന-തൃ-ഏ) എവ (അ) അനാശാഃ (അ-പു-പ്ര-ബ) യയുഃ (ലിട്ട-പ-പ-പ്ര-പു-ബ) പാൎത്ഥാഃ (അ-പു-പ്ര-ബ) തെഷു (തച്ഛ-പു-സ-ബ) ശത്രുഷു (ഉ-പു-സ-ബ) സമദസ്പൃഷു (അ-പു-സ-ബ) സമദാഃ (ദ-പു-പ്ര-ബ) അത്ര (അ) പുരെ (അ-ന-സ-ഏ) ന്യവസൻ (ലങ്-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം — കുരുക്കൾ അവരാൽ കൃതസെനാനാശന്മാരായിട്ടു സാധ്വസം ഹെതുവായിട്ടു തന്നെ അനാശന്മാരായിട്ടു യാനം ചെയ്തു. പാൎത്ഥന്മാർ അവരാകുന്ന ശത്രുക്കൾ സമദസ്പൃന്മാരാ

യിരിക്കും വിഷയത്തിങ്കൽ സമുത്തുകളായിട്ടും രം പുരത്തിങ്കൽ നിവസിച്ചു.

പരിഭാഷാ — കുരുക്കൾ=ദുൎയ്യോധനാദികൾ- അവർ= യുധിഷ്ഠിരാദികൾ- കൃതസേനാനാശന്മാർ=കൃതമായിരിക്കുന്ന സേനാനാശത്തോടു കൂടിയവർ- കൃതം=ചെയ്യപ്പെട്ടത- സേനാനാശം=സേനയുടെ നാശം- സേനാ=സൈന്യം- സാദ്ധ്വസം=ഭയം- അനാശന്മാർ=ആശയോടുകൂടാത്തവർ- ആശാ=ആഗ്രഹം- (പാൎത്ഥവധത്തിങ്കലുള്ള അഭിലാഷം) യാനം=ചെയ്ക=പോക-പാൎത്ഥന്മാർ=യുധിഷ്ഠിരാദികൾ- സമുദസ്യന്മാർ= സമുദസിക്കപ്പെട്ടവർ- സമുദസിക്ക=നിരസിക്ക- സമുത്തുകൾ=മുത്തോടു കൂടിയവർ-മുത്ത=സന്തോഷം- പുരം=രാജധാനി-നിവസിക്ക= പാൎക്കുക.

൩൦ വൃത്തംപുത്രാണാന്തംപാൎത്ഥാനാഞ്ചോദയംരിപുത്രാണാന്തം।
വിദുരഗിരാജാതാന്തസ്താപശ്ശുശ്രാവതദനുരാജാതാന്തഃ॥

അന്വയം — തദനു (അ) രാജാ (ന-പു-പ്ര-ഏ) പുത്രാണാം (അ-പു-ഷ-ബ) വൃത്തം (അ-ന-ദ്വി-ഏ) പാൎത്ഥാനാം (അ-പു-ഷ-ബ) രിപുത്രാണാന്തം (അ-പു-ദ്വി-ഏ) തം (തച്ഛ-പു-ദ്വി-ഏ) ഉദയം (അ-പു-ദ്വി-ഏ) ച (അ) വിദുരഗിരാ (രേഫാ-സ്ത്രീ-തൃ-ഏ) ജാതാന്തസ്താപഃ-താന്തഃ (അ-പു-പ്ര-ഏ) ശുശ്രാവ (ലിട്ട-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം — അനന്തരം രാജാവ പുത്രന്മാരുടെ വൃത്തത്തെയും പാൎത്ഥന്മാരുടെ രിപുത്രാണാന്തമായിരിക്കുന്ന ഉദയത്തെയും വിദുരഗീര ഹേതുവായിട്ടു ജാതാന്തസ്താപനായി താന്തനായിട്ടു ശ്രവിച്ചു.

പരിഭാഷാ — രാജാവ=ധൃതരാഷ്ട്രൻ- പുത്രന്മാർ=ദുൎയ്യോധനാദികൾ- വൃത്തം=വൃത്താന്തം- പാൎത്ഥന്മാർ=യുധിഷ്ഠിരാദികൾ- രിപുത്രാണാന്തം=രിപുത്രാണമാകുന്ന അന്തത്തോടു കൂടിയത- രിപുത്രാണം=ശത്രുരക്ഷാ- അന്തം=അവസാനം- ഉദയം=സമൃദ്ധി- വിദുരഗീര=വിദുരന്റെ ഗീര- ഗീര=വാക്ക- ജാതാന്തസ്താപൻ= ജാതമായിരിക്കുന്ന അന്തസ്താപത്തോടു കൂടിയവൻ- ജാതം= ഉണ്ടായത- അന്തസ്താപം=അന്തൎഭാഗത്തിങ്കലുള്ളതാപം- അന്തൎഭാഗം=ഉള്ള-താപം=ദുഃഖം- താന്തൻ=തളൎന്നവൻ- ശ്രവിക്ക=കേൾക്ക.

൩൧ വ്യസനംഭാവിദുരന്തംവിചിന്ത്യചപ്രാഹിണോദപിഭാവിദുരന്തം।കുരുഭൎത്താപാൎത്ഥാനാമാനയനാൎത്ഥംഗുരുപ്രതാപാൎത്ഥാനാം॥

അന്വയം — കുരുഭൎത്താ (ഋ-പു-പ്ര-ഏ) ദുരന്തം-വ്യസനം (അ-ന-ദ്വി-ഏ) ഭാവി (ന-ന-ദ്വി-ഏ) വിചിന്ത്യ (ല്യ-അ) ഗുരുപ്ര

താപാൎത്ഥാനാം-പാൎത്ഥാനാം (അ-പു-ഷ-ബ) ആനയനാൎത്ഥം (അ) തം (തച്ഛ-പു-ദ്വി-ഏ) വിദുരം (അ-പു-ദ്വി-ഏ) വിഭാഃ (സ-പു-പ്ര-ഏ) പ്രാഹിണോൽ (ലങ്-പ-പ-പ്ര-പു-ഏ) ച (അ).

അന്വയാൎത്ഥം — കുരുഭൎത്താവ ദുരന്തമായിരിക്കുന്ന വ്യസനത്തെ ഭാവിയെന്ന വിചിന്തിച്ചിട്ട ഗുരുപ്രതാപാൎത്ഥന്മാരായിരിക്കുന്ന പാൎത്ഥന്മാരുടെ ആനയനത്തിനായിക്കൊണ്ട ആ വിദുരനെ വിഭാസ്സായിട്ട പ്രേരിച്ചു.

പരിഭാഷാ — കുരുഭൎത്താവ=ധൃതരാഷ്ട്രൻ- ദുരന്തം=ദുഷ്ടമായിരിക്കുന്ന അന്തത്തോടു കൂടിയത- അന്തം=അവസാനം- വ്യസനം=ആപത്ത- ഭാവി=ഭവിപ്പാൻ പോകുന്നത- വിചിന്തിക്ക=വിചാരിക്ക- ഗുരുപ്രതാപാൎത്ഥന്മാർ=ഗുരുക്കളായിരിക്കുന്ന പ്രതാപാൎത്ഥങ്ങളോടു കൂടിയവർ- ഗുരുക്കൾ=വൎദ്ധിച്ചവ- പ്രതാപാൎത്ഥങ്ങൾ=പ്രതാപവും അൎത്ഥവും. പ്രതാപം=പൌരുഷം- അൎത്ഥം=ധനം- പാൎത്ഥന്മാർ=യുധിഷ്ഠിരാദികൾ- ആനയനം=പ്രാപണം- (കൂട്ടിക്കൊണ്ടുള്ള വരവ) വിഭാസ്സ=ഭാസ്സോടുവേർപെട്ടവൻ- ഭാസ്സ=പ്രഭാ- പ്രേരിക്ക=പറഞ്ഞയയ്ക്കുക.

൩൰. സ ച മതിമാനനയത്താന്നാഗപുരം ജ്ഞാതിവൎഗ്ഗമാനനയത്നാൻ। വ്രജതോ ബന്ധുരസേനസ്സ്യാലോമൂനന്വിയായ ബന്ധുരസേനഃ।

അന്വയം — മതിമാൻ (ത-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) ജ്ഞാതിവൎഗ്ഗമാനനയത്നാൻ (അ-പു-ദ്വി-ബ) താൻ (തച്ഛ-പു-ദ്വി-ബ) നാഗപുരം (അ-ന-ദ്വി-ഏ) അനയൽ (ലങ്-പ-പ-പ്ര-പു-ഏ) വ്രജതഃ (ത-പു-ദ്വി-ബ) അമൂൻ (അദംശ-പു-ദ്വി-ബ) ബന്ധുരസേനഃ-സ്യാലഃ (അ-പു-പ്ര-ഏ) ബന്ധുരസേന (അ-പു-തൃ-ഏ) അന്വിയായ (ലിട്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം — മതിമാനായിരിക്കുന്ന അവൻ ജ്ഞാതിവൎഗ്ഗമാനനയത്നന്മാരായിരിക്കുന്ന അവരെ നാഗപുരത്തെ നയിച്ചു. വ്രജത്തുകളായിരിക്കുന്ന ഇവരെ ബന്ധുരസേനനായിരിക്കുന്ന സ്യാലൻ ബന്ധുരസം ഹേതുവായിട്ട അനുയാനം ചെയ്തു.

പരിഭാഷാ — മതിമാൻ=ബുദ്ധിമാൻ- അവൻ=വിദുരൻ- ജ്ഞാതിവൎഗ്ഗമാനനയത്നന്മാർ=ജ്ഞാതിവൎഗ്ഗമാനനത്തിങ്കൽ യത്നന്മാർ- ജ്ഞാതിവൎഗ്ഗമാനനം=ജ്ഞാതിവൎഗ്ഗത്തിന്റെ മാനനം- ജ്ഞാതിവൎഗ്ഗം=ജ്ഞാതികളുടെ വൎഗ്ഗം- ജ്ഞാതികൾ=ബന്ധുക്കൾ- വൎഗ്ഗം=സമൂഹം- മാനനം=പൂജാ- യത്നന്മാർ=പ്രയത്നത്തോടു കൂടിയവർ- അവർ=യുധിഷ്ഠിരാദികൾ- നാഗപുരം=ഹസ്തിനപുരം-

നയിക്ക=പ്രാപിപ്പിക്ക- വ്രജത്തുകൾ=വ്രജിച്ചിയങ്ങുന്നവർ- വ്രജിക്ക=പോക- ഇവർ=യുധിഷ്ഠിരാദികൾ- ബന്ധുരസേനൻ=ബന്ധുരയായിരിക്കുന്ന സേനയോടു കൂടിയവൻ- ബന്ധുരാ=ശോഭനാ- സേനാ=പടജനം- സ്യാലൻ=ഭാൎയ്യയുടെ സോദരൻ- (ധൃഷ്ടദ്യുമ്നൻ) ബന്ധുത്വം=ബന്ധുസ്നേഹം- അനുയാനം ചെയ്ക=അനുഗമിക്ക-

൬. തൎപ്പിതമാനവരാശിരത്നസമൂഹൈൎവ്വാച്യമാനവരാശിഃ ।
സതി നിനദേ വാദ്യാനാം സുഹൃദാം വാക്യേന വാസുദേവാദ്യാനാം ॥

൭. സ്വഭുജസമുദ്ധൃതരാഷ്ട്രഃ പ്രദായ രാജ്യാംശമവിസമുദ്ധൃതരാഷ്ട്രഃ। സഹ സബലി ദിവ്യാസാദ്യൈൎദ്ധൎമ്മജമഭിഷിക്തമകൃത ദിവ്യാസാദ്യൈഃ॥

അന്വയം — സ്വഭുജസമുദ്ധൃതരാഷ്ട്രഃ-ധൃതരാഷ്ട്രഃ (അ-പു-പ്ര-ഏ) അവിസമൽ (മ-പു-പ്ര-ഏ) വാസുദേവാദ്യാനാം (അ-പു-ഷ-ബ) സുഹൃദാം (ദ-പു-ഷ-ബ) വാക്യേന (അ-ന-തൃ-ഏ) സബലി (അ) രാജ്യാംശം (അ-പു-ദ്വി-ഏ) പ്രദായ (ല്യ-അ) രത്നസമൂഹൈഃ- (അ-പു-തൃ-ബ) തൎപ്പിതമാനവരാശിഃ (ഇ-പു-പ്ര-ബ) വാച്യമാനവരാശിഃ (സ-പു-പ്ര-ഏ) വാദ്യാനാം (അ-ന-ഷ-ബ) നിനദേ (അ-പു-സ-ഏ) സതി (ത-പു-സ-ഏ) ദിവ്യാസാദ്യൈഃ-വ്യാസാദ്യൈഃ (അ-പു-തൃ-ബ) സഹ (അ) ധൎമ്മജം- അഭിഷിക്തം (അ-പു-ദ്വി-ഏ) അകൃത (ലുങ്-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം — സ്വഭുജസമുദ്ധൃതരാഷ്ട്രനായിരിക്കുന്ന ധൃതരാഷ്ട്രൻ അവിസമത്തായിട്ട വാസുദേവാദ്യന്മാരായിരിക്കുന്ന സുഹൃത്തുകളുടെ വാക്യം ഹേതുവായിട്ട പൊടുന്നനവെ രാജ്യാംശത്തെ പ്രദാനം ചെയ്തിട്ട രത്നസമൂഹങ്ങൾകൊണ്ട തൎപ്പിതമാനവരാശിയായി വാച്യമാനവരാശിസ്സായിട്ട വാദ്യങ്ങളുടെ നിനദം സത്തായിരിക്കും വിഷയത്തിങ്കൽ ദിവ്യാസാദ്യന്മാരായിരിക്കുന്ന വ്യാസാദ്യന്മാരോടുകൂടെ ധൎമ്മജനെ അഭിഷിക്തനാക്കി ചെയ്തു.

പരിഭാഷാ — സ്വഭുജസമുദ്ധൃതരാഷ്ട്രൻ=സ്വഭുജസമുദ്ധൃതമായിരിക്കുന്ന രാഷ്ട്രത്തോടുകൂടിയവൻ- സ്വഭുജസമുദ്ധൃതം= സ്വഭുജത്തിങ്കൽ സമുദ്ധൃതം- സ്വഭുജം=തന്റെ ഭുജം- ഭുജം=കയ്യ- സമുദ്ധൃതം= സമുദ്ധരിക്കപ്പെട്ടത- സമുദ്ധരിക്ക=വഴിപോലെ ഉദ്ധരിക്ക- ഉദ്ധരിക്ക=വഹിക്ക- രാഷ്ട്രം=രാജ്യം- അവിസമത്ത=വിസമത്തല്ലാത്തവൻ- വിസമത്ത=വിശേഷേണ സമത്ത- വിശേഷം= അതിശയം- സമത്ത=മദത്തോടുകൂടിയവൻ- മദം=സന്തോ

ഷ്ടം- വാസുദേവാദ്യന്മാർ= വാസുദേവൻ തുടങ്ങിയുള്ളവർ- വാസുദേവൻ= വസുദേവപുത്രൻ- (ശ്രീകൃഷ്ണൻ) സുഹൃത്തുകൾ= ബന്ധുക്കൾ- വാക്യം=വചനം- രാജ്യാംശം= രാജ്യത്തിന്റെ അംശം- അംശം=ഭാഗം- പ്രദാനംചെയ്ക= കൊടുക്കുക- രത്നസമൂഹങ്ങൾ= രത്നങ്ങളുടെ സമൂഹങ്ങൾ- രത്നങ്ങൾ=ഉത്തമവസ്തുക്കൾ- തൎപ്പിതമാനവരാശി= തൎപ്പിതമായിരിക്കുന്ന മാനവരാശിയോടുകൂടിയവൻ- തൎപ്പിതം=തൎപ്പിക്കപ്പെട്ടത- മാനവരാശി= മാനവന്മാരുടെ രാശി- മാനവന്മാർ=മനുഷ്യർ- രാശി= സമൂഹം- വാച്യമാനവരാശിസ്സ്= വാച്യമാനകളായിരിക്കുന്ന വരാശിസ്സുകളോടുകൂടിയവൻ- വാച്യമാനകൾ= വചിപ്പിക്കപ്പെട്ടിയങ്ങുന്നവ- വചിപ്പിക്ക=പറയിക്ക- വരാശിസ്സുകൾ= വരകളായിരിക്കുന്ന ആശിസ്സുകൾ- വരകൾ= ശ്രേഷ്ഠകൾ- ആശിസ്സുകൾ= ആശീൎവ്വാദങ്ങൾ- നിനദം=ശബ്ദം- സത്ത=ഭേദിച്ചിയങ്ങുന്നത- ദിവ്യാസാദ്യന്മാർ= ദിവ്യന്മാരാൽ ആസാദ്യന്മാർ- ദിവ്യന്മാർ= ബഹുപുണ്യശാലികൾ- ആസാദ്യന്മാർ=ആസദിക്കപ്പെടുവാൻ ശക്യന്മാർ- ആസദിക്ക=പ്രാപിക്ക- വ്യാസാദ്യന്മാർ= വ്യാസൻതുടങ്ങിയുള്ളവർ- ധൎമ്മജൻ=ധൎമ്മപുത്രൻ- അഭിഷിക്തൻ= അഭിഷേചിക്കപ്പെട്ടവൻ- അഭിഷേചിക്ക= അഭിഷേകംചെയ്ക-

൯. യുക്തസ്സത്വൎദ്ധേനക്ഷോണ്യാശ്ചിത്തേനചൈവസത്വൎദ്ധേന । ഹതദ്വിട്സ്സഹരിപുരോഗശ്ശക്രപ്രസ്ഥംവിവേശസഹരിപുരോഗഃ॥

അന്വയം — സഃ (തച്ഛ-പു-പ്ര-ഏ) തു (അ) ക്ഷോണ്യാഃ (ൟരം-സ്ത്രീ-ഷ-ഏ) അൎദ്ധേന (അ-ന-തൃ-ഏ) സത്വൎദ്ധേന (അ-ന-തൃ-ഏ) ഏവ (അ) ചിത്തേന (അ-ന-തൃ-ഏ) ച (അ) യുക്തഃ- ഹതദ്വിട്സ്സഹരിപുരോഗഃ- സഹരിപുരോഗഃ (അ-പു-പ്ര-ഏ) ശക്രപ്രസ്ഥം (അ-ന-ദ്വി-ഏ) വിവേശ (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം — അവനാകട്ടെ ക്ഷോണിയുടെ അൎദ്ധത്തോടും സത്വൎദ്ധമായിത്തന്നെ ഇരിക്കുന്ന ചിത്തത്തോടും യുക്തനായി ഹതദ്വിട്സ്സഹരിപുരോഗനായി സഹരിപുരോഗനായിട്ട ശക്രപ്രസ്ഥത്തെ വേശിച്ചു.

പരിഭാഷാ — അവൻ=യുധിഷ്ഠിരൻ. ക്ഷോണീ=ഭൂമി. അൎദ്ധം=പകുതി- സത്വൎദ്ധം= സത്വം ഹേതുവായിട്ട ഋദ്ധം- സത്വം=സത്വഗുണം- ഋദ്ധം=വൎദ്ധിച്ചത- ചിത്തം=മനസ്സ- യു

കതൻ=കൂടിയവൻ- ഹതദുസ്സഹരിപുരോഗൻ= ഹതമായിരിക്കു ന്ന ദുസ്സഹരിപുരോഗത്തോടുകൂടിയവൻ- ഹതം=ശമിച്ചത- ദുസ്സ ഹരിപുരോഗം= ദുസ്സഹമായിരിക്കുന്ന രിപുരോഗം- ദുസ്സഹം=സ ഹിക്കപ്പെട്ടുവാൻ കഴിയാത്തത- രിപുരോഗം=രിപുവാകുന്നരോ ഗം- രിപു=ശത്രു- രോഗം=വ്യാധി- സഹരിപുരോഗൻ=ഹരിപു രോഗന്മാരോടുകൂടിയവൻ- ഹരിപുരോഗന്മാർ= ഹരിതുടങ്ങിയുള്ള വർ- ഹരി=ശ്രീകൃഷ്ണൻ- (വ്യാസമഹർഷി എന്നുമാം) ശക്രപ്ര സ്ഥം= ഇന്ദ്രപ്രസ്ഥമെന്ന രാജധാനി- വെശിക്ക=പ്രവെശി ക്ക-

൫൦. ഹതപാഭ്രമാവസതഃപുരംതദുൽഭൂതഭൂതിഭ്രമാവുസതഃ। ത ന്നുഷിരാപാദരതസ്സൽഭൂതെധാതൃസൂനുരാപാദരതഃ॥

അന്വയം— ഭ്രമൌ (ഇ-സ്ത്രീ-സ-ഏ) അസതഃ (ത-പു-ദ്വി- ബ) ഹത്വാ (ക്ത്വാ-അ) തദുൽഭൂതഭൂതിഭ്രമ (ന-ന-ദ്വി-ഏ) പു രം (അ-ന-ദ്വി-ഏ) ആവസതഃ (ത-പു-ദ്വി-ബ) താൻ (ത-പു- ദ്വി-ബ) ആദരതഃ (തസി-അ) തൽഭൂതെ (ഇ-സ്ത്രീ-ഷ-ഏ) ആപാദരതഃ (അ പു-പ്ര-ഏ) ധാതൃസൂനുഃ (ഉ-പു-പ്ര-ഏ) ഋ ഷിഃ (ഇ-പു-പ്ര-ഏ) ആപ (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം— ഭ്രമിയിങ്കൽ അസത്തുകളായിരിക്കുന്നവരെ ഹനിച്ചിട്ട തദുൽഭൂതഭൂതിഭ്രമാവായിരിക്കുന്ന പുരത്തെ ആവസ ത്തുകളായിരിക്കുന്ന അവരെ ആദരംഹെതുവായിട്ട തൽഭൂതിയുടെ ആപാദരതനായിട്ട ധാതൃസൂനുവായിരിക്കുന്ന ഋഷി ആപിച്ചു.

പരിഭാഷാ— അസത്തുകൾ=ദുഷ്ടന്മാർ- ഹനിക്ക=കൊല്ലുക- തദുൽഭൂതഭൂതിഭ്രമാവ= തദുൽഭൂതമായിരിക്കുന്ന ഭൂതിഭ്രമാവൊടുകൂടി യത- തദുൽഭൂതം=അതിങ്കൽനിന്ന ഉൽഭൂതം- അത=ദുഷ്ടവധം-ഉ ൽഭൂതം=ഉൽഭവിച്ചത- ഉൽഭവിക്ക=ഉണ്ടാക-ഭൂതിഭ്രമാവ=ഭൂതിയു ടെഭ്രമാവ-ഭൂതി=സംപത്ത-ഭ്രമാവ=ബഹുത്വം-പുരം=രാജധാനി- ആവസത്തുകൾ=ആവസിച്ചിയങ്ങുന്നവർ- ആവസിക്ക=അ ധിവസിക്ക- അവർ=യുധിഷ്ഠിരാദികൾ- ആദരം-ബഹുമാനം- തൽഭൂതി=അവരുടെഭൂതി- അവർ=യുധിഷ്ഠിരാദികൾ- ഭൂതി=അ ഭ്യുദയം-ആപാദരതൻ=ആപാദത്തിങ്കൽ രതൻ- ആപാദം=പ്രാ പണം- രതൻ=താൽപൎയ്യത്തൊടുകൂടിയവൻ- ധാതൃസൂനു=ധാ താവിന്റെ സൂനു- ധാതാവ=ബ്രഹ്മാവ- സൂനു=പുത്രൻ- ഋ ഷി=മുനി- (നാരദമഹൎഷി എന്നുസാരം-) ആപിക്ക=പ്രാപിക്ക-

൫൧. സചവധമത്യായതതഃസ്നേഹാത്തെഷപവദമൈകമത്യാ യതതഃ। സുരലലനാമൊദിതയൊഗ്ഗ്രാത്രൊസ്സന്ദ്രൊപസുന്ദനാമൊ

മിതയോഃ॥

അന്വയം—സഃ (തച്ഛ-പു-പ്ര-ഏ) തതഃ (അ) തേഷു (തച്ഛ-പു-സ-ബ) അത്യായതതഃ (തസി-അ) സ്നേഹാൽ (അ-പു-പ-ഏ) ഐകമത്യായ (അ-ന-ച-ഏ) സുരലലനാമോദിതയോഃ (അ-പു-ഷ-ദ്വി) സുന്ദോപസുന്ദനാമോദിതയോഃ (അ-പു-ഷ-ദ്വി) ഭ്രാത്രോഃ (ഋ-പു-ഷ-ദ്വി) വധം (അ-പു-ദ്വി-ഏ) അവദൽ (ലങ്-പ-പ-പ്ര-പു-ഏ) ച (അ)-

അന്വയാർത്ഥം—അവൻ അനന്തരം അവരിൽ അത്യായതമായിരിക്കുന്ന സ്നേഹം ഹേതുവായിട്ട ഐകമത്യത്തിന്നായിക്കൊണ്ട സുരലലനാമോദിതന്മാരായി സുന്ദോപസുന്ദനാമോദിതന്മാരായിരിക്കുന്ന ഭ്രാതാക്കന്മാരുടെ വധത്തെ വദിച്ചു-

പരിഭാഷാ—അവൻ=നാരദമഹർഷി- അവർ=യുധിഷ്ഠിരാദികൾ- അത്യായതം=അതിദീർഘം- ഐകമത്യം=ഏകമതികളുടെ ഭാവം എന്നുള്ളത- ഏകമതികൾ=ഏകമനസ്സുകൾ- സുരലലനാമോദിതന്മാർ= സുരലലനയാൽമോദിതന്മാർ- സുരലലനാ=ദേവസ്ത്രീ- (തിലോത്തമാ-) മോദിതന്മാർ=മോദിപ്പിക്കപ്പെട്ടവർ- മോദിപ്പിക്ക=സന്തോഷിപ്പിക്ക- സുന്ദോപസുന്ദനാമോദിതന്മാർ=സുന്ദോപസുന്ദനാമങ്ങൾകൊണ്ട ഉദിതന്മാർ- സുന്ദോപസുന്ദനാമങ്ങൾ=സുന്ദനെന്നും ഉപസുന്ദനെന്നും ഉള്ള നാമങ്ങൾ- നാമങ്ങൾ=പേരുകൾ- ഉദിതന്മാർ=വദിക്കപ്പെട്ടവർ- വദിക്ക=പറക- ഭ്രാതാക്കന്മാർ=സഹോദരന്മാർ- വധം=അന്യോന്യനിഗ്രഹം- വദിക്ക=പറക-

൭൨. തേമതമാദധുരസ്യജ്ഞാത്വാസംവാദമപ്രമാദധുരസ്യ ।
ദ്രുപദസുതാംപ്രത്യഗ്രേതസ്യൈവവയസ്യവസ്ഥിതാംപ്രത്യഗ്രേ॥

അന്വയം— തേ (തച്ഛ-പു-പ്ര-ബ) അപ്രമാദധുരസ്യ (അ-പു-ഷ-ഏ) അസ്യ (ഇദംശ-പു-ഷ-ഏ) മതം (അ-ന-ദ്വി-ഏ) ജ്ഞാത്വാ (ക്ത്വാ-അ) പ്രത്യഗ്രേ (അ-ന-സ-ഏ) വയസി (സ-ന-സ-ഏ) അവസ്ഥിതാം-ദ്രുപദസുതാം (ആ-സ്ത്രീ-സ-ഏ) പ്രതി (അ) തസ്യ (തച്ഛ-പു-ഷ-ഏ) അഗ്രേ (അ-ന-സ-ഏ) ഏവ (അ) സംവാദം (അ-പു-ദ്വി-ഏ) ആദധുഃ (ലിട്- പ-പ-പ്ര-പു-ബ)-

അന്വയാർത്ഥം—അവർ അപ്രമാദധുരനായിരിക്കുന്ന ഇവന്റെ മതത്തെ അറിഞ്ഞിട്ട പ്രത്യഗ്രമായിരിക്കുന്ന വയസ്സിങ്കൽ അവസ്ഥിതയായിരിക്കുന്ന ദ്രുപദസുതയെക്കുറിച്ച അവന്റെ അഗ്രത്തിങ്കൽതന്നെ സംവാദത്തെചെയ്തു-

പരിഭാഷാ—അവർ=യുധിഷ്ഠിരാദികൾ- അപ്രമാദധുരൻ=അപ്രമാദയായിരിക്കുന്ന ധുരത്തോടു കൂടിയവൻ- അപ്രമാദം=പ്രമാദത്തോടു കൂടാത്തത- പ്രമാദം=അനവധാനം- (മനസ്സോത്താഴ്ക-) ധുര=വ്യാപാരം- ഇവൻ=നാരദമഹർഷി- മതം=ഇച്ഛാ- പ്രത്യഗ്രം=നൂതനം- വയസ്സ=യൌവനം- അവസ്ഥിതാ=ഇരുന്നവൾ- ദ്രുപദസുതാ=പാഞ്ചാലി- അവൻ=നാരദമഹർഷി- അഗ്രം=മുമ്പ-സംവാദം=സമയം-

൧൬. വ്യത്യാസനേനസമാനാംപത്നീമസ്മാകമഭിജനേനസമാനാം। അന്തികമാനയമാനാവത്സ്യാമൊമുനിവചാംസിമാനയമാനാഃ॥

അന്വയം—വയം (അസ്മച്ഛ-പ്ര-ബ) മുനിവചാംസി (സ-ന-ദ്വി-ബ) മാനയമാനാഃ-സമാനാം (ആ-സ്ത്രീ-ഷ-ബ) വ്യത്യാസനേന (അ-ന-തൃ-ഏ) അസ്മാകം (അസ്മച്ഛ-ഷ-ബ) അഭിജനേന (അ-പു-തൃ-ഏ) സമാനാം (ആ-സ്ത്രീ-ദ്വി-ഏ) അന്തികം (അ-പു-ദ്വി-ഏ) ആനയമാനാഃ (അ-പു-പ്ര-ബ) വത്സ്യാമഃ (ലിട്ട-പ-പ-ഉ-പു-ബ)-

അന്വയാൎത്ഥം—ഞങ്ങൾ മുനിവചസ്സുകളെ മാനയമാനന്മാരായിട്ട സമകളുടെ വ്യത്യാസനംകൊണ്ടു ഞങ്ങളുടെ അഭിജനംകൊണ്ടു സമാനയായിരിക്കുന്ന പത്നിയെ അന്തികത്തെ ആനയമാനന്മാരായിട്ട വസിക്കുന്നുണ്ടു-

പരിഭാഷാ—മുനിവചസ്സുകൾ=മുനിയുടെ വചസ്സുകൾ- മുനി=മഹർഷി- വചസ്സുകൾ=വാക്കുകൾ- മാനയമാനന്മാർ=മാനിച്ചിയങ്ങുന്നവർ- മാനിക്ക=ബഹുമാനിക്ക- സമകൾ=സംവത്സരങ്ങൾ- വ്യത്യാസനം=വ്യത്യാസം- അഭിജനം=കുലം- സമാനാ=തുല്യാ-പത്നീ=ധൎമ്മഭാൎയ്യാ-(പാഞ്ചാലി) അന്തികം=സമീപം- ആനയമാനന്മാർ=ആനയിച്ചിയങ്ങുന്നവർ- ആനയിക്ക=പ്രാപിപ്പിക്ക- വസിക്ക=ഇരിക്കുക.

൧൭. യസ്യൂപവനാവാസന്നസ്ത്വസ്യായാംഭവെദനാവാസന്നഃ। സശരദമെകാന്തനുതാംപ്രതിനാമാലംബ്യവൃത്തിമെകാന്തനുതാം॥

അന്വയം—തൽസ്യായാം (ആ-സ്ത്രീ-സ-ഏ) അവന്യാം (ഇ-സ്ത്രീ-സ-ഏ) നഃ (അസ്മച്ഛ-ഷ-ബ) യഃ (യച്ഛ-പു-പ്ര-ഏ) തു (അ) ആസന്നഃ (അ-പു-പ്ര-ഏ) ഭവെൽ (ലിങ്-പ-പ-പ്ര-പു-ഏ) സഃ (തച്ഛ-പു-പ്ര-ഏ) ഏകാം (ആ-സ്ത്രീ-ദ്വി-ഏ) ശരദം (ദ-സ്ത്രീ-ദ്വി-ഏ) പ്രതിനാം (ന-പു-ഷ-ബ) ഏകാന്ത

നതാം (ആ-സ്ത്രീ-ദ്വി-ഏ) വൃത്തിം (ഇ-സ്ത്രീ-ദ്വി-ഏ) ആലംബ്യ (ല്യ-ബ) വനവാസം (അ-പു-ദ്വി-ഏ) തനുതാം (ലൊട്ട-പ-പ-(പ്ര-പു-ഏ)-

അന്വയാൎത്ഥം — തൽസെവ്യയായിരിക്കുന്ന അവനിയിങ്കൽ ഞങ്ങളിൽവെച്ച യാവനൊരുത്തൻ ആസന്നനായി ഭവിക്കുമൊ അവൻ ഏകയായിരിക്കുന്ന ശരത്തു മുഴുവൻ പ്രതികളുടെ എകാന്തനുതയായിരിക്കുന്ന വൃത്തിയെ ആലംബിച്ചിട്ട വനവാസത്തെ ചെയ്യെണം.

പരിഭാഷാ — തത്സെവ്യാ=അവളാൽ സെവ്യാ- അവൾ=പാഞ്ചാലീ- സെവ്യാ=സെവിക്കപ്പെടുന്നത- (തൽസെവ്യാ എന്നതിന്ന അവളാൽ പ്രാപ്തകാലനായിരിക്കുന്ന ഒരുത്തന്റെ സെവയൊടുകൂടെ ആശ്രയിക്കപ്പെട്ടിയങ്ങുന്നത എന്ന സാരമാകുന്നു.) അവനി=ഭൂമി- ആസന്നൻ=ആസമിച്ചവൻ- ആസമിക്ക=ആഗമിക്ക- ഏകാ=ഒന്ന- ശരത്ത=സംവത്സരം- പ്രതികൾ=പ്രതമുള്ളവർ- ഏകാന്തനുതാ=നിയമെന സ്തുതിക്കപ്പെട്ടത- വൃത്തി=ആചാരം- (ബ്രഹ്മചൎയ്യജടാവല്ക്കലധാരണാദി) ആലംബിക്ക=ആശ്രയിക്ക- വനാവാസം=വനവാസം-

൫൫. ഇതികൃതസമയൊനിജയാദെവ്യാനൃപതിർദ്ധ്യഭസമയൊ
നിജയാ॥നിതരാമരമതനുതയാകാന്ത്യാക്രമരമ്യഭാവമരമതനുതയാ॥

അന്വയം — ഇതി (അ) കൃതസമയഃ (അ-പു-പ്ര-ഏ) നൃപതിഃ (ഇ-പു-പ്ര-ഏ) അയൊനിജയാ (ആ-സ്ത്രീ-ദ്വി-ഏ) കാന്ത്യാ (ഇ-സ്ത്രീ-തൃ-ഏ) നതയാ (ആ-സ്ത്രീ-തൃ-ഏ) നിജയാ (ആ-സ്ത്രീ-തൃ-ഏ) തയാ (തച്ഛ-സ്ത്രീ-തൃ-ഏ) ദെവ്യാ (ഈ-സ്ത്രീ-തൃ-ഏ) നിതരാം (അ) അരമത (ലങ്-ആ-പ-പ്ര-പു-ഏ) യാ (യച്ഛ-സ്ത്രീ-പ്ര-ഏ) അരം (ക്രി-വി) ക്രമരമ്യഭാവം (അം-പു-ദ്വി-ഏ) അതനുത (ലങ്-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം — ഇപ്രകാരം കൃതസമയനായിരിക്കുന്ന നൃപതി അയൊനിജയായി കാന്തി ഹെതുവായിട്ട നതയായി നിജയായിരിക്കുന്ന ആ ദെവിയൊടുകൂടെ ഏററവും രമിച്ചു. യാവളൊരുത്തി പൊടുന്നനവെ ക്രമരമ്യഭാവത്തെച്ചെയ്തു.

പരിഭാഷാ — കൃതസമയൻ=കൃതമായിരിക്കുന്ന സമയത്തൊടുകൂടിയവൻ- കൃതം=ചെയ്യപ്പെട്ടത- സമയം=ശപഥം- നൃപതി=രാജാവ- (യുധിഷ്ഠിരൻ) അയൊനിജാ=യൊനിജയല്ലാത്തവൾ- യൊനിജാ=യൊനിയിങ്കൽനിന്ന ജനിച്ചവൾ- കാന്തി=ശൊഭാ- നതാ=സ്തുതിക്കപ്പെട്ടവൾ- നിജാ=തന്നെ സംബന്ധിച്ചവൾ-

ദേവീ=അഭിഷേകം ചെയ്യപ്പെട്ട ഭാൎയ്യാ- (പാഞ്ചാലീ) രമിക്ക=ക്രീഡിക്ക- യാവളോൎത്തി=ദേവീ- ക്രമരമ്യഭാവം=ക്രമരമ്യമായിരിക്കുന്ന ഭാവം- ക്രമരമ്യം=ക്രമേണ രമ്യം- രമ്യം=മനോഹരം- ഭാവം=ചേഷ്ടാ-

൬൩. തത്ര ച രിപുരോപാന്തെ രമമാണെ ഭൂമിഭൎത്തരി പുരോപാന്തെ। സഹസാരോദരവശ്ശ്രുതസ്സമുദ്ധൂതപുരവരോദരവസ്തൂഃ ॥

അന്വയം—രിപുരോപാന്തെ (അ-പു-സ-ഏ) തത്ര (അ) ഭൂമിഭൎത്തരി (ഋ-പു-സ-ഏ) രമമാണെ (അ-പു-സ-ഏ) പുരോപാന്തെ (അ-പു-സ-ഏ) സഹസാ (അ) സമുദ്ധൂതപുരവരോദരവസ്തൂഃ (ഉ-പു-പ്ര-ഏ) രോദരവഃ (അ-പു-പ്ര-ഏ) തു (അ) ശ്രുതഃ (അ-പു-പ്ര-ഏ) ച (അ)-

അന്വയാൎത്ഥം—രിപുരോപാന്തനായിരിക്കുന്ന ആ ഭൂമി ഭൎത്താവ രമമാണനായിരിക്കും വിഷയത്തിങ്കൽ പുരോപാന്തത്തിങ്കൽ നിനവുകൂടാതെ സമുദ്ധൂതപുരവരോദരവസ്തുവായിരിക്കുന്ന രോദരവം പുരസ്ഥന്മാരാൽ ശ്രുതമായി.

പരിഭാഷാ—രിപുരോപാന്തൻ=രിപുരോപങ്ങളുടെ അന്തത്തെ ചെയ്യുന്നവൻ- രിപുരോപങ്ങൾ=രിപുക്കളുടെ രോപങ്ങൾ- രിപുക്കൾ=ശത്രുക്കൾ- രോപങ്ങൾ=ശരങ്ങൾ- അന്തം=നാശം- ഭൂമിഭൎത്താവ=രാജാവ- (യുധിഷ്ഠിരൻ) രമമാണൻ=രമിച്ചിയങ്ങുന്നവൻ- രമിക്ക=ക്രീഡിക്ക- പുരോപാന്തം=പുരത്തിന്റെ ഉപാന്തം- പുരം=രാജധാനീ- ഉപാന്തം=സമീപം- സമുദ്ധൂതപുരവരോദരവസ്തു=സമുദ്ധൂതങ്ങളായിരിക്കുന്ന പുരവരോദരവസ്തുക്കളോടുകൂടിയത- സമുദ്ധൂതങ്ങൾ=ഇളക്കപ്പെട്ടവ- പുരവരോദരവസ്തുക്കൾ=പുരവരോദരത്തിങ്കലുള്ള വസ്തുക്കൾ- പുരവരോദരം=പുരവരത്തിന്റെ ഉദരം- പുരവരം=പുരങ്ങളിൽവെച്ച വരം- പുരങ്ങൾ=രാജധാനികൾ- വരം=ശ്രേഷ്ഠം- (ഉത്തമമായിരിക്കുന്ന രാജധാനി എന്ന സാരം) ഉദരം=അന്തൎഭാഗം- (ഉള്ള) വസ്തുക്കൾ=പദാൎത്ഥങ്ങൾ- രോദരവം=രോദത്തിന്റെ രവം- രോദം=കരച്ചിൽ- രവം=ശബ്ദം- ശ്രുതം=ശ്രവിക്കപ്പെട്ടത- ശ്രവിക്ക=കേൾക്ക-

൬൪. ആഭവതാമെയാഗാഹരന്തിചോരാ ഇമെഹതാമെയാഗാഃ। സാസിഗദാസന്നാഹാദ്രുതതരമനയാതയാവദാസന്നാഹാ॥

അന്വയം—ഹെജനാഃ- യൂയം- ആഭവത (ലൊട്ട-പ-പ-മ-പു-ബ) ഇമെ (ഇദംശ-പു-പ്ര-ബ) ചോരാഃ (അ-പു-പ്ര-ബ) അമെയാഃ (ആ-സ്ത്രീ-ദ്വി-ബ) ഗാഃ (ഒ-സ്ത്രീ-ദ്വി-ബ) ഹരന്തി (ലിട്ട-പ-പ-പ്ര-പു-ബ) മെ (അസ്മച്ഛ-ഷ-ഏ) യാഗാഃ-ഹ

താഃ (അ-പു-പ്ര-ബ) ഹാ (അ) സാസിഗദാസന്നാഹാഃ (അ-
പു-പ്ര-ബ) യാവൽ (അ) ആസന്നാഃ (അ-പു-പ്ര-ബ) താവ
ൽ (അ) ദ്രുതതരം (ക്രി-വി) അനുയാത (ലോട്ട-പ-പ-മ-പു-ബ).

അന്വയാൎത്ഥം— അല്ലയൊ ജനങ്ങൾ നിങ്ങൾ ആദ്രവിക്കെ
ണമെ. ഒരം ചോരന്മാർ അമെയകളായിരിക്കുന്ന ഗൊക്കളെ ഹ
രിക്കുന്നു. എന്റെ യാഗങ്ങൾ ഹതങ്ങളായി കഷ്ടം. നിങ്ങൾ
സാസിഗദാസന്നാഹന്മാരായിട്ട യാതൊരു സമയത്തിങ്കൽ ആ
സന്നന്മാരായി ഭവിക്കുമൊ അപ്പോൾതന്നെ ഏററവും വെഗെ
ന അനുയാനം ചെയ്താലും.

പരിഭാഷാ— ആദ്രവിക്ക=ഓടിവരിക. ചോരന്മാർ=കള്ളന്മാർ-
അമെയകൾ= ഇത്രയെന്ന നിശ്ചയിക്കപ്പെട്ടുവാൻ കഴിയാത്ത
വ- ഗൊക്കൾ=പശുക്കൾ- ഹരിക്ക=പിടിച്ചുകൊണ്ടുപൊക- യാ
ഗങ്ങൾ=യജ്ഞങ്ങൾ- ഹതങ്ങൾ=ഹനിക്കപ്പെട്ടവ- ഹനിക്ക=മു
ടക്കുക- സാസിഗദാസന്നാഹന്മാർ=അസിഗദാസന്നാഹങ്ങളൊ
ടു കൂടിയവർ- അസിഗദാസന്നാഹങ്ങൾ=അസിയും ഗദയും സ
ന്നാഹവും- അസി=വാള- സന്നാഹം=ഉത്സാഹം- ആസന്ന
ന്മാർ=സമീപസ്ഥന്മാർ- അനുയാനംചെയ്ക=അനുഗമിക്ക.

൮൭. ഇതിസഹസാരൊദന്തംദ്വിജസ്യപാൎത്ഥാശൃണൊദസാ
രൊദന്തം। മധ്യെനചാപാദ്യെഷുക്ഷിതിപഗൃഹാദായുധെഷ്വാ
പാദ്യെഷു।

അന്വയം— പാൎത്ഥഃ (അ-പു-പ്ര-ഏ) ഇതി (അ) അസാരൊ
ദന്തം (അ-പു-ദ്വി-ഏ) ദ്വിജസ്യ (അ-പു-ഷ-ഏ) തം (ത-പു-
ദ്വി-ഏ) രൊദം (അ-പു-ദ്വി-ഏ) സഹസാ (അ) അശൃണൊ
ൽ (ലങ്-പ-പ-പ്ര-പു-ഏ) ചാപാദ്യെഷു- ആയുധെഷു
(അ-ന-സ-ബ) ക്ഷിതിപഗൃഹാൽ (അ-ന-പ-ഏ) ആപാദ്യെ
ഷു (അ-ന-സ-ബ) മധ്യെന (ലിട്ട-പ-പ-പ്ര-പു-ഏ) ച (അ).

അന്വയാൎത്ഥം— പാൎത്ഥൻ ഇപ്രകാരം അസാരൊദന്തമായി
രിക്കുന്ന ദ്വിജന്റെ ആ രൊദനത്തെ നിനവുകൂടാതെ ഇരിക്കു
മ്പോൾ ശ്രവിച്ചു. ചാപാദ്യങ്ങളായിരിക്കുന്ന ആയുധങ്ങൾ
ക്ഷിതിപഗൃഹത്തിങ്കൽനിന്ന ആസാദ്യങ്ങളായിരിക്ക നിമിത്ത
മായിട്ട ധ്യാനിക്കുകയും ചെയ്തു.

പരിഭാഷാ— പാൎത്ഥൻ=അൎജ്ജുനൻ- അസാരൊദന്തം=അസാ
രമായിരിക്കുന്ന ഉദന്തത്തൊടു കൂടിയത- അസാരം-അന്യായം-ഉ
ദന്തം=വൃത്താന്തം- ദ്വിജൻ=ബ്രാഹ്മണൻ- രൊദം=നിലവിളി-
ശ്രവിക്ക=കെൾക്ക- ചാപാദ്യങ്ങൾ=ചാപം തുടങ്ങിയുള്ളവ- ചാ

പം=വില്ല്- ക്ഷിതിപഗൃഹം=ക്ഷിതിപന്റെ ഗൃഹം- ക്ഷിതിപൻ= രാജാവ- (യുധിഷ്ഠിരൻ) ആപാദ്യങ്ങൾ= ആപാദിക്കപ്പെട്ടുവാൻ ശക്യങ്ങൾ- ആപാദിക്ക=ലഭിക്ക- ധ്യാനിക്ക=ചിന്തിക്ക.

൧൯. നഹിസംവാദത്യാഗസ്സജ്ജനരക്ഷാസുമാർദ്ദവാദത്യാഗഃ।
തന്മമഭാവിപ്രായശ്രേയഃപ്രതിപാദ്യഗാശ്ശുഭാവിപ്രായ॥

അന്വയം— സജ്ജനരക്ഷാസു (ആ-സ്ത്രീ-സ-ബ) ഹി (അ) സംവാദത്യാഗഃ (അ-പു-പ്ര-ഏ) മാർദ്ദവാത് (അ-ന-പ-ഏ) അത്യാഗഃ (സ-ന-പ്ര-ഏ) ന (അ) തൽ (അ) മമ (അസ്മച്ഛ-ഷ-ഏ) ശുഭാഃ (ആ-സ്ത്രീ-ദ്വി-ബ) ഗാഃ (ഒ-സ്ത്രീ-ദ്വി-ബ) വിപ്രായ (അ-പു-ച-ഏ) പ്രതിപാദ്യ (ല്യ-അ) പ്രായഃ (അ) ശ്രേയഃ (സ-ന-പ്ര-ഏ) ഭാവി (ന-ന-പ്ര-ഏ).

അന്വയാർത്ഥം— സജ്ജനരക്ഷകളിൽ സംവാദത്യാഗം മാർദ്ദവം ഹേതുവായിട്ട അത്യാഗസ്സായി ഭവിക്കുന്നില്ല. അതഹേതുവായിട്ട ഇനിക്ക ശുഭകളായിരിക്കുന്ന ഗോക്കളെ വിപ്രനായിക്കൊണ്ട പ്രതിപാദിച്ചിട്ട ബാഹുല്യേന ശ്രേയസ്സ ഭാവിയായി ഭവിക്കുന്നു.

പരിഭാഷാ— സജ്ജനരക്ഷകൾ= സജ്ജനങ്ങളുടെ രക്ഷകൾ- സംവാദത്യാഗം= സംവാദത്തിന്റെ ത്യാഗം- സംവാദം=പ്രതിജ്ഞാ- ത്യാഗം=ഉപേക്ഷാ- മാർദ്ദവം=മൃദുത്വം- അത്യാഗസ്സ= മഹാപരാധം- ശുഭകൾ=മംഗലകൾ- (ദുർജ്ജനസ്പർശത്തിനുകൂടെ അയോഗ്യകൾ) ഗോക്കൾ=പശുക്കൾ- വിപ്രൻ=ബ്രാഹ്മണൻ- പ്രതിപാദിക്ക= ദാനംചെയ്ക- ബാഹുല്യം= ബഹുത്വം- ശ്രേയസ്സ= മംഗലം- ഭാവി=ഭവിപ്പാൻപോകുന്നത-

൨൦. ഇതിബലവാനുഗ്രാഹിപ്രതിമംജഗ്രാഹമാനവാനുഗ്രാഹി। അരിപരിഭവനോദരതഃപാർത്ഥശ്ചാപംനരേന്ദ്രഭവനോദരതഃ॥

അന്വയം— ഇതി (അ) നിശ്ചിത്യ- ബലവാൻ (ത-പു-പ്ര-ഏ) പാർത്ഥഃ- അരിപരിഭവനോദരതഃ (അ-പു-പ്ര-ഏ) നരേന്ദ്രഭവനോദരതഃ (തസി-അ) ഉഗ്രാഹിപ്രതിമം (അ-ന-ദ്വി-ഏ) മാനവാനുഗ്രാഹി (ന-ന-ദ്വി-ഏ) ചാപം (അ-ന-ദ്വി-ഏ) ജഗ്രാഹ (ലിട്ട്-പ-പ-പ്ര-പു-ഏ)-

അന്വയാർത്ഥം— ഇപ്രകാരം നിശ്ചയിച്ചിട്ട ബലവാനായിരിക്കുന്ന പാർത്ഥൻ അരിപരിഭവനോദരതനായിട്ട നരേന്ദ്രഭവനോദരത്തിങ്കൽ നിന്ന ഉഗ്രാഹിപ്രതിമമായി മാനവാനുഗ്രാഹിയായിരിക്കുന്ന ചാപത്തെ ഗ്രഹിച്ചു.

പരിഭാഷാ—ബലവാൻ=ബലമുള്ളവൻ- പാൎത്ഥൻ=അൎജ്ജുനൻ- അരിപരിഭവനോദരതൻ= അരിപരിഭവനോദത്തിങ്കൽരതൻ- അരിപരിഭവനോദം= അരിപരിഭവത്തിന്റെ നോദം- അരിപരിഭവം= അരികളുടെപരിഭവം- അരികൾ=ശത്രുക്കൾ- പരിഭവം=അനാദരം_ (ബഹുമാനമില്ലായ്ക) നോദം=നിരാസം- രതൻ=താൽപൎയ്യത്തോടുകൂടിയവൻ- നരെന്ദ്രഭവനോദരം=നരെന്ദ്രഭവനത്തിന്റെ ഉദരം- നരെന്ദ്രഭവനം= നരെന്ദ്രന്റെ ഭവനം- നരെന്ദ്രൻ=രാജാവ- (യുധിഷ്ഠിരൻ) ഭവനം=ഗൃഹം- ഉദരം=ഉള്ള- ഉഗ്രാഹിപ്രതിമം=ഉഗ്രാഹിയാകുന്ന പ്രതിമയൊടുകൂടിയത- ഉഗ്രാഹി=ഉഗ്രനായിരിക്കുന്ന അഹി- ഉഗ്രൻ=ഭയംകരൻ- അഹി=സൎപ്പം- പ്രതിമാ=ഉപമാനം- മാനവാനുഗ്രാഹി= മാനവന്മാരെ അനുഗ്രഹിക്കുന്നത- മാനവന്മാർ= മനുഷ്യർ- ചാപം=വില്ല- ഗ്രഹിക്ക=എടുക്കുക-

൨൫. സപ്രസഭംഗുരവെഗാദത്വാഹത്വാഖലാനഭംഗുരവെഗാഃ । ദാരഭുവാസമയെനപ്രയയൌതീൎത്ഥാനിവിപ്രവാസസമയെന॥

അന്വയം—സഃ (തച്ഛ-പു-പ്ര-ഏ) പ്രസഭം (ക്രി-വി) ഖലാൻ (അ-പു-ദ്വി-ബ) ഹത്വാ (ക്ത്വാ-അ) അഭംഗുരവെഗാഃ (ആ-സ്ത്രീ-ദ്വി-ബ) ഗാഃ (ഒ-സ്ത്രീ-ദ്വി-ബ) ഗുരവെ (ഉ-പു-ച-ഏ) ദത്വാ (ക്ത്വാ-അ) വിപ്രവാസസമയെന (അ-പു-തൃ-ഏ) ദാരഭുവാ (ഊ-പു-തൃ-ഏ) സമയെന (അ-പു-തൃ-ഏ) തീൎത്ഥാനി (അ-ന-ദ്വി-ബ) പ്രയയൌ (ലിട്ട-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അവൻ ബലാൽക്കാരേണ ഖലന്മാരെ ഹനിച്ചിട്ട അഭംഗുരവെഗകളായിരിക്കുന്ന ഗോക്കളെ ഗുരുവിനായിക്കൊണ്ട ദാനംചെയ്തിട്ട വിപ്രവാസസമയമായി ദാരഭൂവായിരിക്കുന്ന സമയം ഹെതുവായിട്ട തീൎത്ഥങ്ങളെ പ്രയാണം ചെയ്തു-

പരിഭാഷാ—അവൻ=അൎജ്ജുനൻ- ഖലന്മാർ=ചോരന്മാർ- ഹനിക്ക=നിഗ്രഹിക്ക- അഭംഗുരവെഗകൾ= അഭംഗുരമായിരിക്കുന്നവെഗത്തോടുകൂടിയവ- അഭംഗുരം=അനശ്വരം- (നശിക്കാത്തത) ഗോക്കൾ=പശുക്കൾ- ഗുരു=ബ്രാഹ്മണൻ- ദാനംചെയ്ക= കൊടുക്കുക- വിപ്രവാസസമയം= സ്വജനവിരഹമയം- (സ്വജനങ്ങളുടെ വെൎപാടിനെ ഉണ്ടാക്കുന്നത എന്നസാരം) ദാരഭൂ=ദാരങ്ങളിൽനിന്ന ഭവിച്ചത- ദാരങ്ങൾ=ഭാൎയ്യാ- (പാഞ്ചാലി) ഭവിക്ക=ഉണ്ടാക- സമയം=പ്രതിജ്ഞാ- തീൎത്ഥങ്ങൾ=പുണ്യ

ജലങ്ങൾ- പ്രയാണം ചെയ്ക=പ്രതിഗമിക്ക-

൭൨. തംശ്രിതഗംഗാദ്വാരാനുദന്തമംഹാംസിസമൃഗംഗാദ്വാരാ।നാഗസുതാപാതാളംപാൎത്ഥമനൈഷീദതൎക്കിതാപാതാളം॥

അന്വയം — വാരാ (രെഫാ-ന-തൃ-ഏ) അംഗാൽ (അ-ന-പ-ഏ) അംഹാംസി (സ-ന-ദ്വി-ബ) നുദന്തം (ത-പു-ദ്വി-ഏ) തം (തച്ഛ-പു-ദ്വി-ഏ) പാൎത്ഥം (അ-പു-ദ്വി-ഏ) ശ്രിതഗംഗാദ്വാരാ=അളം=(അ) അതൎക്കിതാപാതാ- നാഗസുതാ (ആ-സ്ത്രീ-പ്ര-ഏ) പാതാളം (അ-ന-ദ്വി-ഏ) അനൈഷീൽ (ലുങ്ങ് പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം — വാരുകൊണ്ടു അംഗത്തിങ്കൽനിന്നു അംഹസ്സുകളെ നുദന്നായിരിക്കുന്ന ആ പാൎത്ഥനെ ശ്രിതഗംഗാദ്വാരയായി ഏററവും അതൎക്കിതാപാതയായിരിക്കുന്ന നാഗസുതാപാതാളത്തെ നയിച്ചു.

പരിഭാഷാ — വാര=ജലം- അംഗം=ശരീരം- അംഹസ്സുകൾ=പാപങ്ങൾ, നുദൻ=നൊദിച്ചിയങ്ങുന്നവൻ-നൊദിക്ക=അവഗമിപ്പിക്ക- (വെർപെടുത്തുക) പാൎത്ഥൻ=അൎജ്ജുനൻ- ശ്രിതഗംഗാദ്വാരാ=ശ്രിതമായിരിക്കുന്ന ഗംഗാദ്വാരത്തൊടുകൂടിയവൾ- ശ്രിതം=ശ്രയിക്കപ്പെട്ടത- ശ്രയിക്ക= ആശ്രയിക്ക- ഗംഗാദ്വാരം=ഗംഗാസമീപസ്ഥമായിരിക്കുന്ന ദ്വാരം- അതൎക്കിതാപാതാ=അതൎക്കിതമായിരിക്കുന്ന ആപാതത്തൊടുകൂടിയവൾ- അതൎക്കിതം=തൎക്കിക്കപ്പെടാത്തത- ആപാതം=ആഗമനം- നാഗസുതാ=നാഗപുത്രീ- (ഉലൂപിഎന്ന പെരൊടുകൂടിയവൾ) നയിക്ക=പ്രാപിപ്പിക്ക-

൭൩. സചരെമെകാമനയാബീഭത്സുസ്തത്രരാത്രിമെകാമനയാ। അഹിസുതയെരാവന്തംസുതമാപചവംശവൃദ്ധയെരാവന്തം॥

അന്വയം — സഃ (തച്ഛ-പു-പ്ര-ഏ) ബീഭത്സുഃ (ഉ-പു-പ്ര-ഏ) കാമനയാ (ആ-സ്ത്രീ-പ്ര-ഏ) തത്ര (അ) ഏകാം (ആ-സ്ത്രീ-ദ്വി-ഏ) രാത്രിം (ഇ-സ്ത്രീ-ദ്വി-ഏ) അനയാ (ഇദംശ-സ്ത്രീ-തൃ-ഏ) അഹിസുതയാ (ആ-സ്ത്രീ-തൃ-ഏ) രെമെ (ലിട്ട-ആ-പ-പ്ര-പു-ഏ) ച (അ) വംശവൃദ്ധയെ (ഇ-സ്ത്രീ-ച-ഏ) ഇരാവന്തം (ത-പു-ദ്വി-ഏ) അരെ (ഇ-പു-ദ്വി-ഏ) അന്തം (അ-പു-ദ്വി-ഏ) സുതം (അ-പു-ദ്വി-ഏ) ആപ (ലിട്ട-പ-പ-പ്ര-പു-ഏ) ച (അ)-

അന്വയാൎത്ഥം — ആ ബീഭത്സു കാമന ഹെതുവായിട്ടു അതിങ്കൽ ഏകയായിരിക്കുന്ന രാത്രിമുഴുവൻ ഈ അഹിസുതയൊടുകൂടെ

രമിക്കുകയും ചെയ്തു. വംശവൃദ്ധിക്കായിക്കൊണ്ടു ഇരാവാനാ യി അരിയിങ്കൽ അന്തമായിരിക്കുന്ന സുതനെ ആപിക്കുകയും ചെയ്തു.

പരിഭാഷാ — ബീഭത്സു=അൎജ്ജുനൻ- കാമനാ=കാമം- അതലം= പാതാളം- ഏകാ=ഒന്നു- അഹിസുതാ=നാഗപുത്രി- രമിക്ക=സംഭോഗസുഖത്തെ അനുഭവിക്ക- വംശവൃദ്ധി=കുലവൃദ്ധി- ഇരാവാൻ=ഇരാവാനെന്നു പെരൊടു കൂടിയവൻ- അരി=ശത്രു- അന്തം=മൃത്യു- സുതൻ=പുത്രൻ- ആപിക്ക=ലഭിക്ക-

൨൮. സഹിസകലക്ഷ്മാചക്രെപ്രദക്ഷിണംവൃക്ഷചീരലക്ഷ്മാ ചക്രെ ഗച്ഛന്നളിനീരജിനീരാശ്രമകുല്യാന്നദീശ്ചനളിനീരജിനീ॥

അന്വയം — സഃ (തച്ഛ-പു-പ്ര-ഏ) ഹി (അ) വൃക്ഷചീരലക്ഷ്മാ-അജിനീ (ന-പു-പ്ര-ഏ) അളിനീരജിനീഃ (ഇരം-സ്ത്രീ-ദ്വി-ബ) ആശ്രമകുല്യാഃ (ആ-സ്ത്രീ-ദ്വി-ബ) നദീഃ-നളിനീഃ (ഇരം-സ്ത്രീ-ദ്വി-ബ) ച (അ) ഗച്ഛൻ (ത-പു-പ്ര-ഏ) സകലക്ഷ്മാചക്രെ (അ-ന-സ-ഏ) പ്രദക്ഷിണം (അ-ന-ദ്വി-ഏ) ചക്രെ (ലിട്ട-ആത്മ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം — അവൻ വൃക്ഷചീരലക്ഷ്മാവായി അജിനിയായിട്ടു അളിനീരജിനികളായിരിക്കുന്ന ആശ്രമകുല്യകളെയും നദികളെയും നളിനികളെയും ഗച്ഛന്നായിട്ടു സകലക്ഷ്മാചക്രത്തിങ്കൽ പ്രദക്ഷിണത്തെ ചെയ്തു.

പരിഭാഷാ — അവൻ=അൎജ്ജുനൻ- വൃക്ഷചീരലക്ഷ്മാവ്=വൃക്ഷചീരമാകുന്ന ലക്ഷ്മത്തൊടു കൂടിയവൻ- വൃക്ഷചീരം=വൃക്ഷത്തിന്റെ ചീരം- ചീരം=ത്വക്ക- അജിനീ=അജിനമുള്ളവൻ- അജിനം=മൃഗചൎമ്മം- അളിനീരജിനികൾ=അളിനീരജങ്ങളുള്ളവ- അളിനീരജങ്ങൾ=അളികളൊടു കൂടിയ നീരജങ്ങൾ- അളികൾ=വണ്ടുകൾ- നീരജങ്ങൾ=താമരപ്പൂക്കൾ- ആശ്രമകുല്യകൾ=ആശ്രമങ്ങളിലെ കുല്യകൾ- ആശ്രമങ്ങൾ=തപൊവനങ്ങൾ- കുല്യകൾ=കൈത്തൊടുകൾ- നദികൾ=പുഴകൾ- നളിനികൾ=താമരപ്പൊയ്കകൾ- ഗച്ഛൻ=ഗമിച്ചിരിക്കുന്നവൻ- ഗമിക്ക=പ്രാപിക്ക- സകലക്ഷ്മാചക്രം=സകലമായിരിക്കുന്ന ക്ഷ്മാചക്രം- സകലം=ഒട്ടൊഴിയാതെ ഉള്ളത- ക്ഷ്മാചക്രം=ഭൂമണ്ഡലം- പ്രദക്ഷിണം=പ്രദക്ഷിണഗമനം-

൨൯. സനഗ്രമരിചക്രാന്തംപാണ്ഡ്യപതെഃക്രമുകഷണ്ഡമരിചക്രാന്തം। പ്രാപ്യവിചിത്രാംഗമയാതത്സുതയാരതിമവാപചിത്രാംഗദയാ॥

അന്വയം—സഃ (തച്ഛ-പു-പ്ര-ഏ) അരിചക്രാന്തം-ക്രമുകഷണ്ഡമരിചക്രാന്തം (അ-ന-ദ്വി-ഏ) പാണ്ഡ്യപതേഃ (ഇ-പു-ഷ-ഏ) നഗരം (അ-ന-ദ്വി-ഏ) പ്രാപ്യ (ല്യ-അ) വിചിത്രാംഗദയാ-ചിത്രാംഗദയാ-തൽസുതയാ (ആ-സ്ത്രീ-തൃ-ഏ) രതിം (ഇ-സ്ത്രീ-ദ്വി-ഏ) അവാപ (ലിട്ട്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അവൻ അരിചക്രാന്തമായി ക്രമുകഷണ്ഡമരിചക്രാന്തമായിരിക്കുന്ന പാണ്ഡ്യപതിയുടെ നഗരത്തെ പ്രാപിച്ചിട്ട വിചിത്രാംഗദയായിരിക്കുന്ന ചിത്രാംഗദയാകുന്ന തൽസുതയൊടുകൂടെ രതിയെ അവാപിച്ചു.

പരിഭാഷാ—അവൻ=അൎജ്ജുനൻ- അരിചക്രാന്തം=അരിചക്രത്തിന്ന അന്തം- അരിചക്രം=ശത്രുസൈന്യം- അന്തം=നാശകരം- (ശത്രുസൈന്യത്തിന്ന പ്രവെശിപ്പാൻ കഴിയാത്തതെന്നുസാരം.) ക്രമുകഷണ്ഡമരിചക്രാന്തം=ക്രമുകഷണ്ഡങ്ങളിൽ മരിചക്രാന്തം- ക്രമുകഷണ്ഡങ്ങൾ=ക്രമുകങ്ങളുടെഷണ്ഡങ്ങൾ-ക്രമുകങ്ങൾ=കവുങ്ങുകൾ-ഷണ്ഡങ്ങൾ=സമൂഹങ്ങൾ- മരിചങ്ങൾ=മുളകുവള്ളികൾ- ക്രാന്തം=വ്യാപ്തം- പാണ്ഡ്യപതി-പാണ്ഡ്യരാജാവ- നഗരം-രാജധാനി- (മണലൂരപുരം-) വിചിത്രാംഗദാ=വിചിത്രങ്ങളായിരിക്കുന്ന അംഗദങ്ങളൊടുകൂടിയവൾ- വിചിത്രങ്ങൾ=ആശ്ചൎയ്യങ്ങൾ- അംഗദങ്ങൾ=കെയൂരങ്ങൾ- (വളകളിൽ ഒരുവകയാകുന്നു-) ചിത്രാംഗദാ=ചിത്രാംഗദാഎന്നപെരൊടുകൂടിയവൾ- തൽസുതാ=അവന്റെസുതാ- അവൻ=പാണ്ഡ്യപതി- സുതാ=പുത്രീ- രതി=സംഭോഗസുഖം-അവാപിക്ക=ലഭിക്ക-

൨൩. ദൃഷ്ടമഹാസഹ്യാഗസ്തീൎത്ഥേഷുവിശോധ്യശത്രുഹാസഹ്യാഗഃ। വിപ്രസഭാസന്നാമപ്രവണസ്തീൎത്ഥംഗതഃപ്രഭാസന്നാമ॥

അന്വയം—ശത്രുഹാ (ന-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) ഹി (അ) ദൃഷ്ടമഹാസഹ്യാഗഃ (അ-പു-പ്ര-ഏ) ആഗഃ (സ-ന-ദ്വി-ഏ) തീൎത്ഥേഷു (അ-ന-സ-ബ) വിശോധ്യ (ല്യ-അ) വിപ്രസഭാസന്നാമപ്രവണഃ (അ-പു-പ്ര-ഏ) പ്രഭാസം (അ-ന-ദ്വി-ഏ) നാമ (അ) തീൎത്ഥം (അ-ന-ദ്വി-ഏ) ഗതഃ (അ-പു-പ്ര-ഏ)-

അന്വയാൎത്ഥം— ശത്രുഹാവായിരിക്കുന്ന അവൻ ദൃഷ്ടമഹാസഹ്യാഗനായിട്ട ആഗസ്സിനെ തീൎത്ഥങ്ങളിൽ വിശൊധിച്ചിട്ട വിപ്രസഭാസന്നാമപ്രവണനായിട്ട പ്രഭാസമെന്ന പ്രസിദ്ധമായിരിക്കുന്ന തീൎത്ഥത്തെ ഗതനായി.

പരിഭാഷാ—ശത്രുഹാവ=ശത്രുക്കളെ ഹനിച്ചവൻ- ഹനിക്ക=നിഗ്രഹിക്ക- അവൻ=അൎജ്ജുനൻ- ദൃഷ്ടമഹാസഹ്യാഗൻ=ദൃഷ്ടമായിരിക്കുന്ന മഹാസഹ്യാഗത്തൊടു കൂടിയവൻ- ദൃഷ്ടം=ദൎശിക്കപ്പെട്ടത- ദൎശിക്ക=കാണ്ക- മഹാസഹ്യാഗം=മഹത്തായിരിക്കുന്ന സഹ്യാഗം- മഹത്ത=വലുതായിരിക്കുന്നത- സഹ്യാഗം=സഹ്യമാകുന്ന അഗം- സഹ്യം=സഹ്യമെന്ന പെരൊടുകൂടിയത- അഗം=പൎവ്വതം- തീൎത്ഥങ്ങൾ=പുണ്യോദകങ്ങൾ- ഏനസ്സ=പാപം- വിശൊധിക്ക=വെർപെടുത്തുക- വിപ്രസഭാസന്നാമപ്രവണൻ=വിപ്രസഭാസന്നാമത്തിങ്കൽ പ്രവണൻ- വിപ്രസഭാസന്നാമം=വിപ്രസഭയുടെ സന്നാമം- വിപ്രസഭാ=വിപ്രന്മാരുടെ സഭാ- വിപ്രന്മാർ=ബ്രാഹ്മണർ- സഭാ=സമൂഹം- സന്നാമം=നമസ്കാരം- പ്രവണൻ=താല്പൎയ്യത്തൊടുകൂടിയവൻ- ഗതൻ=ഗമിച്ചവൻ-

൨൭. തത്രസുഭദ്രാംഗദതശ്ശ്രുത്വാസൎവ്വാംഗനാസുഭദ്രാംഗദതഃ।
പ്രാപവശംകാമസ്യവ്യധിതപുരൊദുൎഗ്ഗതാചശംകാമസ്യ॥

അന്വയം—സഃ (തച്ഛ-പു-പ്ര-ഏ) തത്ര (അ) ഗദതഃ (ത-പു-പ-ഏ) ഗദതഃ (തസി-അ) സൎവ്വാംഗനാസു (ആ-സ്ത്രീ-സ-ബ) ഭദ്രാം-സുഭദ്രാം (ആ-സ്ത്രീ-ദ്വി-ഏ) ശ്രുത്വാ (ക്ത്വാ-അ) കാമസ്യ (അ-പു-ഷ-ഏ) വശം (അ-ന-ദ്വി-ഏ) പ്രാപ (ലിട്ട-പ-പ-പ്ര-പു-ഏ) പുരഃ (രെഫാ-സ്ത്രീ-ഷ-ഏ) ദുൎഗ്ഗതാ (ആ-സ്ത്രീ-പ്ര-ഏ) അസ്യ (ഇദംശ-പു-ഷ-ഏ) ശംകാം (ആ-സ്ത്രീ-ദ്വി-ഏ) വ്യധിത (ലുങ്ങ-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അവൻ അതിങ്കൽ ഗദന്നായിരിക്കുന്ന ഗദങ്കൽനിന്ന സൎവ്വാംഗനമാരിൽ വെച്ച ഭദ്രയായിരിക്കുന്ന സുഭദ്രയെ ശ്രവിച്ചിട്ട കാമന്റെ വശത്തെ പ്രാപിച്ചു. പുരിന്റെ ദുൎഗ്ഗതാ ഇവന്ന ശംകയെ ഉണ്ടാക്കുകയും ചെയ്തു.

പരിഭാഷാ—അവൻ=അൎജ്ജുനൻ- അത=പ്രഭാസമെന്നതീൎത്ഥം- ഗദൻ=ഗദിച്ചിയങ്ങുന്നവൻ- ഗദിക്ക=പറക- ഗദൻ=ഗദനെന്നൊരു യാദവൻ- സൎവ്വാംഗനമാർ=സൎവ്വകളായിരിക്കുന്ന അംഗനമാർ- സൎവ്വകൾ=ഒട്ടൊഴിയാതെ ഉള്ളവർ-അംഗനമാർ=സ്ത്രീകൾ- ഭദ്രാ=സുന്ദരി- സുഭദ്രാ=സുഭദ്രാഎന്നപെരൊടു കൂടിയ ഒരുസ്ത്രീ- (ശ്രീകൃഷ്ണസഹൊദരി) ശ്രവിക്ക=കെൾക്ക- കാമൻ=കാമദെവൻ- വശം=അധീനതാ- പുര=രാജധാനി- (ദ്വാരകാ.) ദുൎഗ്ഗതാ=ദുൎഗ്ഗയാവു എന്നുള്ളത- ദുൎഗ്ഗാ=ദുഃഖെനഗമിക്കപ്പെടുന്നത- ഗമിക്ക=പ്രാപിക്ക- ശംകാ=വിതൎക്കം-

൭൮. ഭൂത്വാ കന്ദർപ്പയതിസ്തനതി ഫല്ഗുനൌഘേ ച കാമുകം ദർപ്പയതി। ശ്യാമളമസ്മരദളിതസ്സ ഹി വൈകുണ്ഠം കുരൂത്തമസ്സ്മരദളിതഃ॥

അന്വയം—കുരൂത്തമഃ (അ-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) ഹി (അ) കന്ദർപ്പയതിഃ (ഇ-പു-പ്ര-ഏ) ഭൂത്വാ (ക്ത്വാ-അ) ഫല്ഗുനൌഘേ (അ-പു-സ-ഏ) സ്തനതി (ത-പു-സ-ഏ) കാമുകം (അ-പു-ദ്വി-ഏ) ദർപ്പയതി (ത-പു-സ-ഏ) ച (അ) സ്മരദളിതഃ (അ-പു-പ്ര-ഏ) അളിതഃ (തസി-അ) ശ്യാമളം-വൈകുണ്ഠം (അ-പു-ദ്വി-ഏ) അസ്മരൽ (ലങ്-പ-പ-പ്ര-പു-ഏ)-

അന്വയാർത്ഥം—കുരൂത്തമനായിരിക്കുന്ന അവൻ കന്ദർപ്പയതിയായി ഭവിച്ചിട്ട ഫല്ഗുനൌഘം സ്തനത്തായിട്ടും കാമുകനെ ദർപ്പയത്തായിട്ടുമിരിക്കും വിഷയത്തിങ്കൽ സ്മരദളിതനായിട്ട അളിയെക്കാൾ ശ്യാമളനായിരിക്കുന്ന വൈകുണ്ഠനെ സ്മരിച്ചു.

പരിഭാഷാ—കുരൂത്തമൻ=കുരുശ്രേഷ്ഠൻ. അവൻ=അർജ്ജുനൻ. കന്ദർപ്പയതി=കാമസന്ന്യാസി. ഫല്ഗുനൌഘം=ഫല്ഗുനങ്ങളുടെ ഓഘം. ഫല്ഗുനങ്ങൾ=മേഘങ്ങൾ. ഓഘം=സമൂഹം. സ്തനത്ത= സ്തനിച്ചിരിക്കുന്നത. സ്തനിക്ക=ശബ്ദിക്ക. കാമുകൻ=കാമമുള്ളവൻ. ദർപ്പയത്ത=ദർപ്പിപ്പിച്ചിരിക്കുന്നത. ദർപ്പിപ്പിക്ക=ഗർവ്വത്തോടുകൂടിയവനാക്കുക- സ്മരദളിതൻ=സ്മരനാൽ ദളിതൻ- സ്മരൻ=കാമദേവൻ- ദളിതൻ=അത്യന്തപീഡിതൻ- അളി=വണ്ട- ശ്യാമളൻ=ശ്യാമവർണ്ണൻ-(കറുപ്പുനിറത്തോടുകൂടിയവൻ) വൈകുണ്ഠൻ=ശ്രീകൃഷ്ണൻ- സ്മരിക്ക=ധ്യാനിക്ക-

൭൯. സോപി സഹാസമുപായാദമുഷ്യ സന്തുഷ്യ കംസഹാ സമുപായാൽ। തദനു സമന്യൂ ഭാഭ്യാം നിജചേഷ്ടാ നിജഗദേ സമന്യൂഭാഭ്യാം॥

അന്വയം—സഃ (തച്ഛ-പു-പ്ര-ഏ) കംസഹാ (ന-പു-പ്ര-ഏ) അപി (അ) അമുഷ്യ (അദസ്-പു-ഷ-ഏ) ഉപായാൽ (അ-പു-പ-ഏ) സന്തുഷ്യ (ല്യ-അ) സഹാസം (ക്രി-വി) സമുപായാൽ (ലങ്-പ-പ-പ്ര-പു-ഏ) തദനു (അ) സമന്യൂഭാഭ്യാം- ഉഭാഭ്യാം (അ-പു-തൃ-ദ്വി) സമന്യൂ- നിജചേഷ്ടാ (ആ-സ്ത്രീ-പ്ര-ഏ) നിജഗദേ (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാർത്ഥം—ആ കംസഹാവും ഇവന്റെ ഉപായം ഹേതുവായിട്ട സന്തോഷിച്ചിട്ട സഹാസമാകുംവണ്ണം സമുപയാനം ചെയ്തു. അനന്തരം സമന്യുക്കന്മാരായിരിക്കുന്ന ഇരുവരാലും സമന്യുയായിരിക്കുന്ന നിജചേഷ്ടാ നിഗദിക്കപ്പെട്ടു.

പരിഭാഷാ—കംസഹാവ=ശ്രീകൃഷ്ണൻ. ഇവൻ=അർജ്ജുനൻ.

സഹാസം=ഹാസത്തൊടു കൂടിയത. ഹാസം=ചിരി. സമുപയാനംചെയ്ക=സമീപത്തെ പ്രാപിക്ക. സമസ്യാരംഭന്മാർ= സമമായിരിക്കുന്ന സ്യാരംഭത്തൊടു കൂടിയവർ. സമം=തുല്യം. സ്യാരംഭം=വ്യാപാരം. ഇരുവർ=കൃഷ്ണാൎജ്ജുനന്മാർ- സമസ്താ= ഒട്ടൊഴിയാതെ ഉള്ളത. നിജചെഷ്ടാ=നിജയായിരിക്കുന്ന ചെഷ്ടാ- നിജാ=തന്നെസംബന്ധിച്ചുത. ചെഷ്ടാ= വ്യാപാരം. നിഗദിക്ക=പറക.

൩൦. നരനാരായണദെഹൌപുരാണപുരുഷൌനൃണാംപരായണദെഹൌ। രൈവതകംപാദാഭ്യാമപുനീതാമവനതാനുകംപാദാഭ്യാം॥

അന്വയം—നരനാരായണദെഹൌ (അ-പു-പ്ര-ദ്വി-) നൃണാം (ഋ-പു-ഷ-ബ) പരായണദെഹൌ (അ-പു-പ്ര-ദ്വി) പുരാണപുരുഷൌ (അ-പു-പ്ര-ദ്വി) അവനതാനുകംപാദാഭ്യാം-പാദാഭ്യാം (അ-പു-തൃ-ദ്വി) രൈവതകം (അ-പു-ദ്വി-ഏ) അപുനീതാം (ലങ്-പ-പ-പ്ര-പു-ദ്വി).

അന്വയാൎത്ഥം—നരനാരായണദെഹന്മാരായി നൃകൾക്ക പരായണദെഹന്മാരായിരിക്കുന്ന പുരാണപുരുഷന്മാർ അവനതാനുകംപാദങ്ങളായിരിക്കുന്ന പാദങ്ങൾകൊണ്ടു രൈവതകത്തെ ശുദ്ധമാക്കി-

പരിഭാഷാ—നരനാരായണദെഹന്മാർ= നരനാരായണമൂൎത്തികൾ- നൃകൾ=മനുഷ്യർ- പരായണദെഹന്മാർ= പരായണദയായിരിക്കുന്ന ഈഹയൊടു കൂടിയവർ- പരായണദാ= പരായണത്തെ ദാനം ചെയ്യുന്നത- പരായണം=ഇഷ്ടം- ഈഹാ= ഇച്ശാ- പുരാണപുരുഷന്മാർ=കൃഷ്ണാൎജ്ജുനന്മാർ- അവനതാനുകംപാദങ്ങൾ=അവനതന്മാൎക്ക അനുകംപാദങ്ങൾ- അവനതന്മാർ=അവനമിച്ചവർ- അവനമിക്ക=നമസ്കരിക്ക- അനുകംപാദങ്ങൾ=അനുകംപയെ ദാനം ചെയ്യുന്നവ- അനുകംപാ= അനുഗ്രഹം- പാദങ്ങൾ=ചരണങ്ങൾ- രൈവതകം=രൈവതകമെന്ന പൎവ്വതം-

൩൧. ഭൃതാപപരമൊഹംസഃകുൎവ്വാണശ്ചെഷ്ടിതെനപരമൊഹംസഃ। അധ്യവസദപിജയൊഗംരൈവതകംഹരിമതെനസദപിജയൊഗം॥

അന്വയം—സഃ (തദ-പു-പ്ര-ഏ) വിജയഃ-പരമഃ- ഹംസഃ (അ-പു-പ്ര-ഏ) ഭൃതാപ (കൃ-പാ-അ) ചെഷ്ടിതെന (അ-ന-തൃ-ഏ) പരമൊഹം (അ-പു-ദ്വി-ഏ) കുൎവ്വാണഃ (അ-പു-പ്ര-

ഏ) ഹരിമതെന (അ-ന-തൃ-ഏ) സദ്വിജയോഗം-രൈവതകം= അഗം (അ-പു-ദ്വി-ഏ) അധ്യവസൽ (ലങ്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—ആ വിജയൻ പരമനായിരിക്കുന്ന ഹംസനായി ഭവിച്ചിട്ട ചെഷ്ടിതംകൊണ്ട പരമൊഹത്തെ കുൎവ്വാണനായിട്ട ഹരിമതം ഹെതുവായിട്ട സദ്വിജയൊഗമായിരിക്കുന്ന രൈവതകമാകുന്ന അഗത്തിങ്കൽ അധിവസിച്ചു-

പരിഭാഷാ—വിജയൻ=അൎജ്ജുനൻ- പരമൻ=ഉത്തമൻ_ഹംസൻ=സന്യാസി- ചെഷ്ടിതം=വ്യാപാരം- പരമൊഹം=പരന്മാരുടെ മൊഹം- പരന്മാർ=അന്യന്മാർ- മൊഹം=അജ്ഞാനം- കുൎവ്വാണൻ=ഉണ്ടാക്കിയിയങ്ങുന്നവൻ- ഹരിമതം=ഹരിയുടെ മതം- ഹരി=ശ്രീകൃഷ്ണൻ-മതം=ഇഷ്ടം-സദ്വിജയൊഗം=ദ്വിജയൊഗത്തൊടു കൂടിയത- ദ്വിജയൊഗം=ദ്വിജന്മാരുടെ യൊഗം- ദ്വിജന്മാർ=ബ്രാഹ്മണർ- യൊഗം=ചെൎച്ച- രൈവതകം= രൈവതക മെന്ന പെരൊടു കൂടിയത- അഗം=പൎവ്വതം- അധിവസിക്ക= ഇരിക്കുക-

൩൨. അഥബലഭദ്രമുഖാനാംയദുവൃഷഭാണാംമതെനഭദ്രമുഖാനാം| യാദവകന്യായൊഗാദ്ധന്യംഭവനംസഭിക്ഷുകന്യായൊഗാൽ॥

അന്വയം—അഥ (അ) ഭദ്രമുഖാനാം-ബലഭദ്രമുഖാനാം- യദുവൃഷഭാണാം (അ-പു-ഷ-ബ) മതെന (അ-ന-തൃ-ഏ) ഭിക്ഷുകന്യായഃ (അ-പു-പ്ര-ഏ) സഃ (തദ്-പു-പ്ര-ഏ) യാദവകന്യായൊഗാൽ (അ-പു-പ-ഏ) ധന്യം-ഭവനം (അ-ന-ദ്വി-ഏ) അഗാൽ (ലുങ്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—അനന്തരം ഭദ്രമുഖന്മാരായി ബലഭദ്രമുഖന്മാരായിരിക്കുന്നയദുവൃഷഭന്മാരുടെ മതം ഹെതുവായിട്ട ഭിക്ഷുകന്യായനായിരിക്കുന്ന അവൻ യാദവകന്യായൊഗം ഹെതുവായിട്ട ധന്യമായിരിക്കുന്ന ഭവനത്തെ ഗമിച്ചു.

പരിഭാഷാ—ഭദ്രമുഖന്മാർ= ഭദ്രമായിരിക്കുന്ന മുഖത്തൊടുകൂടിയവർ- ഭദ്രം=ശ്രെഷ്ഠം-(പ്രസന്നമെന്ന സാരം) ബലഭദ്രമുഖന്മാർ= ബലഭദ്രൻതുടങ്ങിയുള്ളവർ- യദുവൃഷഭന്മാർ= യാദവശ്രെഷ്ഠന്മാർ- മതം=ഇഷ്ടം- ഭിക്ഷുകന്യായൻ= ഭിക്ഷുകന്റെ ന്യായംപൊലെ ഇരിക്കുന്ന ന്യായത്തൊടുകൂടിയവൻ- ഭിക്ഷുകൻ=സന്യാസി- ന്യായം=ആചാരം- അവൻ=അൎജ്ജുനൻ- യാദവകന്യായൊഗം= യാദവകന്യയുടെ യൊഗം- യാദവകന്യാ= യാദവപുത്രി- (സുഭദ്രാ) യൊഗം=സംബന്ധം- ധന്യം=പുണ്യമുള്ളത- ഗമിക്ക=പ്രാപിക്ക-

ശ്ലോ. യദുഷു സബലദേവേഷു വ്യഗ്രേഷ്വന്യത്ര തുലിതബലദേവേഷു। മുദിതമനാ ഭോജഗൃഹേ തൽപാണിമുപേതപത്മനാഭോ ജഗൃഹേ॥

അന്വയം — സഃ (തച്ഛ-പു-പ്ര-ഏ) സബലദേവേഷു - തുലിതബലദേവേഷു (അ-പു-സ-ബ) യദുഷു (ഉ-പു-സ-ബ) അന്യത്ര (അ) വ്യഗ്രേഷു (അ-പു-സ-ബ) ഭോജഗൃഹേ (അ-ന-സ-ഏ) ഉപേതപത്മനാഭഃ (അ-പു-പ്ര-ഏ) മുദിതമനാഃ (സ-പു-പ്ര-ഏ) തൽപാണിം (ഇ-പു-പ്ര-ഏ) ജഗൃഹേ (ലിട്ട-ആ-പ-പ്ര-പു-ഏ)-

അന്വയാർത്ഥം — അവൻ സബലദേവന്മാരായി തുലിതബലദേവന്മാരായിരിക്കുന്ന യദുക്കൾ അന്യത്തിങ്കൽ വ്യഗ്രന്മാരായിരിക്കും വിഷയത്തിങ്കൽ ഭോജഗൃഹത്തിങ്കൽ ഉപേതപത്മനാഭനായി മുദിതമനസ്സായിട്ട തൽപാണിയെ ഗ്രഹിച്ചു.

പരിഭാഷാ — അവൻ=അർജ്ജുനൻ- തുലിതബലദേവന്മാർ= തുലിതബലന്മാരായിരിക്കുന്ന ദേവന്മാരോടുകൂടിയവർ- തുലിതബലന്മാർ= തുലിതമായിരിക്കുന്ന ബലത്തോടുകൂടിവർ- തുലിതം= പരിച്ഛിന്നം- (ഇത്ര എന്ന നിശ്ചയിക്കപ്പെട്ടത) ബലം=ശക്തി- സബലദേവന്മാർ= ബലദേവനോടുകൂടിയവർ- യദുക്കൾ=യാദവന്മാർ- അന്യം=അന്യസ്ഥലം- വ്യഗ്രന്മാർ=വ്യാസക്തന്മാർ- (കാൎയ്യവശാൽ അന്യസ്ഥലത്തിങ്കൽ പെട്ടവർ എന്നസാരം) ഭോജഗൃഹം=ഭോജഭവനം- ഉപേതപത്മനാഭൻ= ഉപേതനായിരിക്കുന്ന പത്മനാഭനോടുകൂടിയവൻ- ഉപേതൻ=ഉപഗതൻ- പത്മനാഭൻ=വിഷ്ണു- (ശ്രീകൃഷ്ണൻ) മുദിതമനസ്സ= മുദിതമായിരിക്കുന്ന മനസ്സോടുകൂടിയവൻ- മുദിതം=സന്തുഷ്ടം- തൽപാണി=അവളുടെപാണി- അവൾ=സുഭദ്രാ- പാണി=കയ്യ- ഗ്രഹിക്ക=പിടിക്ക-

ശ്ലോ. അഗമച്ചാരൂഢേന പ്രിയയാ പാർത്ഥസ്തയൈവ ചാരൂഢേന। തൽപുരമുദ്യദ്വേഷഃ പ്രേക്ഷ്യോദ്ധ്യരഥേന തൂർണ്ണമുദ്യദ്വേഷഃ॥

അന്വയം — ഉദ്യദ്വേഷഃ- പാർത്ഥഃ (അ-പു-പ്ര-ഏ) പ്രിയയാ (ആ-സ്ത്രീ-തൃ-ഏ) ആരൂഢേന (അ-പു-തൃ-ഏ) തയാ (തച്ഛ-സ്ത്രീ-തൃ-ഏ) ഏവ (അ) ചാരു (ക്രി-വി) ഊഢേന (അ-പു-തൃ-ഏ) രഥേന (അ-പു-തൃ-ഏ) തൽപുരം (അ-ന-ദ്വി-ഏ) പ്രേക്ഷ്യ (ല്യ-അ) ഉദ്യദ്വേഷഃ (അ-പു-പ്ര-ഏ) തൂർണ്ണം (ക്രി-വി) അഗമൽ (ലുങ്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം — ഉദ്യദ്വൈപക്ഷനായിരിക്കുന്ന പാൎത്ഥൻപ്രിയയാൽ ആരൂഢമായി അവശാൽതന്നെ ചാരുവാകുംവണ്ണം ഊഢമായിരിക്കുന്ന രഥത്തൊടെ തൽപുരത്തെ പ്രക്ഷോഭിപ്പിച്ചിട്ട ഉദ്യദ്വൈപക്ഷനായിട്ട വെഗെന ഗമിച്ചു.

പരിഭാഷാ — ഉദ്യദ്വൈപക്ഷൻ= ഉദ്യത്തായിരിക്കുന്ന വൈപക്ഷത്തൊടുകൂടിയവൻ- ഉദ്യത്ത= ഉദിച്ചിയങ്ങുന്നത- ഉദിക്ക=പ്രകാശിക്ക- പാൎത്ഥൻ=അൎജ്ജുനൻ- പ്രിയാ=ഭാൎയ്യാ- ആരൂഢം=ആരൊഹിക്കപ്പെട്ടത- ആരൊഹിക്ക= കരെറുക- അവശം=പ്രിയാ- ചാരു=മനൊഹരം- ഊഢം=വഹിക്കപ്പെട്ടത- വഹിക്ക=നടത്തുക- രഥം=തെർ- തൽപുരം=ആപുരം- പുരം=രാജധാനി- പ്രക്ഷോഭിപ്പിക്ക= ഇളക്കുക- ഉദ്യദ്വൈപക്ഷൻ= ഉദ്യത്തായിരിക്കുന്ന വൈപക്ഷത്തൊടുകൂടിയവൻ- ഉദ്യത്ത=ഉദിച്ചിയങ്ങുന്നത- ഉദിക്ക=പ്രകാശിക്ക= ഗമിക്ക=പൊക-

൩൫. തദനുമദഭ്രമവന്തശ്ചെലുഃകലഹായ ബലമഭ്രമവന്തഃ
ഋദ്ധിമശാസ്യാംഭോജാബിഭ്രാണാരൊഷകക്കശാസ്യാംഭോജാഃ॥

അന്വയം — തദനു (അ) മദഭ്രമവന്തഃ (ത-പു-പ്ര-ബ) അഭ്രം-ബലം (അ-ന-ദ്വി-ഏ) അവന്തഃ (ത-പു-പ്ര-ബ) അശാസ്യാം (ആ-സ്ത്രീ-ദ്വി-ഏ) ഋദ്ധിം (ഇ-സ്ത്രീ-ദ്വി-ഏ) ബിഭ്രാണാഃ-ഭോജാഃ (അ-പു-പ്ര-ബ) രൊഷകക്കശാസ്യാംഭോജാഃ (അ-പു-പ്ര-ബ) കലഹായ (അ-പു-ച-ഏ) ചെലുഃ (ലിട്ട-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം — അനന്തരം മദഭ്രമവത്തുകളായി അമദഭ്രമായിരിക്കുന്ന ബലത്തെ അവത്തുകളായി അശാസ്യയായിരിക്കുന്ന ഋദ്ധിയെ ബിഭ്രാണന്മാരായിരിക്കുന്ന ഭോജന്മാർ രൊഷകക്കശാസ്യാംഭോജന്മാരായിട്ട കലഹത്തിന്നായിക്കൊണ്ട ചലിച്ചു.

പരിഭാഷാ — മദഭ്രമവത്തുകൾ= മദഭ്രമങ്ങളുള്ളവർ. മദഭ്രമങ്ങൾ= മദവും ഭ്രമവും. മദം= ഗൎവ്വം- ഭ്രമം= ചുററുമുള്ള സഞ്ചാരം. അഭ്രം= ബഹു. ബലം= സൈന്യം. അവത്തുകൾ= അവനം ചെയ്തിയങ്ങുന്നവർ. അവനം ചെയ്ക=രക്ഷിക്ക. അശാസ്യാ= ശാസ്യയല്ലാത്തത. ശാസ്യാ=ശാസിക്കപ്പെട്ടവാൻ ശക്യാ. ശാസിക്ക=അപഹരിക്ക. ഋദ്ധി= ധനാദിസമൃദ്ധി. ബിഭ്രാണന്മാർ=ഭരിച്ചിയങ്ങുന്നവർ. ഭോജന്മാർ=യാദവന്മാർ. രൊഷകക്കശാസ്യാംഭോജന്മാർ=രൊഷകക്കശമായിരിക്കുന്ന ആസ്യാംഭോജത്തൊടുകൂടിയവർ. രൊഷകക്കശം=രൊഷം ഹെതുവായിട്ട കക്കശം. രൊഷം=കൊപം. കക്ക

ശം=പരുഷം. ആസ്യാംഭോജം=അംഭോജംപോലെ ഇരിക്കുന്ന ആസ്യം. അംഭോജം=താമരപ്പൂവ. ആസ്യം=മുഖം. കലഹം=യുദ്ധം. ചലിക്ക=പുറപ്പെടുക.

൩൩. ന്യരുണൽകോപായസ്താന്യദുവീരാഞ്ഛൌരിരകടുകോപായസ്താൻ। വചനൈസ്തരസാമധുരൈസ്തഞ്ചാനുജഗാമചാരുതരസാമധുരൈഃ॥

അന്വയം—അകടുകോപായഃ (അ-പു-പ്ര-ഏ) ശൌരിഃ (ഇ-പു-പ്ര-ഏ) കോപായസ്താൻ (അ-പു-ദ്വി-ബ) താൻ (ത-പു-ദ്വി-ബ) യദുവീരാൻ (അ-പു-ദ്വി-ബ) ചാരുതരസാമധുരൈഃ—മധുരൈഃ-വചനൈഃ (അ-ന-തൃ-ബ) തരസാ (സ-ന-തൃ-ഏ) ന്യരുണൽ (ലങ്-പ-പ-പ്ര-പു-ഏ) തം (ത-പു-ദ്വി-ഏ) അനുജഗാമ (ലിട്-പ-പ-പ്ര-പു-ഏ) ച (അ)-

അന്വയാൎത്ഥം—അകടുകോപായനായിരിക്കുന്ന ശൌരി കോപായസ്തന്മാരായിരിക്കുന്ന ആ യദുവീരന്മാരെ ചാരുതരസാമധുരങ്ങളായി മധുരങ്ങളായിരിക്കുന്ന വചനങ്ങൾ കൊണ്ടു വേഗേന നിരോധിച്ചു. അവനെ അനുഗമിക്കുകയും ചെയ്തു.

പരിഭാഷാ—അകടുകോപായൻ=അകടുകമായിരിക്കുന്ന ഉപായത്തോടു കൂടിയവൻ. അകടുകം=കടുകമല്ലാത്തത. കടുകം=അപ്രിയം. ശൌരി=ശ്രീകൃഷ്ണൻ. കോപായസ്തന്മാർ=കോപംഹേതുവായിട്ടു ആയസ്തന്മാർ. കോപം=ക്രോധം. ആയസ്തന്മാർ=ആയസിച്ചവർ. ആയസിക്ക=പരിശ്രമത്തെ ചെയ്ക. യദുവീരന്മാർ=യാദവവീരന്മാർ. ചാരുതരസാമധുരങ്ങൾ=ചാരുതരയായിരിക്കുന്ന സാമധുരയോടു കൂടിയവർ. ചാരുതരാ=ഏററവും ചാരു. ചാരു=മനോഹരാ. സാമധുരാ=സാമത്തിൻെറ ധുര. സാമം=സാമോപായം. ധുര്=അനുവൃത്തി. (അനുസരണം.) മധുരങ്ങൾ=ഹൃദ്യങ്ങൾ. വചനങ്ങൾ=വാക്കുകൾ. നിരോധിക്ക=നിവാരണം ചെയ്ക. അവൻ=അൎജ്ജുനൻ. അനുഗമിക്ക=അനുയാനം ചെയ്ക.

൩൪. സോപി ചമാനീചരണശ്രിതപ്രിയാവാക്യകൃതശമാനീചരണൈഃ। പരിസരമാപപുരസ്യസ്വസ്യനരാദ്ദശിരംഗമാപപുരസ്യ॥

അന്വയം—മാനീ (ന-പു-പ്ര-ഏ) സഃ (തദ്-പു-പ്ര-ഏ) അപി-ച (അ) ചരണശ്രിതപ്രിയാവാക്യകൃതശമാനീചരണൈഃ (അ-പു-പ്ര-ഏ) സ്വസ്യ-പുരസ്യ (അ-ന-ഷ-ഏ) പരിസരം (അ-പു-ദ്വി-ഏ) ആപ (ലിട്-പ-പ-പ്ര-പു-ഏ) നരാഃ(അ-

പു-പ്ര-ബ)॥ അസ്യ (ഇദംശ-പു-ഷ-ഏ) അംഗം (അ-ന-ദ്വി-ഏ) ദൃശ്ഭിഃ (ശ-സ്ത്രീ-തൃ-ബ) ആപപുഃ (ലിട്ട-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം — മാനിയായിരിക്കുന്ന അവനും ചരണാശ്രിതപ്രിയാവാക്യകൃതശമാനീചരണനായിട്ടു സ്വമായിരിക്കുന്ന പുരത്തിന്റെ പരിസരത്തെ പ്രാപിച്ചു. നരന്മാർ ഇവന്റെ അംഗത്തെ ദൃക്കുകൾ കൊണ്ടു ആപാനം ചെയ്തു.

പരിഭാഷാ — മാനീ= മാനമുള്ളവൻ- അവൻ=അൎജ്ജുനൻ- ചരണാശ്രിതപ്രിയാവാക്യകൃതശമാനീചരണൻ=ചരണാശ്രിതപ്രിയാവാക്യകൃതശമമായി അനീചമായിരിക്കുന്ന രണത്തോടു കൂടിയവൻ- ചരണാശ്രിതപ്രിയാവാക്യകൃതശമം=ചരണാശ്രിതപ്രിയാവാക്യത്താൽ കൃതശമം- ചരണാശ്രിതപ്രിയാവാക്യം=ചരണാശ്രിതപ്രിയയുടെ വാക്യം- ചരണാശ്രിതപ്രിയാ=ചരണാശ്രിതയായിരിക്കുന്ന പ്രിയാ- ചരണാശ്രിതാ=ചരണങ്ങളെ ശ്രിതാ- ചരണങ്ങൾ=പാദങ്ങൾ- ശ്രിതാ=ശ്രയിച്ചവൾ- ശ്രയിക്ക=ആശ്രയിക്ക- പ്രിയാ=ഭാൎയ്യാ- (സുഭദ്രാ) വാക്യം=വാക്കു- കൃതശമം=കൃതമായിരിക്കുന്ന ശമത്തോടുകൂടിയതു- കൃതം=ഉണ്ടാക്കപ്പെട്ടതു- ശമം=ശമനം- അനീചരണം=അനീചമായിരിക്കുന്ന രണം- അനീചം=നീചമല്ലാത്തതു- നീചം=അല്പം- രണം=കലഹം- സ്വം=തന്നെ സംബന്ധിച്ചതു- പുരം=രാജധാനി-(ഇന്ദ്രപ്രസ്ഥം) പരിസരം=പൎയ്യന്തഭൂമി- നരന്മാർ=മനുഷ്യർ- ഇവൻ=അൎജ്ജുനൻ- അംഗം=ശരീരം- ദൃക്കുകൾ=കണ്ണുകൾ- ആപാനം ചെയ്ക=കുടിക്കുക- (കാണുക എന്ന സാരം.)

൩൨. അഥ മധുരാമോദന്തേ പാൎത്ഥാഃ പ്രാപുൎജ്ജനേ ഭിരാമോദന്തേ। വധ്വാ മാനിന്യാ തേ കുന്തീ കൃഷ്ണാ ച മോദമാനിന്യാതേ॥

അന്വയം — അഥ (ആ) അഭിരാമോദന്തേ-അൎജ്ജുനേ-പ്രാപ്തേ (അ-പു-സ-ഏ) തേ (തച്ഛ-പു-പ്ര-ബ) പാൎത്ഥാഃ (അ-പു-പ്ര-ബ) ആമോദം (അ-പു-ദ്വി-ഏ) മധുഃ (ലിട്ട-പ-പ-പ്ര-പു-ബ) മാനിന്യാ (ംരം-സ്ത്രീ-തൃ-ഏ) വധ്വാ (ഊ-സ്ത്രീ-തൃ-ഏ) തേ- (തച്ഛ-സ്ത്രീ-പ്ര-ദ്വി) കുന്തീ (ംരം-സ്ത്രീ-പ്ര-ഏ) കൃഷ്ണാ (ആ-സ്ത്രീ-പ്ര-ഏ) മോദം (അ-പു-ദ്വി-ഏ) ആനിന്യാതേ (ലിട്ട-ആ-പ-പ്ര-പു-ദ്വി)-

അന്വയാൎത്ഥം — അനന്തരം അഭിരാമോദന്തനായിരിക്കുന്ന അൎജ്ജുനൻ പ്രാപ്തനായിരിക്കും വിഷയത്തിങ്കൽ പാൎത്ഥന്മാർ ആമോദത്തെ ധരിച്ചു. മാനിനിയായിരിക്കുന്ന വധുവാൽ ആ കുന്തീ

യും കൃഷ്ണയും മോദത്തെ ആനയിക്കപ്പെട്ടു.

പരിഭാഷ — അഭിരാമോദന്തൻ- അഭിരാമമായിരിക്കുന്ന ഉദന്തത്തോടുകൂടിയവൻ- അഭിരാമം=മനോഹരം- ഉദന്തം=വൃത്താന്തം- പ്രാപ്തൻ=പ്രാപിച്ചവൻ- പാൎത്ഥന്മാർ=യുധിഷ്ഠിരാദികൾ- ആമോദം=സന്തോഷം- മാനിനീ=മാനിക്കശീലമായുള്ളവൾ- മാനിക്ക=പൂജിക്ക- വധൂ=അൎജ്ജുനഭാൎയ്യാ- (സുഭദ്രാ) കൃഷ്ണാ=പാഞ്ചാലീ- മോദം=സന്തോഷം- ആനയിക്ക=പ്രാപിപ്പിക്ക-

൩൯. മഹിതതമാരംഭാസാപിതൃസദൃശമൎജ്ജുനാൽകുമാരംഭാസാ।
ഗുരുമഹിമന്യുന്നാമപ്രദായിനംകുരുകുലെഭിമന്യുന്നാമ॥

അന്വയം — മഹിതതമാരംഭാ (ആ-സ്ത്രീ-പ്ര-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) ഭാസാ (സ-സ്ത്രീ-തൃ-ഏ) പിതൃസദൃശം (അ-പു-ദ്വി-ഏ) ഗുരുമഹിമനി (ന-ന-സ-ഏ) കുരുകുലെ (അ-ന-സ-ഏ) ഉന്നാമപ്രദായിനം (ന-പു-ദ്വി-ഏ) അഭിമന്യും (ഉ-പു-ദ്വി-ഏ) നാമ (അ) കുമാരം (അ-പു-ദ്വി-ഏ) അൎജ്ജുനാൽ (ലൃങ്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം — മഹിതതമാരംഭയായിരിക്കുന്ന അവൾ ഭാസ്സുകൊണ്ടു പിതൃസദൃശനായി ഗുരുമഹിമാവായിരിക്കുന്ന കുരുകുലത്തിങ്കൽ ഉന്നാമപ്രദായിയായി അഭിമന്യു എന്ന പ്രസിദ്ധനായിരിക്കുന്ന കുമാരനെ ജനിപ്പിച്ചു.

പരിഭാഷ — മഹിതതമാരംഭാ=മഹിതതമമായിരിക്കുന്ന ആരംഭത്തോടുകൂടിയവൾ-മഹിതതമം=ഏററവും മഹിതം-മഹിതം=മഹിക്കപ്പെടുന്നതു. മഹിക്ക=പൂജിക്ക. ആരംഭം=പ്രവൃത്തി-അവൾ=സുഭദ്രാ-ഭാസ്സ=തേജസ്സ- പിതൃസദൃശൻ=പിതൃതുല്യൻ- ഗുരുമഹിമാവ=ഗുരുവായിരിക്കുന്ന മഹിമാവോടുകൂടിയതു- ഗുരു=മഹത്തു- മഹിമാവ=മഹത്വം- കുരുകുലം=കുരുവംശം- ഉന്നാമപ്രദായി=ഉന്നാമത്തെ പ്രദാനം ചെയ്യുന്നവൻ- ഉന്നാമം=വൎദ്ധനം- പ്രദാനം ചെയ്ക=കൊടുക്കുക- (ഉണ്ടാക്കുക എന്നസാരം) കുമാരൻ=പുത്രൻ-

൪൦. അഥരമിതൊവാസവിനാകൃഷ്ണസ്സത്രൈവഹലഭൃതാവാസവിനാ। പ്രീതിരസെനാഹാനിസ്സ്വൈരംകതിചിൽകൃതാരിസെനാഹാനിഃ॥

അന്വയം — അഥ (അ) കൃതാരിസേനാഹാനിഃ (ഇ-പു-പ്ര-ഏ) കൃഷ്ണഃ (അ-പു-പ്ര-ഏ) വാസവിനാ (ഇ-പു-തൃ-ഏ) രമിതഃ (അ-പു-പ്ര-ഏ) പ്രീതിരസേന (അ-പു-തൃ-ഏ) തത്ര (അ) ഏവ-കതിചിൽ (അ) അഹാനി (ന-ന-ദ്വി-ബ) ഹലഭൃതാ

(ത-പു-തൃ-ഏ) വിനാ (അ) സ്വൈരം (ക്രി-വി) ഉവാസ (ലിട്ട്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം — അനന്തരം കൃതാരിസേനാഹാനിയായിരിക്കുന്ന കൃഷ്ണൻ വാസവിയാൽ രമിതനായിട്ട പ്രീതിരസം ഹേതുവായിട്ട അതിങ്കൽ തന്നെ ചില അഹസ്സുകൾ മുഴുവൻ ഹലഭൃത്തിനോട്ട കൂടാതെ സ്വൈരമാകുംവണ്ണം വസിച്ചു-

പരിഭാഷാ — കൃതാരിസേനാഹാനി=കൃതയായിരിക്കുന്ന അരിസേനാഹാനിയോട്ട കൂടിയവൻ- കൃതാ=ചെയ്യപ്പെട്ടത- അരിസേനാഹാനി=അരിസേനകളുടെഹാനി- അരിസേനകൾ =ശത്രുസേനകൾ- ഹാനി=നാശം- വാസവി=വാസവപുത്രൻ (അൎജ്ജുനനെന്ന സാരം) രമിതൻ=രമിപ്പിക്കപ്പെട്ടവൻ- രമിപ്പിക്ക=സന്തോഷിപ്പിക്ക- പ്രീതിരസം=സന്തോഷരസം- അത= ഇന്ദ്രപ്രസ്ഥം- അഹസ്സുകൾ=ദിവസങ്ങൾ- ഹലഭൃത്ത= ബലഭദ്രൻ- സ്വൈരം=യഥേഷ്ടം- വസിക്ക=ഇരിക്ക.

൪൧. സസ്നേഹരിരംസേന ധ്രിയമാണഭുജോൎജ്ജുനേനഹരിരംസേന। അഗമച്ചക്രീഡായൈയമുനാംപ്രതിവന്ദിനശ്ചചക്രീഡായൈ॥

അന്വയം — സസ്നേഹരിരംസേന-അൎജ്ജുനേന-അംസേന (അ-പു-തൃ-ഏ) ധ്രിയമാണഭുജഃ (അ-പു-പ്ര-ഏ) ഹരിഃ (ഇ-പു-പ്ര-ഏ) യമുനാം (ആ-സ്ത്രീ-ദ്വി-ഏ) പ്രതി (അ) ക്രീഡായൈ (ആ-സ്ത്രീ-ച-ഏ) അഗമൽ (ലുങ്-പ-പ-പ്ര-പു-ബ) ചക്രീഡായൈ (ആ-സ്ത്രീ-ച-ഏ) വന്ദിനഃ (ന-പു-പ്ര-ബ) ച (അ)-

അന്വയാൎത്ഥം — സസ്നേഹരിരംസനായിരിക്കുന്ന അൎജ്ജുനനാൽ അംസംകൊണ്ട ധ്രിയമാണഭുജനായിട്ട ഹരി യമുനയെ കുറിച്ചു ക്രീഡക്കായിക്കൊണ്ട ഗമിച്ചു. ചക്രീഡക്കായിക്കൊണ്ട വന്ദികളും ഗമിച്ചു-

പരിഭാഷാ — സസ്നേഹരിരംസൻ=സ്നേഹരിരംസകളോട്ട കൂടിയവൻ- സ്നേഹരിരംസകൾ=സ്നേഹവും രിരംസയും- രിരംസാ=രമിപ്പാനായിക്കൊണ്ടുള്ള ഇച്ശാ- രമിക്ക=ക്രീഡിക്ക- അംസം=ചുമല- ധ്രിയമാണഭുജൻ= ധ്രിയമാണമായിരിക്കുന്ന ഭുജത്തൊട്ട കൂടിയവൻ- ധ്രിയമാണം=ധരിക്കപ്പെട്ടിരിക്കുന്നത- ഭുജം=കയ്യ- ഹരി=ശ്രീകൃഷ്ണൻ- യമുനാ=യമുനാഎന്ന നദി- ക്രീഡാ=കളി- ഗമിക്ക=പൊക- ചക്രീഡാ=ചക്രിയുടെ ഈഡാ- ചക്രി=ശ്രീകൃഷ്ണൻ- ഈഡാ=സ്തുതി- വന്ദികൾ=സ്തുതിപാഠകന്മാർ.

൨൮. ഭുവനവിഭാവയമാനെവനവിഹരണവിഭ്രമംവിഭാവ
യമാനെ। ഋതവൊമാധവമാസന്നിധായപുരതസ്സൃതൊഭിമാധവ
മാസൻ॥

അന്വയം—ഭുവനവിഭൌ (ഉ-പു-സ-ഏ) വനവിഹരണ
വിഭ്രമം (അ-പു-ദ്വി-ഏ) വിഭാവയമാനെ-അയമാനെ (അ-
പു-സ-ഏ) ഋതവഃ (ഉ-പു-പ്ര-ബ) മാധവമാസം (അ-പു-
ദ്വി-ഏ) നിധായ (ല്യ-അ) പുരതഃ-അഭിമാധവം (അ). ആസ
ൻ (ലങ്-പ-പ-പ്ര-പു-ബ).

അന്വയാൎത്ഥം—ഭുവനവിഭു വനവിഹരണവിഭ്രമത്തെ വി
ഭാവയമാനനായി അയമാനനായിരിക്കും വിഷയത്തിങ്കൽ ഋതു
ക്കൾ മാധവമാസത്തെ പുരൊഭാഗത്തിങ്കൽ നിധാനം ചെയ്തി
ട്ടു മാധവനെ അഭിമുഖീകരിച്ചു അസിച്ചു.

പരിഭാഷാ—ഭുവനവിഭു=ലൊകെശ്വരൻ- (ശ്രീകൃഷ്ണൻ) വ
നവിഹരണവിഭ്രമം=വനക്രീഡാവിലാസം- വിഭാവയമാനൻ=
വിഭാവനം ചെയ്തിരിക്കുന്നവൻ- വിഭാവനം ചെയ്ക=പ്രകാ
ശിപ്പിക്ക- അയമാനൻ=ഗമിച്ചിരിക്കുന്നവൻ- ഋതുക്കൾ= വ
സന്താദികൾ-മാധവമാസം=മാധവത്തിന്റെ മാസം- മാധവം=
വസന്തഋതു- മാസം=ചൈത്രമാസം- പുരൊഭാഗം= അഗ്രഭാ
ഗം- നിധാനം ചെയ്ക=വെക്കുക- മാധവൻ=ശ്രീകൃഷ്ണൻ- അഭി
മുഖീകരിക്ക=അഭിമുഖനാക്കുക- അസിക്ക=ദീപിക്ക- (പ്രകാശി
ക്ക എന്നസാരം) (ആസൻഎന്നതിന്ന ദൎശികയിൽ അഭവൻ
എന്നെത്രെവിവരണംകാണുന്നത- എങ്കിലും- അസഗതിദീപ്ത്യാ
ദാനെഷു എന്നുണ്ടാകയാൽ ഇവിടെ ദീപിക്ക എന്ന പരിഭാഷ
യെ കൊടുത്തു- ഇപ്രകാരം-മാധവമാസന്നിധായ- എന്ന സ്ഥല
ത്തിങ്കൽ മാധവം- ആസന്നിധായ- എന്ന പദഭെദത്തെച്ചെയ്
തിട്ടു മാധവം-പുരതഃ- ആസന്നിധായ എന്ന അന്വയത്തിങ്ക
ലും ഭെദത്തെ കല്പിക്കാം- മാധവത്തെ പുരൊഭാഗത്തിങ്കൽ ആ
സന്നിധാനം ചെയ്തിട്ടു എന്ന അന്വയാൎത്ഥം. മാധവം=വസ
ന്തഋതു- പുരൊഭാഗം=അഗ്രഭാഗം- ആസന്നിധാനംചെയ്ക=
എല്ലാ പ്രദെശങ്ങളിലും വഴിപൊലെ വെക്കുക- ഇങ്ങിനെപ
രിഭാഷാ- പുരൊഭാഗത്തിങ്കൽ ആസന്നിധാനം ചെയ്ക എന്നതി
ന്ന മുമ്പിലാക്കുക എന്ന സാരം- ഇതഉഭയത്രതുല്യമാകയും ചെ
യ്യും- ഇങ്ങിനെ അന്വയപരിഭാഷാഭെദങ്ങളെ സ്വീകരിച്ചാൽ
വരുന്ന ഗുണത്തെ പറയാം- മാധവമാസമെന്ന പദം കെൾക്കു
മ്പൊൾ വൈശാഖമാസമെന്നുള്ള അൎത്ഥംസാധാരണമായിതൊ

ന്നുന്നതാകുന്നു- എംകിലും അതിന്റെ പുരസ്കരണത്തിന്നു ചെച്ചയില്ലായ്കകൊണ്ടു ടീകയിൽ ഷഷ്ഠീതൽപുരുഷസമാസത്തെ ആശ്രയിച്ചിട്ടു മാധവത്തിന്റെ മാസമെന്നും ആയതു ഇവിടെ ചൈത്രമാസമാകുന്നു എന്നും പറഞ്ഞിരിക്കുന്നു- ഇതിന്ന അനുപപത്തിയുണ്ടു- ഇപ്രകാരമായാലും മാസപദം വ്യൎത്ഥമെന്ന വരുന്നു- ഇതുതന്നെ അനുപപത്തിയായതു എന്നുതന്നെ അല്ല- ഋതുക്കൾ വസന്തപുരസ്കാരെണ മാധവനെ അഭിമുഖീകരിച്ചു ശോഭിച്ചു എന്നാണ ഇവിടെ വിവക്ഷിതാൎത്ഥത്തെ കല്പിക്കേണ്ടതു- അവിടെ മാസാപെക്ഷ ഇല്ല താനും- മെൽപ്രകാരം അന്വയാദികൾക്ക വ്യത്യാസത്തെ സ്വീകരിച്ചാൽ ഇങ്ങിനെയുള്ള ദൊഷാംപാദനത്തിന്ന സംഗതിയില്ല-ഇതുതന്നെ ഗുണമാകുന്നതു എന്ന ഞാൻവിചാരിക്കുന്നു.)

൨൩. മുകുളസ്സന്തെനെയശ്ചംപകതരുണാഗതെവസന്തെ
നെയഃ । ദീപഇവസ്വച്ഛശിഖസ്സ്വബഭൗലോകശ്ചശുഭ്രവിവ
സ്വച്ഛശിഖഃ॥

അന്വയം—വസന്തെ- ആഗതെ (അ-പു-സ-ഏ) ചംപകതരുണാ (ഉ-പു-തൃ-ഏ) യഃ (യച്ഛ-പു-പ്ര-ഏ) മുകുളഃ (അ-പു-പ്ര-ഏ) സന്തെനെ (ലിട്ട-ആ-പ-പ്ര-പു-ഏ) സഃ (തച്ഛ-പു-പ്ര-ഏ) നെയഃ- സ്വച്ഛശിഖഃ-ദീപഃ (അ-പു-പ്ര-ഏ) ഇവ (അ) ബഭൗ (ലിട്ട-പ-പ-പ്ര-പു-ഏ) ലൊകഃ-ശുഭ്രവിവസ്വച്ഛശിഖഃ (അ-പു-പ്ര-ഏ) ച (അ)-

അന്വയാൎത്ഥം—വസന്തം ആഗതമായിരിക്കുംവിഷയത്തിങ്കൽ ചംപകതരുവാൽ യാതൊരുമുകുളം ഉത്ഭവിപ്പിക്കപ്പെട്ടുവൊ അതു നെയമായി സ്വച്ഛശിഖമായിരിക്കുന്ന ദീപമൊ എന്നതൊന്നുംവണ്ണം ശൊഭിച്ചു. ലൊകം ശുഭ്രവിവസ്വച്ഛശിഖമായിട്ടും ശൊഭിച്ചു.

പരിഭാഷാ—വസന്തം=വസന്തഋതു- ആഗതം=പ്രാപ്തം- ചംപകതരു=ചംപകവൃക്ഷം-മുകുളം=മൊട്ടു- അതു=ചംപകമുകുളം- നെയം= നയിക്കപ്പെടുവാൻ യൊഗ്യം- നയിക്ക=പ്രാപിപ്പിക്ക- സ്വച്ഛശിഖം= സ്വച്ഛയായിരിക്കുന്ന ശിഖയൊടുകൂടിയതു-സ്വച്ഛാ=നിൎമ്മലാ- ശിഖാ=ജ്വാലാ- ദീപം=വിളക്ക- ശുഭ്രവിവസ്വച്ഛശിഖം= ശുഭ്രങ്ങളായിരിക്കുന്ന വിവസ്വച്ഛശിഖങ്ങളൊടുകൂടിയതു- ശുഭ്രങ്ങൾ= തെളിവൊടുകൂടിയവ- വിവസ്വച്ഛശിഖങ്ങൾ= വിവസ്വാനും ശശിയും ഖവും-വിവസ്വാൻ=ആദിത്യൻ- ശശി=ചന്ദ്രൻ- ഖം=ആകാശം-

൭൪. പഥികജനാനാംകരവാൻകവ്വൻകരവോബഭൂവനാനാം കുരവാൻ । പ്രേക്ഷ്യരുചംചൂതസ്യസ്തബകേഷുപികശ്ചകാരച ഞ്ചൂതസ്യ॥

അന്വയം—കുരവഃ (അ-പു-പ്ര-ഏ) പഥികജനാനാം (അ-പു-ഷ-ബ) കരവാൻ (അ-പു-ദ്വി-ബ) കവ്വൻ (ത-പു-പ്ര-ഏ) നാനാംകുരവാൻ (ത-പു-പ്ര-ഏ) ബഭൂവ (ലിട്ട്-പ-പ-പ്ര-പു-ഏ) പികഃ (അ-പു-പ്ര-ഏ) ചൂതസ്യ (അ-പു-ഷ-ഏ) രുചം (ച-സ്ത്രീ-ദ്വി-ഏ) പ്രേക്ഷ്യ (ല്യ-അ) തസ്യ (തദ്ദ-പു-ഷ-ഏ) സ്തബകേഷു (അ-പു-സ-ബ) ചഞ്ചൂ (ഉ-സ്ത്രീ-ദ്വി-ദ്വി) ചകാര (ലിട്ട്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—കുരവം പഥികജനങ്ങളുടെ കരവങ്ങളെ കവ്ത്തായി നാനാംകുരവാനായി ഭവിച്ചു. പികം ചൂതത്തിന്റെ രുക്കിനെ പ്രേക്ഷിച്ചിട്ട അതിന്നെ സ്തബകങ്ങളിൽ ചഞ്ചുക്കളെ ചെയ്തു.

പരിഭാഷ—കുരവം=വൃക്ഷവിശേഷം- പഥികജനങ്ങൾ=വിരഹികൾ- കരവങ്ങൾ=കുത്സിതങ്ങളായിരിക്കുന്നരവങ്ങൾ- കുത്സിതങ്ങൾ=നിന്ദിതങ്ങൾ- രവങ്ങൾ=ശബ്ദങ്ങൾ- കവ്ത്ത= ഉണ്ടാക്കിയിയങ്ങുന്നത- നാനാംകുരവാൻ=നാനാംകുരങ്ങൾ ഉള്ളത- നാനാംകുരങ്ങൾ= പലഅംകുരങ്ങൾ- അംകുരങ്ങൾ= മുളകൾ- (മൊട്ടുകളെന്നു സാരം) പികം=കുയിൽപക്ഷി- ചൂതം=മാവ- രുക്ക=ശോഭ- പ്രേക്ഷിക്ക=കാണുക- അത=ചൂതം- സ്തബകങ്ങൾ= പൂക്കുലകൾ- ചഞ്ചുക്കൾ=കൊക്കുകൾ-

൭൫. ഭൃംഗചമൂപരിവാരസ്തസ്താരാംഗാരവൽകിമൂപരിവാരഃ। നതുനളിനാനിവസന്തഃ പ്ലുഷ്ടാഹ്യമുനാപ്രിയാംവിനാനിവസ ന്തഃ॥

അന്വയം—ഭൃംഗചമൂപരിവാരഃ- വസന്തഃ (അ-പു-പ്ര-ഏ) വാരഃ (രെഫാ-ന-ഷ-ഏ) ഉപരി (അ) നളിനാനി (അ-ന-ദ്വി-ബ) അംഗാരവൽ (അ) ന-തു (അ) തസ്താര (ലിട്ട്-പ-പ-പ്ര-പു-ഏ) കിമു (അ) അമുനാ (അദസ്-പു-തൃ-ഏ) ഹി (അ) പ്രിയാം (ആ-സ്ത്രീ-ദ്വി-ഏ) വിനാ (അ) നിവസന്തഃ (ത-പു-പ്ര-ബ) പ്ലുഷ്ടാഃ (അ-പു-പ്ര-ബ)-

അന്വയാൎത്ഥം—ഭൃംഗചമൂപരിവാരമായിരിക്കുന്ന വസന്തം വാരിന്റെ ഉപരിഭാഗത്തിങ്കൽ നളിനങ്ങളെ അംഗാരങ്ങളൊട തുല്യമാകുംവണ്ണം സ്തരിച്ചില്ലയൊ. ഇതിനാൽ യാതൊന്നുഹെതു വായിട്ട പ്രിയയൊടുകൂടാതെ നിവസന്തുക്കളായിരിക്കുന്നവർ പ്ലു

ഷ്ഠന്മാരായി.

പരിഭാഷാ — ഭൃംഗചമൂപരിവാരം= ഭൃംഗചമൂക്കളാകുന്നപരിവാരങ്ങളോടുകൂടിയത- ഭൃംഗചമൂക്കൾ= ഭൃംഗസമൂഹങ്ങൾ- (വണ്ടിൻകൂട്ടങ്ങൾ) പരിവാരങ്ങൾ= പരിജനങ്ങൾ- വസന്തം= വസന്തമാകുന്ന ഋതു- വാര=ജലം- ഉപരിഭാഗം=മെൽഭാഗം-നളിനങ്ങൾ=ചെന്താമരപ്പൂക്കൾ- അംഗാരങ്ങൾ= തീക്കട്ടകൾ- സ്ഫുരിക്ക= പരത്തുക- ഇത=വസന്തം- പ്രിയാ=ഭാൎയ്യാ- നിവസത്തുകൾ=നിവസിച്ചിരിക്കുന്നവർ-നിവസിക്ക=ഇരിക്കുക-പ്ലുഷ്ടന്മാർ=പ്ലൊഷിക്കപ്പെട്ടവർ- പ്ലൊഷിക്ക=ഭസ്മമാക്കുക-

൭൬. സ്ഫുടിതമ്പലാശേനഭ്രാന്തംഭ്രമരെണചൈവചപലാശേന । ഹസിതമശോകപ്രസവൈഃപതിതംപഥികാശ്രുഭിശ്ച ശോകപ്രസവൈഃ॥

അന്വയം — പലാശേന (അ-പു-തൃ-ഏ) ച (അ) സ്ഫുടിതം (അ-ന-പ്ര-ഏ) ചപലാശേന- ഭ്രമരെണ (അ-പു-തൃ-ഏ) ച (അ) ഭ്രാന്തം (അ-ന-പ്ര-ഏ) ഏവ (അ) അശോകപ്രസവൈഃ (അ-പു-തൃ-ബ) ഹസിതം (അ-ന-പ്ര-ഏ) ശോകപ്രസവൈഃ (അ-ന-തൃ-ബ) പഥികാശ്രുഭിഃ (ഉ-ന-തൃ-ബ) പതിതം (അ-ന-പ്ര-ഏ) ച (അ)-

അന്വയാൎത്ഥം — പലാശത്താലും സ്ഫുടിപ്പുഎന്നുള്ളതുണ്ടായി. ചപലാശമായിരിക്കുന്നഭ്രമരത്താലുംഭ്രമിപ്പുഎന്നുള്ളതുണ്ടായി.തന്നെ അശോകപ്രസവങ്ങളാൽഹസിപ്പുഎന്നുള്ളതുണ്ടായി. ശോകപ്രസവങ്ങളായിരിക്കുന്ന പഥികാശ്രുക്കളാൽ പതിപ്പുഎന്നുള്ളതുമുണ്ടായി.

പരിഭാഷാ — പലാശം=പ്ലാശ-സ്ഫുടിക്ക=പൂക്കുക- ചപലാശം= ചപലയായിരിക്കുന്ന ആശയൊടുകൂടിയത- ചപലാ-ഇളകിയിരിക്കുന്നത- ആശാ=അതിതൃഷ്ണാ- (അത്യാഗ്രഹമെന്നുസാരം-) ഭ്രമരം=വണ്ട- ഭ്രമിക്ക=അവിടവിടെ സഞ്ചരിക്ക- അശോകപ്രസവങ്ങൾ=അശോകത്തിൻെറ പ്രസവങ്ങൾ_ അശോകം=അശോകവൃക്ഷം- പ്രസവങ്ങൾ=പൂക്കൾ- ഹസിക്ക=വികസിക്ക- ശോകപ്രസവങ്ങൾ=ശോകംഹെതുവായിട്ടുണ്ടായവ-ശോകം=ദുഃഖം- പഥികാശ്രുക്കൾ=പഥികന്മാരുടെ അശ്രുക്കൾ- പഥികന്മാർ=വിരഹികൾ_ അശ്രുക്കൾ=കണ്ണുനീരുകൾ- പതിക്ക=വീഴുക-

൭൭. സ്വച്ഛതലൊരസിതരുഗളിതഃകച്ഛഭുവാകുസുമരെണുരസിതരുഗളിതഃ । ചാരുവസന്തൊഷിതയാമധ്വപ്പുളകൊന്മൈവസ

ന്തോഷിതയാ॥

അന്വയം—വസന്തോഷിതയാ (ആ-സ്ത്രീ-തൃ-ഏ) കച്ഛഭുവാ (ഊ-സ്ത്രീ-തൃ-ഏ) അമുനാ (അദംശ-പു-തൃ-ഏ) സന്തോഷിതയാ (ആ-സ്ത്രീ-തൃ-ഏ) പുളകഃ (അ-പു-പ്ര-ഏ) ഇവ (അ) സ്വതലോരസി (സ-ന-സ-ഏ) തരുഗളിതഃ (അ-പു-പ്ര-ഏ) അളിതഃ (തസി-അ) അസിതരുക്ക (ച-പു-പ്ര-ഏ) കുസുമരേണുഃ (ഉ-പു-പ്ര-ഏ) ചാരു (ക്രി-വി) ദധ്രേ (ലിട്ട്-ആ-പ-പ്ര-പു-ഏ)-

അന്വയാർത്ഥം—വസന്തോഷിതയായിരിക്കുന്ന കച്ഛഭുവിനാൽ ഇതിനാൽ സന്തോഷിതയായിട്ട പുളകമൊ എന്ന തൊന്നുമാറ സ്വതലൊരസ്സിങ്കൽ തരുഗളിതമായി അളിയെക്കാൾ അസിതരുക്കായിരിക്കുന്ന കുസുമരെണു ചാരുവാകുംവണ്ണം ധരിക്കപ്പെട്ടു-

പരിഭാഷാ—വസന്തോഷിതാ=വസന്തത്താൽ ഉഷിതാ-വസന്തം=വസന്തഋതു- ഉഷിതാ=വസിക്കപ്പെട്ടത- വസിക്ക=ആശ്രയിക്ക- കച്ഛഭൂ=കച്ഛഭൂമി- (യമുനാസംബന്ധിയായി വളരെ ജലത്തൊട കൂടിയതായിരിക്കുന്ന പ്രദെശമെന്നു സാരം-) ഇതഃ=വസന്തഋതു- സന്തൊഷിതാ=സന്തൊഷിപ്പിക്കപ്പെട്ടവൾ- പുളകം=രൊമാഞ്ചം- സ്വതലൊരസ്സ=സ്വതലമാകുന്ന ഉരസ്സ-സ്വതലം=തന്റെതലം- തലം=അധൊഭാഗം- തരുഗളിതം=തരുവിങ്കൽനിന്നുഗളിതം- തരു=വൃക്ഷം- ഗളിതം=ഗളിച്ചത- ഗളിക്ക=വീഴുക- അളി=വണ്ട- അസിതരുക്ക=അസിതയായിരിക്കുന്ന രുക്കൊട കൂടിയത- അസിതാ=കറുത്തിരിക്കുന്നത- രുക്ക=ശൊഭാ- കുസുമരെണു=കുസുമങ്ങളുടെ രെണു- കുസുമങ്ങൾ=പൂക്കൾ-(കാശാവു മുതലായതിന്റെ പൂക്കളെന്നു സാരം-) രെണു=പൊടി-ചാരു=മനൊഹരം-

൮൨. ഭൃംഗകൃതാരാവന്തംജപന്തമിവമന്ദധവളതാരാവന്തം ।
നരകഭിദാതപസെവാനിരതമപശ്യച്ഛുചിന്തമാതപസെവാ॥

അന്വയം—നരകഭിൽ (ദ-പു-പ്ര-ഏ) തദാ (അ) ഭൃംഗകൃതാരാവം (അ-പു-ദ്വി-ഏ) മന്ദധവളതാരാവന്തം (ത-പു-ദ്വി-ഏ) ജപന്തം (ത-പു-ദ്വി-ഏ) ഇവ (അ) തപസെ (സ-ന-ച-ഏ) വാ (അ) ആതപസെവാനിരതം (അ-പു-ദ്വി-ഏ) തം (തൽ-പു-ദ്വി-ഏ) ശുചിം (ഇ-പു-ദ്വി-ഏ) അപശ്യൽ (ലങ്-പ-പ-പ്ര-പു-ഏ)-

അന്വയാർത്ഥം—നരകഭിത്ത അക്കാലത്തിങ്കൽ ഭൃംഗകൃതാരാ

വമായി ദന്തധവളതാരാവത്തായി ജപത്തോ എന്ന തൊന്നുമാറായി തപസ്സിനായിക്കൊണ്ടോ എന്ന തൊന്നുംവണ്ണം ആതപസെവാനിരതമായിരിക്കുന്ന ആ ശുചിയെ ദൎശിച്ചു-

പരിഭാഷാ—നരകഭിത്ത=ശ്രീകൃഷ്ണൻ- ഭൃംഗകൃതാരാവം=ഭൃംഗകൃതമായിരിക്കുന്ന ആരാവത്തൊടു കൂടിയത- ഭൃംഗകൃതം=ഭൃംഗങ്ങളാൽ കൃതം- ഭൃംഗങ്ങൾ=വണ്ടുകൾ- കൃതം=ഉണ്ടാക്കപ്പെട്ടത- ആരാവം=ശബ്ദം- ദന്തധവളതാരാവാൻ=ദന്തധവളതാരകളുള്ളത- ദന്തധവളതാരകൾ=ദന്തധവളകളായിരിക്കുന്ന താരകൾ- ദന്തധവളകൾ= ദന്തങ്ങൾപൊലെ ധവളകൾ_ ദന്തങ്ങൾ=പല്ലുകൾ- ധവളകൾ=വെളുത്തിരിക്കുന്നവ_ താരകൾ=നക്ഷത്രങ്ങൾ- ജപത്ത=ജപിച്ചിയങ്ങുന്നത- ആതപസെവാനിരതം=ആതപസെവയിങ്കൽ നിരതം- ആതപസെവാ=ആതപത്തിന്റെസെവാ- ആതപം=വെയിൽ- സെവാ=ആശ്രയം_ നിരതം=താല്പൎയ്യത്തൊടു കൂടിയത- ശുചി=ഗ്രീഷ്മൎത്തു- ദൎശിക്ക=കാണ്ക-

൪൯. നപ്രസവൈശ്ശൈരീഷൈൎവ്വിയുക്തിരളിഭിഃകൃതപ്രവെശൈരീഷെ। സുമനസ്സെവനമന്തൎഗ്ഗത്വാബഹുമന്യതെരസെവനമന്തഃ॥

അന്വയം—ശൈരീഷെ-പ്രസവെ (അ-പു-സ-ഏ) കൃതപ്രവെശൈഃ (അ-പു-തൃ-ബ) അളിഭിഃ-വിയുക്തിഃ- (ഇ-സ്ത്രീ-പ്ര-ഏ) ന (അ) ഈഷെ (ലിട്ട-ആ-പ-പ്ര-പു-ഏ) രസെ(അ-പു-സ-ഏ) അവനമന്തഃ (ത-പു-പ്ര-ബ) സുമനസ്സെവനം (അ-ന-ദ്വി-ഏ) ഗത്വാ (ക്ത്വാ-അ) അന്തഃ (അ) ബഹു(ഉ-ന-ദ്വി-ഏ) മന്യതെ (ലിട്ട-ആ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം—ശൈരീഷമായിരിക്കുന്ന പ്രസവത്തിങ്കൽ കൃതപ്രവെശങ്ങളായിരിക്കുന്ന അളികളാൽ വിയുക്തി ഇച്ഛിക്കപ്പെട്ടില്ല. രസത്തിങ്കൽ അവനമന്തുകളായിരിക്കുന്നവർ സുമനസ്സെവനത്തെ ഗമിച്ചിട്ട അന്തൎഭാഗത്തിങ്കൽ ബഹു എന്ന മനനം ചെയ്യുന്നു.

പരിഭാഷാ—ശൈരീഷം=ശിരീഷത്തെസംബന്ധിച്ചത. ശിരീഷം=നെന്മെനിവാക- പ്രസവം=പുഷ്പം. കൃതപ്രവെശങ്ങൾ=കൃതമായിരിക്കുന്ന പ്രവെശത്തൊടു കൂടിയത. കൃതം=ചെയ്കപ്പെട്ടത. പ്രവെശം=പ്രാപ്തി. അളികൾ=വണ്ടുകൾ. വിയുക്തി=വെർപാട. രസം=പുഷ്പരസം- അവനമന്തുകൾ=അവനമിച്ചിയങ്ങുന്നവർ- അവനമിക്ക=താല്പൎയ്യപ്പെടുക- സുമനസ്സെവനം=സുമനകളുടെ സെവനം- സുമനസ്സുകൾ=പൂക്കൾ- സെവനം=സെ

വാ- ഗമിക്ക=പ്രാപിക്ക-അന്തഭാഗം=ഉള്ള- ബഹു=വലുതായിരിക്കുന്നത- മനനംചെയ്ക=വിചാരിക്ക-

൩൦. അഥഭൃംഗാനവമരുതസ്തീതാഃപ്രാവൃഡ്ഢനാഗ്രഗാനവമരുതഃ। ആയാസംപദവീജന്നിയമ്യശൌരെസ്സമാന്ദ്യസംപദവീജൻ।

അന്വയം—അഥ (അ) ഭൃംഗാനവമാരുതസ്തീതാഃ- പ്രാവൃഡ്ഢനാഗ്രഗാഃ (അ-പു-പ്ര-ബ) നവമരുതഃ (ത-പു-പ്ര-ബ) സമാന്ദ്യസംപൽ (ക്രി-വി) ശൌരെഃ (ഇ-പു-ഷ-ഏ) പദവീജം- ആയാസം (അ-പു-ദ്വി-ഏ) നിയമ്യ (ല്യ-അ) അവീജൻ(ലങ്-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം—അനന്തരം ഭൃംഗാനവമരുതസ്തീതങ്ങളായി പ്രാവൃഡ്ഢനാഗ്രഗങ്ങളായിരിക്കുന്ന നവമരുത്തുകൾ സമാന്ദ്യസംപത്താകുംവണ്ണം ശൌരിയുടെ പദവീജമായിരിക്കുന്ന ആയാസത്തെ നിയമിച്ചിട്ട വീജിച്ചു.

പരിഭാഷാ—ഭൃംഗാനവമരുതസ്തീതങ്ങൾ= ഭൃംഗാനവമരുതങ്ങൾകൊണ്ട സ്തീതങ്ങൾ- ഭൃംഗാനവമരുതങ്ങൾ=ഭൃംഗങ്ങളുടെ അനവമരുതങ്ങൾ- ഭൃംഗങ്ങൾ=വണ്ടുകൾ- അനവമരുതങ്ങൾ=അനവമങ്ങളായിരിക്കുന്ന രുതങ്ങൾ_അനവമങ്ങൾ=അവമങ്ങളല്ലാത്തവ- അവമങ്ങൾ=നികൃഷ്ടങ്ങൾ- രുതങ്ങൾ=ശബ്ദങ്ങൾ- സ്തീതങ്ങൾ=പുഷ്ടിയോടുകൂടിയവ- പ്രാവൃഡ്ഢനാഗ്രഗങ്ങൾ=പ്രാവൃഡ്ഢനങ്ങളുടെ അഗ്രഗങ്ങൾ- പ്രാവൃഡ്ഢനങ്ങൾ=പ്രാവൃട്ടിങ്കലെ ഘനങ്ങൾ- പ്രാവൃട്ട=വൎഷത്തു- ഘനങ്ങൾ=മെഘങ്ങൾ- അഗ്രഗങ്ങൾ=പുരൊഗാമികൾ-നവമരുത്തുകൾ=പുതിയകാറ്റുകൾ- സമാന്ദ്യസംപത്ത=മാന്ദ്യസംപത്തൊടുകൂടിയത_ മാന്ദ്യസംപത്ത=മാന്ദ്യസമൃദ്ധി- ശൌരി=ശ്രീകൃഷ്ണൻ- പദവീജം=പദവിയിങ്കൽനിന്ന ജനിച്ചത- പദവീ=മാൎഗ്ഗം- (വഴി) ആയാസം=ശ്രമം-(തളൎച്ച) നിയമിക്ക=ശമിപ്പിക്ക-വീജിക്ക=വീശുക_

൩൧. പ്രീണിതമാനവകൊടെരുമയെമെഘസ്യമൊമമാനവകൊടെ। അമവൽസന്നാഹംസാവലിട്ടധൈൎയ്യചൈവഗമനസന്നാഹംസാ॥

അന്വയം—പ്രീണിതമാനവകൊടെഃ(ഇ-പു_ഷ-ഏ) മെഘസ്യ (അ-പു_ഷ-ഏ) മൊമമാനവകൊടെ-ഉമയെ (അ-പു-സ-ഏ) ഹംസാവലിഃ (ഇ-സ്ത്രീ-പ്ര-ഏ) സന്നാ (ആ-സ്ത്രീ- പ്ര-ഏ) അമവൽ (ലങ്-പ_പ-പ്ര-പു-ഏ) സാ (തച്ഛ-പു-പ്ര-ഏ) ഗമനസന്നാഹം (അ-പു-ദ്വി-ഏ) മധൈൎയ്യ (ലിട്ട-പ-പ-പ്ര-

പു-ഏ) ച (അ)-

അന്വയാൎത്ഥം—പ്രീണിതമാനവകൊടിയായിരിക്കുന്ന മെഘത്തിന്റെ മൊദമാനവകൊടമായിരിക്കുന്ന ഉദയത്തിങ്കൽ ഹംസാവലി സന്നയായി ഭവിച്ചു- അതു ഗമനസന്നാഹത്തെ ധരിക്കുകയും ചെയ്തു.

പരിഭാഷാ—പ്രീണിതമാനവകൊടീ= പ്രീണിതയായിരിക്കുന്ന മാനവകൊടിയൊടു കൂടിയതു- പ്രീണിതാ=സന്തൊഷിപ്പിക്കപ്പെട്ടതു- മാനവകൊടി=മനുഷ്യസമൂഹം- മൊദമാനവകൊടം=മൊദമാനങ്ങളായിരിക്കുന്ന വകൊടങ്ങളൊടുകൂടിയതു- മൊദമാനങ്ങൾ=മൊദിച്ചിയങ്ങുന്നവ- വകൊടങ്ങൾ= ബകപക്ഷികൾ- (കൊററികൾ) ഉദയം=ആവിൎഭാവം- (പ്രകാശം) ഹംസാവലി=ഹംസങ്ങളുടെ ആവലി_ ഹംസങ്ങൾ= അരയന്നങ്ങൾ- ആവലി=സമൂഹം- സന്നാ=തളൎന്നതു- അതു=ഹംസാവലി- ഗമനസന്നാഹം=ഗമനൊത്സാഹം-

൫൨. സകലജഗത്യാധാരാ ന സമാ മെഘസ്യ പുണ്യഗത്യാ ധാരാ। അന്യാസ്വാദാപെതെ ചാതകവദനെ യയാ ജവാദാപെതെ॥

അന്വയം—സകലജഗത്യാധാരാ (ആ-സ്ത്രീ-പ്ര-ഏ) മെഘസ്യ (അ-പു-ഷ-ഏ) ധാരാ (ആ-സ്ത്രീ-പ്ര-ഏ) പുണ്യഗത്യാ (ഇ-സ്ത്രീ-തൃ-ഏ) സമാ (ആ-സ്ത്രീ-പ്ര-ഏ) ന (അ) അഭൂൽ- യയാ (യദ്-സ്ത്രീ-പ്ര-ഏ) ജവാൽ (അ-പു-പ-ഏ) അന്യാസ്വാദാപെതെ-ചാതകവദനെ (അ-ന-സ-ഏ) ആപെതെ (ലിട്ട-ആ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—സകലജഗത്യാധാരയായിരിക്കുന്ന മെഘത്തിന്റെ ധാരാ പുണ്യഗതി ഹെതുവായിട്ടു സമയായി ഭവിച്ചില്ല- യാതൊന്നിനാൽ വെഗെന അന്യാസ്വാദാപെതമായിരിക്കുന്ന ചാതകവദനത്തിങ്കൽ ആപതിച്ചു എന്നുള്ളതുണ്ടായി.

പരിഭാഷാ—സകലജഗത്യാധാരാ=സകലജഗതിയാകുന്ന ആധാരത്തൊടു കൂടിയതു- സകലജഗതീ=സകലയായിരിക്കുന്ന ജഗതി- സകലാ=ഒട്ടൊഴിയാതെ ഉള്ളതു- ജഗതീ=ഭൂമി- ആധാരം= അധികരണം (സ്ഥാനം) ധാരാ=ജലധാരാ_ പുണ്യഗതി=പുണ്യത്തിന്റെ ഗതി- ഗതി=ശക്തി. സമാ=തുല്യാ- യാതൊന്ന= മെഘസംബന്ധിനിയായിരിക്കുന്ന ധാരാ- അന്യാസ്വാദാപെതം= അന്യാസ്വാദത്തൊടു വെൎപെട്ടതു- അന്യാസ്വാദം=അന്യാനുഭവം- ചാതകവദനം=ചാതകത്തിന്റെ വദനം- ചാതകം=ചാതകപക്ഷി (കട്ടാടഞ്ചാത്തൻ) വദനം=മുഖം- ആപതിക്ക=വിഴുക.

൫൩. വിദധ്വാനാധ്വനിമളിനാനകെതകീരാക്ഷസീവനാധ്വനിമളിനാ। പഥികൈരാൎത്തവദശനൈസ്ഫുരിതാസെഹെപതത്ഭിരാൎത്തവദശനൈഃ॥

അന്വയം—അളിനാ (ഇ-പു-തൃ-ഏ) ധ്വനിം (ഇ-പു-ദ്വി-ഏ) വിദധ്വാനാ (ആ-സ്ത്രീ-പ്ര-ഏ) ആൎത്തവദശനൈഃ (അ-പു-തൃ-ബ) സ്ഫുരിതാ-മളിനാ (ആ-സ്ത്രീ-പ്ര-ഏ) വനാധ്വനി (ന-പു-സ-ഏ) കെതകീരാക്ഷസീ (ഈ-സ്ത്രീ-പ്ര-ഏ) അദശനൈഃ (അ) ആൎത്തവൽ (അ) പതത്ഭിഃ (ത-പു-തൃ-ബ) പഥികൈഃ (അ-പു-തൃ-ഏ) ന (അ) സെഹെ (ലിട്-ആ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—അളിഹെതുവായിട്ട ധ്വനിയെ വിദധ്വാനയായി ആൎത്തവദശനങ്ങൾ ഹെതുവായിട്ട സ്ഫുരിതയായി മളിനയായിരിക്കുന്ന വനാധ്വാവിങ്കലെ കെതകീരാക്ഷസീ പൊടുന്നനവെ ആൎത്തന്മാരെന്ന പൊലെ പതത്തുകളായിരിക്കുന്ന പഥികന്മാരാൽ സഹിക്കപ്പെട്ടില്ല.

പരിഭാഷാ—അളി=വണ്ടു- ധ്വനി=ശബ്ദം- വിദധ്വാനാ= വിധ്വാനംചെയ്യുന്നവൾ- വിധ്വാനംചെയ്ക= പുറപ്പെടിക്ക- ആൎത്തവദശനങ്ങൾ=ആൎത്തവങ്ങളാകുന്ന ദശനങ്ങൾ- ആൎത്തവങ്ങൾ=പുഷ്പങ്ങൾ- ദശനങ്ങൾ=ദംഷ്ട്രകൾ- സ്ഫുരിതാ=സ്ഫുരിച്ചവൾ-സ്ഫുരിക്ക=ദീപിക്ക- മളിനാ=കറുത്തവൾ-വനാധ്വാവ്=വനമാൎഗ്ഗം- കെതകീരാക്ഷസീ=കെതകിയാകുന്ന രാക്ഷസീ- കെതകീ=കൈത- ആൎത്തന്മാർ=രൊഗികൾ- പതത്തുകൾ= പതിച്ചിയങ്ങുന്നവർ- പതിക്ക=വഴുക- പഥികന്മാർ= വിരഹികൾ- (വഴിപൊക്കരെന്നും ഇതിന്ന അൎത്ഥമുണ്ടു.)

൫൪. ഘടിതനികെതകവാടഃ കാമിജനൈഃ സ്ഫുരിതസുരഭികെതകവാടഃ। ജലദൈസ്സകലാപിഹിതഃ കാലൊ വ്യാജൃംഭതെ സ്മ സകലാപിഹിതഃ॥

അന്വയം—കാമിജനൈഃ (അ-പു-തൃ-ബ) ഘടിതനികെതകവാടഃ- സ്ഫുരിതസുരഭികെതകവാടഃ (അ-പു-പ്ര-ഏ) ജലദൈഃ (അ-പു--തൃ-ബ) സകലാപിഹിതഃ- കലാപിഹിതഃ (അ-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) കാലഃ (അ-പു-പ്ര-ഏ) വ്യാജൃംഭതെ (ലട്ട-ആ-പ-പ്ര-പു-ഏ) സ്മ (അ)-

അന്വയാൎത്ഥം—കാമിജനങ്ങളാൽ ഘടിതനികെതകവാടമായി സ്ഫുരിതസുരഭികെതകവാടമായി ജലദങ്ങളാൽ സകലാപിഹിതമായി കലാപിഹിതമായിരിക്കുന്ന ആ കാലം വ്യാജൃംഭിച്ചു.

പരിഭാഷാ—കാമിജനങ്ങൾ= കാമികളായിരിക്കുന്ന ജനങ്ങൾ- കാമികൾ=രാഗികൾ- ഘടിതനികേതകവാടം= ഘടിതങ്ങളായിരിക്കുന്ന നികേതകവാടങ്ങളോടുകൂടിയത- ഘടിതങ്ങൾ=ഘടിക്കപ്പെട്ടവ- ഘടിക്ക=അടയ്ക്കുക- നികേതകവാടങ്ങൾ= നികേതങ്ങളുടെ കവാടങ്ങൾ- നികേതങ്ങൾ= ഭവനങ്ങൾ- കവാടങ്ങൾ= വാതിലുകൾ- സ്ഫുരിതസുരഭികേതകവാടം= സ്ഫുരിതമായിസുരഭിയായിരിക്കുന്ന കേതകവാടത്തൊടുകൂടിയത- സ്ഫുരിതം=സ്ഫുരിച്ചത- സ്ഫുരിക്ക=പ്രകാശിക്ക- സുരഭി=സൌരഭ്യത്തൊടുകൂടിയത- കേതകവാടം= കേതകങ്ങളുടെവാടം- കേതകങ്ങൾ= കൈതപ്പൂക്കൾ- വാടം=സമൂഹം- ജലദങ്ങൾ=മെഘങ്ങൾ- സകലാപിഹിതം= സകലമാകുംവണ്ണം അപിഹിതം-സകലം=സമസ്തം- അപിഹിതം= അപിധാനംചെയ്കപ്പെട്ടത- അപിധാനംചെയ്ക=മറയ്ക്കുക- കലാപിഹിതം= കലാപികൾക്കഹിതം- കലാപികൾ= മയിലുകൾ- വ്യാഭിജ്ജംക്ക= സ്ഫുടമായിഭവിക്ക-

ശ്ലൊ· അഥനവകൊകനദൈനഃക്ഷിതിഃക്വണൽകുരരഹംസ
കൊകനദൈന ,രമമാണവിശെഷെണപ്രാപ്യതയൊഷെവഭ്രൂ
ഷണവിശെഷെണ॥

അന്വയം—അഥ (അ) നവകൊകനദൈന- ക്വണൽകുരരഹംസകൊകനദൈന (അ-പു-തൃ-ഏ) രമമാണവിശാ (ശ-പു-തൃ-ഏ) ഇഷ്ടെണ (അ-പു-തൃ-ഏ) ക്ഷിതിഃ (ഇ-സ്ത്രീ-പ്ര-ഏ) ഭൂഷണവിശെഷെണ (അ-പു തൃ-ഏ) യൊഷാ (ആ-സ്ത്രീ-പ്ര-ഏ) ഇവ (അ) പ്രാപ്യത (ലങ്-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അനന്തരം നവകൊകനദമായി ക്വണൽകുരരഹംസകൊകനദമായി രമമാണവിട്ടായിരിക്കുന്ന ഇഷ്ടത്താൽ ക്ഷിതിഭൂഷണവിശെഷത്താൽ യൊഷാ എന്നപൊലെ പ്രാപിക്കപ്പെട്ടു.

പരിഭാഷാ—നവകൊകനദം= നവങ്ങളായിരിക്കുന്ന കൊകനദങ്ങളോടുകൂടിയത- നവങ്ങൾ=നൂതനങ്ങൾ- കൊകനദങ്ങൾ= ചെന്താമരപ്പൂക്കൾ-ക്വണൽകുരരഹംസകൊകനദം=ക്വണൽകുരരഹംസകൊകങ്ങളായിരിക്കുന്ന നദങ്ങളോടുകൂടിയത- ക്വണൽകുരരഹംസകൊകങ്ങൾ= ക്വണത്തുകളായിരിക്കുന്ന കുരരഹംസകൊകങ്ങളൊടുകൂടിയത- ക്വണത്തുകൾ=ശബ്ദിച്ചിയങ്ങുന്നവ- കുരരഹംസകൊകങ്ങൾ= കുരരങ്ങളും ഹംസങ്ങളും കൊകങ്ങളും- കുരരങ്ങൾ=കുരരപക്ഷികൾ- ഹംസങ്ങൾ= അരയന്നങ്ങൾ- കൊകങ്ങൾ=ചക്രവാകപക്ഷികൾ- നദങ്ങൾ=താമരപ്പൊ

സ്ഥകൾ- രമമാണവിട്ട= രമമാണന്മാരായിരിക്കുന്ന വിട്ടുകളോട്ടകൂടിയത- രമമാണന്മാർ=രമിച്ചിയങ്ങുന്നവർ- രമിക്ക=സന്തോഷിക്ക- വിട്ടുകൾ=വെശ്യന്മാർ- ഇഷ്ടം=ആശംസിനമാസം- ക്ഷിതി=ഭൂമി- ഭൂഷണവിശെഷം=അലംകാരവിശെഷം- യൊഷാ=സ്ത്രീ-

൯൬· വിരഹിണമാരവ്യസനംഭൃംഗൈശ്ചബെഭൂവഭുവനമാരവ്യസനം। സുതരാമഭ്രമമഭ്രംബെഭ്രാജെഭ്രമരവൎണ്ണമഭ്രമമഭ്രം॥

അന്വയം—വിരഹിണം (ന-പു-ദ്വി-ഏ) വ്യസനം (അ-ന-പ്ര-ഏ) ആര (ലിട്ട-പ-പ-പ്ര-പു-ഏ) ഭുവനം (അ-ന-പ്ര-ഏ) ഭൃംഗൈഃ (അ-പു-തൃ-ബ) ആരവ്യസനം (അ-ന-പ്ര-ഏ) ബെഭൂവ (ലിട്ട-പ-പ-പ്ര-പു-ഏ) ച (അ) അഭ്രം (അ-ന-പ്ര-ഏ) സുതരാം (അ) അമഭ്രം-അഭ്രമമഭ്രം-ഭ്രമരവൎണ്ണം (അ-ന-പ്ര-ഏ) ബെഭ്രാജെ (ലിട്ട-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—വിരഹിയെ വ്യസനം പ്രാപിച്ചു· ഭുവനം ഭൃംഗങ്ങൾഹെതുവായിട്ട ആരവ്യസനമായി ഭവിച്ചു· അഭ്രം ഏററവുംഅമഭ്രമായി അഭ്രമമഭ്രമായി ഭ്രമരവൎണ്ണമായിട്ട ഭ്രാജിച്ചു·

പരിഭാഷാ—വിരഹി=വിയൊഗി- (ഭാൎയ്യയൊടുവെർപെട്ടവൻ-) ഭുവനം=ലൊകം- ഭൃംഗങ്ങൾ=വണ്ടുകൾ- ആരവ്യസനം=ആരവികളായിരിക്കുന്ന അസനങ്ങളൊടുകൂടിയത- ആരവികൾ=ആരവമുള്ളവ-ആരവം=ശബ്ദം- അസനങ്ങൾ=അസനവൃക്ഷങ്ങൾ- (വെങ്ങമരങ്ങൾ-) അഭ്രം=ആകാശം-അമഭ്രം=വിസ്തീൎണ്ണം-(വിസ്താരത്തൊട്ട കൂടിയത-) അഭ്രമമഭ്രം=അഭ്രമത്തുകളായിരിക്കുന്ന അഭ്രങ്ങളൊട്ട കൂടിയത- അഭ്രമത്തുകൾ=ഭ്രമത്തുകളല്ലാത്തവ-ഭ്രമത്തുകൾ=ഭ്രമിച്ചിയങ്ങുന്നവ- ഭ്രമിക്ക=സഞ്ചരിക്ക- അഭ്രങ്ങൾ=മെഘങ്ങൾ- ഭ്രമരവൎണ്ണം=ഭ്രമരത്തിന്റെ വൎണ്ണംപൊലെ ഇരിക്കുന്ന വൎണ്ണത്തൊട്ട കൂടിയത- ഭ്രമരം=വണ്ട- വൎണ്ണം=നിറം-ഭ്രാജിക്ക=ശൊഭിക്ക-

൯൭- രജ്ജനെമുക്താവലയഃഖഗ്രഹെമുനിസ്വപുകെനമുക്താവലയഃ। രെജ്ജുസ്താരാസാൎത്ഥാന്നപുരെവചയൊധരാബെതാരാസാൎത്ഥാഃ॥

അന്വയം—രജ്ജനെഃ (ഇ-സ്ത്രീ-ഷ-ഏ) മുക്താവലയഃ (ഇ-സ്ത്രീ-പ്ര-ബ) ഖഗ്രഹെ(അ-ന-സ-ഏ)മുനിസ്വപുകെന (അ-ന-തൃ-ഏ) മുക്താഃ (അ-പു-പ്ര-ബ) വലയഃ (ഇ-പു-പ്ര-ബ) താരാസാൎത്ഥാഃ(അ-പു-പ്ര-ബ)രെജ്ജുഃ(ലിട്ട-പ-പ-പ്ര-പു-ബ) പയൊധരാഃ (അ-പു-പ്ര-ബ) പുരഃ-ഇവ(അ) ആരാസാൎത്ഥാഃ (അ-പു-പ്ര-ബ) ന (അ) ആസൻ-ബത (അ)-

അന്വയാൎത്ഥം—രജനിയുടെ മുക്താവല്ലികളായിട്ടും ഖഗ്രഹത്തിങ്കൽ മുനിസപ്തകത്താൽ മുക്തങ്ങളായിരിക്കുന്ന വലികളായിട്ടും താരാസാൎത്ഥങ്ങൾ രാജിച്ചു. പയോധരങ്ങൾ പണ്ടെന്നപോലെ ആരാസാൎത്ഥങ്ങളായി ഭവിച്ചില്ല ആശ്ചൎയ്യം.

പരിഭാഷാ—രജനി=രാത്രി. മുക്താവലികൾ=മുത്തുമാലകൾ. ഖഗ്രഹം=ഖമാകുന്ന ഗ്രഹം. ഖം=ആകാശം. ഗ്രഹം=ഭവനം. മുനിസപ്തകം=മുനികളുടെ സപ്തകം. മുനികൾ=മഹൎഷിമാർ. സപ്തകം=സപ്താവയവമായിരിക്കുന്ന സമുദായം. (കാശ്യപൻ, അത്രി, ഭരദ്വാജൻ. വിശ്വാമിത്രൻ, ഗൌതമൻ, ജമദഗ്നി, വസിഷ്ഠൻ ഇങ്ങിനെ ഉള്ള ഏഴു മഹൎഷിമാരുടെ സംഘമെന്നു സാരം.) മുക്തങ്ങൾ=മോചിക്കപ്പെട്ടവ. മോചിക്ക=വിസൎജ്ജിക്ക. വലികൾ=പൂജോപഹാരങ്ങൾ. (പ്രസിദ്ധിയുള്ളത ബലികൾ എന്ന ശബ്ദത്തിന്നാകുന്നു. എങ്കിലും വകാരബകാരങ്ങൾക്കു സാമ്യമുണ്ടാകയാൽ വലികളെന്നുമാം.) താരാസാൎത്ഥങ്ങൾ=താരകളുടെ സാൎത്ഥങ്ങൾ. താരകൾ=നക്ഷത്രങ്ങൾ, സാൎത്ഥങ്ങൾ=സമൂഹങ്ങൾ. രാജിക്ക=ശോഭിക്ക. പയോധരങ്ങൾ=മേഘങ്ങൾ. ആരാസാൎത്ഥങ്ങൾ=ആരാസമാകുന്ന അൎത്ഥത്തോടു കൂടിയവ. ആരാസം=സ്തനിതം. (ഇടി.) അൎത്ഥം=പ്രയോജനം.

വൃ. ശശിനാസകലകലേനസ്ഫുരിതംശാലിഷുശുകേനസകലകലേന। നിപതിതമാപകേഷ്വിഷുഃസ്മരസ്യ ലക്ഷേഷു ഭംഗമാപ ക്വേഷുഃ॥

അന്വയം—സകലകലേന (അ-പു-തൃ-ഏ) ശശിനാ(ന-പു-തൃ-ഏ) സ്ഫുരിതം (അ-ന-പ്ര-ഏ) സകലകലേന (അ-പു-തൃ-ഏ) ശുകേന (അ-പു-തൃ-ഏ) ആപകേഷു (അ-പു-സ-ബ) ശാലിഷു (ഉ-പു-സ-ബ) നിപതിതം (അ-ന-പ്ര-ഏ) സ്മരസ്യ (അ-പു-ഷ-ഏ) ഇഷുഃ (ഉ-പു-പ്ര-ഏ) ക്വ (അ) ലക്ഷേഷു (അ-പു-സ-ബ) ഭംഗം (അ-പു-ദ്വി-ഏ) ആപ (ലിട്ട്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—സകലകലനായിരിക്കുന്ന ശശിയാൽ സ്ഫുരിപ്പു എന്നുള്ളതുണ്ടായി. സകലകലമായിരിക്കുന്ന ശുകത്താൽ ആപകങ്ങളായിരിക്കുന്ന ശാലികളിൽ നിപതിപ്പു എന്നുള്ളതുണ്ടായി. സ്മരന്റെ ഇഷു ഏവ ചില ലക്ഷങ്ങളിൽ ഭംഗത്തെ പ്രാപിച്ചു.

പരിഭാഷാ—സകലകലൻ=സകലകളായിരിക്കുന്ന കലകളോടു കൂടിയവൻ. സകലകൾ=ഒട്ടൊഴിയാതെ ഉള്ളവ. ശശി=ചന്ദ്രൻ. സ്ഫുരിക്ക=പ്രകാശിക്ക. സകലകലം=കലകലത്തോടു കൂടിയതു.

കലകലം=കോലാഹലശബ്ദം. ശുകം=തത്ത. ആപക്വങ്ങൾ=അല്പമായി പഴുത്തവ. ശാലികൾ=ചെന്നെല്ലുകൾ. നിപതിക്ക=വീഴുക. സ്മരൻ=കാമദെവൻ. ഇഷു=ശരം. ലക്ഷ്യങ്ങൾ=വെധ്യവസ്തുക്കൾ. (കാമികളുടെ മനസ്സുകളെന്നു സാരം) ഭംഗം=ഭ്രംശം, (ഫലിക്കായ്ക.)

൫൯. പ്രതിപന്നാവശ്യായസ്ഫുടംഭവെദ്വായുരംഗനാവശ്യായ।
അകൃതമരുൽസാഹസ്യസ്ത്രീംഭൎത്തുൎവ്വശെനിരുത്സാഹസ്യ॥

അന്വയം—പ്രതിപന്നാവശ്യായഃ (അ-പു-പ്ര-ഏ) വായുഃ (ഉ-പു-പ്ര-ഏ) അംഗനാവശ്യായ (അ-ന-ച-ഏ) ഭവെൽ (ലിങ്-പ-പ-പ്ര-പു-ഏ) സ്ഫുടം-യൽ (അ) സാഹസ്യഃ (അ-പു-പ്ര-ഏ) മരുൽ (ത-പു-പ്ര-ഏ) സ്ത്രീം (ഈ-സ്ത്രീ-ദ്വി-ഏ) നിരുത്സാഹസ്യ (അ-പു-ഷ-ഏ) ഭൎത്തുഃ (ഋ-പു-ഷ-ഏ) വശെ (അ-പു-സ-ഏ) അകൃത (ലുങ്-ആ-പ-പ്ര-പു ഏ)-

അന്വയാൎത്ഥം—പ്രതിപന്നാവശ്യായമായിരിക്കുന്ന വായു അംഗനാവശ്യത്തിന്നായിക്കൊണ്ടു ഭവിക്കുമെന്നത സ്ഫുടമായിയാതൊന്നുഹെതുവായിട്ട സാഹസ്യമായിരിക്കുന്ന മരുത്തസ്ത്രീയെനിരുത്സാഹനായിരിക്കുന്ന ഭൎത്താവിന്റെ വശത്തിങ്കലാക്കിച്ചെയ്തു.

പരിഭാഷ—പ്രതിപന്നാവശ്യായം=പ്രതിപന്നമായിരിക്കുന്ന അവശ്യായത്തൊടുകൂടിയത. പ്രതിപന്നം=പ്രതിപദിച്ചത. പ്രതിപദിക്ക=പ്രാപിക്ക. അവശ്യായം=മഞ്ഞ. അംഗനാവശ്യം=അംഗനമാരുടെവശ്യം. അംഗനമാർ==സ്ത്രീകൾ. വശ്യം=വശീകരണം. സ്ഫുടം=വ്യക്തം. സാഹസ്യം=സഹസ്യത്തിങ്കൽ ഭവിച്ചത. സഹസ്യം=പൌഷമാസം (പുഷ്യത്തൊടുകൂടിയ വെളുത്തവാവിന്നു പെർ പൌഷീഎന്നാകുന്നു. യാതൊരുമാസത്തിങ്കൽ പൌഷിഭവിക്കുന്നുവൊ ആമാസം പൌഷമാകുന്നു. ഇത ഹെമന്തഋതുവിന്റെ പകുതിയിൽനിന്ന മെലാകയാൽ ഈ വൎണ്ണനം ഹെമന്തഋതുവിനെ കുറിച്ചാകുന്നു എന്ന അറിഞ്ഞുകൊൾക.) മരുത്ത=വായു. നിരുത്സാഹൻ=ഉത്സാഹത്തൊടുകൂടാത്തവൻ. വശം=അധീനത.

൬൦. അവനിതലെശീതരുജഃകൎത്താപിഭൃശംതുഷാരലെശീതരുജഃ।
പവമാനസ്യാപസ്യസ്ഥാപയിതാഭ്രമദ്വിയൊഗിനസ്യാപസ്യഃ॥

അന്വയം—അവനിതലെ (അ-ന-സ-ഏ) ശീതരുജഃ (ജ-സ്ത്രീ-ഷ-ഏ) ഭൃശം (ക്രി-വി) കൎത്താ (ഋ-പു-പ്ര-ഏ) അപി

(അ) തുഷാരലെശീ (ന-പു-പ്ര-ഏ) തരുജഃ-താപസ്യഃ-പവമാനഃ (അ-പു-പ്ര-ഏ) വിയൊഗിനഃ (ന-പു-ഷ-ഏ) താപസ്യ (അ-പു-ഷ-ഏ) സ്ഥാപയിതാ (ഋ-പു-പ്ര-ഏ) അഭൂൽ (ലുങ്-പ-ഉ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അവനിതലത്തിങ്കൽ ശീതരുക്കിന്ന ഏററവും കൎത്താവാകുന്നു എങ്കിലും തുഷാരലെശീയായി തരുജനായി താപസ്യനായിരിക്കുന്ന പവമാനൻ വിയൊഗിയുടെ താപത്തിന്റെ സ്ഥാപയിതാവായി ഭവിച്ചു.

പരിഭാഷാ—അവനിതലം=ഭൂതലം- ശീതരുക്ക=ശീതമാകുന്ന രൊഗം- ശീതം=തണുപ്പു- രൊഗം=വ്യാധി- തുഷാരലെശീ=തുഷാരലെശമുള്ളത- തുഷാരലെശം=തുഷാരത്തിന്റെ ലെശം-തുഷാരം=മഞ്ഞു- തരുജൻ=തരുക്കളിൽനിന്നജനിച്ചവൻ- തരുക്കൾ=വൃക്ഷങ്ങൾ- താപസ്യൻ=തപസ്യത്തിങ്കൽ ഭവിച്ചവൻ-തപസ്യം=ഫാല്ഗുനമാസം- പവമാനൻ=വായു- വിയൊഗി=വിരഹി- താപം=ചൂട-സ്ഥാപയിതാവ=സ്ഥാപിക്കുന്നവൻ-സ്ഥാപിക്ക=സ്ഥിതിചെയ്യിപ്പിക്ക-

ശ്ലൊ. വനഭൂമൌകുന്ദേനസ്മിതെനസ്മിതെനസാദൃശ്യമാപി
മൌകുന്ദേന। ദെശഃകൊപലവംകഃപ്രിയാജനൊപ്യകൃതയുവസു
കൊപലവംകഃ॥

അന്വയം—വനഭൂമൌ(ഇ-സ്ത്രീ-സ-ഏ) കുന്ദേന (അ-ന-തൃ-ഏ) മൌകുന്ദേന-സ്മിതെന (അ-ന-തൃ-ഏ) സാദൃശ്യം(അ-ന-പ്ര-ഏ) ആപി (ലുങ്-ആ-പ-പ്ര-പു-ഏ) കഃ (കിം-പു-പ്ര-ഏ) ദെശഃ-അപലവംകഃ (അ-പു-പ്ര-ഏ) കഃ- (കിം-പു-പ്ര-ഏ) പ്രിയാജനഃ (അ-പു-പ്ര-ഏ) യുവസു (ന-പു-സ-ബ) കൊപലവം (അ-പു-ദ്വി-ഏ) അപി (അ) അകൃത(ലുങ്-ഉ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—വനഭൂമിയിങ്കൽ കുന്ദത്താൽ മൌകുന്ദമായിരിക്കുന്ന സ്മിതത്തൊടു കൂടെ സാദൃശ്യം പ്രാപിക്കപ്പെട്ടു. ഏതൊരു ദെശം അപലവംകമായി ഭവിച്ചു- ഏതൊരു പ്രിയാജനം യുവാക്കന്മാരിൽ കൊപലവത്തെ എങ്കിലും ചെയ്തു.

പരിഭാഷാ—വനഭൂമി= വനപ്രദെശം- കുന്ദം=കുന്ദകുസുമം- (കുരുക്കുത്തിമുല്ലപ്പൂവ) മൌകുന്ദം=മുകുന്ദനെസംബന്ധിച്ചിരിക്കുന്നത- സ്മിതം=ചിരി- അപലവംകം=അപഗതങ്ങളായിരിക്കുന്ന ലവംകങ്ങളൊടു കൂടിയത- അപഗതങ്ങൾ=വെർപെട്ടവ- ലവംകങ്ങൾ=ലവംകകുസുമങ്ങൾ. (ഇലവംഗപ്പൂക്കൾ) പ്രിയാജനം=

രാജ്യാജനം. യുവാക്കന്മാർ=യൌവനത്തോടു കൂടിയവർ. കോപ ലവം=കോപത്തിന്റെ ലവം. കോപം=ക്രോധം. ലവം=ലേശം.

൬൨. ഹൃതധൈര്യ്യാനിശകലിതസ്ഫുരദിഷുകോദണ്ഡചിത്ത യോനിശകലിതഃ। അകൃശൈരതിശയനമിതസ്തനഭാരൈസ്ത്രീഗ ണോഥരതിശയനമിതഃ॥

അന്വയം—അഥ (അ) ഹൃതധൈര്യ്യഃ (അ-പു-പ്ര-ഏ) അ നിശകലിതസ്ഫുരദിഷുകോദണ്ഡചിത്തയോനിശകലിതഃ (അ-പു- പ്ര-ഏ) അകൃശൈഃ-സ്തനഭാരൈഃ (അ-പു-തൃ-ബ) അതിശ യനമിതഃ- സ്ത്രീഗണഃ (അ-പു-പ്ര-ഏ) രതിശയനം (അ-ന- ദ്വി-ഏ) ഇതഃ (അ-പു-പ്ര-ഏ).

അന്വയാർത്ഥം—അനന്തരം ഹൃതധൈര്യ്യമായി അനിശക ലിതസ്ഫുരദിഷുകോദണ്ഡചിത്തയോനിശകലിതമായി അകൃശ ങ്ങളായിരിക്കുന്ന സ്തനഭാരങ്ങളാൽ അതിശയനമിതമായിരിക്കു ന്ന സ്ത്രീഗണം രതിശയനത്തെ ഇതമായി.

പരിഭാഷ—ഹൃതധൈര്യ്യം=ഹൃതമായിരിക്കുന്ന ധൈര്യ്യത്തോ ടു കൂടിയത. ഹൃതം=ഹരിക്കപ്പെട്ടത. ഹരിക്ക=അപഹരിക്ക. അ നിശകലിതസ്ഫുരദിഷുകോദണ്ഡചിത്തയോനി ശകലിതം=അനി ശകലിതസ്ഫുരദിഷുകോദണ്ഡനായിരിക്കുന്ന ചിത്തയോനിയാ ൽ ശകലിതം. അനിശകലിതസ്ഫുരദിഷുകോദണ്ഡൻ= അനി ശകലിതസ്ഫുരദിഷുവായിരിക്കുന്ന കോദണ്ഡത്തോടുകൂടിയവൻ- അനിശകലിതസ്ഫുരദിഷു= അനിശകലിതമായി സ്ഫുരത്തായിരിക്കു ന്ന ഇഷുവിനൊടുകൂടിയത. അനിശകലിതം=എല്ലായ്പ്പൊഴുംകലി തം. കലിതം=തൊടുക്കപ്പെട്ടത. സ്ഫുരത്ത=സ്ഫുരിച്ചിയങ്ങുന്നത. സ്ഫു രിക്ക=പ്രകാശിക്ക. ഇഷു=ശരം. കോദണ്ഡം=വില്ല. ചിത്തയോ നി=കാമദേവൻ. ശകലിതം=ശകലിക്കപ്പെട്ടത. ശകലിക്ക=പിളു ൎക്കുക. അകൃശങ്ങൾ=സ്ഥൂലങ്ങൾ. (പുഷ്ടിയൊടുകൂടിയവ) സ്തന ഭാരങ്ങൾ=സ്തനങ്ങളാകുന്ന ഭാരങ്ങൾ. സ്തനങ്ങൾ=മുലകൾ. അ തിശയനമിതം=അതിശയെനനമിതം. അതിശയം=വിശേഷം. നമിതം= നമിപ്പിക്കപ്പെട്ടത. നമിപ്പിക്ക=താഴ്ത്തുക. സ്ത്രീഗണം= സ്ത്രീസമൂഹം. രതിശയനം=രതിക്കായിക്കൊണ്ടുള്ളശയനം. രതി= സംഭോഗം. ശയനം=കിടയ്ക്ക. ഇതം=പ്രാപിച്ചത.

൬൩. തത്ര സമൎക്കപികെതുസ്സരഭിദൃശമൃതുഗണെ സമൎക പികെതുഃ। സയമസ്വസുരഭ്യാശംപ്രാപൽപാരദ്രുമാത്തവസുര ഭ്യാശം॥

അന്വയം—സമൎക്കപികെ (അ-പു-സ-ഏ) തത്ര (അ) ജു

ഋതുഗണേ (അ-പു-സ-ഏ) തു (അ) ഏവംവിധം (ക്രി-വി) സ്ഫുരതി (ത-പു-സ-ഏ) സമുൽകപികെതുഃ (ഉ-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) പാരദ്രുമാൎത്തവസുരഭ്യാശം (അ-പു-ദ്വി-ഏ) യമസ്വസുഃ (ഋ-സ്ത്രീ-ഷ-ഏ) അഭ്യാശം (അ-പു-ദ്വി-ഏ) പ്രാപൽ (ലുങ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം— സമുൽകപികമായിരിക്കുന്ന ആ ഋതുഗണം ഏവംവിധമാകുംവണ്ണം സ്ഫുരത്തായിരിക്കുംവിഷയത്തിങ്കൽ സമുൽകപികെതുവായിരിക്കുന്നഅവൻ പാരദ്രുമാൎത്തവസുരഭ്യാശമായിരിക്കുന്ന യമസ്വസാവിന്റെ അഭ്യാശത്തെ പ്രാപിച്ചു.

പരിഭാഷാ— സമുൽകപികം=സമുൽകങ്ങളായിരിക്കുന്ന പികങ്ങളൊടു കൂടിയത- സമുൽകങ്ങൾ=വഴിപൊലെ ഉൽകങ്ങൾ- ഉൽകങ്ങൾ=ഉന്മനസ്സുകൾ. (ഉത്സാഹത്തൊടു കൂടിയവ) പികങ്ങൾ=കുയിലുകൾ- ഋതുഗണം=ഋതുസമൂഹം- ഏവംവിധം=ഇപ്രകാരമിരിക്കുന്നത- സ്ഫുരത്ത=സ്ഫുരിച്ചിയങ്ങുന്നത- സ്ഫുരിക്ക=ശൊഭിക്ക- സമുൽകപികെതു=സമുത്തായിരിക്കുന്ന കപികെതുവിനൊടു കൂടിയവൻ-സമുത്ത=മുത്തൊടു കൂടിയവൻ- മുത്ത=സന്തൊഷം- കപികെതു=അൎജ്ജുനൻ- അവൻ=ശ്രീകൃഷ്ണൻ- പാരദ്രുമാൎത്തവസുരഭ്യാശം=പാരദ്രുമാൎത്തവസുരഭികളായിരിക്കുന്ന ആശകളൊടുകൂടിയത- പാരദ്രുമാൎത്തവസുരഭികൾ=പാരദ്രുമാൎത്തവങ്ങൾ ഹെതുവായിട്ടസുരഭികൾ- പാരദ്രുമാൎത്തവങ്ങൾ=പാരദ്രുമങ്ങളുടെ ആൎത്തവങ്ങൾ- പാരദ്രുമങ്ങൾ=പാരത്തിങ്കലെ ദ്രുമങ്ങൾ- പാരം=വക്ക- ദ്രുമങ്ങൾ=വൃക്ഷങ്ങൾ- ആൎത്തവങ്ങൾ=പുഷ്പങ്ങൾ- സുരഭികൾ=സൌരഭ്യത്തൊടുകൂടിയവ- ആശകൾ=ദിക്കുകൾ- യമസ്വസാവ=യമുനാനദി- അഭ്യാശം=സമീപം.

൩൪. ലൊകഹിതൊയാതനയായസ്യാഭ്രാതാവിവസ്വതൊയാതനയാ। കന്മഷമാപാവന്യായൽസംഗത്യാവിനാശമാപാവന്യാഃ॥

അന്വയം— യസ്യാഃ (യച്ഛ-സ്ത്രീ-ഷ-ഏ) ഭ്രാതാ (ഋ-പു-പ്ര-ഏ) യാതനയാ (ആ-സ്ത്രീ-തൃ-ഏ) ലൊകഹിതഃ (അ-പു-പ്ര-ഏ) യാ (യച്ഛ-സ്ത്രീ-പ്ര-ഏ) വിവസ്വതഃ (ത-പു-ഷ-ഏ) തനയാ (ആ-സ്ത്രീ-പ്ര-ഏ) അവന്യാഃ (ഇ-സ്ത്രീ-ഷ-ഏ) കന്മഷം (അ-ന-പ്ര-ഏ) ആപാവന്യാ (ഈ-സ്ത്രീ-തൃ-ഏ) യൽസംഗത്യാ (ഇ-സ്ത്രീ-തൃ-ഏ) വിനാശം (അ-പു-ദ്വി-ഏ) ആപ (ലിട്-പ-പ്ര-പു-ഏ).

അന്വയാൎത്ഥം— യാവളൊരുത്തിയുടെ ഭ്രാതാവ യാതനകൊണ്ടു ലൊകഹിതനാകുന്നു- യാവളൊരുത്തി വിവസ്വാന്റെ തന

യയാകുന്നു- അവനിയുടെ കന്മഷം ആപാവനിയായിരിക്കുന്ന യത്സംഗതി ഹേതുവായിട്ട വിനാശത്തെ പ്രാപിച്ചു-

പരിഭാഷാ—യാവളൊരുത്തി=യമുനാനദി- ഭ്രാതാവ=സഹോദരൻ- (യമൻ) യാതനാ=തീവ്രവേദനാ- (പാപികളുടെ പാപത്തെ അനുസരിച്ചിട്ട അവൎക്ക കൊടുക്കുന്ന ശിക്ഷാ എന്ന സാരം) ലോകഹിതൻ=ലോകങ്ങൾക്ക ഹിതൻ- വിവസ്വാൻ=ആദിത്യൻ- തനയാ=പുത്രി- അവനി=ഭൂമി- കന്മഷം=പാപം-ആപാവനി=എല്ലാപ്രദേശങ്ങളിലും ശുദ്ധിയെ ഉണ്ടാക്കുന്നത- യത്സംഗതി=യാവളൊരുത്തിയുടെ സംഗതി- യാവളൊരുത്തി= യമുനാ- സംഗതി=സംയോഗം- വിനാശം=അതിശയെന ഉള്ള നാശം-

൬൫· നിന്ദിതകുന്ദപ്രസവാഹരേണമൂൎദ്ധ്നാധൃതാമുകുന്ദപ്രസവാ । സ്നേഹഭരാദിവയസ്യാബഭൂവഗംഗാസരിദ്വരാദിവയസ്യാ॥

അന്വയം—നിന്ദിതകുന്ദപ്രസവാ (ആ-സ്ത്രീ-പ്ര-ഏ) ഹരേണ (അ-പു-തൃ-ഏ) മൂൎദ്ധ്നാ (ന-പു-തൃ-ഏ) ധൃതാ-മുകുന്ദപ്രസവാ- സരിദ്വരാ-ഗംഗാ (ആ-സ്ത്രീ-പ്ര-ഏ) സ്നേഹഭരാൽ (അ-പു-പ-ഏ) യസ്യാഃ (യച്ഛ-സ്ത്രീ-ഷ-ഏ) ആദിവയസ്യാ (ആ-സ്ത്രീ-പ്ര-ഏ) ബഭൂവ (ലിട്ട-പ-പ-പ്ര-പു-ഏ) ഇവ (അ)-

അന്വയാൎത്ഥം—നിന്ദിതകുന്ദപ്രസവയായി ഹരനാൽ മൂൎദ്ധാവുകൊണ്ട ധൃതയായി മുകുന്ദപ്രസവയായി സരിദ്വരയായിരിക്കുന്ന ഗംഗാ സ്നേഹഭരം ഹേതുവായിട്ട യാവളൊരുത്തിയുടെ ആദിവയസ്യയായി ഭവിച്ചുവൊ എന്നതൊന്നും.

പരിഭാഷാ—നിന്ദിതകുന്ദപ്രസവാ= നിന്ദിതങ്ങളായിരിക്കുന്ന കുന്ദപ്രസവങ്ങളോടുകൂടിയത- നിന്ദിതങ്ങൾ=നിന്ദിക്കപ്പെട്ടവ- കുന്ദപ്രസവങ്ങൾ= കുന്ദകുസുമങ്ങൾ- (കുരുക്കുത്തിമുല്ലപ്പൂക്കൾ) ഹരൻ=പരമേശ്വരൻ- മൂൎദ്ധാവ=ശിരസ്സ- ധൃതാ=ധരിക്കപ്പെട്ടവൾ- ധരിക്ക=വഹിക്ക- മുകുന്ദപ്രസവാ= മുകുന്ദങ്കൽനിന്ന പ്രസവത്തോടുകൂടിയവൾ- മുകുന്ദൻ=വിഷ്ണുഭഗവാൻ- പ്രസവം= ഉൽപത്തി- സരിദ്വരാ= സരിത്തുകളിൽവെച്ചവരാ- സരിത്തുകൾ= നദികൾ- വരാ=ശ്രേഷ്ഠാ- ഗംഗാ=ഗംഗാഎന്നനദി- സ്നേഹഭരം= സ്നേഹാതിശയം- യാവളൊരുത്തി=യമുനാ- ആദിവയസ്യാ=ആദിസഖി-

൬൬· സുമധുരഭൃംഗാരാസ്വാവീചികരൈരുല്ലസത്സരോജഭൃംഗാരാ । ലംഘിതവപ്രാപാദ്യംദാതുമനാഃകൌതുകാദിവപ്രാപാദ്യം॥

അന്വയം—സുമധുരഭൃംഗാരാസാ (ആ-സ്ത്രീ-പ്ര-ഏ) വീചികരൈഃ (അ-പു-തൃ-ബ) ധൃതസരോജഭൃംഗാരാ (ആ-സ്ത്രീ-പ്ര-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) ലംഘിതവപ്രാ (ആ-സ്ത്രീ-പ്ര-ഏ) കൌതുകാൽ (അ-ന-പ-ഏ) പാദ്യം (അ-ന-ദ്വി-ഏ) ദാതുമനാഃ (സ-സ്ത്രീ-പ്ര-ഏ) ഇവ (അ) ആഢ്യം (അ-പു-ദ്വി-ഏ) പ്രാപ (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—സുമധുരഭൃംഗാരാസയായി വീചികരങ്ങൾ കൊണ്ടു ധൃതസരോജഭൃംഗാരയായിരിക്കുന്ന അവൾ ലംഘിതവപ്രയായിട്ടു കൌതുകംഹേതുവായിട്ടു പാദ്യത്തെ ദാതുമനസ്സോ എന്ന തോന്നുമാറ ആഢ്യനെ പ്രാപിച്ചു.

പരിഭാഷാ—സുമധുരഭൃംഗാരാസാ = സുമധുരമായിരിക്കുന്ന ഭൃംഗാരാസത്തോടുകൂടിയവൾ- സുമധുരം=ഏററവും മധുരം- ഭൃംഗാരാസം= ഭൃംഗധ്വനി- വീചികരങ്ങൾ= വീചികളാകുന്ന കരങ്ങൾ- വീചികൾ=തിരമാലകൾ- കരങ്ങൾ= കൈകൾ. ധൃതസരോജഭൃംഗാരാ- ധൃതങ്ങളായിരിക്കുന്ന സരോജഭൃംഗാരങ്ങളോടുകൂടിയവൾ- ധൃതങ്ങൾ=ധരിക്കപ്പെട്ടവ- ധരിക്ക=വഹിക്ക- സരോജഭൃംഗാരങ്ങൾ= സരോജങ്ങളാകുന്ന ഭൃംഗാരങ്ങൾ- സരോജങ്ങൾ= താമരപ്പൂക്കൾ. ഭൃംഗാരങ്ങൾ=പൊൻകിണ്ടികൾ. അവൾ= യമുനാ. ലംഘിതവപ്രാ=ലംഘിതമായിരിക്കുന്ന വപ്രത്തോടുകൂടിയവൾ. ലംഘിതം=ലംഘിക്കപ്പെട്ടത. ലംഘിക്ക=അതിക്രമിക്ക- വപ്രം=വക്ക. പാദ്യം=പാദത്തിനായിക്കൊണ്ടുള്ള ജലം. പാദം=കാല. ദാതു=മനസ്സ. (ദാനംചെയ്വാനായിക്കൊണ്ടു മനസ്സോടുകൂടിയവൾ) ആഢ്യൻ=ഈശ്വരൻ- (ശ്രീകൃഷ്ണനെന്നു സാരം)-

ശ്ലോ. തസ്യാഃകുസുമഹിതായാശ്ശൌരിസ്തീരെപുരെവകുസുമഹിതായാഃ । വിജഹാരാക്ഷീണാംസസ്സമംസമൂഹെനകാതരാക്ഷീണാംസഃ॥

അന്വയം—അക്ഷീണാംസഃ (അ-പു-പ്ര-ഏ) ശൌരിഃ (ഇ-പു-പ്ര-ഏ) കുസുമഹിതായാഃ-കുസുമഹിതായാഃ (ആ-സ്ത്രീ-ഷ-ഏ) തസ്യാഃ (തച്ഛ-സ്ത്രീ-ഷ-ഏ) തീരെ (അ-ന-സ-ഏ) പുരാ-ഇവ (അ) കാതരാക്ഷീണാം (ഈ-സ്ത്രീ-ഷ-ബ) സമൂഹെന (അ-പു-തൃ-ഏ) സമം (അ) വിജഹാര (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അക്ഷീണാംസനായിരിക്കുന്ന ശൌരി കുസുമഹിതയായി കുസുമഹിതയായിരിക്കുന്ന അവളുടെ തീരത്തിങ്കൽ പണ്ടെന്നപോലെ കാതരാക്ഷിമാരുടെ സമൂഹത്തോടുകൂടെ വിഹരിച്ചു.

പരിഭാഷാ—അക്ഷീണാംസൻ=അക്ഷീണങ്ങളായിരിക്കുന്ന അംസങ്ങളോടു കൂടിയവൻ- അക്ഷീണങ്ങൾ=ഉന്നതങ്ങൾ-അംസങ്ങൾ=ചുമലുകൾ- ശൌരി=ശ്രീകൃഷ്ണൻ- കുസുമഹിതാ=കുസുമങ്ങൾ ഹേതുവായിട്ട ഹിതാ- കുസുമങ്ങൾ=പുഷ്പങ്ങൾ- ഹിതാ=ലോകങ്ങൾക്കു അനുകൂലാ- കുസുമഹിതാ=കുവിങ്കൽ സുമഹിതാ- കു=ഭൂമി- കുസുമഹിതാ=ഏററവും മഹിതാ- മഹിതാ=പൂജ്യാ- അവൾ=യമുനാ- തീരം=വക്കു- കാതരാക്ഷിമാർ=സ്ത്രീകൾ- വിഹരിക്ക=ക്രീഡിക്ക-

൩൮. വധ്വാഘടമാനാഭ്യാമുരോരുഹാഭ്യാംകയാപിഘടമാനാഭ്യാം। ജഗളേരന്തുംഗതയാവിജിഗീഷുഭ്യാംപരസ്പരംതുംഗതയാ॥

അന്വയം—രന്തും (തുമുൻ-അ) ഗതയാ (ആ-സ്ത്രീ-തൃ-ഏ) കയാപി (അ) വധ്വാ (ഊ-സ്ത്രീ-തൃ-ഏ) ഘടമാനാഭ്യാം-ഘടമാനാഭ്യാം (അ-ന-തൃ-ദ്വി) തുംഗതയാ (ആ-സ്ത്രീ-തൃ-ഏ) പരസ്പരം (അ-ന-ദ്വി-ദ്വി) വിജിഗീഷുഭ്യാം (ഉ-ന-തൃ-ദ്വി) ഉരോരുഹാഭ്യാം- ജഗളേ (ലിട്ട-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—രമിപ്പാനായിക്കൊണ്ടു ഗതയായിരിക്കുന്ന ഒരു വധുവാൽ ഘടമാനങ്ങളായ ഘടമാനങ്ങളായി തുംഗതകൊണ്ടു പരസ്പരത്തെ വിജിഗീഷുക്കളായിരിക്കുന്ന ഉരോരുഹങ്ങൾ ഹേതുവായിട്ട ഗളിപ്പു എന്നുള്ളതുണ്ടായി-

പരിഭാഷാ—രമിക്ക=ക്രീഡിക്ക- ഗതാ=പുറപ്പെട്ടവൾ-വധൂ=നവോഢാ- (വിവാഹംകഴിഞ്ഞിട്ട വളരെക്കാലമാവാത്തവൾ-) ഘടമാനങ്ങൾ=ഘടമാകുന്ന മാനത്തോടു കൂടിയവ- ഘടം=കുടം- മാനം=പ്രമാണം- ഘടമാനങ്ങൾ=ഘടിച്ചിയങ്ങുന്നവ- ഘടിക്ക=തമ്മിൽ തിരക്കുക- തുംഗതാ=ഉയൎച്ച-പരസ്പരം=അന്യോന്യം- വിജിഗീഷുക്കൾ=വിജയിപ്പാനായിക്കൊണ്ടു ഇച്ഛിക്കുന്നവ- ഉരോരുഹങ്ങൾ=മുലകൾ- ഗളിക്ക=കൂട്ടത്തിൽനിന്ന വേർപെടുക-

൩൯. ചക്രുൎബ്ബാലാവല്യാഃപല്ലവസദൃശൈഃകരൈഃപ്രവാളാവല്യാഃ। ഭംഗം ഹേലാവലയസ്വനസൂചിതനിജകരാമഹേളാവലയഃ॥

അന്വയം—ബാലാഃ (ആ-സ്ത്രീ-പ്ര-ബ) മഹേളാവലയഃ (ഇ-സ്ത്രീ-പ്ര-ബ) ഹേലാവലയസ്വനസൂചിതനിജകരാഃ (അ-പു-പ്ര-ബ) വല്യാഃ (ഈ-സ്ത്രീ-ഷ-ഏ) പല്ലവസദൃശൈഃ-കരൈഃ (അ-പു-തൃ-ബ) പ്രവാളാവല്യാഃ (ഈ-സ്ത്രീ-ഷ-ഏ) ഭംഗം (അ-പു-ദ്വി-ഏ) ചക്രുഃ (ലിട്ട-പ-പ-പ്ര-പു-ബ).

അന്വയാൎത്ഥം—ബാലകളായിരിക്കുന്ന മഹേളാവലികൾ ഹേ

ലാവലയസ്സ്വനസൂചിത നിജകരകളായിട്ടു വല്ലിയുടെ പല്ലവ സദൃശങ്ങളായിരിക്കുന്ന കരങ്ങൾ കൊണ്ടു പ്രവാളാവലിയുടെ ഭംഗത്തെ ചെയ്തു.

പരിഭാഷാ—ബാലകൾ=ബാല്യത്തോടു കൂടിയവ- മഹേളാവലികൾ=മഹേളമാരുടെ ആവലികൾ- മഹേളമാർ=സ്ത്രീകൾ- ആവലികൾ=സമൂഹങ്ങൾ- ഹേലാവലയസ്സ്വനസൂചിതനിജകരകൾ=ഹേലാവലയസ്വനസൂചിതങ്ങളായിരിക്കുന്ന നിജകരങ്ങളോടു കൂടിയവ- ഹേലാവലയസ്വനസൂചിതങ്ങൾ= ഹേലാവലയസ്വനങ്ങളാൽ സൂചിതങ്ങൾ- ഹേലാവലയസ്വനങ്ങൾ=ഹേല ഹേതുവായിട്ടു ഉണ്ടായ വലയസ്വനങ്ങൾ- ഹേലാ=ശൃംഗാരസൂചക ചേഷ്ടാവിശേഷം- വലയസ്വനങ്ങൾ= വലയങ്ങളുടെ സ്വനങ്ങൾ- വലയങ്ങൾ=വളകൾ- സ്വനങ്ങൾ=ശബ്ദങ്ങൾ- സൂചിതങ്ങൾ=അറിയിക്കപ്പെട്ടവ- നിജകരങ്ങൾ=നിജങ്ങളായിരിക്കുന്ന കരങ്ങൾ- നിജങ്ങൾ=തങ്ങളെ സംബന്ധിച്ചവ- കരങ്ങൾ=കൈകൾ- വല്ലി=ലതാ- പല്ലവസദൃശങ്ങൾ= പല്ലവങ്ങളോടു സദൃശങ്ങൾ- പല്ലവങ്ങൾ=തളിരുകൾ- കരങ്ങൾ= കൈകൾ- പ്രവാളാവലി=പ്രവാളങ്ങളുടെ ആവലി- പ്രവാളങ്ങൾ=തളിരുകൾ- ആവലി=സമൂഹം- ഭംഗം=ലഘനം- (അറക്കുക).

൬൦. വിഹിതെസാകംപെതുസ്തബകെരാസുസ്വനെനസാകം പെതുഃ। ഭ്രമരാമധ്വസ്യന്തസ്ത്രീതയസ്തൈന്നിതാന്തമദ്ധ്വസ്യന്ത॥

അന്വയം—സ്തബകെ-സാകംപെ-വിഹിതെ (അ-പു-സ-ഏ) തു (അ) ഭ്രമരാഃ (അ-പു-പ്ര-ബ) മധു (ഉ-ന-ദ്വി-ഏ) അസ്യന്തഃ (ത-പു-പ്ര-ബ) സ്വനെന (അ-പു-തൃ-ഏ) സാകം (അ) താസു (തച്ഛ-സ്ത്രീ-സ-ബ) പെതുഃ (ലിട്ട-പ-പ-പ്ര-പു-ബ) തൈഃ (തച്ഛ-പു-തൃ-ബ) സ്ത്രീതയഃ (ഇ-സ്ത്രീ-പ്ര-ബ) നിതാന്തം (ക്രി-വി) അധ്വസ്യന്ത (ലങ്-ആ-പ-പ്ര-പു-ബ).

അന്വയാൎത്ഥം—സ്തബകം സാകംപമാക്കി വിഹിതമായിരിക്കും വിഷയത്തിങ്കലാകട്ടെ ഭ്രമരങ്ങൾ മധുവിനെ അസ്യന്തുകളായിട്ടു സ്വനത്തോടു കൂടി അതുകളിൽ പതിച്ചു- അതുകളാൽ സ്ത്രീതതികൾ ഏററവും ധ്വംസിക്കപ്പെട്ടു-

പരിഭാഷാ—സ്തബകം=പൂക്കുല- സാകംപം=ആകംപത്തോടു കൂടിയത- ആകംപം=അല്പമായ ഇളക്കം- വിഹിതം=ചെയ്യപ്പെട്ടത- ഭ്രമരങ്ങൾ=വണ്ടുകൾ- മധു=പുഷ്പരസം- അസ്യന്തുകൾ=ഉപെക്ഷിച്ചിയങ്ങുന്നവ- സ്വനം=ശബ്ദം- അതുകൾ=സ്ത്രീത

തികൾ- (സ്ത്രീസമൂഹങ്ങൾ) പതിക്ക=പറന്നുവീഴുക- അതുകൾ= വണ്ടുകൾ- സ്ത്രീതതികൾ=സ്ത്രീകളുടെ തതികൾ- തതികൾ=സമൂഹങ്ങൾ- ധ്വംസിക്ക=ഉപദ്രവിക്ക-

൭൫. അധ്വന്യോൽകാഞ്ചനകാഞ്ചിൽദ്രാവയതിസ്മപ്രണാദികാ
ഞ്ചനകാഞ്ചി। താവാതാവശകദളീസാമ്യംനെതുംവനക്ഷിതാവശ
കദളീ॥

അന്വയം—അളി (ന-പു-പ്ര-ഏ) കാഞ്ചന (അ) അധ്വന്യോൽ (ലങ്-പ-പ-പ്ര-പു-ഏ) കാഞ്ചിൽ (അ) പ്രണാദികാഞ്ചനകാഞ്ചി (ക്രി-വി) ദ്രാവയതി (ലട്-പ-പ-പ്ര-പു-ഏ- സ്മ (അ) വനക്ഷിതൌ (ഇ-സ്ത്രീ-സ-ഏ) താഃ (തച്ഛ-സ്ത്രീ-ദ്വി-ബ) വാതാവശകദളീസാമ്യം (അ-ന-ദ്വി-ഏ) നെതും (തുമുൻ-അ) അശകൽ (ലുങ്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അളി ഒരുത്തിയെ ധൂനനം ചെയ്തു. ഒരുത്തിയെ പ്രണാദികാഞ്ചനകാഞ്ചിയാകും വണ്ണം ദ്രവിപ്പിച്ചു. വനക്ഷിതിയിങ്കൽ അവരെ വാതാവശകദളീ സാമ്യത്തെ നയിപ്പാനായിക്കൊണ്ടു ശകിച്ചു.

പരിഭാഷാ—അളി=വണ്ടു- ധൂനനംചെയ്ക=കമ്പിപ്പിക്ക-പ്രണാദികാഞ്ചനകാഞ്ചി=പ്രണാദിനിയായിരിക്കുന്ന കാഞ്ചനകാഞ്ചിയൊടു കൂടിയതു- പ്രണാദിനി=പ്രണദിക്കുന്നതു- പ്രണദിക്ക=ശബ്ദിക്ക- കാഞ്ചനകാഞ്ചി=പൊന്നരഞ്ഞാണു- ദ്രവിപ്പിക്ക=ഓടിക്ക- വനക്ഷിതി=വനഭൂമി- അവർ=സ്ത്രീകൾ- വാതാവശകദളീസാമ്യം= വാതാവശകദളികളുടെസാമ്യം- വാതാവശകദളികൾ= വാതാവശകളായിരിക്കുന്ന കദളികൾ- വാതാവശകൾ=വാതംഹെതുവായിട്ടു അവശകൾ- വാതം=കാററ- അവശകൾ=സ്വാസ്ഥതയൊടു കൂടാത്തവർ- കദളികൾ=വാഴകൾ- സാമ്യം=സാദൃശ്യം-നയിക്ക=പ്രാപിപ്പിക്ക-ശകിക്ക=ശക്തനായിഭവിക്ക-

൭൬. ധുതരമുത്സംഗെനപ്രണെതുരൂഢാപരാസമുൽസംഗെ
ന। പല്ലവമാല്യാനീതംവല്ലഭരചിതംബബന്ധമാല്യാനീതം॥

അന്വയം—പരാ (ആ-സ്ത്രീ-പ്ര-ഏ) സംഗെന (അ-പു-തൃ-ഏ) സമുൽ (ദ-സ്ത്രീ-പ്ര-ഏ) പ്രണെതുഃ (ഋ-പു-ഷ-ഏ) ഉത്സംഗെന (അ-പു-തൃ-ഏ) ധുതരസം (ക്രി-വി) ഊഢാ (ആ-സ്ത്രീ-പ്ര-ഏ)ആള്യാ(ഈ-സ്ത്രീ-തൃ-ഏ) ആനീതം- വല്ലഭരചിതം- പല്ലവം (അ-പു-ദ്വി-ഏ) മാല്യാനി (അ-ന-ദ്വി-ബ) ഇതം (അ-പു-ദ്വി-ഏ) ബബന്ധ (ലിട്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—പരയായിരിക്കുന്ന സ്ത്രീ സംഗം ഹെതുവായി

ട്ടു സമുത്തായി പ്രണേതാവിന്റെ ഉത്സംഗത്താൽ ധൃതരസമാകും വണ്ണം ഊഢയായിട്ട ആളിയാൽ ആനീതമായി. വല്ലഭരചിതമായിരിക്കുന്നപല്ലവത്തെ മാല്യങ്ങളെ ഇതമാക്കി ബന്ധിച്ചു-

പരിഭാഷാ—പരാ=അന്യാ- സംഗം=രാഗബന്ധം. സമുത്തം= മുത്തൊടുകൂടിയവൾ. മുത്ത=സന്തൊഷം. പ്രണേതാവ= ഭത്താവ. ഉത്സംഗം=മടി. ഊഢാ=വഹിക്കപ്പെട്ടവൾ. വഹിക്ക=എടുക്കുക. ആളീ=സഖീ. ആനീതം=ആനയിക്കപ്പെട്ടത. ആനയിക്ക= കൊണ്ടുവരിക. വല്ലഭരചിതം= വല്ലഭനാൽരചിതം. വല്ലഭൻ= ഭത്താവ. രചിതം=രചിക്കപ്പെട്ടത. രചിക്ക=ബന്ധനയൊഗ്യതയെപ്രാപിപ്പിക്ക. പല്ലവം= തളിര. മാല്യങ്ങൾ=പുഷ്പങ്ങൾ. ഇതം=പ്രാപ്തം. (ഇടയിലിടയിൽ പുഷ്പങ്ങളൊടുയൊജിച്ചതെന്നുസാരം.) ബന്ധിക്ക=കെട്ടുക.

൩൭. നവകലികൊപായനതഃപ്രിയഃപ്രിയജനായകലിതകൊപായനതഃ। മൂൎദ്ധ്നിചാപെതെനക്ഷണാത്തദീയംപദംശുചാപെതെന॥

അന്വയം—നവകലികൊപായനതഃ (തസി-അ) പ്രിയഃ (അ-പു-പ്ര-ഏ) കലിതകൊപായ- പ്രിയജനായ- (അ-പു-ച-ഏ) നതഃ- തെന (തച്ഛ-പു-തൃ-ഏ) ശുചാ (ച-സ്ത്രീ-തൃ-ഏ) അപെതെന (അ-പു-തൃ-ഏ) മൂൎദ്ധ്നി (ന-പു-സ-ഏ) തദീയം-പദം (അ-ന-പ്ര-ഏ) ക്ഷണാൽ (അ-പു-പ-ഏ) ആപെ (ലിട്-ആ-പ-പ്ര-പു-ഏ) ച (അ)-

അന്വയാൎത്ഥം—നവകലികൊപായനത്തെ ന്യസിച്ചിട്ട പ്രിയൻ കലിതകൊപമായിരിക്കുന്ന പ്രിയജനത്തിന്നായിക്കൊണ്ട നതനായി. അവനാൽ ശുക്കൊട അപെതനായിട്ട മൂൎദ്ധാവിങ്കൽ തദീയമായിരിക്കുന്ന പദം പെട്ടന്നവെ ലഭിക്കപ്പെട്ടു.

പരിഭാഷാ—നവകലികൊപായനം= നവകലികയാകുന്ന ഉപായനം. നവകലികാ=നവയായിരിക്കുന്നകലികാ. നവാ=നൂതനാ. കലികാ=പൂക്കുല. ഉപായനം=കാഴ്ചദ്രവ്യം. ന്യസിക്ക= വെക്കുക. പ്രിയൻ=ഭത്താവ. കലിതകൊപം= കലിതമായിരിക്കുന്ന കൊപത്തൊടുകൂടിയത. കലിതം=ചെയ്കപ്പെട്ടത. പ്രിയജനം=ഭാൎയ്യാജനം- നതൻ=നമിച്ചവൻ. നമിക്ക=നമസ്കരിക്ക- അവൻ=പ്രിയൻ. ശുക്ക=ശൊകം- അപെതൻ=വെർപെട്ടവൻ. മൂൎദ്ധാവ=ശിരസ്സ. തദീയം= അതിനെസംബന്ധിച്ചത. അത=പ്രിയജനം. പദം= ചരണം.

൩൮. കലികാംപശ്യാംവധ്വാഃസ്വശ്രതഃകാമുകഃകബെശ്യാംബ

ധൂ॥ കാന്തിരെന്നഹെദൃശ്യാമിതിസംശ്ലഥയൻപുനശ്ചനൈഹെ ദൃശ്യാം॥

അന്വയം—സ്വൈരതഃ-കാമുകഃ (അ-പു-പ്ര-ഏ) വധ്വാഃ (ഊ-സ്ത്രീ-ഷ-ഏ) കബൎയ്യാം (ഈ-സ്ത്രീ-ഷ-ഏ) വൎയ്യാം-കലികാം (ആ-സ്ത്രീ-ദ്വി-ഏ) ബധ്വാ (ക്ത്വാ-അ) ഈദൃശ്യാം (ഈ-സ്ത്രീ-സ-ഏ) ഇഹ (അ) കാന്തിഃ (ഇ-സ്ത്രീ-പ്ര-ഏ) ന (അ) ഇതി (അ) സംശ്ലഥയൻ(ത-പു-പ്ര-ഏ) പുനഃ-ച (അ) ദൃശ്യാം (ആ-സ്ത്രീ-ദ്വി-ഏ) നൈഹെ (ലിട്ട-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—സ്വൈരതനായിരിക്കുന്ന കാമുകൻ വധുവിന്റെ കബരിയിങ്കൽ വൎയ്യയായിരിക്കുന്ന കലികയെ ബന്ധിച്ചിട്ട ഈദൃശിയായിരിക്കുന്ന ഇതിങ്കൽ കാന്തി ഭവിക്കുന്നില്ലഎന്നപറഞ്ഞിട്ട സംശ്ലഥയന്നായിട്ട പിന്നെ യദൃശ്യയായിരിക്കുന്ന കലികയെ നഹിച്ചു-

പരിഭാഷാ—സ്വൈരതൻ=സ്വൈരത്തിങ്കൽ രതൻ- സ്വൈരം=സ്വച്ഛന്നം- രതൻ=താല്പൎയ്യത്തൊട കൂടിയവൻ- കാമുകൻ=ഭൎത്താവ- വധൂ=ഭാൎയ്യാ- കബരീ=തലമുടി- വൎയ്യാ=ശ്രേഷ്ഠാ- കലികാ=പൂക്കുല- ബന്ധിക്ക=യൊജിപ്പിക്ക- ഈദൃശീ=ഇപ്രകാരമിരിക്കുന്നത- ഇത=കലികാ- കാന്തി=ശൊഭാ- സംശ്ലഥയൻ=സംശ്ലഥിപ്പിച്ചിയങ്ങുന്നവൻ- സംശ്ലഥിപ്പിക്ക=വെർപെടുത്തുക- ദൃശ്യാ=ദൎശിക്കപ്പെട്ടുവാൻ യൊഗ്യാ- ദൎശിക്ക=കാണുക- നഹിക്ക=ബന്ധിക്ക-

൭൫. അൎപ്പിതമപരാധവതസ്തരുകുസുമംനൈച്ഛദാപ്തുമപരാധവതഃ। അപിവിപരീതരവധൂതംപ്രണതമുപെക്ഷിഷ്ടസാപരീതരവധൂതം॥

അന്വയം—അപരാ (ആ-സ്ത്രീ-പ്ര-ഏ) അപരാധവതഃ (ത പു-പ-ഏ) ധവതഃ (തസി-അ) അൎപ്പിതം-തരുകുസുമം (അ-ന-ദ്വി-ഏ) ആപ്തും (തുമുൻ-അ) നൈച്ഛൽ (ലങ്-പ-പ-പ്ര-പു-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) പ്രണതം (അ-പു-ദ്വി-ഏ) അപി (അ) പരിതരവധു (അ) വിപരീതരവധൂതം(ത-പു-ദ്വി-ഏ)തം (തച്ഛ-പു-ദ്വി-ഏ) ഉപെക്ഷിഷ്ട (ലുങ്-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അപരയായിരിക്കുന്ന സ്ത്രീ അപരാധവാനായിരിക്കുന്ന ധവങ്കൽനിന്ന അൎപ്പിതമായിരിക്കുന്ന കുസുമത്തെ ആപിപ്പാനായിക്കൊണ്ട ഇച്ഛിച്ചില്ല. അവൾ പ്രണതനായിഎങ്കിലും ഇതരവധൂസമീപത്തിങ്കൽ വിപരീതരവധൂതനായിരിക്കുന്ന അവനെ ഉപെക്ഷിച്ചു.

പരിഭാഷാ—അപരാ=അന്യാ- അപരാധവാൻ=അപരാധമുള്ളവൻ- ധവൻ=ഭർത്താവു- അർപ്പിതം=അർപ്പിക്കപ്പെട്ടത- അർപ്പിക്ക=ദാനംചെയ്ക- തരുകുസുമം=തരുവിന്റെ കുസുമം തരു=വൃക്ഷം- കുസുമം=പൂവു- ആപിക്ക=ലഭിക്ക- പ്രണതൻ=പ്രണമിച്ചവൻ- പ്രണമിക്ക=നമസ്കരിക്ക- ഇതരവധൂസമീപം=ഇതരവധൂക്കളുടെ സമീപം- ഇതരവധൂക്കൾ=അന്യസ്ത്രീകൾ- വിപരീതരവധുതം=വിപരീതരവംകൊണ്ടു ഹൃദയകംപത്തെ ഉണ്ടാക്കുന്നവൻ- വിപരീതരവം=വിപരീതശബ്ദം- (തനിക്ക ശത്രുവായൊരുത്തിയുടെ പെർകൊണ്ടുതന്നെ വിളിക്കുക എന്നസാരം-) അവൻ=അപരാധവാനായിരിക്കുന്ന ഭർത്താവു-

൬൩. അലമുപയാതുംഗൊത്രസ്ഖലനന്ത്വംനതുസമസ്ത്വയാതുംഗഃ സത്വമരമണീയസ്സ്യാഃപ്രണമന്മമസന്നിധൌന രമണീയസ്സ്യാഃ॥

൬൪. ഇതികെളീകമലെനപ്രിയമന്യാചലിതചഞ്ചളീകമലെന। പൃഥുകുചകലശൊഭാഭ്യാംപദ്ഭ്യാഞ്ചാതാഡയൽസകലശൊഭാഭ്യാം॥

അന്വയം—ത്വം (യുഷ്മച്ഛ-പ്ര-ഏ) ഗൊത്രസ്ഖലനം(അ-ന-ദ്വി-ഏ) ഉപയാതും (തുമുൻ-അ) അലം (അ) അത്ര (അ) ത്വയാ (യുഷ്മച്ഛ-തൃ-ഏ) സമഃ-തുംഗഃ (അ-പു-പ്ര-ഏ) ന (അ) സഃ (തച്ഛ-പു-പ്ര-ഏ) ത്വം (യുഷ്മച്ഛ-പ്ര-ഏ) അരം (ക്രി-വി) അണീയസ്യാഃ (രം-സ്ത്രീ-ഷ-ഏ) മമ (അസ്മച്ഛ-ഷ-ഏ) സന്നിധൌ (ഇ-പു-സ-ഏ) പ്രണമൻ (ത-പു-പ്ര-ഏ) രമണീയഃ (അ-പു-പ്ര-ഏ) ന (അ) സ്യാഃ (ലിങ്-പ-പ-മ-പു-ഏ) ഇതി (അ) ഉക്ത്വാ_പൃഥുകുചകലശാ-അന്യാ (ആ-സ്ത്രീ-പ്ര-ഏ) ചലിതചഞ്ചളീകമലെന-കെളീകമലെന (അ-ന-തൃ-ഏ) സകലശൊഭാഭ്യാം (അ-ന-തൃ-ദ്വി) ഉഭാഭ്യാം (സം-പു-തൃ-ദ്വി) പദ്ഭ്യാം (അ-പു-തൃ-ദ്വി) ച (അ) പ്രിയം (അ-പു-ദ്വി-ഏ) അതാഡയൽ (ലങ്-പ-പ-പ്ര-പു-ഏ)-

അന്വയാർത്ഥം—നീ ഗൊത്രസ്ഖലനത്തെ ഉപയാനം ചെയ്‌വാനായികൊണ്ടു ശക്തനായി ഭവിക്കുന്നു. ഇവിടെ നിന്നൊടു സമനായിരിക്കുന്ന തുംഗൻ ഭവിക്കുന്നില്ല. ആ നീ പൊട്ടന്നവെ അണീയസിയായിരിക്കുന്ന എന്റെ സന്നിയിങ്കൽ പ്രണമന്നായിട്ട രമണീയനായി ഭവിക്കയില്ല. ഇപ്രകാരം വചിച്ചിട്ട പൃഥുകുചകലശയായിരിക്കുന്ന അന്യാ ചലിതചഞ്ചളീകമലമായിരിക്കുന്ന കെളീകമലംകൊണ്ടും. സകലശൊഭങ്ങളായിരിക്കു

ന്ന രണ്ടു പാദങ്ങൾകൊണ്ടും പ്രിയനെ താഡിച്ചു.

പരിഭാഷാ—ഗോത്രസ്ഖലനം=നാമവ്യത്യാസം. (പൎവ്വതചാലനമെന്നും ഇതിന്ന അൎത്ഥമുണ്ടു.) ഉപയാനംചെയ്ക=പ്രാപിക്ക. സമൻ=തുല്യൻ. തുംഗൻ=വലുപ്പമുള്ളവൻ. അണീയസീ=ഏററവും അണു. അണു=ലഘു- സന്നിധി=സമീപം. പ്രണമൻ=പ്രണമിച്ചിയങ്ങുന്നവൻ- പ്രണമിക്ക=നമസ്കരിക്ക. രമണീയൻ=മനോഹരൻ. വചിക്ക=പറക. പൃഥുകുചകലശാ=പൃഥുക്കളായിരിക്കുന്ന കുചകലശങ്ങളോടു കൂടിയവ. പൃഥുക്കൾ=വലുതായിരിക്കുന്നവ. കുചകലശങ്ങൾ=സ്തനകുംഭങ്ങൾ. അന്യാ=മറെറാരുത്തി. ചലിതചഞ്ചരീകമലം=ചലിതമായിരിക്കുന്ന ചഞ്ചരീകമലത്തോടു കൂടിയത. ചലിത=ഇളകിയത. ചഞ്ചരീകമലം=മലമെന്നപൊലെ ഇരിക്കുന്ന ചഞ്ചരീകം. മലം=പാപം. ചഞ്ചരീകം=വണ്ടു. കെളീകമലം=കളിത്താമരപ്പൂവ. സകലശൊഭങ്ങൾ=സകലയായിരിക്കുന്ന ശൊഭയൊടു കൂടിയത. സകലാ=സംപൂൎണ്ണാ. പാദങ്ങൾ=ചരണങ്ങൾ. പ്രിയൻ=ഭൎത്താവ. താഡിക്ക=അടിക്കുക.

൫൭. സമ്മൎദ്ദാത്തരുജാനാംതാസാംഭാവാച്ചതാവദാത്തരുജാനാം।
കരതലമധികാരുണ്യംബഭ്രുവയൂനാംഹൃദയമധികാരുണ്യം॥

അന്വയം—തരുജാനാം (അ-ന-ഷ-ബ) സമ്മൎദ്ദാൽ (അ-പു-പ-ഏ) ആത്തരുജാനാം (ആ-സ്ത്രീ-ഷ-ബ) താസാം (തച്ഛ-സ്ത്രീ-ഷ-ബ) ഭാവാൽ (അ-പു-പ-ഏ) ച (അ) താവൽ (അ) യൂനാം (ന-പു-ഷ-ബ) കരതലം-അധികാരുണ്യം-ഹൃദയം-അധികാരുണ്യം (അ-ന-പ്ര-ഏ) ച (അ) ബഭ്രുവ (ലിട്ട-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—തരുജങ്ങളുടെ സമ്മൎദ്ദംഹെതുവായിട്ടും ആത്തരുജകളായിരിക്കുന്ന അവരുടെ ഭാവം ഹെതുവായിട്ടും ക്രമെണ യുവാക്കന്മാരുടെ കരതലം അധികാരുണ്യമായിട്ടും ഹൃദയം അധികാരുണ്യമായിട്ടും ഭവിച്ചു-

പരിഭാഷാ—തരുജങ്ങൾ=പുഷ്പപല്ലവങ്ങൾ- സമ്മൎദ്ദം=മൎദ്ദനം- ആത്തരുജകൾ=ആത്തയായിരിക്കുന്ന രുജയൊടു കൂടിയവർ- ആത്താ=ആദാനംചെയ്കപ്പെട്ടത- ആദാനംചെയ്ക=സ്വീകരിക്ക- രുജാ=ശ്രമം- അവർ=സ്ത്രീകൾ- ഭാവം=ചെഷ്ടാവിശെഷം- യുവാക്കന്മാർ=നായകന്മാർ- കരതലം=ഹസ്തതലം- അധികാരുണ്യം=അധികമായിരിക്കുന്ന ആരുണ്യത്തൊടു കൂടിയത-ആരുണ്യം=ചുവപ്പ- ഹൃദയം=മനസ്സ- അധികാരുണ്യം=അധിക

തമായിരിക്കുന്ന കാരുണ്യത്തോടു കൂടിയതു- അധിഗതം=അധിഗമിക്കപ്പെട്ടതു- അധിഗമിക്ക=ലഭിക്ക- കാരുണ്യം=കരുണാ-

൬൨. അഥകൃതകച്ഛവിഹാരൈസ്ത്രീസംഘൈർവ്വിലുളിതാധികച്ഛവിഹാരൈഃ। ത്യക്ത്വാവനജാതാനിക്രാന്തായമുനാമനോജ്ഞവനജാതാനി॥

അന്വയം—അഥ (അ) കൃതകച്ഛവിഹാരൈഃ-വിലുളിതാധികച്ഛവിഹാരൈഃ-സ്ത്രീസംഘൈഃ (അ-പു-തൃ-ബ) താനി- (തച്ഛ-ന-ദ്വി-ബ) വനജാതാനി (അ-ന-ദ്വി-ബ) ത്യക്ത്വാ (ക്ത്വാ-അ) മനോജ്ഞവനജാ-യമുനാ-ക്രാന്താ (ആ-സ്ത്രീ-പ്ര-ഏ)-

അന്വയാർത്ഥം—അനന്തരം കൃതകച്ഛവിഹാരങ്ങളായി വിലുളിതാധികച്ഛവിഹാരങ്ങളായിരിക്കുന്ന സ്ത്രീസംഘങ്ങളാൽ ആ വനജാതങ്ങളെ ത്യജിച്ചിട്ട മനോജ്ഞവനജയായിരിക്കുന്ന യമുനാ ക്രാന്തയായി-

പരിഭാഷാ—കൃതകച്ഛവിഹാരങ്ങൾ=കൃതമായിരിക്കുന്ന കച്ഛവിഹാരത്തോടു കൂടിയവ. കൃതം=ചെയ്കപ്പെട്ടതു. കച്ഛവിഹാരം=കച്ഛത്തിങ്കലുള്ള വിഹാരം. കച്ഛം=ജലപ്രായമായ പ്രദേശം. വിഹാരം=ക്രീഡാ. വിലുളിതാധികച്ഛവിഹാരങ്ങൾ=വിലുളിതങ്ങളായി അധികച്ഛവികളായിരിക്കുന്ന ഹാരങ്ങളോടു കൂടിയവ. വിലുളിതങ്ങൾ=സ്ഥാനത്തിങ്കൽനിന്നു തെററിയവ. അധികച്ഛവികൾ=അധികയായിരിക്കുന്ന ഛവിയോടുകൂടിയവ. ഛവി=ശോഭാ. ഹാരങ്ങൾ=മുത്തുമാലകൾ. സ്ത്രീസംഘങ്ങൾ=സ്ത്രീസമൂഹങ്ങൾ. വനജാതങ്ങൾ=വനസമൂഹങ്ങൾ. ത്യജിക്ക=ഉപേക്ഷിക്ക. മനോജ്ഞവനജാ=മനോജ്ഞങ്ങളായിരിക്കുന്ന വനജങ്ങളോടുകൂടിയതു. മനോജ്ഞങ്ങൾ=മനോഹരങ്ങൾ. വനജങ്ങൾ=താമരപ്പൂക്കൾ. യമുനാ=യമുനാഎന്ന നദി-ക്രാന്താ=ക്രമിക്കപ്പെട്ടതു. ക്രമിക്ക=പ്രാപിക്ക.

൬൩. ത്വരിതമപാംസൂനാനിത്യക്ത്വാനിർവ്വേദയുതമപാംസൂനാനി। പ്രാപുസ്തരളാളിന്യസ്താസാംമുഖപത്മമധികതരലാളിന്യഃ॥

അന്വയം—തരളാളിന്യഃ (ഈ-സ്ത്രീ-പ്ര-ബ) ത്വരിതം (ക്രി-വി) അപാംസൂനാനി (അ-ന-ദ്വി-ബ) അപാം (പ-സ്ത്രീ-ഷ-ബ) സൂനാനി (അ-ന-ദ്വി-ബ) നിർവ്വേദയുതം (ക്രി-വി) ത്യക്ത്വാ (ക്ത്വാ-അ) അധികതരലാളിന്യഃ (ഈ-സ്ത്രീ-പ്ര-ബ) താസാം (തച്ഛ-സ്ത്രീ-ഷ-ബ) മുഖപത്മം (അ-ന-ദ്വി-ഏ) പ്രാപുഃ (ലിട്ട-പ-പ-പ്ര-പു-ബ).

അന്വയാൎത്ഥം — തരളാളിനികൾ പൊട്ടുന്നവെ അപാംസൂനങ്ങളായിരിക്കുന്ന അപ്പുകളുടെ സൂനങ്ങളെ നിൎവ്വേദയുതമാകുംവണ്ണം ത്യജിച്ചിട്ട അധികതരലാളിനികളായിട്ട അവരുടെ മുഖപദ്മത്തെ പ്രാപിച്ചു.

പരിഭാഷാ — തരളാളിനികൾ=തരളകളായിരിക്കുന്ന അളിനികൾ- തരളകൾ=ഇളകിയിരിക്കുന്നവ- അളിനികൾ=ഭൃംഗികൾ- (വണ്ടിൻസ്ത്രീകൾ) അപാംസൂനങ്ങൾ=പാംസൂനങ്ങളല്ലാത്തവ- പാംസൂനങ്ങൾ=പാംസുക്കളോട കൂടാത്തവ- പാംസുക്കൾ=പൊടികൾ- അപ്പുകൾ=ജലങ്ങൾ- സൂനങ്ങൾ=പുഷ്പങ്ങൾ- നിൎവ്വേദയുതം=നിൎവ്വേദത്തോട കൂടിയത- നിൎവ്വേദം=വൈരാഗ്യം- ത്യജിക്ക=ഉപെക്ഷിക്ക- അധികതരലാളിനികൾ= അധികതരമാകുംവണ്ണം ലാളിക്കുന്നവ- അധികതരം=ഏറ്റവും അധികം- ലാളിക്ക=സമ്മാനിക്ക- അവർ=സ്ത്രീകൾ- മുഖപദ്മം=മുഖമാകുന്ന പദ്മം- പദ്മം=താമരപ്പൂവ-

൮൫. ആസ്യേന്ദാവാസരതാമാസാമത്രൈവ ശശ്വദാവാസരതാം। അസിതാകാരാമളിനാമാളിം സ്മിതചന്ദ്രികാ ചകാരാമലിനാം॥

അന്വയം — ആസാം (ഇദംശ-സ്ത്രീ-ഷ-ബ) സ്മിതചന്ദ്രികാ (ആ-സ്ത്രീ-പ്ര-ഏ) ആസ്യേന്ദൌ (ഉ-പു-സ-ഏ) ആസരതാം (ത-പു-ഷ-ബ) അളിനാം (ന-പു-ഷ-ബ) അത്ര-ഏവ (അ) ശശ്വദാവാസരതാം-അസിതാകാരാം (ആ-സ്ത്രീ-ദ്വി-ഏ) ആളിം (ഇ-സ്ത്രീ-ദ്വി-ഏ) അമലിനാം (ആ-സ്ത്രീ-ദ്വി-ഏ) ചകാര (ലിട- പ-പ-(പ്ര-പു-ഏ).

അന്വയാൎത്ഥം — ഇവരുടെ സ്മിതചന്ദ്രിക ആസ്യേന്ദുവിങ്കൽ ആസരത്തുകളായിരിക്കുന്ന അളികളുടെ ഇതിങ്കൽ തന്നെ ശശ്വദാവാസരതയായി അസിതാകാരയായിരിക്കുന്ന ആളിയെ അമലിനയാക്കിച്ചെയ്തു-

പരിഭാഷാ — ഇവർ=സ്ത്രീകൾ- സ്മിതചന്ദ്രികാ=സ്മിതമാകുന്ന ചന്ദ്രികാ- സ്മിതം=ചിരി- ചന്ദ്രികാ=നിലാവ- ആസ്യേന്ദു=ആസ്യമാകുന്ന ഇന്ദു- ആസ്യം=മുഖം- ഇന്ദു=ചന്ദ്രൻ- ആസരത്തുകൾ=ആസരിച്ചിയങ്ങുന്നവ- ആസരിക്ക=വ്യാപിക്ക- അളികൾ=വണ്ടുകൾ- ഇത=ആസ്യേന്ദു- ശശ്വദാവാസരതാ=ശശ്വദാവാസത്തിങ്കൽരതാ- ശശ്വദാവാസം= എല്ലായ്പൊഴുമുള്ള ആവാസം- ആവാസം=ഇരിപ്പ- രതാ=താൽപൎയ്യത്തൊടുകൂടിയത- അസിതാകാരാ=അസിതമായിരിക്കുന്ന ആകാരത്തൊടുകൂടിയത- അസിതം=കറുത്തത- ആകാരം=ആകൃതി- ആളി=സമൂഹം- അമലിനാ=വെ

ഉത്തരം-

വൃത്ത. താസാംലോലഹരീണാമസ്പൃശദംഗംചലലഹരീചയോലഹരീണാം। ഹൃതതാപംകക്ഷാളീകേളിവിധാവാത്തധൂളീപങ്കക്ഷാളീ॥

അന്വയം — ലോലഹരീണാം (ഇ-സ്ത്രീ-ഷ-ബ) താസാം (ആ-സ്ത്രീ-ഷ-ബ) അംഗം (അ-ന-ദ്വി-ഏ) ചലഃ (അ-പു-പ്ര-ഏ) ലഹരീണാം (ഈ-സ്ത്രീ-ഷ-ബ) ചയഃ (അ-പു-പ്ര-ഏ) കക്ഷാളീകേളിവിധൌ (ഇ-പു-സ-ഏ) ആത്തധൂളീപങ്കക്ഷാളീ (ന-പു-പ്ര-ഏ) ഹൃതതാപം (ക്രി-വി) അസ്പൃശൽ (ലങ്-പര-പ്ര-പു-ഏ).

അന്വയാർത്ഥം — ലോലഹരികളായിരിക്കുന്ന അവരുടെ അംഗത്തെ ചലമായിരിക്കുന്ന ലഹരികളുടെ ചയം കക്ഷാളീകേളിവിധിയിങ്കൽ ആത്തധൂളീപങ്കക്ഷാളിയായിട്ടു ഹൃതതാപമാകുംവണ്ണം സ്പർശിച്ചു.

പരിഭാഷ — ലോലഹരികൾ= ലോലനായിരിക്കുന്ന ഹരിയോടു കൂടിയവൻ- ലോലൻ=സാഭിലാഷൻ- (ആഗ്രഹത്തോടുകൂടിയവൻ- ഹരി=ശ്രീകൃഷ്ണൻ- അവർ=സ്ത്രീകൾ- അംഗം=ശരീരം- ചലം=ഇളകിയിരിക്കുന്നതു- ലഹരികൾ=തിരമാലകൾ- ചയം=സമൂഹം- കക്ഷാളീകേളിവിധി=കക്ഷാളികളിലെ കേളിവിധി- കക്ഷാളികൾ=കക്ഷങ്ങളുടെ ആളികൾ- കക്ഷങ്ങൾ=വനങ്ങൾ- ആളികൾ=സമൂഹങ്ങൾ- കേളിവിധി=ക്രീഡാവ്യാപാരം- ആത്തധൂളീപങ്കക്ഷാളി=ആത്തധൂളീപങ്കങ്ങളെ ക്ഷാളനം ചെയ്യുന്നതു- ആത്തധൂളീപങ്കങ്ങൾ=ആത്തങ്ങളായിരിക്കുന്ന ധൂളീപങ്കങ്ങൾ- ആത്തങ്ങൾ=ആദാനം ചെയ്യപ്പെട്ടവ- ആദാനം ചെയ്ക=സ്വീകരിക്ക- ധൂളീപങ്കങ്ങൾ=ധൂളിയും പങ്കവും- ധൂളി=പൊടി- പങ്കം=ചളി- ക്ഷാളനം ചെയ്ക=കഴുകിക്കളക- ഹൃതതാപം=ഹൃതമായിരിക്കുന്ന താപത്തോടു കൂടിയതു- ഹൃതം=ഹരിക്കപ്പെട്ടതു- താപം=ചൂടു- സ്പർശിക്ക=തൊടുക-

വൃത്തം. അളിതോമരജേതാരംനളിനതതിന്നദതിഭൃംഗമുരജേതാരം। പ്രവികസിതാരംഗേഷുപ്രണനർത്തപ്രോന്നതെഷുതാരംഗേഷു॥

അന്വയം — മുരജേതാരം (ഋ-പു-ദ്വി-ഏ) അളിതഃ (അ) നളിനതതിഃ (ഇ-സ്ത്രീ-പ്ര-ഏ) ഭൃംഗമുരജേ (അ-പു-സ-ഏ) താരം (ക്രി-വി) നദതി (ത-പു-സ-ഏ) പ്രവികസിതാ (ആ-സ്ത്രീ-പ്ര-ഏ) പ്രോന്നതേഷു (അ-ന-സ-ബ) താരംഗേഷു (അ-ന-സ-ബ) രംഗേഷു (അ-പു-സ-ഏ) പ്രണനർത്ത (ലിട്-പ-പ-

ന്നു *

പ്ര-പു-ഏ)-

അന്വയാൎത്ഥം — മുരജേതാവിന്റെ അഗ്രത്തിങ്കൽ നളിനതതി ഭൃംഗമുരജം താരമാകുംവണ്ണം നദത്തായിരിക്കും വിഷയത്തിങ്കൽ പ്രവികസിതയായിട്ടു പ്രോന്നതങ്ങളായിരിക്കുന്ന താരംഗങ്ങളാകുന്ന രംഗങ്ങളിൽ പ്രണൎത്തിച്ചു.

പരിഭാഷാ — മുരജേതാവ=ശ്രീകൃഷ്ണൻ- നളിനതതി=നളിനങ്ങളുടെ തതി- നളിനങ്ങൾ=താമരപ്പൂക്കൾ- തതി=സമൂഹം- ഭൃംഗമുരജം=ഭൃംഗമാകുന്ന മുരജം- ഭൃംഗം=വണ്ടു- മുരജം=മൃദംഗവാദ്യം- താരം=അത്യുച്ചം- നദത്ത=നദിച്ചിയങ്ങുന്നത- നദിക്ക=ശബ്ദിക്ക- പ്രവികസിതാ=പ്രവികസിച്ചത- പ്രവികസിക്ക=നല്ലവണ്ണം വിടരുക- പ്രോന്നതങ്ങൾ=ഏററവും ഉന്നതങ്ങൾ- ഉന്നതങ്ങൾ=ഉയൎച്ചയോടു കൂടിയവ- താരംഗങ്ങൾ=തരംഗങ്ങളുടെ സമൂഹങ്ങൾ- തരംഗങ്ങൾ=തിരമാലകൾ- രംഗങ്ങൾ=അരങ്ങുകൾ- പ്രണൎത്തിക്ക=അതിശയമായ നൃത്തത്തെച്ചെയ്ക-

ശ്ലോ. തസ്യാമവക്രാന്താനിസ്വച്ഛതമായാംസരിത്യവക്രാന്താ
നി। നിന്യുൎമ്മഹിളാസ്യാനിഭ്രൂപ്രതിബിംബാനിഭീതിമഹിലാസ്യാ
നി॥

അന്വയം — സ്വച്ഛതമായാം (ആ-സ്ത്രീ-സ-ഏ) തസ്യാം(തദ്-സ്ത്രീ-സ-ഏ) സരിതി (ത-സ്ത്രീ-സ-ഏ) അവക്രാന്താനി- വക്രാന്താനി- അഹിലാസ്യാനി-ഭ്രൂപ്രതിബിംബാനി (അ-ന-പ്ര-ബ) മഹിളാസ്യാനി (അ-ന-ദ്വി-ബ) ഭീതിം (ഇ-സ്ത്രീ-ദ്വി-ഏ) നിന്യുഃ (ലിട്ട-പ-പ-പ്ര-പു ബ)-

അന്വയാൎത്ഥം — സ്വച്ഛതമയായിരിക്കുന്ന ആ സരിത്തിങ്കൽ അവക്രാന്തങ്ങളായി വക്രാന്തങ്ങളായി അഹിലാസ്യങ്ങളായിരിക്കുന്ന ഭ്രൂപ്രതിബിംബങ്ങൾ മഹിളാസ്യങ്ങളെ ഭീതിയെ നയിച്ചു.

പരിഭാഷാ — സ്വച്ഛതമാ=ഏററവും സ്വച്ഛാ- സ്വച്ഛാ=നിൎമ്മലാ- സരിത്ത=നദി- അവക്രാന്തങ്ങൾ=അവക്രമിച്ചവ- അവക്രമിക്ക=അവഗാഹിക്ക- വക്രാന്തങ്ങൾ=വക്രങ്ങളായിരിക്കുന്ന അന്തങ്ങളോടു കൂടിയത- വക്രങ്ങൾ=വളവോടുകൂടാത്തവ- അന്തങ്ങൾ=അഗ്രഭാഗങ്ങൾ- അഹിലാസ്യങ്ങൾ=അഹിയുടെ ലാസ്യം പോലെയിരിക്കുന്ന ലാസ്യത്തോടു കൂടിയവ- അഹി=സൎപ്പം- ലാസ്യം=നൃത്തം- (ഇളക്കമെന്നു സാരം)- ഭ്രൂപ്രതിബിംബങ്ങൾ=ഭ്രൂവിന്റെ പ്രതിബിംബങ്ങൾ- ഭ്രൂ=ഭ്രൂമി- പ്രതിബിംബങ്ങൾ=നിഴലുകൾ- മഹിളാസ്യങ്ങൾ=സ്ത്രീമുഖങ്ങൾ- ഭീതി=ഭയം-നയിക്ക=പ്രാപിപ്പിക്ക-

ശ്ലൊ· തത്രാജലെരതികാലെവിബഭുവ്വനിതാഫേനാവലെരതി കാളെ । ജിതസൌദാമന്യസ്താനളിന്യഇവനീലനളിനദാമന്യസ്താഃ॥

അന്വയം—ഫേനാവലെഃ (ഇ-സ്ത്രീ-പ-ഏ) അതികാളെ (അ-ന-സ-ഏ) തത്ര (അ) ജലെ (അ-ന-സ-ഏ) രതികാലെ (അ-പു-സ-ഏ) ജിതസൌദാമന്യഃ (ഈ-സ്ത്രീ-പ്ര-ബ) താഃ (തച്ഛ-സ്ത്രീ-പ്ര-ബ) വനിതാഃ (ആ-സ്ത്രീ-പ്ര-ബ) നീലനളിനദാമന്യസ്താഃ (ആ-സ്ത്രീ-പ്ര-ബ) നളിന്യഃ (ഈ-സ്ത്രീ-പ്ര-ബ) ഇവ (അ) വിബഭുഃ (ലിട്ട്-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം—ഫേനാവലിയെക്കാൾ അതികാളമായിരിക്കുന്ന ആജലത്തിങ്കലെ രതികാലത്തിങ്കൽ ജിതസൌദാമനികളായിരിക്കുന്ന ആ വനിതമാർ നീലനളിനദാമന്യസ്തകളായിരിക്കുന്ന നളിനികൾ എന്നപൊലെ ശൊഭിച്ചു.

പരിഭാഷ—ഫേനാവലി=ഫേനങ്ങളുടെ ആവലി- ഫേനങ്ങൾ=പതകൾ- ആവലി=സമൂഹം- അതികാളം=അതിനീലം- (അധികമായ കറുപ്പൊടു കൂടിയത-) രതികാലം=ക്രീഡാസമയം- ജിതസൌദാമനികൾ=ജിതകളായിരിക്കുന്ന സൌദാമനികൾ- ജിതകൾ=ജയിക്കപ്പെട്ടവ- സൌദാമനികൾ=മിന്നൽപിണരുകൾ- വനിതമാർ=സ്ത്രീകൾ- നീലനളിനദാമന്യസ്തകൾ=നീലനളിനദാമത്തിങ്കൽ ന്യസ്തകൾ- നീലനളിനദാമം=നീലനളിനങ്ങൾകൊണ്ടു ഉണ്ടാക്കപ്പെട്ട ദാമം- നീലനളിനങ്ങൾ=കരിങ്കുവളപ്പൂക്കൾ- ദാമം=മാലാ- ന്യസ്തകൾ=ന്യസിക്കപ്പെട്ടവ-ന്യസിക്ക=വെക്കുക- നളിനികൾ=താമരപ്പൊയ്കകൾ- (ചെന്താമരപ്പൂക്കൾ-)

വൃത്തം· തച്ഛീകരതൊയാനിപ്രിയമുഖമാപുൎയാനിയുവതികരതൊയാനി । അതിസൌരഭവന്നളിനാന്നളിനംയാന്തീവപങ്ക്തിരഭവന്നളിനാം॥

അന്വയം—യുവതികരതഃ (തസി-അ) യാനി (യച്ഛ-ന-പ്ര-ബ) തച്ഛീകരതൊയാനി (അ-ന-പ്ര-ബ) പ്രിയമുഖം (അ-ന-ദ്വി-ഏ) ആപുൎയാനി (അ-ന-പ്ര-ബ) താനി-നളിനാൽ (അ-ന-പ-ഏ) അതിസൌരഭവൽ (ത-ന-ദ്വി-ഏ) നളിനം (അ-ന-ദ്വി-ഏ) യാന്തീ (ഈ-സ്ത്രീ-പ്ര-ഏ) അളിനാം (ന-പു-ഷ-ബ) പങ്ക്തിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇവ (അ) അഭവൻ (ലങ്-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം—യുവതികരത്തിങ്കൽനിന്ന യാവചിലതച്ഛീക

ശീകരതൊയങ്ങൾ പ്രിയമുഖത്തെ ആപ്തങ്ങളായി ഭവിച്ചുവൊ അതുകൾ നളിനത്തിങ്കൽ നിന്ന അതിസൌരഭവത്തായിരിക്കുന്ന നളിനത്തെ യാന്തിയായിരിക്കുന്ന അളികളുടെ പങ്ക്തിഎന്നപൊലെ ഭവിച്ചു.

പരിഭാഷാ—യുവതികരം=യുവതിയുടെകരം. യുവതി=യൌവനവതിയായസ്ത്രീ. കരം=കയ്യ. തച്ഛീകരതൊയങ്ങൾ=അതിന്റെ ശീകരതൊയങ്ങൾ. അത=യമുനാ. ശീകരതൊയങ്ങൾ=ശീകരങ്ങളായിരിക്കുന്ന തൊയങ്ങൾ. ശീകരങ്ങൾ=കണങ്ങൾ. തൊയങ്ങൾ=ജലങ്ങൾ. പ്രിയമുഖം=പ്രിയന്റെ മുഖം. പ്രിയൻ=ഭൎത്താവ. ആപ്തങ്ങൾ=ആപിച്ചവ. ആപിക്ക=പ്രാപിക്ക. അതുകൾ=മെൽപ്രകാരമുള്ള തൊയങ്ങൾ. നളിനം=താമരപ്പൂവ. അതിസൌരഭവത്തം=ഏറവുംസൌരഭവത്തം. സൌരഭവത്തം=സൌരഭമുള്ളത. സൌരഭം=സൌരഭ്യം. നളിനം=താമരപ്പൂവ. യാന്തി=യാനംചെയ്യുന്നത. യാനംചെയ്ക=ഗമിക്ക. അളികൾ=വണ്ടുകൾ. പങ്ക്തി=സമൂഹം.

ശ്ലൊ. കാചനലൊലംബാലംകാരംകൊരകമിഹെതിലൊലംബാലം । തജ്ജലമാവിഷ്കൃതൊരൊജപ്രതിബിംബംജനിതസംഭ്രമാവിരരാജ ॥

അന്വയം—കാചന (അ) ഇഹ (അ) ലൊലംബാലംകാരം-ബാലം-കൊരകം (അ-ന-പ്ര-ഏ) ഇതി (അ) ജനിതസംഭ്രമാ (ആ-സ്ത്രീ-പ്ര-ഏ) ആവിഷ്കൃതൊരൊജപ്രതിബിംബം-ലൊലം-തജ്ജലം (അ-ന-ദ്വി-ഏ) വിരരാജ (ലിട്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—ഒരുത്തി ഇവിടെ ലൊലംബാലംകാരമായി ബാലമായിരിക്കുന്ന കൊരകം ഭവിക്കുന്നു എന്നുള്ള ബുദ്ധിയാൽ ജനിതസംഭ്രമയായിട്ട ആവിഷ്കൃതൊരൊജപ്രതിബിംബമായി ലൊലമായിരിക്കുന്ന തജ്ജലത്തെ വിരൊജിച്ചു.

പരിഭാഷാ—ലൊലംബാലംകാരം=ലൊലംബമാകുന്ന അലംകാരത്തൊടു കൂടിയത. ലൊലംബം=വണ്ട. അലംകാരം=ആഭരണം. ബാലം=ചെറിയത. കൊരകം=പത്മമുകുളം. (താമരമൊട്ട.) ജനിതസംഭ്രമാ=ജനിതമായിരിക്കുന്ന സംഭ്രമത്തൊടു കൂടിയവൾ. ജനിതം=ജനിപ്പിക്കപ്പെട്ടത. സംഭ്രമം=ത്വരാ. (ബദ്ധപ്പാട.) ആവിഷ്കൃതൊരൊജപ്രതിബിംബം=ആവിഷ്കൃതമായിരിക്കുന്ന ഉരൊജപ്രതിബിംബത്തൊടു കൂടിയത. ആവിഷ്കൃതം=പ്രകാശിച്ചത. ഉരൊജപ്രതിബിംബം=ഉരൊജത്തിന്റെപ്രതിബിംബം. ഉരൊജം=സ്തനം. ലൊലം=ഇളക്കത്തൊടു കൂടിയത. തജ്ജലം=അതിന്റെ ജലം. അ

ത്ഥ്യമുനാ. വിരാജിക്ക=വിളങ്ങുക.

വൃ. താസാമുരോരുഹഹതഃ പ്രാപ്പൂഹതിഃ കരികരദ്ധിചോരോരുഹതഃ। അവധാവശകല്ലോലസ്ഥാതും ന ജലാശയോ വിവശകല്ലോലഃ॥

അന്വയം—ജലാശയഃ (അ-പു-പ്ര-ഏ) താസാം (തച്ഛ-സ്ത്രീ-ഷ-ബ) ഉരോരുഹഹതഃ (തസി-അ) പ്രാപ്പൂഹതിഃ (ഇ-പു-പ്ര-ഏ) കരികരദ്ധിചോരോരുഹതഃ (അ-പു-പ്ര-ഏ) ച (അ) ലോലഃ-വിവശകല്ലോലഃ (അ-പു-പ്ര-ഏ) അവധൌ (ഇ-പു-സ-ഏ) സ്ഥാതും (തുമ-അ) ന (അ) അശകൽ (ലുങ്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—ജലാശയം അവരുടെ ഉരോരുഹങ്ങളിൽ നിന്ന പ്രാപ്പൂഹതിയായിട്ടും കരികരദ്ധിചോരോരുഹതമായിട്ടും ലോലമായി വിവശകല്ലോലമായിട്ട അവധിയിങ്കൽ സ്ഥിതിചെയ്വാനായിക്കൊണ്ട ശകിച്ചില്ല-

പരിഭാഷാ—ജലാശയം=ജലാധാരം- (യമുനാഎന്നസാരം) അവർ=സ്ത്രീകൾ- ഉരോരുഹങ്ങൾ=സ്തനങ്ങൾ- പ്രാപ്പൂഹതി=പ്രാപ്പൂയായിരിക്കുന്ന ഹതിയൊടുകൂടിയത- പ്രാപ്പൂ=പ്രാപിക്കപ്പെട്ടത- ഹതി=ഹനനം- (താഡനം) കരികരദ്ധിചോരോരുഹതം=കരികരദ്ധിചോരൊരുക്കളാൽഹതം- കരികരദ്ധിചോരൊരുക്കൾ=കരികരദ്ധിചോരങ്ങളായിരിക്കുന്ന ഊരുക്കൾ- കരികരദ്ധിചോരങ്ങൾ= കരികരദ്ധിയെ ചോരണംചെയ്യുന്നവ- കരികരദ്ധി=കരികരങ്ങളുടെ ഋദ്ധി-കരികരങ്ങൾ=കരികളുടെ കരങ്ങൾ- കരികൾ=ഗജങ്ങൾ- കരങ്ങൾ=തുമ്പിക്കൈകൾ- ഋദ്ധി=സമ്പത്ത- ചോരണംചെയ്ക=മോഷ്ടിക്ക- ഊരുക്കൾ=തുടകൾ-ഹതം=ഹനിക്കപ്പെട്ടത- ഹനിക്ക=താഡിക്ക- ലോലം=ഇളകിയത-വിവശകല്ലോലം= വിവശങ്ങളായിരിക്കുന്ന കല്ലോലങ്ങളോടുകൂടിയത-വിവശങ്ങൾ=ലോലങ്ങൾ- കല്ലോലങ്ങൾ=തിരമാലകൾ-അവധി=തടം- സ്ഥിതിചെയ്ക=നില്ക്ക- ശകിക്ക=ശക്തിയുള്ളതായി ഭവിക്ക-

വൃൻ. സരിതസ്തിലകാളീനാമപാഞ്ചൈയെഃ ക്ഷാള്യമാനതിലകാളീനാം। ഹരിവാസവിരാമാണാമമതാരിഗണൊ നരതിഷു സവിരാമാണാം॥

അന്വയം—സരിതഃ (ത-സ്ത്രീ-ഷ-ഏ) തിലകാളീനാം (ംരം-സ്ത്രീ-ഷ-ബ) അപാം (പ-സ്ത്രീ-ഷ-ബ) ചയൈഃ (അ-പു-തൃ-ബ) ക്ഷാള്യമാനതിലകാളീനാം (ഇ-സ്ത്രീ-ഷ-ബ) രതിഷു (ഇ-സ്ത്രീ-സ-ബ) സവിരാമാണാം-ഹരിവാസവിരാമാണാം (ആ-

സ്ത്രീ-ഷ-ബ) ഗണേന (അ-ന-തൃ-ഏ) ഉദതാരി (ലുങ്-ആ-പ-പ്ര-പു-ഏ)

അന്വയാർത്ഥം—സരിത്തിന്റെ തിലകാളികളായിരിക്കുന്ന അപ്പുകളുടെ ചയത്താൽ ക്ഷാള്യമാനതിലകാളികളായി രതികളിൽ സവിരാമകളായിരിക്കുന്ന ഹരിവാസവിരാമകളുടെ ഗണത്താൽ ഉത്തരിപ്പു എന്നുള്ളതുണ്ടായി-

പരിഭാഷാ—സരിത്ത=നദി(യമുനാ) തിലകാളികൾ=തിലമെന്നപോലെകാളികൾ- തിലം=എള്ള- കാളികൾ=കറുത്തവ- അപ്പുകൾ=ജലങ്ങൾ- ക്ഷാള്യമാനതിലകാളികൾ=ക്ഷാള്യമാനകളായിരിക്കുന്ന തിലകാളികളോടുകൂടിയവർ- ക്ഷാള്യമാനകൾ=ക്ഷാളിക്കപ്പെട്ടിയങ്ങുന്നവ- ക്ഷാളിക്ക=കഴുകിക്കളക- തിലകാളികൾ=തിലകങ്ങളുടെ ആളികൾ- തിലകങ്ങൾ=തൊടുകുറികൾ- ആളികൾ=സമൂഹങ്ങൾ- രതികൾ=ക്രീഡകൾ- സവിരാമകൾ=വിരാമത്തോടു കൂടിയവർ- വിരാമം=വിരക്തി-ഹരിവാസവിരാമകൾ= ഹരിവാസവികളുടെരാമകൾ- ഹരിവാസവികൾ=ഹരിയുംവാസവിയും- ഹരി=ശ്രീകൃഷ്ണൻ-വാസവി=അർജ്ജുനൻ- രാമകൾ=സ്ത്രീകൾ- ഗണം=സമൂഹം- ഉത്തരിക്ക=നദിയിൽനിന്നുകരേറുക.

൯൦. ലളിതതരംഭോഗാനാമഥവിരതൌയുവതിവിതതിരംഭോഗാനാം। അകൃതധാവള്യാന്നിരാകൃതൈന്ദവപദാനി സൈന്ധവാവല്യാം॥

അന്വയം—അരെന്ധ്യ (അമംരേ-സ്ത്രീ-പ്ര-ഏ) യുവതിവിതതിഃ (ഇ-സ്ത്രീ-പ്ര-ഏ) അംഭോഗാനാം-ഭോഗാനാം (അ-പു-ഷ-ബ) വിരതൌ (ഇ-സ്ത്രീ-സ-ഏ) അഥ (അ) ധാവള്യാൽ (അ-ന-പ-ഏ) നിരാകൃതൈന്ദവ (ഉ-സ്ത്രീ-സ-ഏ) സൈന്ധവാവല്യാം (ഈ-സ്ത്രീ-സ-ഏ) പദാനി (അ-ന-ദ്വി-ബ) ലളിതതരം (ക്രി-വി) അകൃത (ലങ്-ആ-പ-പ്ര-പു-ഏ)

അന്വയാർത്ഥം—ഒരം യുവതിവിതതി അംഭോഗങ്ങളായിരിക്കുന്ന ഭോഗങ്ങളുടെ വിരതിസതിയായിരിക്കും വിഷയത്തിങ്കൽ അനന്തരം ധാവള്യംഹേതുവായിട്ട നിരാകൃതെന്ദുവായിരിക്കുന്ന സൈന്ധവാവലിയിങ്കൽ പദങ്ങളെ ലളിതതരമാകുംവണ്ണം ചെയ്തു.

പരിഭാഷാ—യുവതിവിതതി=യുവതികളുടെവിതതി- യുവതികൾ=യൌവനവതികളായസ്ത്രീകൾ- വിതതി=സമൂഹം-അംഭോഗങ്ങൾ=ജലസംബന്ധികൾ- ഭോഗങ്ങൾ=ക്രീഡകൾ-വിരതി=അവസാനം- ധാവള്യം=വെളുപ്പ- നിരാകൃതെന്ദു=നിരാകൃതനായിരിക്കുന്ന ഇന്ദുവിനോടുകൂടിയത- നിരാകൃതൻ=നിരാകരിക്ക

ക്കപ്പെട്ടവൻ- നിരാകരിക്ക=നിന്ദിക്ക- ഇന്ദു=ചന്ദ്രൻ-സൌധാവലി=സൌധങ്ങളുടെആവലി- സൌധങ്ങൾ=വെങ്കിളിമാടങ്ങൾ-ആവലി=സമൂഹം- പദങ്ങൾ=പാദന്യാസങ്ങൾ- ലളിതതരം=ഏററവുംലളിതം- ലളിതം=മനോഹരം-

൯൭. തായുവതീരത്യർത്ഥംപ്രീണയിതുമിവത്വരാവതീരത്യർത്ഥം। അസ്തംസമഹാസ്തേനസ്ത്രീണാംവദനേന്ദുരജനിസമഹാസ്തേന॥

അന്വയം—രത്യർത്ഥം (അ) ത്വരാവതീഃ (ഈ-സ്ത്രീ-ദ്വി-ബ) താഃ (തച്ഛ-സ്ത്രീ-ദ്വി-ബ) യുവതീഃ (ഇ-സ്ത്രീ-ദ്വി-ബ) അത്യർത്ഥം (ക്രി-വി) പ്രീണയിതും (തുമു-അ) ഇവ (അ) ഇനഃ (അ-പു-പ്ര-ഏ) അസ്തം (അ-ന-ദ്വി-ഏ) സമഹാസ്ത (ലുങ്-ആ-പ്ര-പു-ഏ) തേന (തച്ഛ-ന-തൃ-ഏ) സ്ത്രീണാം (ഈ-സ്ത്രീ-ഷ-ബ) വദനേന്ദുഃ (ഉ-പു-പ്ര-ഏ) സമഹാഃ (സ-പു-പ്ര-ഏ) അജനി (ലുങ്-ആ-പ-പ്ര-പു-ഏ)-

അന്വയാർത്ഥം—രതിക്കായിക്കൊണ്ടു ത്വരാവതികളായിരിക്കുന്ന ആ യുവതികളെ ഏററവും പ്രീണിപ്പാനായിക്കൊണ്ടോ എന്നു തോന്നുമാറ ഇനൻ അസ്തത്തെ പ്രാപിച്ചു. അതുഹേതുവായിട്ട സ്ത്രീകളുടെ വദനേന്ദു സമഹസ്സായി ജനിച്ചു.

പരിഭാഷാ—രതി=സംഭോഗം- ത്വരാവതികൾ=ത്വരയുള്ളവർ- ത്വരാ=ബദ്ധപ്പാട- യുവതികൾ=യൌവനത്തോടുകൂടിയസ്ത്രീകൾ- പ്രീണിക്ക=സന്തോഷിപ്പിക്ക- ഇനൻ=ആദിത്യൻ- അസ്തം=അദർശനം- അത=ആദിത്യന്റെ അദർശനപ്രാപ്തി- വദനേന്ദു=വദനമാകുന്നഇന്ദു- വദനം=മുഖം-ഇന്ദു=ചന്ദ്രൻ- സമഹസ്സ= മഹസ്സോടുകൂടിയവൻ- മഹസ്സ=തേജസ്സ-ജനിക്ക=ഭവിക്ക-

൯൮. അഥസലിലശോഭിവിഹായസ്ഥലംവിലോക്യാരുണാദിശോഭിവിഹായ। ഉദപതദാശുകപോതസ്ഥിതംകൌമാരമപിതദാശുകപോതഃ॥

അന്വയം—അഥ (അ) കപോതഃ (അ-പു-പ്ര-ഏ) ദിശഃ (ശ-സ്ത്രീ-ദ്വി-ബ) അരുണാഃ (ആ-സ്ത്രീ-ദ്വി-ബ) വിലോക്യ (ല്യ-അ) സലിലശോഭി (ന-ന-ദ്വി-ഏ) സ്ഥലം (അ-ന-ദ്വി-ഏ) വിഹായ (ല്യ-അ) വിഹായഃ (സ-ന-ദ്വി-ഏ) അഭി (അ) ആശു (അ) ഉദപതൽ (ലങ്-പ-പ്ര-പു-ഏ) തദാ (അ) ശുകപോതഃ (അ-പു-പ്ര-ഏ) സ്ഥിതം-കൌമാരം (അ-പു-ദ്വി-ഏ) അപി (അ)

അന്വയാർത്ഥം—അനന്തരം കപോതം ദിക്കുകളെ അരുണങ്ങ

ളായി വിലോകനം ചെയ്തിട്ടു സിലശോഭിയായിരിക്കുന്ന സ്ഥലത്തെ ഉപെക്ഷിച്ചിട്ടു വിഹായസ്സിനെ കുറിച്ചു ഉൽപതിച്ചു. അപ്പോൾ ശുകപൊതം സ്ഫീതമായിരിക്കുന്ന കെദാരത്തെ ഉപെക്ഷിച്ചിട്ടും വിഹായസ്സിനെ ക്കുറിച്ചു ഉൽപതിച്ചു-

പരിഭാഷാ—കപൊതം=മാടപ്രാവ- അരുണകൾ=അല്പമായ ചുവപ്പൊടുകൂടിയവ- വിലൊകനംചെയ്തു=കാണ്ക- സിലശൊഭി= സിലംഹെതുവായിട്ടശൊഭിക്കുന്നത- സിലം= സിലവൃത്തി- (കൊയിത്തു കഴിഞ്ഞാൽ ആ സ്ഥലത്തു ശെഷിച്ചു നില്ക്കുന്ന കതിരുകളെ സംഗ്രഹിക്ക). സ്ഥലം=പ്രദെശം- വിഹായസ്സ=ആകാശം- ഉൽപതിക്ക=പറക്കുക- ശുകപൊതം=ബാലശുകം- (കുട്ടിത്തത്ത) സ്ഫീതം=കളമാദിധാന്യസമൃദ്ധിയൊടുകൂടിയത- കെദാരം=വിളവുഭൂമി-

൩൭. ബിംബെംപാതംഗമയന്നദിനാന്തൊമാംഹിനസ്സപാതംഗമയൻ। ഇതിനളിനീജളിമാനംമധതീവചകാരകൊരകാഞ്ജലിമാനം॥

അന്വയം—പാതംഗം- ബിംബം- പാതം (അ-പു-ദ്വി-ഏ) ഗമയൻ (ത-പു-പ്ര-ഏ) അയം (ഇദംശ-പു-പ്ര-ഏ) ദിനാന്തഃ (അ-പു-പ്ര-ഏ) മാം (അസ്മ-ദ്വി-ഏ) ന (അ) ഹിനസ്തു (ലൊട്ട്-പ-പ-പ്ര-പു-ഏ) ഇതി (അ) ജളിമാനം (ന-പു-ദ്വി-ഏ) ദധതീ (ംരം-സ്ത്രീ-പ്ര-ഏ) നളിനീ (ംരം-സ്ത്രീ-പ്ര-ഏ) കൊരകാഞ്ജലിമാനം (അ-പു-ദ്വി-ഏ) ചകാര (ലിട്ട-പ-പ-പ്ര-പു-ഏ) ഇവ (അ)

അന്വയാൎത്ഥം—പാതംഗമായിരിക്കുന്ന ബിംബത്തെ പാതത്തെ ഗമയത്തായിരിക്കുന്ന ഒരു ദിനാന്തം എന്നെ ഹിംസിക്കരുത എന്നു വിചാരിച്ചിട്ടു ജളിമാവിനെ ധരിയായിരിക്കുന്ന നളിനീകൊരകാഞ്ജലിമാനത്തെച്ചെയ്തുവൊ എന്നു തൊന്നും.

പരിഭാഷാ—പാതംഗം=പതംഗനെസംബന്ധിച്ചത- പതംഗൻ=ആദിത്യൻ- ബിംബം=മണ്ഡലം- പാതം=പതനം-ഗമയത്ത=ഗമിപ്പിച്ചിയങ്ങുന്നത-ഗമിപ്പിക്ക=പ്രാപിപ്പിക്ക-ദിനാന്തം=സന്ധ്യാ-ഹിംസിക്ക=ഉപദ്രവിക്ക- ജളിമാവ=അശക്തി-ദധതീ=ധരിച്ചിയങ്ങുന്നത- നളിനീ=താമരപ്പൊയ്ക- കൊരകാഞ്ജലിമാനം=കൊരകാഞ്ജലികൊണ്ടുള്ളമാനം- കൊരകാഞ്ജലി=കൊരകമാകുന്ന അഞ്ജലി- കൊരകം=പത്മമുകുളം (താമരമൊട്ടു) അഞ്ജലി=കൂപ്പുകയ്യ- മാനം=പൂജാ-

൩൮. നനസുതരാമാരാഗഃപൂൎവ്വാരഥാംഗാഹ്വയസ്സുരാമാരാഗഃ।

യമസ്യേനവിരഹാസ്താ സ്സുപ്രിയജനവിരഹംപ്രജാസ്സുവിരഹാസ്താ സു॥

അന്വയം—രഥാംഗാഹ്വയഃ (അ-പു-പ്ര-ഏ) പുരാസുതരാം (അ) ആഗഃ (സ-ന-ദ്വി-ഏ) ആര (ലിട്ട-പ-പ-പ്ര-പു-ഏ) നനു (അ) യൽ (അ) സരാമാരാഗഃ (അ-പു-പ്ര-ഏ) അസൌ (അദംശ-പു-പ്ര-ഏ) വിഃ (ഇ-പു-പ്ര-ഏ) ആസു (ഇദംശ-സ്ത്രീ-സ-ബ) പ്രജാസു (ആ-സ്ത്രീ-സ-ബ) വിരഹാസ്താസു (ആ-സ്ത്രീ-സ-ബ) പ്രിയജനവിരഹം (അ-പു-ദ്വി-ഏ) അഹാസ്ത (ലുങ്ങ-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—രഥാംഗാഹ്വയം പൂൎവ്വജന്മങ്ങളിൽ ഏററവും ആഗസ്സിനെ പ്രാപിച്ചു എന്ന ഞാൻ ശംകിക്കുന്നു. യാതൊന്നുഹേതുവായിട്ട സരാമാരാഗമായിരിക്കുന്ന ഈ വി ഈ പ്രജകൾ വിരഹാസ്തകളായിരിക്കും വിഷയത്തിങ്കൽ പ്രിയജനവിരഹത്തെ പ്രാപിച്ചു.

പരിഭാഷാ—രഥാംഗാഹ്വയം= ചക്രവാകം. ആഗസ്സ=ദുരിതം. സരാമാരാഗം=രാമാരാഗത്തോടു കൂടിയത. രാമാരാഗം=രാമമാരിലുള്ള രാഗം. രാമമാർ=സ്ത്രീകൾ. രാഗം=അഭിലാഷം. വി=പക്ഷി. പ്രജകൾ=ജന്തുക്കൾ. വിരഹാസ്തകൾ=വിരഹത്താൽ അസ്തകൾ. വിരഹം=പ്രിയജനവേർപാട. അസ്തകൾ=അസിക്കപ്പെട്ടവ. അസിക്ക=ഉപേക്ഷിക്ക. പ്രിയജനവിരഹം=പ്രിയജനത്തിന്റെ വിരഹം. പ്രിയജനം=ഇഷ്ടജനം. (ഭാൎയ്യാ എന്നസാരം.) വിരഹം=വേർപാട.

൪൧. പുരതോനവതാരാണാംവ്രീളാദിവദൃക്പഥേഷ്വനവതാരാണാം । അധികതരവിഭാവിതതാബഭ്രൂവദൂരംയദാപരവിഭോവിതതാ॥

അന്വയം—പുരതഃ(അ) ദൃക്പഥേഷു (അ-പു-സ-ബ) വ്രീളാൽ (അ-പു-പ-ഏ) ഇവ (അ) അനവതാരാണാം-നവതാരാണാം (ആ-സ്ത്രീ-ഷ-ബ) അധികതരവിഭാവിതതാ (ആ-സ്ത്രീ-പ്ര-ഏ) ബഭ്രൂവ (ലിട്ട-പ-പ-പ്ര-പു-ഏ) യൽ(അ) വിതതാ (ആ-സ്ത്രീ-പ്ര-ഏ) രവിഭാഃ (സ-സ്ത്രീ-പ്ര-ഏ) ദൂരം (അ-ന-ദ്വി-ഏ) ആപ (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—മുമ്പെ ദൃക്പഥങ്ങളിൽ വ്രീളംഹേതുവായിട്ടോ എന്നതൊന്നുമാറ അനവതാരകളായിരിക്കുന്ന നവതാരകൾക്കു അധികതരവിഭാവിതതാ ഭവിച്ചു. യാതൊന്നുഹേതുവായിട്ട വിതതയായിരിക്കുന്ന രവിഭാസ്സ ദൂരത്തെ പ്രാപിച്ചു.

പരിഭാഷാ—ദൃക്പഥങ്ങൾ=ദൃഷ്ടിമാൎഗ്ഗങ്ങൾ. വ്രീളം=ലജ്ജാ. അനവതാരകൾ=അവതാരത്തോടു കൂടാത്തവ. അവതാരം=പ്രാപ്തി. നവതാരകൾ=നവകളായിരിക്കുന്ന താരകൾ. നവകൾ=നൂതനകൾ. താരകൾ=നക്ഷത്രങ്ങൾ. അധികതരവിഭാവിതതാ=അധികതരവിഭാവിതകളാവൂ എന്നുള്ളത. അധികതരവിഭാവിതകൾ=അധികതരമാകും വണ്ണം വിഭാവിതകൾ. അധികതരം=ഏറ്റവും അധികം. വിഭാവിതകൾ=വിഭാവനം ചെയ്തവ. വിഭാവനം ചെയ്ക=പ്രകാശിക്ക. വിതതാ=വ്യാപിച്ചത. രവിഭാസ്സ=രവിയുടെ ഭാസ്സ. രവി=ആദിത്യൻ. ഭാസ്സ=ശോഭാ.

൯൩. അഥതിമിരമഹാനികരൈരുത്തസ്ഥെ ചക്ഷുഷാം പരമ
ഹാനികരൈഃ। യാൻപുനരാവിശ്ശ്യാമീഭാവാ ലൊകം ബഭ്രവുരാവി
ശ്ശ്യാമീ॥

അന്വയം—അഥ (അ) ചക്ഷുഷാം (സ-ന-ഷ-ബ) പരമഹാനികരൈഃ-തിമിരമഹാനികരൈഃ (അ-പു-പ്ര-ബ) ഉത്തസ്ഥെ (ലിട്ട-ആ-പ-പ്ര-പു-ഏ) അമീ (അദംശ-പു-പ്ര-ബ) ലൊകാഃ (അ-പു-പ്ര-ബ) യാൻ (യച്ഛ-പു-പ്ര-ബ) ആവിശ്യ (ല്യ-അ) പുനഃ (അ) ആവിശ്ശ്യാമീഭാവാഃ (അ-പു-പ്ര-ബ) ബഭ്രവുഃ (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അനന്തരം ചക്ഷുസ്സുകളുടെ പരമഹാനികരങ്ങളായിരിക്കുന്ന തിമിരമഹാനികരങ്ങളാൽ ഉത്ഥാനം ചെയ്വൂ എന്നുള്ളതുണ്ടായി. ഈ ലൊകങ്ങൾ യാവചിലതുകളെ ആവെശിച്ചിട്ട പിന്നെ ആവിശ്ശ്യാമീഭാവങ്ങളായി ഭവിച്ചു.

പരിഭാഷാ—ചക്ഷുസ്സുകൾ=കണ്ണുകൾ. പരമഹാനികരങ്ങൾ=പരമഹാനിയെ ഉണ്ടാക്കുന്നവ. പരമഹാനി=പരമയായിരിക്കുന്ന ഹാനി. പരമാ=അധികാ. ഹാനി=അദൎശനം. തിമിരമഹാനികരങ്ങൾ=തിമിരങ്ങളുടെ മഹാനികരങ്ങൾ. തിമിരങ്ങൾ=ഇരുട്ടുകൾ. മഹാനികരങ്ങൾ=മഹത്തുകളായിരിക്കുന്ന നികരങ്ങൾ. മഹത്തുകൾ=വലുതായിരിക്കുന്നവ. നികരങ്ങൾ=സമൂഹങ്ങൾ. ഉത്ഥാനം ചെയ്ക=പുറപ്പെട്ടുക. യാവചിലതുകൾ=തിമിരമഹാനികരങ്ങൾ. ആവെശിക്ക=പ്രാപിക്ക. ആവിശ്ശ്യാമീഭാവങ്ങൾ=ആവിഷ്കൃതമായിരിക്കുന്ന ശ്യാമീഭാവത്തോടു കൂടിയവ. ആവിഷ്കൃതം=പ്രകാശിച്ചത. ശ്യാമീഭാവം=ശ്യാമങ്ങളായി ഭവിക്കുക. ശ്യാമങ്ങൾ=കറുത്തവ.

൯൪. ഭെദ്യൈസ്സൂച്യന്തെനസ്ഥിതെ തമസ്യുദ്രയൊപി സൂച്യന്തെ
ന। ബൊണൊനക്ഷിപ്ലെഷ്ണുസ്സുരഃ കഥം വാ മനസ്സൎപനക്ഷിപരെ

ഷു।

അന്വയം—സൂച്യന്തെന (അ-പു-തൃ-ഏ) ഭേദ്യേ (അ-ന-സ-ഏ) തമസി (സ-ന-സ-ഏ) സ്ഥിതെ (അ-ന-സ-ഏ) അദ്രയഃ (ഇ-പു-പ്ര-ബ) ന (അ) സൂച്യന്തെ (ലട്ട-ആ-പ-പ്ര-പു-ബ) സ്മരഃ (അ-പു-പ്ര-ഏ) അനക്ഷിപദെഷു (അ-ന-സ-ബ) ഏഷു (ഇദം-ശ-ന-സ-ബ) മനസ്സു (സ-ന-സ-ബ) കഥം-വാ (അ) ബാണാൻ (അ-പു-പ്ര-ബ) അക്ഷിപൽ (ലങ്ങ്-പ-പ-പ്ര-പു-ബ)-

അന്വയാൎത്ഥം—സൂച്യന്തംകൊണ്ടു ഭേദ്യമായിരിക്കുന്ന തമസ്സു സ്ഥിതമായിരിക്കും വിഷയത്തിങ്കൽ അദ്രികൾ കൂടെ സൂചിക്കപ്പെടുന്നില്ല. സ്മരൻ അനക്ഷിപദങ്ങളായിരിക്കുന്ന ൟ മനസ്സുകളിൽ എങ്ങിനെയൊ ബാണങ്ങളെ ക്ഷെപിച്ചു.

പരിഭാഷാ—സൂച്യന്തം=സൂചിയുടെ അന്തം- സൂചി=സൂചി എന്ന ശബ്ദം- അന്തം=അഗ്രം- ഭേദ്യം=ഭേദിക്കപ്പെടുവാൻ ശക്യം- ഭേദിക്ക=പിളൎക്കുക- തമസ്സ=ഇരുട്ട-സ്ഥിതം=സ്ഥിതിചെയ്തത- സ്ഥിതിചെയ്ക=നില്ക്ക- അദ്രികൾ=പൎവ്വതങ്ങൾ- സൂചിക്ക=അറിക- സ്മരൻ=കാമദെവൻ- അനക്ഷിപദങ്ങൾ=അക്ഷിപദങ്ങളല്ലാത്തവ- അക്ഷിപദങ്ങൾ=അക്ഷികളുടെപദങ്ങൾ- അക്ഷികൾ=കണ്ണുകൾ- പദങ്ങൾ=സ്ഥാനങ്ങൾ- ബാണങ്ങൾ=ശരങ്ങൾ- ക്ഷെപിക്ക=പ്രയൊഗിക്ക-

൯൭. അഥഹിമശീകരജാലംകാരംവിസ്താരയഞ്ഛശീകരജാലം।
അശനൈരന്വിതതാരസ്സ്ഫുടതാംഭുവനത്രയെസ്മരന്വിതതാര॥

അന്വയം—അഥ (അ) ശശീ (ന-പു-പ്ര-ഏ) ഹിമശീകരജാലംകാരം-കരജാലം (അ-ന-ദ്വി-ഏ) വിസ്താരയൻ (ത-പു-പ്ര-ഏ) അന്വിതതാരഃ (അ-പു-പ്ര-ഏ) സ്മരൻ (ത-പു-പ്ര-ഏ) ഭുവനത്രയെ (അ-ന-സ-ഏ) സ്ഫുടതാം (ആ-സ്ത്രീ-ദ്വി-ഏ) അശനൈഃ (അ) വിതതാര (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അനന്തരം ശശി ഹിമശീകരജാലംകാരമായിരിക്കുന്ന കരജാലത്തെ വിസ്താരയന്നായി അന്വിതതാരനായി സ്മരന്നായിട്ടു ഭുവനത്രയത്തിങ്കൽ സ്ഫുടതയെ വെഗെന വിതരിച്ചു.

പരിഭാഷാ—ശശി=ചന്ദ്രൻ- ഹിമശീകരജാലംകാരം=ഹിമശീകരജമായിരിക്കുന്ന അലംകാരത്തൊടു കൂടിയത- ഹിമശീകരജം=ഹിമശീകരങ്ങളിൽ നിന്നു ജനിച്ചത- ഹിമശീകരങ്ങൾ=ഹിമത്തിന്റെ ശീകരങ്ങൾ- ഹിമം=മഞ്ഞ- ശീകരങ്ങൾ=കണങ്ങൾ-

അലംകാരം=ശോഭാ- കരജാലം=കരങ്ങളുടെ ജാലം- കരങ്ങൾ=രശ്മികൾ- ജാലം=സമൂഹം- വിസ്താരയൻ=വിസ്താരിച്ചിയങ്ങുന്നവൻ- വിസ്താരിക്ക=പരത്തുക- അന്വിതതാരൻ=അന്വിതകളായിരിക്കുന്ന താരകളോടുകൂടിയവൻ- അന്വിതകൾ=അനുഗതകൾ- (പിന്നാലെ ഗതിയോടുകൂടിയവ) താരകൾ=നക്ഷത്രങ്ങൾ- സ്ഫുരൻ=സ്ഫുരിച്ചിയങ്ങുന്നവൻ- സ്ഫുരിക്ക=പ്രകാശിക്ക- ഭുവനത്രയം=ഭുവനങ്ങളുടെത്രയം- ഭുവനങ്ങൾ=ലൊകങ്ങൾ- ത്രയം=മൂന്ന- സ്ഫുടതാ=പ്രകാശം- വിതരിക്ക=ദാനംചെയ്ക-

൯൯. അഭവത്സാകൌമുദ്യാജന്യേതജിതാമൃതാംഭസാകൌമുദ്യാ।
അജനിചശംകുമുദസ്യപ്രമദാമുമുദെചമാനശംകുമുദസ്യ॥

അന്വയം—യാ (യച്ഛ-സ്ത്രീ-പ്ര-ഏ) ജിതാമൃതാംഭസാ (സ-സ്ത്രീ-തൃ-ഏ) കൌമുദ്യാ (ഈ-സ്ത്രീ-തൃ-ഏ) ജന്യേത (ലിങ്-ആ-പ-പ്ര-പു-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) മുൽ (ദ-സ്ത്രീ-പ്ര-ഏ) കൌ (ഉ-സ്ത്രീ-സ-ഏ) അഭവൽ (ലങ്-പ-പ-പ്ര-പു-ഏ) കുമുദസ്യ (അ-പു-ഷ-ഏ) ശം (അ) അജനി (ലുങ്-ആ-പ-പ്ര-പു-ഏ) ച (അ) പ്രമദാ (ആ-സ്ത്രീ-പ്ര-ഏ) മാനശംകും (ഉ-പു-ദ്വി-ഏ) ഉദസ്യ (ല്യ-അ) മുമുദെ (ലിട്-ആ-പ-പ്ര-പു-ഏ) ച (അ)

അന്വയാത്ഥം—യാതൊന്ന ജിതാമൃതാംഭസ്സായിരിക്കുന്ന കൌമുദിയാൽ ജനിപ്പിക്കപ്പെട്ടുവൊ ആ മുത്ത കുവിങ്കൽ ഭവിച്ചു. കുമുദത്തിന്ന സുഖം ജനിക്കുകയും ചെയ്തു. പ്രമദാ മാനശംകുവിനെ ഉദസിച്ചിട്ടു മൊദിക്കുകയും ചെയ്തു.

പരിഭാഷാ—യാതൊന്ന=യാതൊരുമുത്ത- ജിതാമൃതാംഭസ്സ=ജിതമായിരിക്കുന്ന അമൃതാംഭസ്സൊടുകൂടിയത- ജിതം=ജയിക്കപ്പെട്ടത- അമൃതാംഭസ്സ=അമൃതജലം- കൌമുദി=നിലാവ- ജനിപ്പിക്ക=ഉണ്ടാക്കുക- മുത്ത=സന്തൊഷം-കു=ഭൂമി- കുമുദം=ആമ്പൽപൂവ- പ്രമദാ=മദവതിയായിരിക്കുന്ന സ്ത്രീ- മാനശംകു=മാനമാകുന്ന ശംകു- മാനം=ഈൎഷ്യാ കൊപം- ശംകു=കുററി- ഉദസിക്ക=ഉദ്ധരിക്ക- മൊദിക്ക=സന്തൊഷിക്ക-

൧൦൦. തസ്ഥൌനെയാഭിഃപ്രമദാഭിഃപൂൎവ്വമസൂനസമാനെയാഭിഃ।
ഉദിതെരുദ്ധൊപെതാഭിൎന്നാഭാവിവിലാസിനീഭിരുദ്ധൊപെതാഭിഃ॥

അന്വയം—പൂൎവ്വം (അ) യാഭിഃ (യച്ഛ-സ്ത്രീ-തൃ-ബ) പ്രമദാഭിഃ_അസൂനസമാനെയാഭിഃ (ആ-സ്ത്രീ-തൃ-ബ) മാനെ (അ-പു-സ-ഏ) തസ്ഥൌ (ലിട്-ആ-പ-പ്ര-പു-ഏ) താഭിഃ (തച്ഛ-സ്ത്രീ-തൃ-ബ) വിലാസിനീഭിഃ (ഇ-സ്ത്രീ-തൃ-ബ) ഉദ്ധുപെ-ഉദിതെ (അ-പു-സ-ഏ) രുദ്ധൊപെതാഭിഃ (ആ-സ്ത്രീ-തൃ-ബ) ന (അ) അഭാവി

(ലുങ്-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—മുമ്പെ യാവചിലരാൽ പ്രമദകളായി അ സുസമാനെയകളായിട്ട മാനത്തിങ്കൽ സ്ഥിതിചെയ്വു എന്നുള്ളതു ണ്ടായിയൊ ആ വിലാസിനികളാൽ ഉഡുപൻ ഉദിതനായിരി ക്കും വിഷയത്തിങ്കൽ രുഡുപെതകളായി ഭവിപ്പു എന്നുള്ളതുണ്ടാ യില്ല.

പരിഭാഷാ—പ്രമദകൾ=പ്രകൃഷ്ടമായിരിക്കുന്ന മദത്തൊടുകൂ ടിയവർ-പ്രകൃഷ്ടം=വൎദ്ധിച്ചത- മദം=ഗൎവ്വം- അസുസമാനെയ കൾ=അസുസമന്മാരാൽ അനെയകൾ- അസുസമന്മാർ=പ്രാ ണസമന്മാർ- (ഭൎത്താക്കന്മാർ) അനെയകൾ=നെയകളല്ലാത്ത വർ- നെയകൾ=നയിക്കപ്പെടുവാൻ ശക്യകൾ- നയിക്ക=പ്രാ പിപ്പിക്ക- മാനം=ഈൎഷ്യാകൊപം- വിലാസിനികൾ=സ്ത്രീകൾ- ഉഡുപൻ=ചന്ദ്രൻ- ഉദിതൻ=ഉദിച്ചവൻ- രുഡുപെതകൾ=രു ട്ടൊടുകൂടിയവർ- രുട്ട=കൊപം-

൫൰൫. ശശിധാമസ്വരാമാഭിഃപ്രസൃതെഷ്വഥപാതുമുത്തമസു രാമാഭിഃ। അധ്യാരുരുഹെലതയാസമതനുഭിൎഹൎമ്മ്യഭൂമിരുരുഹെലത യാ॥

അന്വയം—ലതയാ (ആ-സ്ത്രീ-തൃ-ഏ) സമതനുഭിഃ (ഉ- സ്ത്രീ-തൃ-ബ) ആഭിഃ(ഇദംശ-സ്ത്രീ-തൃ-ബ) രാമാഭിഃ (ആ-സ്ത്രീ- തൃ-ബ) ശശിധാമസു (ന-ന-സ-ബ) പ്രസൃതെഷു (അ-ന- സ-ബ) അഥ (അ) ഉത്തമസുരാം (ആ-സ്ത്രീ-ദ്വി-ഏ) പാതും (തുമു-അ) ഉരുഹെലതയാ (ആ-സ്ത്രീ-തൃ-ഏ) ഉപലക്ഷിതാഭിഃ- ഹൎമ്മ്യഭൂമിഃ (ഇ-പു-തൃ-ഏ) അധ്യാരുരുഹെ (ലിട്-ആ-പ-പ്ര- പു-ഏ).

അന്വയാൎത്ഥം—ലതയൊടു തുല്യതനുക്കളായിരിക്കുന്ന ഈ രാമ കളാൽ ശശിധാമങ്ങൾ പ്രസൃതങ്ങളായിരിക്കും വിഷയത്തിങ്ക ൽ അനന്തരം ഉത്തമസുരയെ പാനംചെയ്യാനായിക്കൊണ്ടു ഉരു ഹെലതയൊട ഉപലക്ഷിതകളായിട്ട ഹൎമ്മ്യഭൂമി അധ്യാരൊഹിക്ക പ്പെട്ടു.

പരിഭാഷാ—ലതാ=വള്ളി- തുല്യതനുക്കൾ=തുല്യയായിരിക്കുന്ന തനുവൊടുകൂടിയവർ-തനു=ശരീരം_രാമകൾ=സ്ത്രീകൾ-ശശിധാ മങ്ങൾ=ചന്ദ്രരശ്മികൾ- പ്രസൃതങ്ങൾ=പ്രസരിച്ചവ- പ്രസ രിക്ക=വ്യാപിക്ക- ഉത്തമസുരാ=ഉത്തമയായിരിക്കുന്ന സുരാ- ഉ ത്തമാ=ശ്രെഷ്ഠാ-സുരാ=മദ്യം_ പാനംചെയ്ക=കുടിക്ക- ഉരുഹെല താ=ഉരുഹെലകളാവു എന്നുള്ളത- ഉരുഹെലകൾ=ഉരുക്കളായിരി

ക്കുന്ന ഹേലകളോടു കൂടിയവ- ഉരുക്കൾ=ബഹുക്കൾ- ഹേലകൾ=ശൃംഗാരചേഷ്ടാവിശേഷങ്ങൾ- ഉപലക്ഷിതകൾ=യുക്തകൾ- ഹർമ്മ്യഭൂമി=പ്രാസാദപൃഷ്ഠം- (മാളികപ്പുറം) അധ്യാരോഹിക്ക=കരേറുക-

൧൦൨. അഥമധുകരകാന്തേഭ്യഃക്ഷരിതം ചഷകാന്തരേഷുകരകാന്തേഭ്യഃ। പപുരപശങ്കാമധുതാവധ്വഃസാർദ്ധംപ്രിയൈർഭൃശം കാമധുതാഃ॥

അന്വയം—അഥ (അ) ഭൃശം (അ) കാമധുതാഃ (ആ-സ്ത്രീ-പ്ര-ബ) താഃ (തദ്-സ്ത്രീ-ദ്വി-ബ) വധ്വഃ (ഊ-സ്ത്രീ-പ്ര-ബ) അപശങ്കാഃ (ആ-സ്ത്രീ-പ്ര-ബ) പ്രിയൈഃ (അ-പു-തൃ-ബ) സാർദ്ധം (അ) മധുകരകാന്തേഭ്യഃ-കരകാന്തേഭ്യഃ (അ-പും-പ-ബ) ചഷകാന്തരേഷു (അ-ന-സ-ബ) ക്ഷരിതം (അ-ന-ദ്വി-ഏ) മധു (ഉ-ന-ദ്വി-ഏ) പപുഃ (ലിട്-പ-പ-പ്ര-പു-ഏ).

അന്വയാർത്ഥം—അനന്തരം ഏററവും കാമധുതകളായിരിക്കുന്ന ആ വധുക്കൾ അപശങ്കകളായിട്ടു പ്രിയന്മാരോടുകൂടെ മധുകരകാന്തങ്ങളായിരിക്കുന്ന കരകാന്തങ്ങളിൽനിന്നു ചഷകാന്തരങ്ങളിൽ ക്ഷരിതമായിരിക്കുന്ന മധുവിനെ പാനം ചെയ്തു.

പരിഭാഷ—കാമധുതകൾ=കാമത്താൽധുതകൾ- ധുതകൾ=ഇളക്കപ്പെട്ടവർ-വധുക്കൾ=സ്ത്രീകൾ- അപശങ്കകൾ=ശങ്കയോടു കൂടാത്തവർ- പ്രിയന്മാർ=ഭർത്താക്കന്മാർ- മധുകരകാന്തങ്ങൾ=മധുകരങ്ങൾ ഹേതുവായിട്ടു കാന്തങ്ങൾ-മധുകരങ്ങൾ=വണ്ടുകൾ-കാന്തങ്ങൾ=മനോഹരങ്ങൾ- കരകാന്തങ്ങൾ=കരകങ്ങൾതന്നെ- (അന്തശബ്ദം സ്വരൂപവചനമാകുന്നു) കരകങ്ങൾ=കിണ്ടികൾ- ചഷകാന്തരങ്ങൾ=ചഷകങ്ങളുടെ അന്തരങ്ങൾ- ചഷകങ്ങൾ=പാനപാത്രങ്ങൾ- അന്തരങ്ങൾ=ഉള്ളുകൾ-ക്ഷരിതം=ക്ഷരിപ്പിക്കപ്പെട്ടത-ക്ഷരിപ്പിക്ക=വീഴ്ത്തുക-മധു=മദ്യം-പാനംചെയ്ക= കുടിക്ക.

൧൦൩. വദനഗതാംസച്ഛായാംവാരുണ്യാംവീക്ഷ്യബിംബിതാംസച്ഛായാം। അഭൂവന്നിന്ദാവന്തസ്തരുണീസംഘാഃക്ഷണേനനിന്ദാവന്തഃ॥

അന്വയം—തരുണീസംഘാഃ (അ-പു-പ്ര-ബ) സച്ഛായായാം (ആ-സ്ത്രീ-സ-ഏ) വാരുണ്യാം (ഈ-സ്ത്രീ-സ-ഏ) ബിംബിതാം-വദനഗതാം -സച്ഛായാം (ആ-സ്ത്രീ-ദ്വി-ഏ) വീക്ഷ്യ (ല്യ-അ) അന്തഃ (അ) ക്ഷണേന (അ-പു-തൃ-ഏ) ഇന്ദൌ (ഇ-പു-സ-ഏ) നിന്ദാവന്തഃ (ത-പു-പ്ര-ബ) അഭൂവൻ (ലിങ്-പ-പ-പ്ര-പു-ബ).

അന്വയാർത്ഥം—തരുണീസംഘങ്ങൾ സ്വച്ഛയായിരിക്കുന്ന വാരുണിയിങ്കൽ ബിംബിതയായി വദനഗതയായിരിക്കുന്ന സ്വച്ഛായയെ വീക്ഷിച്ചിട്ടു അന്തർഭാഗത്തിങ്കൽ ക്ഷണംകൊണ്ടു ഇന്ദുവിങ്കൽ നിന്ദാവത്തുകളായി ഭവിച്ചു.

പരിഭാഷാ—തരുണീസംഘങ്ങൾ=സ്ത്രീസമൂഹങ്ങൾ- സ്വച്ഛാ=തെളിവോടു കൂടിയതു- വാരുണീ=മദ്യം-ബിംബിതാ=ബിംബിച്ചതു- ബിംബിക്ക=പ്രതിബിംബിക്ക- വദനഗതാ=വദനത്തെഗതാ- വദനം=മുഖം-ഗതാ=വ്യാപ്താ-(മുഖത്തിങ്കൽഎല്ലാപ്രദേശങ്ങളിലുമുള്ളതെന്നുസാരം) സ്വച്ഛായാ=തങ്ങളുടെഛായാ-ഛായാ=കാന്തി-വീക്ഷിക്ക=കാണുക- അന്തർഭാഗം=മനസ്സു- ക്ഷണം=അല്പകാലം- ഇന്ദു=ചന്ദ്രൻ- നിന്ദാവത്തുകൾ=നിന്ദയുള്ളവർ-

൧൦൪. സാദീപ്രാപാനേനപ്രാപാനേനപ്രഥീയസീംമദവികൃതിം। ഊഢാസ്സ്വൈരംകാന്തൈസ്സ്വൈരംകാന്തൈർവ്വിലാസിനീനാംപങ്ക്തിഃ॥

അന്വയം—ദീപ്രാ (ആ-സ്ത്രീ-പ്ര-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) വിലാസിനീനാം (ഈ-സ്ത്രീ-ഷ-ബ) പങ്ക്തിഃ (ഇ-സ്ത്രീ-പ്ര-ഏ) അനേന (ഇദംശ-ന-തൃ-ഏ) പാനേന (അ-ന-തൃ-ഏ) പ്രഥീയസീം (ഈ-സ്ത്രീ-ദ്വി-ഏ) മദവികൃതിം (ഇ-സ്ത്രീ-ദ്വി-ഏ) പ്രാപ (ലിട്ട്-പ-പ-പ്ര-പു-ഏ) കാന്തൈഃ-സ്വൈഃ-അംകാന്തൈഃ (അ-പു-തൃ-ബ) സ്വൈരം (ക്രി-വി) ഊഢാ (ആ-സ്ത്രീ-പ്ര-ഏ)-

അന്വയാർത്ഥം—ദീപ്രയായിരിക്കുന്ന ആ വിലാസിനികളുടെ പങ്ക്തി ഈ പാനം ഹേതുവായിട്ടു പ്രഥീയസിയായിരിക്കുന്ന മദവികൃതിയെ പ്രാപിച്ചു. കാന്തന്മാരാൽ സ്വങ്ങളായിരിക്കുന്ന അംകാന്തങ്ങൾ കൊണ്ടു സ്വൈരമാകുംവണ്ണം ഊഢയായിട്ടും ഭവിച്ചു.

പരിഭാഷാ—ദീപ്രാ=ദീപ്തിയോടുകൂടിയതു- ദീപ്തി=കാന്തിവിസ്താരം- വിലാസിനികൾ=സ്ത്രീകൾ- പങ്ക്തി=സമൂഹം- പാനം=മദ്യപാനം-പ്രഥീയസീ=ഏററവുംപൃഥു- പൃഥു=വർദ്ധിച്ചതു-മദവികൃതി= മദംഹേതുവായിട്ടുള്ളവികൃതി_മദം=മദ്യലഹരി-വികൃതി=വികാരം- കാന്തന്മാർ=ഭർത്താക്കന്മാർ-സ്വങ്ങൾ=തങ്ങളെസംബന്ധിച്ചവ-അംകാന്തങ്ങൾ=അംകമദ്ധ്യങ്ങൾ(മടിയുടെമദ്ധ്യപ്രദേശങ്ങൾ) സ്വൈരം=യഥേഷ്ടം- ഊഢാ=വഹിക്കപ്പെട്ടതു-വഹിക്ക=ഭരിക്കുക.

൧൦൫. അഥതരസാരാമാസ്സുദ്വിരേഫമേനർവ്വീംവികൃഷ്യസാ

രാമാസു। അമുചൽസാകംപഞ്ചസ്മരശ്ശരാനകരൊദഞ്ജസാകംപ
ഞ്ചം॥

അന്വയം—അഥ (അ) സ്മരഃ (അ-പു-പ്ര-ഏ) തരസാ (അ) സാരാം (ആ-സ്ത്രീ-ദ്വി-ഏ) ദ്വിരെഫമൌർവ്വീം (ംരം-സ്ത്രീ-ദ്വി-ഏ) വികൃഷ്യ (ല്യ-അ) ആസു (ഇദംശ-സ്ത്രീ-സ-ബ) രാമാസു (ആ-സ്ത്രീ-സ-ബ) പഞ്ച (സം-ശ-പു-ദ്വി-ബ) ശരാൻ (അ-പു-ദ്വി-ബ) സാകം (അ) അമുചൽ (ലുങ്-പ-പ-പ്ര-പു-ഏ) അഞ്ജസാ (അ) കംപം (അ-പു-ദ്വി-ഏ) അകരൊത (ലങ്-ആ-പ-പ്ര-പു-ഏ) ച (അ)-

അന്വയാൎത്ഥം—അനന്തരം സ്മരൻ പൊട്ടുന്നവെ സാരയായിരിക്കുന്ന ദ്വിരെഫമൌർവ്വിയെ വികൎഷിച്ചിട്ട ംരം രാമകളിൽ അഞ്ച ശരങ്ങളെ ഒരുമിച്ചു മൊചിച്ചു. പൊട്ടുന്നവെ കംപത്തെ ഉണ്ടാക്കുകയും ചെയ്തു.

പരിഭാഷാ—സ്മരൻ=കാമദെവൻ. സാരാ=ബലവതി. (വലിച്ചാൽ മുറിയാത്തത) ദ്വിരെഫമൌർവ്വീ=ദ്വിരെഫമയിയായിരിക്കുന്ന മൌർവ്വീ. ദ്വിരെഫമയീ=ഭൃംഗമയീ (വണ്ടുകൾകൊണ്ട നിൎമ്മിക്കപ്പെട്ടത) മൌർവ്വീ=ഞാണ—വികൎഷിക്ക=വലിക്ക— രാമകൾ=സ്ത്രീകൾ— ശരങ്ങൾ=അസ്ത്രങ്ങൾ—മൊചിക്ക=പ്രയൊഗിക്ക— കംപം=വിറയൽ.

൩൦. അധികമിഹാസകലെനപ്രൊത്തസ്ഥെപ്രലപിതെന ഹാസകലെന। വവൃധെമാരൊപ്യന്തസ്ത്രീയഃപ്രിയൈസ്തദനുശയനമാരൊപ്യന്ത॥

അന്വയം—ഇഹ (അ) അസകലെന-ഹാസകലെന-പ്രലപിതെന (അ-ന-തൃ-ഏ) അധികം (ക്രി-വി) പ്രൊത്തസ്ഥെ (ലിട്ട-ആ-പ-പ്ര-പു-ഏ) അന്തഃ (അ) മാരഃ (അ-പു-പ്ര-ഏ) വവൃധെ (ലിട്ട-ആ-പ-പ്ര-പു-ഏ) അപി (അ) തദനു (അ) സ്ത്രീയഃ (ംരം-സ്ത്രീ-പ്ര-ഏ) പ്രിയൈഃ(അ-പു-തൃ-ബ) ശയനം (അ-ന-ദ്വി-ഏ) ആരൊപ്യന്ത (ലങ്-ആ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—ഇവരിൽ അസകലമായി ഹാസകലമായിരിക്കുന്ന പ്രലപിതത്താൽ അധികമാകുംവണ്ണം പ്രൊത്ഥാനം ചെയ്ത എന്നുള്ളതുണ്ടായി. അന്തൎഭാഗത്തിങ്കൽ മാരൻ വൎദ്ധിക്കുകയും ചെയ്തു. അനന്തരം സ്ത്രീകൾ പ്രിയന്മാരാൽ ശയനത്തെ ആരൊപിക്കപ്പെട്ടു.

പരിഭാഷാ—ഇവർ=സ്ത്രീകൾ. അസകലം=അസംപൂൎണ്ണം— (തികയാത്തത-) ഹാസകലം=ഹാസംഹെതുവായിട്ട കലം— ഹാ

സം=ചിരി-കലം=മനോഹരം. പ്രലപിതം= അനൎത്ഥകവാക്കു പ്രൊത്ഥാനം ചെയ്ക=പുറപ്പെടുക-അന്തൎഭാഗം=മനസ്സ- മാരൻ= കാമദേവൻ-പ്രിയന്മാർ=ഭൎത്താക്കന്മാർ- ശയനം=ശയ്യാ- ആരോപിക്ക=കരെറ്റുക-

൧൦൭. അഭജ്യത രാഗോ ഹൃദയം സ്ത്രീണാമഭവച്ചകമിതുരാഗോഹൃദയം। അഹരത രാമാവാസസ്സോപിതതോഭാന്നതഭ്രുവാമാവാസഃ॥

അന്വയം.—രാഗഃ (അ-പു-പ്ര-ഏ) സ്ത്രീണാം (ഈ-സ്ത്രീ-ഷ-ബ) ഹൃദയം (അ-ന-ദ്വി-ഏ) അഭജ്യത (ലങ്-ആ-പ-പ്ര-പു-ഏ) അയം (ഇദംശ-പു-പ്ര-ഏ) കമിതുഃ (ഋ-പു-ഷ-ഏ) ആഗോഹൃത് (ത-പു-പ്ര-ഏ) അഭവൽ (ലങ്-പ-പ-പ്ര-പു-ഏ) ച (അ) രാമാ (ആ-സ്ത്രീ-പ്ര-ഏ) വാസഃ (സ-ന-ദ്വി-ഏ) അഹരത (ലങ്-ആ-പ-പ്ര-പു-ഏ) തതഃ (അ) സഃ (തച്ഛ-പു-പ്ര-ഏ) നതഭ്രുവാം (ഊ-സ്ത്രീ-പ്ര-ഏ) ആവാസഃ (അ-പു-പ്ര-ഏ) അഭാൽ (ലങ്-പ-പ-പ്ര-പു-ഏ) അപി (അ)-

അന്വയാൎത്ഥം—രാഗം സ്ത്രീകളുടെ ഹൃദയത്തെ ഭജിച്ചു. ഇത കമിതാവിന്റെ ആഗോഹൃത്തായി ഭവിക്കുകയും ചെയ്തു. രാമാ വാസസ്സിനെ ഹരിച്ചു. അനന്തരം ആ നതഭ്രൂക്കളുടെ ആവാസം ശോഭിക്കുകയും ചെയ്തു.

പരിഭാഷാ—രാഗം=അനുരാഗം- ഭജിക്ക=ആശ്രയിക്ക-ഇത= രാഗം- കമിതാവ=ഭൎത്താവ- ആഗോഹൃത്ത=ആഗസ്സിനെ ഹരിച്ചുത, ആഗസ്സ=അപരാധം- ഹരിക്ക=നശിപ്പിക്ക- രാമാ=സ്ത്രീ- വാസസ്സ=വസ്ത്രം- ഹരിക്ക=അഴിക്ക- നതഭ്രൂക്കൾ=സുന്ദരിമാർ= ആവാസം=സ്ഥാനം-

൧൦൮. അജനിപുനൎമ്മണിതേനവ്യജായിവീണാരവോപിനൎമ്മണിതേന। വിലലാസദ്രാഗധരഃപീതോപിപ്രിയജനേനസദ്രാഗധരഃ॥

അന്വയം—പുനഃ (അ) മണിതേന (അ-ന-തൃ-ഏ) അജനി (ലുങ്-ആ-പ-പ്ര-പു-ഏ) തേന (തച്ഛ-ന-തൃ-ഏ) നൎമ്മണി (ന-ന-സ-ഏ) വീണാരവഃ (അ-പു-പ്ര-ഏ) അപി (അ) വ്യജായി (ലുങ്-ആ-പ-പ്ര-പു-ഏ) അധരഃ (അ-പു-പ്ര-ഏ) ദ്രാക് (അ) പ്രിയജനേന (അ-പു-തൃ-ഏ) പീതഃ (അ-പു-പ്ര-ഏ) അപി- (അ) സദ്രാഗധരഃ (അ-പു-പ്ര-ഏ) വിലലാസ (ലിട്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അനന്തരം മണിതത്താൽ ജനിപ്പു എന്നുള്ളതുണ്ടായി. അതിനാൽ നൎമ്മത്തിങ്കൽ വീണാരവം കൂടെ ജയിക്കപ്പെട്ടു.

അധരം പൊട്ടുന്നനവെ പ്രിയജനപീതമായി എങ്കിലും സദ്രാഗധരമായിട്ട വിലസിച്ചു.

പരിഭാഷാ—മണിതം=രതികൂജിതം- അത=രതികൂജിതം- നൎമ്മം=ക്രീഡാ- വിണാരവം=വീണാശബ്ദം- അധരം=ചുണ്ടു- പ്രിയജനം=ഇഷ്ടജനം. പീതം=പാനംചെയ്യപ്പെട്ടത-പാനംചെയ്ക=കുടിക്ക. സദ്രാഗധരം=സദ്രാഗത്തെ ധരിക്കുന്നത. സദ്രാഗം=സത്തായിരിക്കുന്ന രാഗം. സത്ത=നല്ലത. രാഗം=രക്തവൎണ്ണം. വിലസിക്ക=ശൊഭിക്ക.

൧൦൯. കൃതകളകളഹസ്താഭിൎവ്വലയൈരകാരിസുരതകലഹസ്താഭിഃ। പുഷ്പംധമ്മില്ലേനപ്രീത്യൈവാവൎഷിബഹുവിധമ്മല്ലേന॥

അന്വയം—വലയെന (അ-പു-തൃ-ഏ) കൃതകളകളഹസ്താഭിഃ (ആ-സ്ത്രീ-തൃ-ബ) താഭിഃ (തദ്-സ്ത്രീ-തൃ-ബ) സുരതകലഹഃ (അ-പു-പ്ര-ഏ) അകാരി (ലുങ്-ആ-പ-പ്ര-പു-ഏ) ധമ്മില്ലേന-മല്ലേന (അ-പു-തൃ-ഏ) പ്രീത്യാ (ഇ-സ്ത്രീ-തൃ-ഏ) ഇവ (അ) ബഹുവിധം (ക്രി-വി) പുഷ്പം (അ-ന-ദ്വി-ഏ) അവൎഷി (ലുങ്-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—വലയത്താൽ കൃതകളകളഹസ്തകളായിരിക്കുന്ന അവരാൽ സുരതകലഹം ചെയ്കപ്പെട്ടു. ധമ്മില്ലമാകുന്ന മല്ലനാൽ പ്രീതി ഹെതുവായിട്ടൊ എന്ന തൊന്നുമാറ ബഹുവിധമാകുംവണ്ണം പുഷ്പം വൎഷിക്കപ്പെട്ടു.

പരിഭാഷാ—വലയം=വള. കൃതകളകളഹസ്തകൾ=കൃതകളകളങ്ങളായിരിക്കുന്ന ഹസ്തങ്ങളൊടു കൂടിയവർ. കൃതകളകളങ്ങൾ=കൃതമായിരിക്കുന്ന കളകളത്തൊടുകൂടിയവ. കൃതം=ഉണ്ടാക്കപ്പെട്ടത. കളകളം=കളകളശബ്ദം. ഹസ്തങ്ങൾ=കൈകൾ. അവർ=സ്ത്രീകൾ. സുരതകലഹം=സംഭൊഗയുദ്ധം- ധമ്മില്ലം=സംയതകചം. (കെട്ടപ്പെട്ട തലമുടി) മല്ലൻ=യൊദ്ധാവ- പ്രീതി=സന്തൊഷം. ബഹുവിധം=ബഹുപ്രകാരം- പുഷ്പം=പൂവു-

൧൧൦. അധരിതസാരവതാളംരെണെവലയെനരത്നസാരവതാലം। സാദ്ധ്യംരൊമാവലിഭിസ്ത്രീണാംപ്രണനൎത്തകുചഭരൊമാവലിഭിഃ॥

അന്വയം—രത്നസാരവതാ (ത-പു-തൃ-ഏ) സ്ത്രീണാം (ംരം-പു-ഷ-ബ) വലയെന (അ-പു-തൃ-ഏ) അധരിതസാരവതാളം (ക്രി-വി) അലം (അ) രെണെ (ലിട്-ആ-പ-പ്ര-പു-ഏ) കുചഭരഃ (അ-പു-പ്ര-ഏ) രൊമാവലിഭിഃ (ഇ-സ്ത്രീ-തൃ-ബ) സാദ്ധ്യം (അ) വലിഭിഃ (ഇ-സ്ത്രീ-തൃ-ബ) അമാ-ച (അ) പ്രണനൎത്ത (ലി

ട്ട-പ-പ-(പ്ര-പു-ഏ)·

അന്വയാൎത്ഥം—രത്നസാരവത്തായിരിക്കുന്ന സ്ത്രീകളുടെ വലയത്താൽ അധരിതസാരവതാളമാകുംവണ്ണം ഏററവുംരണിപ്പൂ എന്നുള്ളതുണ്ടായി-കുചഭരംരൊമാവലികളൊട്ടു കൂടിയും വലികളൊട്ടു കൂടിയും പ്രണൎത്തിച്ചു-

പരിഭാഷാ—രത്നസാരവത്ത=രത്നസാരങ്ങളുള്ളത-രത്നസാരങ്ങൾ=നല്ലരത്നങ്ങൾ- വലയം=വള-അധരിതസാരവതാളം=അധരിതമായിരിക്കുന്ന സാരവതാളത്തൊടു കൂടിയത- അധരിതം=അധരമാക്കപ്പെട്ടത- അധരം=താഴെ ഉള്ളത- സാരവതാളം= സാരവമായിരിക്കുന്ന താളം- സാരവം=ആരവത്തൊടു കൂടിയത- ആരവം=ശബ്ദം- രണിക്ക=ശബ്ദിക്ക- കുചഭരം= സ്തനഭാരം- വലികൾ=ഉദരരെഖകൾ- പ്രണൎത്തിക്ക=അധികമായി ഇളകുക-

൬൭. ച്യുതപരമാകല്പാനാംരതിരഭസാൽസുഭ്രുവാംരമാകല്പാനാംരുചിമധികാമംഗലതാന്നിന്യെസ്വെദാംഭസ്സാനികാമംഗളതാ॥

അന്വയം—രതിരഭസാൽ (അ-പു-പ-ഏ) ച്യുതപരമാകല്പാനാം- രമാകല്പാനാം- (ആ-സ്ത്രീ-ഷ-ബ) സുഭ്രുവാം (ഊ-സ്ത്രീ-ഷ-ബ) അംഗലതാ (ആ-സ്ത്രീ-പ്ര-ഏ) നികാമം (അ) ഗളതാ (ത-ന-തൃ-ഏ) സ്വെദാംഭസാ (സ-ന-തൃ-ഏ) അധികാം (ആ-സ്ത്രീ-ദ്വി-ഏ) രുചിം (ഇ-സ്ത്രീ-ദ്വി-ഏ) നിന്യെ- (ലിട്ട-ആ-പ-(പ്ര-പു-ഏ)·

അന്വയാൎത്ഥം—രതിരഭസം ഹെതുവായിട്ടു ച്യുതപരമാകല്പകളായി രമാകല്പകളായിരിക്കുന്ന സുഭ്രുക്കളുടെ അംഗലതാ ഏററവും ഗളത്തായിരിക്കുന്ന സ്വെദാംഭസ്സിനാൽ അധികയായിരിക്കുന്ന രുചിയെ നയിക്കപ്പെട്ടു·

പരിഭാഷാ—രതിരഭസം=രതിവെഗം- ച്യുതപരമാകല്പകൾ = ച്യുതമായിരിക്കുന്ന പരമാകല്പത്തൊടു കൂടിയവർ- ച്യുതം=ഭ്രഷ്ടം- പരമാകല്പം=പരമമായിരിക്കുന്ന ആകല്പം- പരമം=ശ്രെഷ്ഠം- ആകല്പം=വെഷം- രമാകല്പകൾ=രമയൊടു തുല്യകൾ- രമാ=ശ്രീഭഗവതി- സുഭ്രുക്കൾ=സുന്ദരിമാർ- അംഗലതാ= പ്രശസ്തമായിരിക്കുന്ന അംഗം- പ്രശസ്തം=നല്ലത- അംഗം=ശരീരം- ഗളത്ത= ഗളിച്ചിറങ്ങുന്നത- ഗളിക്ക=സ്രവിക്ക- സ്വെദാംഭസ്സ= വിയൎപ്പുവെള്ളം- രുചി=ശൊഭാ- നയിക്ക=പ്രാപിപ്പിക്ക·

൬൮. വിഗാഢനാനാമാല്യസ്സുരൽകബെയ്യാസഹാംഗനാനാമാളി। പൈതുരുപരിരംഭാണാംസമൊരവപ്പ്രെയസാംസപരിരംഭാണാം॥

അന്വയം—രംഭാണാം (ആ-സ്ത്രീ-ഷ-ബ) സമൊരവഃ (ഉ-പു-പ്ര-ബ) അംഗനാനാം (ആ-സ്ത്രീ-ഷ-ബ) ആള്യഃ (ഇ-സ്ത്രീ-പ്ര-ബ) സപരിരംഭാണാം (അ-പു-ഷ-ബ) പ്രെയസാം (സ-പു-ഷ-ബ) ഉപരി (അ) വിഗളന്നാനാമാല്യസ്ഫുരൽകബൎയ്യാ (ഈ-സ്ത്രീ-തൃ-ഏ) സഹ (അ) പെതുഃ (ലിട്ട-പ-പ-പ്ര-പു-ബ)

അന്വയാൎത്ഥം—രംഭകൾക്കു സമൊരുക്കളായിരിക്കുന്ന അംഗനമാരുടെ ആളികൾ സപരിരംഭന്മാരായിരിക്കുന്ന പ്രെയാന്മാരുടെ ഉപരിഭാഗത്തിങ്കൽ വിഗളന്നാനാമാല്യസ്ഫുരൽകബരിയൊടു കൂടെ പതിച്ചു.

പരിഭാഷ—രംഭകൾ=വാഴകൾ- സമൊരുക്കൾ= സമങ്ങളായിരിക്കുന്ന ഊരുക്കളൊടു കൂടിയവ- സമങ്ങൾ=തുല്യങ്ങൾ- ഊരുക്കൾ=തുടകൾ- അംഗനമാർ=സ്ത്രീകൾ- ആളികൾ=സമൂഹങ്ങൾ- സപരിരംഭന്മാർ=പരിരംഭത്തൊടു കൂടിയവർ- പരിരംഭം=ആലിംഗനം- പ്രെയാന്മാർ=ഭൎത്താക്കന്മാർ- ഉപരിഭാഗം=മുകൾ- വിഗളന്നാനാമാല്യസ്ഫുരൽകബരീ= വിഗളന്നാനാമാല്യയായിരിക്കുന്ന സ്ഫുരൽകബരി- വിഗളന്നാനാമാല്യാ=വിഗളത്തുകളായിരിക്കുന്ന നാനാമാല്യങ്ങളൊടു കൂടിയത- വിഗളത്തുകൾ= വിഗളിച്ചിയങ്ങുന്നവ- വിഗളിക്ക=വീഴുക- നാനാമാല്യങ്ങൾ= അനെകങ്ങളായിരിക്കുന്ന മാല്യങ്ങൾ- അനെകങ്ങൾ=ബഹുക്കൾ- മാല്യങ്ങൾ=മാലകൾ- സ്ഫുരൽകബരീ=സ്ഫുരന്തിയായിരിക്കുന്ന കബരീ- സ്ഫുരന്തീ=സ്ഫുരിച്ചിയങ്ങുന്നത- സ്ഫുരിക്ക=വിശെഷെണ ശൊഭിക്ക- കബരീ=തലമുടി- പതിക്ക=വീഴുക.

൧൧൩. താസാംസുരതാന്താനാംലൊചനപത്മൈഃസ്മരപ്രസരതാന്താനാം। യാവദമീലിനെന പ്രബൊധിതാഃപ്രാഗ്ഗിരാവമീലീനെന॥

അന്വയം—സുരതാന്താനാം-സ്മരപ്രസരതാന്താനാം (ആ-സ്ത്രീ-ഷ-ബ) താസാം (തച്ഛ-സ്ത്രീ-ഷ-ബ) ലൊചനപത്മൈഃ (അ-പു-പ്ര-ബ) യാവൽ (അ) അമീലി (ലുങ്-ആ-പ-പ്ര-പു-ഏ) താവൽ-പ്രാഗ്ഗിരൌ (ഇ-പു-സ-ഏ) ലീനെന-ഇനെന (അ-പു-തൃ-ഏ) അമീ (അദംശ-പു-പ്ര-ബ) പ്രബൊധിതാഃ (അ-പു-പ്ര-ബ).

അന്വയാൎത്ഥം—സുരതാന്തകളായി സ്മരപ്രസരതാന്തകളായിരിക്കുന്ന ഇവരുടെ ലൊചനപത്മങ്ങളാൽ യാതൊരു കാലത്തിങ്കൽ മിലനംചെയ്യു എന്നുള്ളതുണ്ടായിയൊ ആ കാലത്തിങ്കൽ പ്രാഗ്ഗിരിയിങ്കൽ ലീനനായിരിക്കുന്ന ഇനനാൽ ഇതുകൾ പ്രബൊ

ധിതങ്ങളായി ഭവിച്ചു.

പരിഭാഷാ—സുരതാന്തകൾ=ശോഭനമായിരിക്കുന്ന രതാന്തത്തൊടു കൂടിയവർ. രതാന്തം=രതത്തിന്റെ അന്തം. രതം=സംഭോഗം. അന്തം=അവസാനം. സ്മരപ്രസരതാന്തകൾ=സ്മരപ്രസരം ഹെതുവായിട്ടു താന്തകൾ. സ്മരപ്രസരം=സ്മരന്റെ പ്രസരം. സ്മരൻ=കാമദെവൻ. പ്രസരം=പ്രവൃദ്ധി. താന്തകൾ=തളൎന്നവർ. അവർ=സ്ത്രീകൾ. ലൊചനപത്മങ്ങൾ=ലൊചനങ്ങളാകുന്ന പത്മങ്ങൾ. ലൊചനങ്ങൾ=കണ്ണുകൾ. പത്മങ്ങൾ=താമരപ്പൂക്കൾ. മീലനംചെയ്ക=കൂമ്പുക. പ്രാഗ്ഗിരി=ഉദയപൎവ്വതം. ലീനൻ=പററിയവൻ. ഇനൻ=ആദിത്യൻ. ഇതുകൾ=ലൊചനപത്മങ്ങൾ. പ്രബൊധിതങ്ങൾ= പ്രബൊധിപ്പിക്കപ്പെട്ടവ. പ്രബൊധിപ്പിക്ക=വിടൎത്തുക.

൧൮. ഹിത്വാവരവിധ്വസ്താംചിരോഷിതാംകുമുദിനീംനവരവിധ്വസ്താം। നളിനീമളിനാമോഘായയുരുപകാരെപിമഹതിമളിനാമോഘാഃ॥

അന്വയം—അളിനാം (ന-പു-ഷ-ബ) ഓഘാഃ (അ-പു-പ്ര-ബ) ചിരോഷിതാം-വരവിധ്വസ്താം-നവരവിധ്വസ്താം (ആ-സ്ത്രീ-ദ്വി-ഏ) കുമുദിനീം (ഈ-സ്ത്രീ-ദ്വി-ഏ) ഹിത്വാ (ക്ത്വാ-അ) നളിനീം (ഈ-സ്ത്രീ-ദ്വി-ഏ) യയുഃ (ലിട്ട-പ-പ-പ്ര-പു-ബ) ഉപകാരെ (അ-പു-സ-ഏ) മഹതി (ത-പു-സ-ഏ) അപി (അ) മളിനാഃ-മോഘാഃ (അ-പു-പ്ര-ബ).

അന്വയാൎത്ഥം—അളികളുടെ ഓഘങ്ങൾ ചിരോഷിതയായി വരവിധ്വസ്തയായി നവരവിധ്വസ്തയായിരിക്കുന്ന കുമുദിനിയെ ഉപെക്ഷിച്ചിട്ടു നളിനിയെ യാനംചെയ്തു. ഉപകാരം മഹത്തായിരിക്കും വിഷയത്തിങ്കലും മളിനന്മാർ മൊഘന്മാരായി ഭവിക്കുന്നു.

പരിഭാഷാ—അളികൾ=വണ്ടുകൾ. ഓഘങ്ങൾ=സമൂഹങ്ങൾ. ചിരോഷിതാ=പലരെകാലം ഉഷിതാ. ഉഷിതാ=വസിക്കപ്പെട്ടത. വസിക്ക=വാസസ്ഥാനമായിട്ടനുഭവിക്ക. വരവിധ്വസ്താ=വരനായിരിക്കുന്ന വിധുവിനാൽ അസ്താ. വരൻ=ശ്രെഷ്ഠൻ. (ഭൎത്താവ എന്നുമുണ്ടു) വിധു=ചന്ദ്രൻ. അസ്താ=അസിക്കപ്പെട്ടത. അസിക്ക=ഉപെക്ഷിക്ക. നവരവിധ്വസ്താ=നവരവിയാൽ ധ്വസ്താ. നവരവി=ബാലാദിത്യൻ. ധ്വസ്താ=ധ്വംസിക്കപ്പെട്ടത. ധ്വംസിക്ക=ക്ഷയിപ്പിക്ക. കുമുദിനീ=ആമ്പൽപൊയ്ക. നളിനീ=താമരപ്പൊയ്ക. യാനംചെയ്ക=പ്രാപിക്ക. മഹത്തു=വലുതാ

യിരിക്കുന്നത. മലിനന്മാർ=നീചന്മാർ. (കറുത്തവരെന്നുമുണ്ട.) മൊഘന്മാർ=നിഷ്ഫലന്മാർ. (പ്രത്യുപകാരത്തെ ചെയ്യാത്തവർ)

൧൧൫. പ്രമദാദധ്യുർവ്വിപദംവിരഹമയീമകൃതതാവദധ്യുർവ്വിപദം। സപദിസവിത്രംശുചയഃസമാപയൻജപവിധിംപവിത്രംശുചയഃ॥

അന്വയം—പ്രമദാഃ (ആ-സ്ത്രീ-പ്ര-ബ) വിരഹമയീം (ഈ-സ്ത്രീ-ദ്വി-ഏ) വിപദം (ദ-സ്ത്രീ-ദ്വി-ഏ) ദധ്യുഃ (ലിട്ട-പ-പ-പ്ര-പു-ബ) താവൽ സപദി-(അ) സവിത്രംശുചയഃ (അ-പു-പ്ര-ഏ) അധ്യുർവ്വി (അ) പദം (അ-ന-ദ്വി-ഏ) അകൃത (ലുങ്-ആ-പ-പ്ര-പു-ഏ) ശുചയഃ (ഇ-പു-പ്ര-ബ) പവിത്രം (അ-പു-ദ്വി-ഏ) ജപവിധിം (ഇ-പു-ദ്വി-ഏ) സമാപയൻ (ലങ്-പ-പ-പ്ര-പു-ബ).

അന്വയാർത്ഥം—പ്രമദകൾ വിരഹമയിയായിരിക്കുന്ന വിപത്തിനെ ധ്യാനിച്ചു. അപ്പൊൾ പൊട്ടുന്നനവെ സവിത്രംശുചയം ഉർവ്വിയിങ്കൽ പദത്തെ ചെയ്തു. ശുചികൾ പവിത്രമായിരിക്കുന്ന ജപവിധിയെ സമാപ്തമാക്കി.

പരിഭാഷാ—പ്രമദമാർ=സ്ത്രീകൾ. വിരഹമയീ=വിരഹസ്വരൂപാ. വിപത്ത=ആപത്ത. ധ്യാനിക്ക=ചിന്തിക്ക. സവിത്രംശുചയം=സവിതാവിന്റെ അംശുചയം. സവിതാവ=ആദിത്യൻ. അംശുചയം=രശ്മിസമൂഹം. ഉർവ്വി=ഭൂമി. പദം=സ്ഥാനം. ശുചികൾ=ശുദ്ധന്മാർ. പവിത്രം=ശുദ്ധികരം. ജപവിധി=ജപക്രിയാ.

൧൧൬. ഇതിപുനരവദാതെനെസമയെസഹജിഷ്ണുനാദരവദാതെന। ക്രീഡാംസരസിജനെത്രസ്സ്വൈരംസലിലെവനെചസരസിജനെത്രഃ॥

അന്വയം—സരസിജനെത്രഃ (അ-പു-പ്ര-ഏ) ഇതി-പുനഃ (അ) അവദാതെനെ-സമയെ (അ-പു-സ-ഏ) ജിഷ്ണുനാ (ഉ-പു-തൃ-ഏ) സഹ (അ) സരസിജനെ (അ-ന-സ-ഏ) അത്ര (അ) സലിലെ-വനെ (അ-ന-സ-ഏ) ച (അ) ക്രീഡാം (ആ-സ്ത്രീ-ദ്വി-ഏ) ആദരവൽ-സ്വൈരം (ക്രി-വി) ആതെനെ (ലിട്ട-ആ-പ-പ്ര-പു-ഏ).

അന്വയാർത്ഥം—സരസിജനെത്രൻ ഇപ്രകാരം പിന്നെയും അവദാതെന്നമായിരിക്കുന്ന സമയത്തിങ്കൽ ജിഷ്ണുവിനൊട കൂടെ സരസിജനമായിരിക്കുന്ന ഇവിടെ സലിലത്തിങ്കലും വനത്തിങ്കലും ക്രീഡയെ ആദരവത്തായിട്ടും സ്വൈരമായിട്ടുമാകുംവണ്ണം ചെയ്തു.

പരിഭാഷാ—സരസിജനെത്രൻ= ശ്രീകൃഷ്ണൻ- അവദാതെനം=അവദാതനായിരിക്കുന്ന ഇനനൊടു കൂടിയത- അവദാതൻ-സിതൻ-(വെളുത്തനിറത്തൊടുകൂടിയവൻ)ഇനൻ=ആദിത്യൻ- ജിഷ്ണു=അൎജ്ജുനൻ- സരസിജനം=രസിജനങ്ങളൊടു കൂടിയത- രസിജനങ്ങൾ=രസികജനങ്ങൾ- സലിലം=ജലം-വനം=കാട- ക്രീഡാ=കളി- ആദരവത്ത=ആദരത്തൊടു കൂടിയത- സ്വൈരം=യഥെഷ്ടം.

൧൧൦. സ്വാവെഗകംപികച്ഛവിഃപികച്ഛവിഃപരിഭ്രമൻ। അവാപ്പുവാൻസമാരസംസമാരസംസമച്യുതഃ॥

അന്വയം—സമാരസംസൽ (ദ-പു-പ്ര-ഏ) പികച്ഛവിഃ (ഇ-പു-പ്ര-ഏ)അച്യുതഃ(അ-പു-പ്ര-ഏ) സ്വാവെഗകംപികച്ഛവിഃ(ഇ-പു-പ്ര-ഏ) പരിഭ്രമൻ (ത-പു-പ്ര-ഏ)സമാ(അ)രസം (അ-പു-ദ്വി-ഏ) അവാപ്പുവാൻ (ത-പു-പ്ര-ഏ).

അന്വയാൎത്ഥം—സമാരസംസത്തായി പികച്ഛവിയായിരിക്കുന്ന അച്യുതൻ സ്വാവെഗകംപികച്ഛവിയായി പരിഭ്രമനായിട്ടു എല്ലാസമയവും രസത്തെ അവാപ്പുവാനായി ഭവിച്ചു.

പരിഭാഷാ—സമാരസംസത്ത=മാരസംസത്തൊടു കൂടിയവൻ- മാരസംസത്ത=ഭാൎയ്യാസമൂഹം- പികച്ഛവി=പികത്തിന്റെ ഛവിപൊലെ ഇരിക്കുന്ന ഛവിയൊടു കൂടിയവൻ- പികം=കുയില- ഛവി=ശൊഭാ- അച്യുതൻ=ശ്രീകൃഷ്ണൻ- സ്വാവെഗകംപികച്ഛവി=സ്വാവെഗകംപികളായിരിക്കുന്ന കച്ഛവികളൊടു കൂടിയവൻ- സ്വാവെഗകംപികൾ=തന്റെ വെഗം ഹെതുവായിട്ടു കംപിക്കുന്നവ- കംപിക്ക=ഇളകുക-കച്ഛവികൾ=കച്ഛത്തിങ്കലെ വികൾ- കച്ഛം= ജലപ്രായപ്രദെശം-വികൾ= പക്ഷികൾ-പരിഭ്രമൻ=പരിഭ്രമിച്ചിയങ്ങുന്നവൻ- പരിഭ്രമിക്ക=അവിടവിടെ സഞ്ചരിക്ക- രസം=ആനന്ദം- അവാപ്പുവാൻ=അവാപിച്ചവൻ- അവാപിക്ക=പ്രാപിക്ക-

൧൧൧. വധൂജനൈസ്സമന്തതസ്സമന്തതസ്സരിത്തടെ। ചചാരചാരുചാമരൊരുചാമരൊധനഞ്ജയഃ॥

അന്വയം—തതഃ (അ) ചാരുചാമരഃ (അ-പു-പ്ര-ഏ) രുചാ (ച-സ്ത്രീ-പ്ര-ഏ) അമരഃ (അ-പു-പ്ര-ഏ) ധനഞ്ജയഃ (അ-പു-പ്ര-ഏ) വധൂജനൈഃ (അ-പു-തൃ-ബ) സമം (അ) സരിത്തടെ (അ-ന-സ-ഏ) സമന്തതഃ (അ) ചചാര (ലിട്-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—അനന്തരം ചാരുചാമരനായി രുക്ക ഹെതു

വായിട്ടു അമരനായിരിക്കുന്ന ധനഞ്ജയൻ വധൂജനങ്ങളോടു കൂടെ സരിത്തടത്തിങ്കൽ എല്ലാപ്രദേശങ്ങളിലും ചരിച്ചു.

പരിഭാഷാ— ചാരുചാമരരുക്=ചാരുക്കളായിരിക്കുന്ന ചാമരങ്ങളോടു കൂടിയവൻ- ചാരുക്കൾ=മനോഹരങ്ങൾ- ചാമരങ്ങൾ=വെൺചാമരങ്ങൾ- രുക്=ശോഭാ- അമരൻ=ദേവൻ- ധനഞ്ജയൻ=അൎജ്ജുനൻ- വധൂജനങ്ങൾ=ഭാൎയ്യമാർ- സരിത്തടം=സരിത്തിന്റെ തടം- സരിത്=നദീ- തടം=വക്ക- ചരിക്ക=സഞ്ചരിക്ക-

൧൫൦. ഉഭാവപിപ്രഭാവിനൌദിവീവസുപ്രഭാവിന്ദ്രൌ|ചിരംരിരംസയാസയോഷിതൌസരിത്തടേസമുഷിതൌ||

അന്വയം—പ്രഭാവിനൌ (ന-പു-പ്ര-ദ്വി) ഉഭൌ (സം-ശ-പു-പ്ര-ദ്വി) അപി (അ) രിരംസയാ (ആ-സ്ത്രീ-തൃ-ഏ) സയോഷിതൌ (ത-പു-പ്ര-ദ്വി) ദിവി (വ-സ്ത്രീ-സ-ഏ) സുപ്രഭൌ-ഇന്ദ്രൌ (അ-പു-പ്ര-ദ്വി) ഇവ (അ) സരിത്തടേ (അ-ന-സ-ഏ) ചിരം (അ) ഉഷിതൌ (അ-പു-പ്ര-ദ്വി)

അന്വയാൎത്ഥം—പ്രഭാവികളായിരിക്കുന്ന ഇരുവരും രിരംസ ഹേതുവായിട്ടു സയോഷിത്തുകളായിട്ടു ദിവിങ്കൽ വൎത്തമാനന്മാരായി സുപ്രഭന്മാരായിരിക്കുന്ന ഇന്ദ്രന്മാരോ എന്നു തോന്നുമാറു സരിത്തടത്തിങ്കൽ വളരെക്കാലം ഉഷിതന്മാരായി.

പരിഭാഷാ—പ്രഭാവികൾ=പ്രഭാവമുള്ളവർ- പ്രഭാവം=പ്രതാപം- ഇരുവർ=കൃഷ്ണാൎജ്ജുനന്മാർ-രിരംസാ=രമിപ്പാനായിക്കൊണ്ടുള്ള ഇച്ഛാ- രമിക്ക=ക്രീഡിക്ക- സയോഷിത്തുകൾ=യോഷിത്തുകളോടു കൂടിയവർ- യോഷിത്തുകൾ=സ്ത്രീകൾ- ദിവ=ആകാശം-വൎത്തമാനന്മാർ= വൎത്തിച്ചിരിക്കുന്നവർ- വൎത്തിക്ക=വസിക്ക-സുപ്രഭന്മാർ=ശോഭനയായിരിക്കുന്ന പ്രഭയോടു കൂടിയവർ- പ്രഭാ=കാന്തി- ഇന്ദ്രന്മാർ=ആദിത്യന്മാർ- സരിത്തടം=സരിത്തിന്റെ തടം- സരിത്=നദീ-തടം=വക്ക- ഉഷിതന്മാർ=വസിച്ചവർ-വസിക്ക=ഇരിക്ക-

ഇതി വാസുദേവാപരനാമകരാമാനന്ദനാഥപണ്ഡിതപാരശവേന്ദ്രകൃതെ യുധിഷ്ഠിരവിജയവ്യാഖ്യായാം ബാലപ്രബോധന്യാം ദ്വിതീയ ആശ്വാസഃ.

YUDHISHTDHIRA VIJAYAM POEM.

സവ്യാഖ്യാനേ യുധിഷ്ഠിരവിജയകാവ്യേ തൃതീയാശ്വാസപ്രാരംഭഃ

൧. അഥതൈൎഭാസുരതരസൈഃകൃഷ്ണൈരനുഭൂതവല്ലഭാസുരതരസൈഃ ഖാണ്ഡവമായതനാഗംവനമാവിഷ്ടൈൎവിഹംഗമായതനാഗം॥

അന്വയം — അഥ (അ) ഭാസുരതരസൈഃ (സ-പു-പ്ര-ബ) അനുഭൂതവല്ലഭാസുരതരസൈഃ (അ-പു-പ്ര-ബ) തൈഃ (തച്ഛ-പു-പ്ര-ബ) കൃഷ്ണൈഃ (അ-പു-പ്ര-ബ) ആയതനാഗം-വിഹംഗമായതനാഗം- ഖാണ്ഡവം- വനം (അ-ന-ബ-ഏ) ആവിഷ്ടൈഃ (അ-പു-പ്ര-ബ)-

അന്വയാൎത്ഥം — അനന്തരം ഭാസുരതരസ്സുകളായി അനുഭൂതവല്ലഭാസുരതരസന്മാരായിരിക്കുന്ന ആ കൃഷ്ണന്മാർ ആയതനാഗമായി വിഹംഗമായതനാഗമായിരിക്കുന്ന ഖാണ്ഡവമാകുന്ന വനത്തെ ആവിഷ്ടന്മാരായി.

പരിഭാഷാ — ഭാസുരതരസ്സുകൾ= ഭാസുരമായിരിക്കുന്ന തരസ്സോടു കൂടിയവർ- ഭാസുരം=ശോഭനം- തരസ്സ=ബലം- അനുഭൂതവല്ലഭാസുരതരസന്മാർ=അനുഭൂതമായിരിക്കുന്ന വല്ലഭാസുരതരസത്തോടു കൂടിയവർ- അനുഭൂതം=അനുഭവിക്കപ്പെട്ടത-വല്ലഭാസുരതരസം=വല്ലഭമാരുടെ സുരതരസം- വല്ലഭമാർ= ഇഷ്ടഭാൎയ്യമാർ- സുരതരസം=സംഭോഗ സുഖം- കൃഷ്ണന്മാർ= വാസുദെവാൎജ്ജുനന്മാർ- ആയതനാഗം=ആയതങ്ങളായിരിക്കുന്ന നാഗത്തോടു കൂടിയത- ആയതങ്ങൾ=ദീൎഘങ്ങൾ- നാഗങ്ങൾ= സൎപ്പങ്ങൾ- വിഹംഗമായതനാഗം=വിഹംഗമായതനങ്ങളായിരിക്കുന്ന അഗങ്ങളോടു കൂടിയത- വിഹംഗമായതനങ്ങൾ= വിഹംഗമങ്ങളുടെ ആയതനങ്ങൾ- വിഹംഗമങ്ങൾ=പക്ഷികൾ- ആയതനങ്ങൾ=വാസസ്ഥാനങ്ങൾ- അഗങ്ങൾ=വൃക്ഷങ്ങൾ- ഖാ

ണ്ഡവം=ഖാണ്ഡവമെന്ന പെരൊടു കൂടിയത- വനം=കാട- ആവിഷ്ടന്മാർ=ആവെശിച്ചവർ- ആവെശിക്ക=പ്രാപിക്ക-

൫. തസ്യചപാപിഹിതസ്യക്രൂരസ്യവനസ്യപാദപാപിഹിതസ്യ। ഹൃദിബദ്ധക്ഷോഭാഭ്യാംജഗദ്ധിതാൎത്ഥം ദധെദിധക്ഷൊഭാഭ്യാം॥

അന്വയം—ഹൃദി (അ-ന-സ-ഏ) ബദ്ധക്ഷോഭാഭ്യാം- ഉഭാഭ്യാം (അ-പു-തൃ-ദ്വി) ജഗദ്ധിതാൎത്ഥം (ക്രി-വി) പാപിഹിതസ്യ-ക്രൂരസ്യ-പാദപാപിഹിതസ്യ(അ-ന-ഷ-ഏ)തസ്യ (തച്ഛ-ന-ഷ-ഏ) വനസ്യ (അ-ന-ഷ-ഏ) ദിധക്ഷാ (ആ-സ്ത്രീ-പ്ര-ഏ) ദധെ (ലിട്ട-ആ-പ-പ്ര-പു-ഏ) ച (അ).

അന്വയാൎത്ഥം—ഹൃദയത്തിങ്കൽ ബദ്ധക്ഷോഭന്മാരായിരിക്കുന്ന ഇരുവരാലും ജഗദ്ധിതത്തിന്നായിക്കൊണ്ടു പാപിഹിതമായി ക്രൂരമായി പാദപാപിഹിതമായിരിക്കുന്ന ആ വനത്തിന്റെ ദിധക്ഷാ ധരിക്കപ്പെട്ടുകയും ചെയ്തു.

പരിഭാഷാ—ഹൃദയം=മനസ്സ- ബദ്ധക്ഷോഭന്മാർ= ബദ്ധമായിരിക്കുന്ന ക്ഷോഭത്തൊടു കൂടിയവർ- ബദ്ധം= ബന്ധിക്കപ്പെട്ടത- ബന്ധിക്ക=സ്ഥിരപ്പെടുത്തുക- ക്ഷോഭം=സഞ്ചലനം- ഇരുവർ=കൃഷ്ണാൎജ്ജുനന്മാർ- ജഗദ്ധിതം=ലൊകഹിതം- പാപിഹിതം=പാപികൾക്ക ഹിതം- ക്രൂരം=ഭയംകരം- പാദപാപിഹിതം=പാദപങ്ങളാൽ അപിഹിതം- പാദപങ്ങൾ=വൃക്ഷങ്ങൾ- അപിഹിതം=മറക്കപ്പെട്ടത- വനം=കാട- ദിധക്ഷാ=ഭസ്മമാക്കുവാനായിക്കൊണ്ടുള്ള ഇഛാ.

൬. അധികതമൊദാത്താഭ്യാംദൎശനമഗ്നിൎദ്ദധൌചമൊദാത്താഭ്യാം। ദഗ്ദ്ധുംദാവന്ദാരൂപെതമയാചച്ചതൌതദാവന്ദാരൂ॥

അന്വയം—അഗ്നിഃ (ഇ-പു-പ്ര-ഏ) മൊദാൽ (അ-പു-പ-ഏ) അധികതമൊദാത്താഭ്യാം (അ-പു-ച-ദ്വി) താഭ്യാം (തച്ഛ-പു-ച-ദ്വി) ദൎശനം (അ-ന-ദ്വി-ഏ) ദധൌ(ലിട്ട-പ-പ-പ്ര-പു-ഏ) ച (അ) തദാ (അ) വന്ദാരൂ (ഉ-പു-ദ്വി-ദ്വി) തൌ (തച്ഛ-പു-ദ്വി-ദ്വി) ദാരൂപെതം-ദാവം (അ-പു-ദ്വി-ഏ) ദഗ്ദ്ധും (തുമു-അ) അയാചൽ (ലങ്-പ-പ-പ്ര-പു-ഏ) ച (അ).

അന്വയാൎത്ഥം—അഗ്നി മൊദം ഹെതുവായിട്ടു അധികതമൊദാത്തന്മാരായിരിക്കുന്ന അവൎക്കായിക്കൊണ്ടു ദൎശനത്തെ ധരിക്കുകയും ചെയ്തു. അപ്പൊൾ വന്ദാരുക്കളായിരിക്കുന്ന അവരൊട ദാരൂപെതമായിരിക്കുന്ന ദാവത്തെ ദഹിപ്പാനായിക്കൊണ്ടു യാചിക്കുകയും ചെയ്തു.

പരിഭാഷ — മോദം=സന്തോഷം- അധികതമോദാത്തന്മാർ= ഏററവും അധികം ഉദാത്തന്മാർ- ഉദാത്തന്മാർ= മഹാസത്വാദിഗുണസമ്പന്നന്മാർ- അവർ=കൃഷ്ണാർജ്ജുനന്മാർ- ദർശനം=ആവിർഭാവം- (പ്രത്യക്ഷമാക എന്ന അവസ്ഥാ) വന്ദാരുക്കൾ= വന്ദിച്ചവർ- അവർ=കൃഷ്ണാർജ്ജുനന്മാർ- ദാരുപൈതം=ദാരുക്കളോടു കൂടിയത- ദാരുക്കൾ=കാഷ്ഠങ്ങൾ- (ഉണങ്ങിയ മരങ്ങൾ) ദാവം=കാട- ദഹിക്ക=ഭസ്മമാക്കുക- യാചിക്ക=പ്രാർത്ഥിക്ക.

൪. വിപിനമിദംവിലസദ്ഭിർബ്ബഹുപ്രകാരൈൎദ്ദുരാസദംവിലസദ്ഭിഃ। സുരപതിരക്ഷതിമത്തസ്തക്ഷകസഖ്യാൽസദൈവരക്ഷതി മത്തഃ॥

അന്വയം — വിലസദ്ഭിഃ (ത-പു-തൃ-ബ) ബഹുപ്രകാരൈഃ (അ-പു-തൃ-ബ) വിലസദ്ഭിഃ (ദ-പു-തൃ-ബ) ദുരാസദം (അ-ന-ദ്വി-ഏ) ഇദം (ഇദംശ-ന-ദ്വി-ഏ) വിപിനം (അ-ന-ദ്വി-ഏ) സുരപതിഃ (ഇ-പു-പ്ര-ഏ) തക്ഷകസഖ്യാൽ (അ-ന-പ-ഏ) അക്ഷതിമത്തഃ-മത്തഃ (തസി-അ) സദാ-ഏവ (അ) രക്ഷതി (ലട്ട-പ-പ-പ്ര-പു-ഏ).

അന്വയാർത്ഥം — വിലസത്തുകളായി ബഹുപ്രകാരങ്ങളായിരിക്കുന്ന വിലസത്തുകൾ ഹേതുവായിട്ട ദുരാസദമായിരിക്കുന്ന ഈ വിപിനത്തെ സുരപതി തക്ഷകസഖ്യം ഹേതുവായിട്ട അക്ഷതിമാനായിരിക്കുന്ന എങ്കൽനിന്ന സർവ്വകാലത്തിങ്കൽ തന്നെ രക്ഷിക്കുന്നു.

പരിഭാഷ — വിലസത്തുകൾ=വിലസിച്ചിയങ്ങുന്നവ- വിലസിക്ക=വിശേഷേണ ശോഭിക്ക- ബഹുപ്രകാരങ്ങൾ=ബഹുവിധങ്ങൾ- വിലസത്തുകൾ=സർപ്പങ്ങൾ- ദുരാസദം=ദുഃഖെന ആസദിക്കപ്പെടുന്നത- ആസദിക്ക=പ്രാപിക്ക- വിപിനം=വനം- സുരപതി=ഇന്ദ്രൻ- തക്ഷകസഖ്യം=തക്ഷകന്റെ സഖ്യം- തക്ഷകൻ=തക്ഷകനെന്നമഹാസർപ്പം- സഖ്യം=സഖിത്വം- അക്ഷതിമാൻ=ക്ഷതിമാനല്ലാത്തവൻ- ക്ഷതിമാൻ=നഷ്ടൻ- (നശിച്ചവൻ-) സർവ്വകാലം=സർവ്വസമയം-

൫. തദ്വൃകഗോമായുവയോരംകുശഗണൈൎഭുജബലാനുഗോമായുവയോഃ। ദ്വിരദവരാഹാരഹിതംവനമശിതുംപ്രാർത്ഥയെവരാഹാരഹിതം॥

അന്വയം — തൽ (അ) അഹം (അസ്മച്ഛ-പ്ര-ഏ) യുവയോഃ (യുഷ്മച്ഛ-ഷ-ദ്വി) ഭുജബലാനുഗഃ (അ-പു-പ്ര-ഏ) വൃകഗോമായുവയോരംകുശഗണൈഃ (അ-പു-തൃ-ഏ) അമാ-ദ്വിരദവരാ

ഹാരഹിതം- വരാഹാരഹിതം-വനം (അ-ന-ദ്വി-ഏ) അശിതും (തുമു-അ) പ്രാൎത്ഥയെ (ലട്ട-ആ-പ-ഉ-പു-ഏ)-

അന്വയാൎത്ഥം—അത ഹെതുവായിട്ട ഞാൻ നിങ്ങളുടെ ഭുജബലാനുഗനായിട്ട വൃകഗൊമായുവയൊരംകുഗണങ്ങളൊടുകൂടെ ദ്വിരദവരാഹാരഹിതമായി വരാഹാരഹിതമായിരിക്കുന്ന വനത്തെ അശിപ്പാനായിക്കൊണ്ട പ്രാൎത്ഥിക്കുന്നു.

പരിഭാഷാ— ഭുജബലാനുഗൻ=ഭുജബലത്തെ അനുഗമിക്കുന്നവൻ- ഭുജബലം=ഭുജങ്ങളുടെബലം- ഭുജങ്ങൾ=കൈകൾ- ബലം=ശക്തി- അനുഗമിക്ക=അനുസരിച്ച ഗമിക്ക- വൃകഗൊമായുവയൊരംകുഗണങ്ങൾ=വൃകഗൊമായുവയൊരംകുക്കളുടെ ഗണങ്ങൾ- വൃകഗൊമായുവയൊരംകുക്കൾ=വൃകങ്ങളും ഗൊമായുക്കളും വയസ്സുകളും രംകുക്കളും- വൃകങ്ങൾ=ചെന്നായ്ക്കൾ- ഗൊമായുക്കൾ=കുറുക്കന്മാർ- വയസ്സുകൾ=പക്ഷികൾ- രംകുക്കൾ=മൃഗവിശെഷങ്ങൾ- ഗണങ്ങൾ=സമൂഹങ്ങൾ- ദ്വിരദവരാഹാരഹിതം=ദ്വിരദവരാഹങ്ങളാൽ അരഹിതം- ദ്വിരദവരാഹങ്ങൾ=ദ്വിരദങ്ങളും വരാഹങ്ങളും- ദ്വിരദങ്ങൾ=ഗജങ്ങൾ- വരാഹങ്ങൾ=പന്നികൾ- അരഹിതം=അത്യക്തം- (ഉപെക്ഷിക്കപ്പെടാത്തത-) വരാഹാരഹിതം=വരാഹാരത്തിനായിക്കൊണ്ടഹിതം- വരാഹാരം=വരമായിരിക്കുന്ന ആഹാരം- വരം=ശ്രെഷ്ഠം- ആഹാരം=ഭക്ഷണം- ഹിതം=അനുകൂലം- (മതിയാകുന്നതെന്നസാരം-) വനം=കാട- അശിക്ക=ഭക്ഷിക്ക- പ്രാൎത്ഥിക്ക=അപെക്ഷിക്ക-

൩൦. ഇത്ഥംസാദരമുക്തഃപ്രതിജജ്ഞെജിഷ്ണുരജ്ജുസാദരമുക്തഃ।
ഹതരിപുരംഹൊമായസ്ഥിതസ്യവനസ്യസത്വരംഹൊമായ॥

അന്വയം—ഇത്ഥം (അ) സാദരം (ക്രി-വി) ഉക്തഃ-ദരമുക്തഃ ഹതരിപുരംഹൊമായഃ (അ-പു-പ്ര-ഏ) ജിഷ്ണുഃ (ഉ-പു-പ്ര-ഏ) സത്വരം (ക്രി-വി) സ്ഥിതസ്യ-വനസ്യ (അ-ന-ഷ-ഏ) ഹൊമായ (അ-പു-ച-ഏ) പ്രതിജജ്ഞെ (ലിട്ട-ആ-പ-പ്ര-ഏ)-

അന്വയാൎത്ഥം—ഇപ്രകാരം സാദരമാകുംവണ്ണം ഉക്തനായി ദരമുക്തനായി ഹതരിപുരംഹൊമായനായിരിക്കുന്ന ജിഷ്ണു സത്വരമാകുംവണ്ണം സ്ഥിതമായിരിക്കുന്ന വനത്തിന്റെ ഹൊമത്തിനായിക്കൊണ്ട പ്രതിജ്ഞയെ ചെയ്തു.

പരിഭാഷാ— സാദരം=ആദരത്തൊടു കൂടിയത- ഉക്തൻ=വചിക്കപ്പെട്ടവൻ- വചിക്ക=പറക- ദരമുക്തൻ=ദരത്തൊടുകൂടാത്തവൻ- ദരം=ഭയം- ഹതരിപുരംഹൊമായൻ=ഹതകളായിരിക്കുന്ന രിപുരംഹൊമായകളൊടു കൂടിയവൻ- ഹതകൾ=ഹനിക്കപ്പെട്ടവ-

ഹനിക്ക=നശിപ്പിക്ക- രിപുരംഹോമായകൾ-രിപുക്കളുടെ രംഹോ
മായകൾ- രിപുക്കൾ=ശത്രുക്കൾ- രംഹോമായകൾ=രംഹസ്സും മാ
യയും- രംഹസ്സ=വെഗം- മായാ=വ്യാജം- ജിഷ്ണു=അൎജ്ജുനൻ-സ
ത്വരം=ത്വരയൊടു കൂടിയത- ത്വരാ=വെഗം- സ്ഫീതം=വൎദ്ധിച്ച
ത- വനം=കാട-ഹോമം=ഭസ്മീകരണം-

൭. ഇഹപവമാനസഖെദംകിഞ്ചനകൃത്യെകരൊതിമാനസഖെ
ദം । മമപുനരാസാദ്യാനിസ്ഥിരാണിശസ്ത്രാണിശരശരാസാദ്യാ
നി॥

അന്വയം—ഹെ പവമാനസഖ (അ-പു-സം-പ്ര-ഏ) ഇഹ (അ) കൃത്യെ (അ-ന-സ-ഏ) ഇദം (ഇദം-ശ-ന-പ്ര-ഏ) മാനസഖെദം (അ-ന-ദ്വി-ഏ) കിഞ്ചന (അ) കരൊതി (ലട്ട-പ-പ-പ്ര-പു-ഏ) മമ (അസ്മച്ഛ-ഷ-ഏ) പുനഃ (അ) സ്ഥിരാണി-ശരശരാസനാദ്യാനി-ശസ്ത്രാണി_ആസാദ്യാനി (അ-ന-പ്ര-ബ)

അന്വയാൎത്ഥം—അല്ലയൊ പവമാനസഖനായുള്ളൊവെ ഈ കൃത്യത്തിങ്കൽ ഇത മാനസഖെദത്തെ അല്പമാകും വണ്ണം ഉണ്ടാക്കുന്നു. ഇനിക്കാകട്ടെ സ്ഥിരങ്ങളായി ശരശരാസനാദ്യങ്ങളായിരിക്കുന്ന ശസ്ത്രങ്ങൾ ആസാദ്യങ്ങളായി ഭവിക്കുന്നു.

പരിഭാഷാ—പവമാനസഖൻ=അഗ്നി- കൃത്യം=കാൎയ്യം-മാനസഖെദം=മനൊദുഃഖം- സ്ഥിരങ്ങൾ=ഉറപ്പൊടുകൂടിയവ- ശരശരാസനാദ്യങ്ങൾ=ശരശരാസനങ്ങൾ തുടങ്ങിയുള്ളവ- ശരശരാസനങ്ങൾ=ശരവും ശരാസനവും- ശരം=അസ്ത്രം-ശരാസനം=വില്ല- ശസ്ത്രങ്ങൾ=ആയുധങ്ങൾ- ആസാദ്യങ്ങൾ=ആസാദിക്കപ്പെടുവാൻ യൊഗ്യങ്ങൾ- ആസാദിക്ക=സംപാദിക്ക-

൮. ഇതിശ്രുത്വമായാചിത്രെഗാണ്ഡിവന്നാമവിവിധമായാചി
ത്രെ। ദൈവതകാൎയ്യംതെനസ്മൃത്വാസാധ്യംരണെധികാൎയ്യന്തെന॥

൯. തസ്മൈചാപന്നഗതഃകൎക്കശമതിഭീഷണംരചാപന്നഗ
തഃ। സഖലുദദാവരുണെനസ്മരദ്ഗുണെനാഹൃതംതദാവരുണെ
ന॥

അന്വയം—ഇതി (അ) ആയാചിത്രെ (ഋ-പു-ച-ഏ) തസ്മൈ (തച്ഛ-പു-ച-ഏ) സഃ (തച്ഛ-പു-പ്ര-ഏ) ഖലു (അ) വിവിധമായാചിത്രെ-രണെ (അ-പു-സ-ഏ) ദൈവതകാൎയ്യം (അ-ന-ദ്വി-ഏ) അധികാൎയ്യന്തെന (അ-പു-തൃ-ഏ) തെന (തച്ഛ-പു-തൃ-ഏ) സാധ്യം (അ-ന-ദ്വി-ഏ) സ്മൃത്വാ (ക്ത്വാ-അ) തദാ (അ) വരുണെന (അ-പു-തൃ-ഏ) ആഹൃതം (അ-ന-ദ്വി-ഏ) അരുണെന-ഗുണെന (അ-പു-തൃ-ഏ) സ്മരൽ (ത-ന-ദ്വി-

ഏ) ശുഭം (അ-ന-ദ്വി-ഏ) നഗതഃ (തസി-അ) കക്കശം (അ-ന-ദ്വി-ഏ) രുചാ (ച-സ്ത്രീ-തൃ-ഏ) പന്നഗതഃ (തസി-അ) അതിഭീഷണം (അ-ന-ദ്വി-ഏ) ഗാണ്ഡീവം (അ-പു-ദ്വി-ഏ) നാമ (അ) ചാപം (അ-ന-ദ്വി-ഏ) ദദൌ (ലിട്ട്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—ഇപ്രകാരം ആയാചിതാവായിരിക്കുന്ന അവനായിക്കൊണ്ടു അവൻ വിവിധമായാചിത്രമായിരിക്കുന്ന രണത്തിങ്കൽ ദൈവതകാൎയ്യത്തെ അധികാൎയ്യന്തനായിരിക്കുന്ന അവനാൽ സാദ്ധ്യമായി സ്മരിച്ചിട്ട അപ്പൊൾ വരുണനാൽ ആഹൃതം അരുണമായിരിക്കുന്ന ഗുണം ഹെതുവായിട്ട സ്ഫുരത്തായി ശുഭമായി നഗത്തെക്കാൾ കക്കശമായി രുക്ക ഹെതുവായി പന്നഗത്തെക്കാൾ അതിഭീഷണമായി ഗാണ്ഡീവമെന്ന പ്രസിദ്ധമായിരിക്കുന്ന ചാപത്തെ ദാനം ചെയ്തു.

പരിഭാഷാ—ആയാചിതാവ=അല്പമാകുംവണ്ണം യാചിച്ചവൻ- യാചിക്ക=അപെക്ഷിക്ക- അവൻ=അൎജ്ജുനൻ- അവൻ=അഗ്നി- വിവിധമായാചിത്രം=വിവിധമായകൾ ഹെതുവായിട്ട ചിത്രം- വിവിധകൾ=പലപ്രകാരമുള്ളവ-ചിത്രം=നാനാവിധം. രണം=യുദ്ധം- ദൈവതകാൎയ്യം=ദെവകാൎയ്യം- അധികാൎയ്യന്തൻ=അധകാരികളുടെ അന്തൻ-അധികാരികൾ=അധികന്മാരായിരിക്കുന്ന അരികൾ- അധികന്മാർ=ബലാധികന്മാർ- അരികൾ=ശത്രുക്കൾ- അന്തൻ=നാശകരൻ- അവൻ=അൎജ്ജുനൻ- സാദ്ധ്യം=സാധിക്കപ്പെടുവാൻ യൊഗ്യം- സ്മരിക്ക=വിചാരിക്ക- വരുണൻ=വരുണനെന്ന ദെവൻ- ആഹൃതം=ആഹരിക്കപ്പെട്ടത. ആഹരിക്ക=കൊണ്ടുവരിക- അരുണം=ചുവന്നത- ഗുണം=ഞാണ- സ്ഫുരത്ത=സ്ഫുരിച്ചിയങ്ങുന്നത- സ്ഫുരിക്ക=ശൊഭിക്ക- ശുഭം=മംഗലകരം-നഗം=പൎവ്വതം- കക്കശം=കഠിനം-രുക്ക=ശൊഭാ- പന്നഗം=സൎപ്പം- അതിഭീഷണം=ഏററവും ഭീഷണം- ഭീഷണം=ഭയംകരം- ചാപം=വില്ല- ദാനംചെയ്ക=കൊടുക്കുക-

൧൦. അശ്വാംസ്താവദ്ധവളാൻസഹശരധിയുഗെനഭാസ്വതാംബദ്ധബലാൻ। സമദൌകപിലസിതെനധ്വജെനയുക്തംരഥംചകപിലസിതെന॥

അന്വയം—സഃ (തച്ഛ-പു-പ്ര-ഏ) താവൽ (അ) ധവളാൻ-ബദ്ധബലാൻ- അശ്വാൻ (അ-പു-ദ്വി-ബ) ഭാസ്വതാ (ത-ന-തൃ-ഏ) ശരധിയുഗെന (അ-ന-ദ്വി-ഏ) സഹ (അ) കപിലസിതെന-കപിലസിതെന-ധ്വജെന (അ-പു-തൃ-ഏ)

യുക്തം (അ-പു-ദ്വി-ഏ) രഥം (അ-പു-ദ്വി-ഏ) ച (അ) ദദൌ (ലിട്ട-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—അവൻ അപ്പൊൾ ധവളങ്ങളായി ബദ്ധബലങ്ങളായിരിക്കുന്ന അശ്വങ്ങളെയും ഭാസ്വത്തായിരിക്കുന്ന ശരധിയുഗത്തൊടു കൂടെ കപിലസിതമായി കപിലസിതമായിരിക്കുന്ന ധ്വജത്തൊടു യുക്തമായിരിക്കുന്ന രഥത്തെയും ദാനംചെയ്തു-

പരിഭാഷാ—അവൻ=വരുണൻ- ധവളങ്ങൾ=വെളുത്തിരിക്കുന്നവ- ബദ്ധബലങ്ങൾ=ബദ്ധമായിരിക്കുന്ന ബലത്തൊടു കൂടിയവ- ബദ്ധം=ബന്ധിക്കപ്പെട്ടത- (വെർപെടാത്തതെന്നുസാരം)ബലം=ശക്തി- അശ്വങ്ങൾ=കുതിരകൾ- ഭാസ്വത്ത=ഭാസ്സുള്ളത- ഭാസ്സ=ശൊഭാ- ശരധിയുഗം=ശരധികളുടെ യുഗം. ശരധികൾ=ആവനാഴികകൾ- (ശരപാത്രങ്ങളാകുന്നു) യുഗം=രണ്ടു- കപിലസിതം=കപിലമായിയും സിതമായിയുമിരിക്കുന്നത- കപിലം=കപിലവൎണ്ണം സിതം=ധവളവൎണ്ണം- കപിലസിതം=കപിഹെതുവായിട്ടു ലസിതം- കപി=വാനരൻ- ലസിതം=ലസിച്ചത- ലസിക്ക=ശൊഭിക്ക- രഥം=തെര- ദാനംചെയ്തു=കൊടുക്കുക-

൫൫. അഭിഭൂതാഖണ്ഡലതദ്ബലതസ്സമനുവെഷ്ടിതാഖണ്ഡലതഃ। ദീപ്തിമഗാദനലൊലംബിഭ്രാണൊഹെതിശതമഗാദനലൊലം॥

അന്വയം—തദനു (അ) അനലഃ (അ-പു-പ്ര-ഏ) അഭിഭൂതാഖണ്ഡലതഃ-തദ്ബലതഃ (തസി-അ) വെഷ്ടിതാഖണ്ഡലതഃ (അ-പു-പ്ര-ഏ) ഹെതിശതം (അ-ന-ദ്വി-ഏ) ബിഭ്രാണഃ (അ-പു-പ്ര-ഏ) അലം (അ) ദീപ്തിം (ഇ-സ്ത്രീ-ദ്വി-ഏ) അഗാൽ (ലുങ്-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—അനന്തരം അനലൻ അഭിഭൂതാഖണ്ഡലമായിരിക്കുന്ന തദ്ബലത്തെ ആശ്രയിച്ചിട്ടു വെഷ്ടിതാഖണ്ഡലതനായി ഹെതിശതത്തെ ബിഭ്രാണനായിട്ടു ഏററവും ദീപ്തിയെ പ്രാപിച്ചു.

പരിഭാഷാ—അനലൻ=അഗ്നി. അഭിഭൂതാഖണ്ഡലം=അഭിഭൂതനായിരിക്കുന്ന ആഖണ്ഡലനൊടു കൂടിയത. അഭിഭൂതൻ=അഭിഭവിക്കപ്പെട്ടവൻ. അഭിഭവിക്ക=തിരസ്കരിക്ക- ആഖണ്ഡലൻ=ദെവെന്ദ്രൻ. തദ്ബലം=അവരുടെബലം- അവർ=കൃഷ്ണാൎജ്ജുനന്മാർ. ബലം=ശക്തി. വെഷ്ടിതാഖണ്ഡലതൻ=വെഷ്ടിതകളായിരിക്കുന്ന അഖണ്ഡലതകളൊടു കൂടിയവൻ. വെ

ഷ്ടിതകൾ=ചുററപ്പെട്ടവ. അഖണ്ഡലതകൾ=അഖണ്ഡകളായി രിക്കുന്ന ലതകൾ. അഖണ്ഡകൾ=ഒട്ടൊഴിയാതെ ഉള്ളവ. ലതകൾ=വള്ളികൾ. ഹേതിശതം=ജ്വാലാസമൂഹം. ബിഭ്രാണൻ=ഭരിച്ചിയങ്ങുന്നവൻ. ദീപ്തി=പ്രകാശാതിശയം.

൧൨. കൃതനിജകക്ഷേമഹതിക്ഷയമെഷ്യതിതക്ഷകസ്യക
ക്ഷേമഹതി। അമുമാരബ്ധാരാവാൻഘനാനുദനോപസഹരിര
ബ്ധാരാവാൻ॥

അന്വയം—കൃതനിജകക്ഷേമഹതി (ക്രി-വി) മഹതി (ത-പു-സ-ഏ) തക്ഷകസ്യ (അ-പു-ഷ-ഏ) കക്ഷെ (അ-പു-സ-ഏ) ക്ഷയം (അ-പു-ദ്വി-ഏ) എഷ്യതി (ത-പു-സ-ഏ) സഃ (ത-പു-പ്ര-ഏ) ഹരിഃ (ഇ-പു-പ്ര-ഏ) ആരബ്ധാരാവാൻ-ഘനാൻ (അ-പു-ദ്വി-ബ) നുദൻ (ത-പു-പ്ര-ഏ) അബ്ധാരാവാൻ (ത-പു-പ്ര-ഏ) അമും (അദം-പു-ദ്വി-ഏ) ആപ (ലിട്ട-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—കൃതനിജകക്ഷേമഹതിയാകുംവണ്ണം മഹത്തായിരിക്കുന്ന തക്ഷകന്റെ കക്ഷം ക്ഷയത്തെ എഷ്യത്തായിരിക്കും വിഷയത്തിങ്കൽ ആ ഹരി ആരബ്ധാരാവങ്ങളായിരിക്കുന്ന ഘനങ്ങളെ നുദന്നായി അബ്ധാരാവാന്നായിട്ട ഇവനെ പ്രാപിച്ചു.

പരിഭാഷാ—കൃതനിജകക്ഷേമഹതി=കൃതയായിരിക്കുന്ന നിജകക്ഷേമഹതിയൊടു കൂടിയത. കൃതാ=ചെയ്യപ്പെട്ടത. നിജകക്ഷേമഹതി=നിജകക്ഷേമത്തിന്റെഹതി. നിജകക്ഷേമം=നിജകന്മാരുടെക്ഷേമം. നിജകന്മാർ=തന്നെസംബന്ധിച്ചിരിക്കുന്നവർ. ക്ഷേമം=രക്ഷാ. ഹതി=നാശം. മഹത്ത=വലുതായിരിക്കുന്നത. കക്ഷം=വനം. ക്ഷയം=നാശം. എഷ്യത്ത=പ്രാപിപ്പാൻ പൊകുന്നത. ഹരി=ഇന്ദ്രൻ. ആരബ്ധാരാവങ്ങൾ=ആരബ്ധങ്ങളായിരിക്കുന്ന ആരാവങ്ങളൊടു കൂടിയവ. ആരബ്ധങ്ങൾ=ആരംഭിക്കപ്പെട്ടവ. ആരാവങ്ങൾ=ശബ്ദങ്ങൾ. ഘനങ്ങൾ=മെഘങ്ങൾ. നുദൻ=നൊദിച്ചിയങ്ങുന്നവൻ. നൊദിക്ക=പ്രെരിക്ക. അബ്ധാരാവാൻ=അബ്ധാരകളുള്ളവൻ. അബ്ധാരകൾ=ജലധാരകൾ. ഇവൻ=അഗ്നി.

൧൩. സ്വബ്ധപതത്രിദശാശംശരഗ്രഹമകൃതാൎജ്ജുനഃപതത്രിദശാശം। രുദ്ധാബ്ദധാരാസ്യാബഹിരെവതതൊഗതാഭവദ്ധാരാസാ॥

അന്വയം—അൎജ്ജുനഃ (ൻ-പു-പ്ര-ഏ) സ്വബ്ധപതത്രിദ

ശാശം-പതത്രിദശാശം-ശരഗൃഹം (അ-ന-ദ്വി-ഏ) അകൃത (ലുങ്-ആ-പ-പ്ര-പു-ഏ) ബദ്ധാരാസാ (ആ-സ്ത്രീ-പ്ര-ഏ) സാ (തച്ഛ-സ്ത്രീ-പ്ര-ഏ) ധാരാ-രുദ്ധാ (ആ-സ്ത്രീ-പ്ര-ഏ) തതഃ (തസി-അ) ബഹിഃ-ഏവ(അ) ഗതാ (ആ-സ്ത്രീ പ്ര-ഏ) അഭവൽ (ലുങ്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അൎജ്ജുനൻ സ്തബ്ധപതത്രിദശാശമായി പതത്രിദശാശമായിരിക്കുന്ന ശരഗൃഹത്തെ ഉണ്ടാക്കി. ബദ്ധാരാസയായിരിക്കുന്ന ആ ധാരാ രുദ്ധയായിട്ട അതിങ്കൽനിന്ന ബഹിൎഭാഗത്തിങ്കൽ തന്നെ ഗതയായി ഭവിച്ചു.

പരിഭാഷാ—സ്തബ്ധപതത്രിദശാശം=സ്തബ്ധപതത്രിയായിരിക്കുന്ന ദശാശത്തോടു കൂടിയത. സ്തബ്ധപതത്രി=സ്തബ്ധങ്ങളായിരിക്കുന്ന പതത്രികളോടു കൂടിയത- സ്തബ്ധങ്ങൾ=സ്തംഭിച്ചവ- പതത്രികൾ=പക്ഷികൾ- ദശാശം=പത്ത ആശകളുടെ സമൂഹം- ആശകൾ=ദിക്കുകൾ- പതത്രിദശാശം=പതന്തിയായിരിക്കുന്ന ത്രിദശാശയോടു കൂടിയത- പതന്തി=പതിച്ചിയങ്ങുന്നത- പതിക്ക=വീഴുക- ത്രിദശാശാ=ത്രിദശന്റെ ആശാ- ത്രിദശൻ=ദേവൻ- (ഇന്ദ്രനെന്നൎത്ഥം) ആശാ=ആഗ്രഹം- ശരഗൃഹം=ശരങ്ങൾകൊണ്ടുള്ള ഗൃഹം- ബദ്ധാരാസാ=ബദ്ധമായിരിക്കുന്ന ആരാസത്തോടു കൂടിയത-ബദ്ധം=വേർപെടാത്തത- ആരാസം=ശബ്ദം-ധാരാ=ജലധാരാ- രുദ്ധാ=രോധിക്കപ്പെട്ടത- രോധിക്ക=തടുക്കുക- അത=ശരഗൃഹം. ബഹിൎഭാഗം=പുറം- ഗതാ=പോയത-

൨൧. തമനല്പനോദകരോധാൽ ക്രോധം വിബുധാധിപോരി|ന്നോദകരോധാൽ । കൃതസന്നാഹബലോഭീരഭസാദാഗച്ഛദൎജ്ജുനാഹവലോഭീ॥

അന്വയം—തമ് (അ) അരിന്നോദകരഃ-വിബുധാധിപഃ (അ-പു-പ്ര-ഏ) അനല്പനോദകരോധാൽ (അ-പു-പ-ഏ) ക്രോധം (അ-പു-ദ്വി-ഏ) അധാൽ (ലുങ്-പ-പ-പ്ര-പു-ഏ) രഭസാൽ (അ-ന-പ-ഏ) കൃതസന്നാഹബലഃ (അ-പു-പ്ര-ഏ) അഭീഃ (ഇം-പു-പ്ര-ഏ) അൎജ്ജുനാഹവലോഭീ (ന-പു-പ്ര-ഏ) ആഗച്ഛൽ (ലങ്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അനന്തരം അരിന്നോദകരനായിരിക്കുന്ന വിബുധാധിപൻ അനല്പനോദകരോധം ഹേതുവായിട്ട ക്രോധത്തെ ധരിച്ചു. വേഗേന കൃതസന്നാഹബലനായി അഭീയായി അൎജ്ജുനാഹവലോഭിയായിട്ട ആഗമിക്കുകയും ചെയ്തു.

പരിഭാഷാ—അരിന്നോദകരൻ=അരിന്നോദത്തെ ചെയ്ക ശീല

മായിട്ടുള്ളവൻ- അരിനൊദം=അരികളുടെ നൊദം- അരികൾ=ശത്രുക്കൾ- നൊദം=നിരാസം- വിബുധാധിപൻ=ഇന്ദ്രൻ-ഘനൊദകരൊധം=ഘനൊദകത്തിന്റെ രൊധം- ഘനൊദകം=മെഘജലം- രൊധം=തടവ- ക്രൊധം=കൊപം- കൃതസന്നാഹബലൻ=കൃതസന്നാഹമായിരിക്കുന്ന ബലത്തൊടു കൂടിയവൻ- കൃതസന്നാഹം= കൃതമായിരിക്കുന്ന സന്നാഹത്തൊടു കൂടിയത- കൃതം=ഉണ്ടാക്കപ്പെട്ടത- സന്നാഹം=ഉത്സാഹം-ബലം=സൈന്യം- അഭീ= ഭീയൊടു കൂടാത്തവൻ- ഭീ=ഭയം- ബലം=സൈന്യം- അൎജ്ജുനാഹവലൊഭീ=അൎജ്ജുനാഹവലൊഭം ഉള്ളവൻ- അൎജ്ജുനാഹവലൊഭം=അൎജ്ജുനാഹവത്തിങ്കൽ ഉള്ള ലൊഭം- അൎജ്ജുനാഹവം= അൎജ്ജുനനൊടു കൂടെ ഉള്ള ആഹവം- ആഹവം= യുദ്ധം- ലൊഭം=ഇച്ഛാ- ആഗമിക്ക=വരിക.

൧൫. വിജിതാവാൎയ്യമരുദ്ഭിശ്ശരനികരൈരശ്വിവസുശിവാൎയ്യമരുദ്ഭിഃ। പ്രാപ്തം തുംഗജവന്തം ജിഗായ ജിഷ്ണുശ്ശതക്രതും ഗജവന്തം॥

അന്വയം— ജിഷ്ണുഃ (ഉ-പു-പ്ര-ഏ) വിജിതാവാൎയ്യമരുദ്ഭിഃ (ത-പു-തൃ-ബ) അശ്വിവസുശിവാൎയ്യമരുദ്ഭിഃ (ധ-പു-തൃ-ഏ) ശരനികരൈഃ (അ-പു-തൃ-ബ) പ്രാപ്തം-തുംഗജവം (അ-പു-ദ്വി-ഏ) ഗജവന്തം (ത-പു-ദ്വി-ഏ) തം (തച്ഛ-പു-ദ്വി-ഏ) ശതക്രതും (ഉ-പു-ദ്വി-ഏ) ജിഗായ (ലിട്ട-പ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം— ജിഷ്ണു വിജിതാവാൎയ്യമരുത്തുകളായി അശ്വിവസുശിവാൎയ്യമരുത്തുകളായിരിക്കുന്ന ശരനികരങ്ങൾ കൊണ്ടു പ്രാപ്തനായി തുംഗജവനായി ഗജവാനായിരിക്കുന്ന ആ ശതക്രതുവിനെ ജയിച്ചു.

പരിഭാഷാ— ജിഷ്ണു=അൎജ്ജുനൻ- വിജിതാവാൎയ്യമരുത്തുകൾ=വിജിതനായി അവാൎയ്യനായിരിക്കുന്ന മരുത്തൊടു കൂടിയവ. വിജിതൻ=ജയിക്കപ്പെട്ടവൻ. അവാൎയ്യൻ= വാൎയ്യനല്ലാത്തത- വാൎയ്യൻ=വാരണം ചെയ്കപ്പെടുവാൻ ശക്യൻ. വാരണം ചെയ്ക=തടുക്കുക- മരുത്ത=വായു. അശ്വിവസുശിവാൎയ്യമരുത്തുകൾ=അശ്വിവസുശിവാൎയ്യമാക്കളെ രൊധിച്ചവ- അശ്വിവസുശിവാൎയ്യമാക്കൾ=അശ്വികളും വസുക്കളും ശിവനും അൎയ്യമാവും. അശ്വികൾ=അശ്വിനീദെവന്മാർ- വസുക്കൾ= അഷ്ടവസുക്കൾ- ശിവൻ=രുദ്രൻ- അൎയ്യമാവ=ആദിത്യൻ- രൊധിക്ക=തടുക്കുക- ശരനികരങ്ങൾ=ശരങ്ങളുടെ നികരങ്ങൾ-ശരങ്ങൾ=അസ്ത്രങ്ങൾ. നികരങ്ങൾ=സമൂഹങ്ങൾ. പ്രാപ്തൻ=പ്രാപിച്ചവൻ. തുംഗജവൻ=തുംഗമായിരിക്കുന്ന ജവത്തൊടു കൂടിയവൻ. തും

ഗം=ഉന്നതം. ജവം=വേഗം. ഗജവാൻ=ഗജമുള്ളവൻ. ശതക്രതു=ഇന്ദ്രൻ.

൫൩. തമന്തസമിദ്ധോമഹിതംസപക്ഷിസംഘംവനംസമിദ്ധോമഹിതം। സലിലംജലദേവപതിന്നെസ്സ്വൈരംവഹ്നിർദ്ദദാഹജളദേവപതിഃ॥

അന്വയം—തമന്ത (അ) സമിദ്ധഃ (അ-പു-പ്ര-ഏ) വഹ്നിഃ (ഇ-പു-പ്ര-ഏ) ജളദേവപതിഃ (ഇ-പു-പ്ര-ഏ) ജലദെ (അ-പു-സ-ഏ) സലിലം (അ-ന-ദ്വി ഏ) വപതി (ത-പു-സ-ഏ) സമിദ്ധോമഹിതം-മഹിതം-സപക്ഷിസംഘം-വനം(അ-ന-ദ്വി-ഏ) സ്വൈരം (ക്രി-വി) ദദാഹ (ലിട്ട്-പ-പ-പ്ര-പു-ഏ).

അന്വയാർത്ഥം—അനന്തരം സമിദ്ധനായിരിക്കുന്ന വഹ്നി ജളദേവപതിയായിട്ട ജലദംസലിലത്തെ വപത്തായിരിക്കും വിഷയത്തിങ്കൽ സമിദ്ധോമഹിതമായി മഹിതമായി സപക്ഷിസംഘമായിരിക്കുന്ന വനത്തെ സ്വൈരമാകുംവണ്ണം ഭസ്മമാക്കി-

പരിഭാഷാ—സമിദ്ധൻ=വഴിപോലെഇദ്ധൻ- ഇദ്ധൻ=ദീപ്തൻ- വഹ്നി=അഗ്നി- ജളദേവപതി=ജളനായിരിക്കുന്ന ദേവപതിയൊട്ട കൂടിയവൻ- ജളൻ=അശക്തൻ- ദേവപതി=ഇന്ദ്രൻ- ജലദം=മേഘം- സലിലം=ജലം- വപത്ത=വപിച്ചിയങ്ങുന്നത- വപിക്ക=വർഷിക്ക- സമിദ്ധോമഹിതം= സമിദ്ധോമമെന്നപോലെ ഹിതം- സമിദ്ധോമം=സമിത്തുകളുടെ ഹോമം-സമിത്തുകൾ=ചമതകൾ- ഹിതം=ഇഷ്ടം- മഹിതം=വലുതായിരിക്കുന്നത-സപക്ഷിസംഘം=പക്ഷിസംഘത്തോട കൂടിയത- പക്ഷിസംഘം=പക്ഷിസമൂഹം-വനം=കാട-സ്വൈരം=യഥേഷ്ടം-

൫൪- തച്ചയദാസമദാഹിപ്ലുതംവനമുജ്ഝിതാപദാസമദാഹി। ശിഖിനാസന്നാഗേനസ്ഥിതമത്രന തക്ഷകേണസന്നാഗേന॥

അന്വയം—യദാ (അ) ഉജ്ഝിതാപദാ (ദ-പു-തൃ-ഏ) സന്നാഗേന (അ-പു-തൃ-ഏ) ശിഖിനാ (ന-പു-തൃ-ഏ) തൽ (തച്ഛ-ന-പ്ര-ഏ) വനം (അ-ന-പ്ര-ഏ) ച (അ) സമദാഹി (ലുങ്-ആ-പ-പ്ര-പു-ഏ) തദാ (അ) തക്ഷകേണ-സന്നാഗേന (അ-പു-തൃ-ഏ) അത്ര-ന (അ) സ്ഥിതം (അ-ന-പ്ര-ഏ).

അന്വയാർത്ഥം—യാതൊരു കാലത്തിങ്കൽ ഉജ്ഝിതാപത്തായി സന്നാഗനായിരിക്കുന്ന ശിഖിയാൽ ആ വനം ഭസ്മമാക്കപ്പെട്ടുവൊ അക്കാലത്തിങ്കൽ തക്ഷകനാകുന്ന സന്നാഗത്താൽ ഇതിങ്കൽ സ്ഥിതി ചെയ്വൂ എന്നുള്ളതുണ്ടായില്ല-

പരിഭാഷാ— ഉജ്ഝിതാപത്തം= ഉജ്ഝിതയായിരിക്കുന്ന ആപത്തൊട്കൂടിയവൻ- ഉജ്ഝിതാ=ഉപെക്ഷിക്കപ്പെട്ടത- സന്നാഗൻ=സന്നങ്ങളായിരിക്കുന്ന അഗങ്ങളൊടുകൂടിയവൻ- സന്നങ്ങൾ=ദഗ്ധങ്ങൾ- (ഭസ്മമാക്കപ്പെട്ടവ) അഗങ്ങൾ=വൃക്ഷങ്ങൾ- ശിഖി=അഗ്നി- വനം=കാട- സന്നാഗം=സത്തായിരിക്കുന്ന നാഗം- (ഉത്തമസൎപ്പമെന്നു സാരം) ഇതരം വനം- സ്ഥിതിചെയ്ക=വസിക്ക-

൭൫. തനയംമാതാതസ്യവ്യഥിതംവിരഹെസസംഭ്രമാതാതസ്യ। വസതിൎവ്വത്സലതായാനിഗീൎയ്യവനരാജിതൊദ്രവത്സലതായാഃ॥

അന്വയം— താതസ്യ (അ-പു-ഷ-ഏ) വിരഹെ (അ-പു-സ-ഏ) വ്യഥിതം (അ-പു-ദ്വി-ഏ) തസ്യ (തച്ഛ-പു-ഷ-ഏ) തനയം (അ-പു-ദ്വി-ഏ) വത്സലതായാഃ (ആ-സ്ത്രീ-ഷ-ഏ) വസതിഃ (ഇ-സ്ത്രീ-പ്ര-ഏ) മാതാ (ഋ-സ്ത്രീ-പ്ര-ഏ) സസംഭ്രമാ (ആ-സ്ത്രീ-പ്ര-ഏ) നിഗീൎയ്യ (ല്യ-അ) സലതായാഃ (ആ-സ്ത്രീ-പ-ഏ) വനരാജിതഃ (തസി-അ) അദ്രവൽ (ലങ്-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം— താതന്റെ വിരഹം നിമിത്തമായിട്ട വ്യഥിതനായിരിക്കുന്ന അവന്റെ തനയനെ വത്സലതയുടെ വസതിയായിരിക്കുന്ന മാതാവ സസംഭ്രമയായിട്ട നിഗരണം ചെയ്തിട്ട സലതയായിരിക്കുന്ന വനരാജിയിങ്കൽ നിന്ന ദ്രവിച്ചു.

പരിഭാഷാ— താതൻ=പിതാവ- വിരഹം=വെർപാട- വ്യഥിതൻ=ഭീതൻ- (ഭയപ്പെട്ടവൻ) അവൻ=തക്ഷകൻ- തനയൻ=പുത്രൻ- വത്സലതാ=വാത്സല്യം- വസതി=സ്ഥാനം- മാതാവ=അമ്മ- സസംഭ്രമാ=സംഭ്രമത്തൊട്കൂടിയവൾ- നിഗരണംചെയ്ക=ഗ്രസിക്ക- സലതാ=ലതകളൊട്കൂടിയത- വനരാജി=വനസമൂഹം- ദ്രവിക്ക=ഓടുക.

൭൬. താഞ്ചതതാനനഭൊഗാംകൃത്തഗളാമൎജ്ജുനസ്തതാനനഭൊഗാം। തത്രസമുത്സൎപ്പന്തംഹൃതപുഛമപാദ്ധരിസ്സമുൽസൎപ്പന്തം॥

അന്വയം— നഭൊഗാം (ആ-സ്ത്രീ-ദ്വി-ഏ) തതാനനഭൊഗാം (ആ-സ്ത്രീ-ദ്വി-ഏ) താം (തച്ഛ-സ്ത്രീ-ദ്വി-ഏ) ച (അ) അൎജ്ജുനഃ (അ-പു-പ്ര-ഏ) കൃത്തഗളാം (ആ-സ്ത്രീ-ദ്വി-ഏ) തത്ര (അ) സമുത്സൎപ്പന്തം (ത-പു-ദ്വി-ഏ) ഹൃതപുഛം (അ-പു-ദ്വി-ഏ) തം (തച്ഛ-പു-ദ്വി-ഏ) സൎപ്പം (അ-ന-ദ്വി-ഏ) ഹരിഃ (ഇ-പു-പ്ര-ഏ) സമുൽ (ദ-പു-പ്ര-ഏ) അപാൽ (ലങ്-പ-

പ-പ്ര-പു-ഏ).

അന്വയാൎത്ഥം—നഭോഗയായി തതാനനഭോഗയായിരിക്കുന്ന അവളെ അൎജ്ജുനൻ കൃത്തഗളയാക്കി ചെയ്തു. ആ സമയത്തിങ്കൽ സമുത്സൎപ്പത്തായി ഹൃതപുച്ഛമായിരിക്കുന്ന ആ സൎപ്പത്തെ ഹരി സമുത്തായിട്ടു രക്ഷിച്ചു-

പരിഭാഷാ—നഭോഗാ=നഭസ്സിനെ ഗമിച്ചവൾ. നഭസ്സ്=ആകാശം. തതാനനഭോഗാ=തതങ്ങളായിരിക്കുന്ന ആനനഭോഗങ്ങളോടു കൂടിയവൾ. തതങ്ങൾ=വ്യാപൃതങ്ങൾ. ആനനഭോഗങ്ങൾ=ആനനവും ഭോഗവും. ആനനം=മുഖം. ഭോഗം=ശരീരം. അവൾ=തക്ഷകഭാൎയ്യാ. കൃത്തഗളാ=കൃത്തമായിരിക്കുന്ന ഗളത്തോടു കൂടിയവൾ. കൃത്തം=മുറിക്കപ്പെട്ടതു. ഗളം=കണ്ഠം. സമുത്സൎപ്പത്ത=സംഭ്രമത്തോടു കൂടെ ഉൽസൎപ്പിച്ചിയങ്ങുന്നതു. ഉൽസൎപ്പിക്ക=ഉൽഗമിക്ക. (മേല്പെട്ടുപോക) ഹരി=ഇന്ദ്രൻ. സമുത്ത=മുത്തോടു കൂടിയവൻ. മുത്ത=സന്തോഷം.

൨൦. സ്തബ്ധരവിപ്രഭവിഷ്ണുശ്ശരണാഗതമത്രവനഭുവിപ്രഭവിഷ്ണുഃ। ച്യുതമനലേനരരക്ഷസ്സ്വാലിനിപാൎത്ഥോമയംബലേന രരക്ഷ॥

അന്വയം—സ്തബ്ധരവിപ്രഭവിഷ്ണുഃ (ഉ-പു-പ്ര-ഏ) പ്രഭവിഷ്ണുഃ (ഉ-പു-പ്ര-ഏ) പാൎത്ഥഃ (അ-പു-പ്ര-ഏ) ശരണാഗതം (അ-പു-ദ്വി-ഏ) അത്ര (അ) വനഭുവി (ഊ-സ്ത്രീ-സ-ഏ) നരരക്ഷസ്സ്വാലിനി (ന-പു-സ-ഏ) അനലേ (അ-പു-സ-ഏ) ച്യുതം (അ-പു-ദ്വി-ഏ) മയം (അ-പു-ദ്വി-ഏ) ബലേന (അ-ന-തൃ-ഏ) രരക്ഷ (ലിട്ട-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—സ്തബ്ധരവിപ്രഭവിഷ്ണുവായി പ്രഭവിഷ്ണുവായിരിക്കുന്ന പാൎത്ഥൻ ശരണാഗതനായി ഈ വനഭൂവിങ്കൽ നരരക്ഷസ്സ്വാലിയായിരിക്കുന്ന അനലങ്കൽ ച്യുതനായിരിക്കുന്ന മയനെ ബലം ഹേതുവായിട്ടു രക്ഷിച്ചു.

പരിഭാഷാ—സ്തബ്ധരവിപ്രഭവിഷ്ണു=സ്തബ്ധരവിപ്രഭനായിരിക്കുന്ന വിഷ്ണുവിനോടുകൂടിയവൻ-സ്തബ്ധരവിപ്രഭൻ=സ്തബ്ധയായിരിക്കുന്ന രവിപ്രഭയോടുകൂടിയവൻ-സ്തബ്ധാ=സ്തംഭിപ്പിക്കപ്പെട്ടതു- സ്തംഭിപ്പിക്ക=സഞ്ചാരശൂന്യയാക്കിച്ചെയ്ക- രവിപ്രഭാ=രവിയുടെ പ്രഭാ-രവി=ആദിത്യൻ- പ്രഭാ=ശോഭാ- വിഷ്ണു=ശ്രീകൃഷ്ണൻ-പ്രഭവിഷ്ണു=പ്രഭവിക്കശീലമായിട്ടുള്ളവൻ-പ്രഭവിക്ക=സൎവ്വത്തിന്നും ശക്തനായി ഭവിക്ക- പാൎത്ഥൻ=അൎജ്ജുനൻ-ശരണാഗതൻ=ശരണത്തിന്നായിക്കൊണ്ടു ആഗതൻ- ശരണം=ര

ക്ഷാ- ആഗതൻ=ആഗമിച്ചവൻ- (രക്ഷിക്കേണമെന്നുള്ളപ്രാൎത്ഥനയെ ചെയ്തവനെന്നു സാരം-) വനഭൂ=വനഭൂമി- നരരക്ഷസ്സ്വാലി=നരരക്ഷസ്സുകളെ നല്ലവണ്ണം അലിക്കുന്നവൻ- നരരക്ഷസ്സുകൾ=നരന്മാരും രക്ഷസ്സുകളും- നരന്മാർ=മനുഷ്യർ-രക്ഷസ്സുകൾ=രാക്ഷസന്മാർ- അലിക്ക=ഭക്ഷിക്ക- അനലൻ=അഗ്നി- ച്യുതൻ=പതിതൻ- (വീണവൻ-) മയൻ=മയനെന്നപേരോടു കൂടിയവൻ- (അസുരശില്പി) ബലം=സാമൎത്ഥ്യം-

൨൧. വിപിനമപാതിതതോയം ദഗ്ദ്ധ്വാതൃപ്തസ്തനൂനപാതിതതോയം। പാൎത്ഥംദത്തക്ഷേമംദൈതേയാനാംതദാവദത്തക്ഷേമം॥

അന്വയം—തനൂനപാത് (ത-പു-സ-ഏ) അപാതിതതോയം- വിപിനം (അ-ന-സ-ഏ) ദഗ്ദ്ധ്വാ (ക്ത്വാ-അ) തൃപ്തഃ (അ-പു-സ-ഏ) തതഃ (അ) അയം (ഇദംശ-പു-പ്ര-ഏ) ദൈതേയാനാം (അ-പു-ഷ-ബ) തക്ഷാ (ന-പു-പ്ര-ഏ) ദത്തക്ഷേമം (അ-പു-ദ്വി-ഏ) ഇമം (ഇദംശ-പു-ദ്വി-ഏ) പാൎത്ഥം (അ-പു-ദ്വി-ഏ) തദാ (അ) അവദൽ (ലങ്-പ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—തനൂനപാത്ത അപാതിതതോയമായിരിക്കുന്ന വിപിനത്തെ ദഹിച്ചിട്ടു തൃപ്തനായിരിക്കുംവിഷയത്തിങ്കൽ അനന്തരം ഈ ദൈതേയന്മാരുടെ തക്ഷാവ ദത്തക്ഷേമനായിരിക്കുന്ന ഈ പാൎത്ഥനോടു അപ്പോൾ വദിച്ചു.

പരിഭാഷാ—തനൂനപാത്ത=അഗ്നി- അപാതിതതോയം= അപാതിതമായിരിക്കുന്ന തോയത്തോടുകൂടിയത- അപാതിതം=പാതിതമല്ലാത്തത- പാതിതം=പതിപ്പിക്കപ്പെട്ടത- പതിപ്പിക്ക= വീഴിക്ക- തോയം=ജലം- വിപിനം=വനം- ദഹിക്ക=ഭസ്മമാക്കുക- തൃപ്തൻ=തൃപ്തിയോടു കൂടിയവൻ- ദൈതേയന്മാർ= അസുരന്മാർ- തക്ഷാവ=ശില്പി- ദത്തക്ഷേമൻ=ദത്തമായിരിക്കുന്ന ക്ഷേമത്തോടു കൂടിയവൻ- ദത്തം=ദാനംചെയ്യപ്പെട്ടത- ക്ഷേമം=കുശലം- പാൎത്ഥൻ=അൎജ്ജുനൻ- വദിക്ക=പറക.

൨൨. വേഷ്ടിതവീരുച്ചക്രാദ്ദഹനാദ്ദഹതോമഹാടവീരുച്ചക്രാൽ। അപിചമുരാസുരഹന്തുൎഗ്ഗൂഢംത്വയാപാലിതഃപരാസുരഹന്തു॥

അന്വയം—വേഷ്ടിതവീരുച്ചക്രാൽ (അ-പു-പ-ഏ) മഹാടവീഃ (ഈ-സ്ത്രീ-ദ്വി-ബ) ദഹതഃ (ത-പു-പ-ഏ) ദഹനാൽ (അ-പു-പ-ഏ) ഉച്ചക്രാൽ (അ-പു-പ-ഏ) മുരാസുരഹന്തുഃ (ഋ-പു-പ-ഏ) അപി-ച(അ) പരാസുഃ (ഉ-പു-പ്ര-ഏ) അഹം (അസ്മ-പ്ര-ഏ) തു (അ) ത്വയാ (യുഷ്മ-തൃ-ഏ) ഗൂഢം(ക്രി-വി) പാലിതഃ (അ-പു-പ്ര-ഏ).

അന്വയാൎത്ഥം—വെഷ്ടിതവീരുച്ചക്രനായി മഹാടവികളെ ദഹനനായിരിക്കുന്ന ദഹനങ്കൽനിന്നും ഉച്ചക്രനായിരിക്കുന്ന മുരാസുരഹന്താവിങ്കൽ നിന്നും പരാസുവായിരിക്കുന്ന ഞാൻ അങ്ങയാൽ സ്ഫുടമാകുംവണ്ണം പാലിതനായി.

പരിഭാഷാ—വെഷ്ടിതവീരുച്ചക്രൻ= വെഷ്ടിതമായിരിക്കുന്ന വീരുച്ചക്രത്തൊടു കൂടിയവൻ- വെഷ്ടിതം= വെഷ്ടിക്കപ്പെട്ടത- വെഷ്ടിക്ക=ചുററുക- വീരുച്ചക്രം=വീരുത്തുകളുടെ ചക്രം- വീരുത്തുകൾ=ലതകൾ- ചക്രം=സമൂഹം- മഹാടവികൾ=മഹതികളായിരിക്കുന്ന അടവികൾ- മഹതികൾ=വലുതായിരിക്കുന്നവ- അടവികൾ=കാടുകൾ- ദഹൻ=ദഹിച്ചിയങ്ങുന്നവൻ- ദഹിക്ക=ഭസ്മമാക്കുക- ദഹനൻ=അഗ്നി- ഉച്ചക്രൻ=ഉദ്ധൃതമായിരിക്കുന്ന ചക്രത്തൊടുകൂടിയവൻ- ഉദ്ധൃതം=എടുക്കപ്പെട്ടത- ചക്രം=ചക്രമെന്ന ആയുധം- മുരാസുരഹന്താവ=ശ്രീകൃഷ്ണൻ- പരാസു= മൃതൻ- (അതിഭീതിഹെതുവായിട്ട മരിച്ചവനൊടു തുല്യനായവനെന്നു സാരം) സ്ഫുടം=വ്യക്തം- (മറവൊടു കൂടാത്തത) പാലിതൻ= പാലിക്കപ്പെട്ടവൻ- പാലിക്ക=രക്ഷിക്ക.

൨൩. തത്തവഭവതാദിഷ്ടംമമവചനംമനുജവീരഭവതാദിഷ്ടം।
ഇഷ്ടംകരവൈവിഭവതസ്ത്വഷ്ടാരംമാമവെഹികരവൈഭവതഃ॥

അന്വയം—തൽ (അ) തവ (യുഷ്മ-ഷ-ഏ) മമ വചനം (അ-ന-പ്ര-ഏ) ഇഷ്ടം (അ-ന-പ്ര-ഏ) ഭവതാൽ (ലൊട്ട്-പ-പ-പ്ര-പു-ഏ) ഹെമനുജവീര (അ-പു-സം-പ്ര-ഏ) ഭവതഃ (ത-പു-തൃ-ഏ) ആദിഷ്ടം (അ-ന-ദ്വി-ഏ) ഭവതഃ (ത-പു-ഷ-ഏ) ഇഷ്ടം (അ-ന-ദ്വി-ഏ) അഹം (അസ്മച്ഛ-പ്ര-ഏ) കരവൈ (ലൊട്ട്-ആ-പ-ഉ-പു-ഏ) മാം (അസ്മച്ഛ-ദ്വി-ഏ) കരവൈഭവതഃ (തസി-അ) ത്വഷ്ടാരം (ഋ-പു-ദ്വി-ഏ) അവെഹി (ലൊട്ട്-പ-പ-മ-പു-ഏ).

അന്വയാൎത്ഥം—അതുഹെതുവായിട്ട അങ്ങയ്ക്കു മമ വചനം ഇഷ്ടമായി ഭവിക്കട്ടെ. അല്ലയൊ മനുജവീരനായുള്ളൊവെ ഭവാനാൽ ആദിഷ്ടമായിരിക്കുന്ന ഭവാന്റെ ഇഷ്ടത്തെ ഞാൻ ചെയ്യാം. എന്നെ കരവൈഭവം ഹെതുവായിട്ട ത്വഷ്ടാവ എന്നറിഞ്ഞാലും.

പരിഭാഷാ—മമ വചനം=എന്റെ വചനം- വചനം=വാക്ക- ഇഷ്ടം=പ്രീതികരം- മനുജവീരൻ=മനുജന്മാരിൽവെച്ചു വീരൻ- മനുജന്മാർ=മനുഷ്യർ- ആദിഷ്ടം=ആദെശിക്കപ്പെട്ടത- ആദെശിക്ക=പറക- കരവൈഭവം=കരസാമൎത്ഥ്യം- ത്വഷ്ടാവ=വൎദ്ധകി- (ആശാരി)-

൨൪. ഇതിവചനമനാമയതശ്ശ്രുത്വാപാൎത്ഥാദഥശോഭനമനാ മയതഃ। ഉപപന്നാഭിജനാനാമുചിതമുവാചാഭിനളിനനാഭിജനാനാം॥

അന്വയം—അഥ (അ) ശോഭനമനാഃ (സ-പു-പ്ര-ഏ) പാൎത്ഥഃ (അ-പു-പ്ര-ഏ) അനാമയതഃ-മയതഃ (തസി-അ) ഇതി (അ) വചനം (അ-ന-ദ്വി-ഏ) ശ്രുത്വാ (ക്ത്വാ-അ) അഭിനളിനനാഭി (അ) ഉപപന്നാഭിജനാനാം-ജനാനാം (അ-പു-ഷ-ബ) ഉചിതം (അ-ന-ദ്വി-ഏ) വചനം-ഉവാച (ലിട്ട്-പ-പ--പ്ര-പു-ഏ)-

അന്വയാൎത്ഥം—അനന്തരം ശോഭനമനസ്സായിരിക്കുന്ന പാൎത്ഥൻ അനാമയനായിരിക്കുന്ന മയങ്കൽനിന്ന ഇപ്രകാരമുള്ള വചനത്തെശ്രവിച്ചിട്ട നളിനനാഭിയുടെ അഗ്രത്തിങ്കൽ ഉപപന്നാഭിജനന്മാരായിരിക്കുന്ന ജനങ്ങൾക്ക ഉചിതമായിരിക്കുന്ന വചനത്തെ വചിച്ചു-

പരിഭാഷാ—ശോഭനമനസ്സ= ശോഭനമായിരിക്കുന്ന മനസ്സോട്ട കൂടിയവൻ. പാൎത്ഥൻ=അൎജ്ജുനൻ. അനാമയൻ=ആമയത്തോട്ട കൂടാത്തവൻ. ആമയം=രോഗം. (ഭയത്തെ ഉപെക്ഷിച്ചിട്ട സ്വാസ്ഥതയെ പ്രാപിച്ചവനെന്നുസാരം) വചനം=വാക്ക. ശ്രവിക്ക=കെൾക്ക. നളിനനാഭി=വിഷ്ണു. (ശ്രീകൃഷ്ണനെന്നുസാരം). ഉപപന്നാഭിജനന്മാർ=ഉപപന്നമായിരിക്കുന്ന അഭിജനത്തോട്ട കൂടിയവർ. ഉപപന്നം=ഉപപാദിക്കപ്പെട്ടത. ഉപപാദിക്ക=പ്രാപിക്ക- അഭിജനം=സദ്വംശം. (നല്ലകുലം) ഉചിതം= യൊഗ്യം. വചനം=വാക്ക- വചിക്ക=പറക.

൨൫. നസ്വയമസുരക്ഷണതഃപ്രത്യുപകൃതയെചരെയമസുരക്ഷണതഃ। ജഗദഭിരാമതമസ്യക്രിയതാംകൃഷ്ണസ്യമദ്ഗിരാമതമസ്യ॥

അന്വയം—ഹെഅസുര (അ-പു-സം-പ്ര-ഏ) അഹം (അസ്മ-പ്ര-ഏ) അസുരക്ഷണതഃ (തസി-അ) പ്രത്യുപകൃതയെ (ഇ-സ്ത്രീ-ച-ഏ) സ്വയം (അ) ന (അ) ചരെയം (ലിങ്-പ-ഉ-പു-ഏ) മദ്ഗിരാ (ര-സ്ത്രീ-തൃ-ഏ) ജഗദഭിരാമതമസ്യ (അ-പു-ഷ-ഏ) അസ്യ (ഇദം-പു-ഷ-ഏ) കൃഷ്ണസ്യ (അ-പു-ഷ-ഏ) മതം (അ-ന-പ്ര-ഏ) ത്വയാ (യുഷ്മ-തൃ-ഏ) ക്ഷണതഃ (തസി-അ) ക്രിയതാം (ലൊട്ട്-ആ-പ-പ്ര-പു-ഏ).

അന്വയാൎത്ഥം—അല്ലയൊ അസുരനായുള്ളൊവെ ഞാൻ അസുരക്ഷണം ഹെതുവായിട്ടുള്ള പ്രത്യുപകൃതിക്കായിക്കൊണ്ടു താ

ന്ന ചരിക്കയില്ല. മൽഗീര ഹേതുവായിട്ടു ജഗദഭിരാമതമനായിരിക്കുന്ന ഠരം കൃഷ്ണന്റെ മതം നിന്നാൽ പൊടുന്നനവെ ചൈകപ്പെടേണം.

പരിഭാഷാ—അസുരക്ഷണം=പ്രാണരക്ഷാ- പ്രത്യുപകൃതി=പ്രത്യുപകാരം- ചരിക്ക=സഞ്ചരിക്ക- മൽഗീഃ=എന്റെ ഗീര- ഗീര=വാക്ക- ജഗദഭിരാമതമൻ=ജഗത്തിങ്കൽ അഭിരാമതമൻ- ജഗത്=ലോകം- അഭിരാമതമൻ=ഏററവും അഭിരാമൻ- അഭിരാമൻ=മനോഹരൻ- മതം=ഇഷ്ടം-

൨൩. തദനുച നരകാന്തേന പ്രോക്തം ശ്രുത്വൈതദഖിലനര
കാന്തേന। രാജ്ഞോ ഭാസുരധാമ്നഃ ക്രിയതാമധികപ്രഭാ സഭാ സുര
ധാമ്നഃ॥

അന്വയം—തദനു (അ) അഖിലനരകാന്തേന-നരകാന്തേന (അ-പു-തൃ-ഏ) ച (അ) ഏതൽ (ഏതച്ഛ-ന-ദ്വി ഏ) ശ്രുത്വാ- പ്രോക്തം (അ-ന-പ്ര-ഏ) ഭാസുരധാമ്നഃ (ന-പു-ഷ-ഏ) രാജ്ഞഃ (ന-പു-ഷ-ഏ) സുരധാമ്നഃ (ന-ന-പ-ഏ) അധികപ്രഭാ-സഭാ (ആ-സ്ത്രീ-പ്ര-ഏ) ക്രിയതാം (ലോട്ട-ആ-പ-പ്ര-പു-ഏ)-

അന്വയാൎത്ഥം—അനന്തരം അഖിലനരകാന്തനായിരിക്കുന്ന നരകാന്തനാൽ തന്നെ ഇതിനെ ശ്രവിച്ചിട്ടു ഇഷ്ടമായുള്ളത വചിക്കപ്പെട്ടു. ഭാസുരധാമാവായിരിക്കുന്ന രാജാവിന്നു സുരധാമത്തെക്കാൾ അധികപ്രഭയായിരിക്കുന്ന സഭാ നിന്നാൽ ഉണ്ടാക്കപ്പെടേണം.

പരിഭാഷാ—അഖിലനരകാന്തൻ=അഖിലനരന്മാരിൽവെച്ചു കാന്തൻ. അഖിലനരന്മാർ=അഖിലന്മാരായിരിക്കുന്ന നരന്മാർ. അഖിലന്മാർ=ഒട്ടൊഴിയാതെ ഉള്ളവർ. നരന്മാർ=മനുഷ്യർ. കാന്തൻ=മനോഹരൻ. നരകാന്തൻ=നരകാന്തകൻ- (ശ്രീകൃഷ്ണൻ) പ്രോക്തം=പ്രവചിക്കപ്പെട്ടത. പ്രവചിക്ക=പറക- ഭാസുരധാമാവ=ഭാസുരമായിരിക്കുന്ന ധാമത്തോടുകൂടിയവൻ. ഭാസുരം=ശോഭനം- ധാമം=തേജസ്സ- രാജാവ=യുധിഷ്ഠിരൻ. സുരധാമം=ദേവഗൃഹം- അധികപ്രഭാ=അധികയായിരിക്കുന്ന പ്രഭയോടുകൂടിയത. പ്രഭാ=ശോഭാ.

൨൪. ദേവസമോ മന്ത്രാഭ്യാമിതികൃത്വാസംവിദംസമോ മന്ത്രാ
